പുസ്തകം 7 ലക്കം 7
ജൂൺ 2017
വില 15 രൂപ

പുതുതലമുറയ്ക്കായ്

# ഏകതത്വ

Eka Thathwa

മാസിക



## എല്ലാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് നമുക്കു പഠിക്കാൻ വേണ്ടിയാണ് !




# സ്വാമിയേ ശരണമയ്യപ്പ

ശബരിമല യാത്രികർക്കെന്നും വഴിവിളക്കായ്, മാർഗ്ഗദർശിയായ് പ്രയാണം തുടരുന്ന കണ്ണൻ ഗുരുസ്വാമിക്ക് ഏകതത്ത്വയുടെ ഹൃദയം നിറഞ്ഞ യാത്രാമംഗളങ്ങൾ.

എല്ലാ മലയാളമാസവും അയ്യപ്പദർശനപുണ്യമേകാൻ പെരുങ്ങോട്ടുകുറുശ്ശി മന്ദത്ത് ഭഗവതി ക്ഷേത്രത്തിൽ നിന്നും പോകുന്നതിനൊപ്പം എല്ലാ വർഷവും ജനുവരി 16ന് പടിപൂജക്കുള്ള ബസ്സും സ്വാമിയുടെ നേതൃത്വത്തിൽ പോയിവരുന്നു. കൂടാതെ കർക്കിടകമാസത്തിൽ പാപമോക്ഷത്തിനായും, പുണ്യം നേടുന്നതിനായും നാലമ്പലയാത്രയും, കൊട്ടിയൂർ ശിവക്ഷേത്രയാത്രയും കലിയുഗവരദന്റെ കടാക്ഷത്താൽ ഗുരുസ്വാമി നിർവ്വഹിച്ചു വരുന്നു.

**മറ്റു സേവനങ്ങൾ :**

ടൂറിസ്റ്റ് ബസ്സുകൾ, കാറ്ററിംഗ് സർവ്വീസ്, കെട്ടുനിറക്കാവശ്യമായ പൂജാസാമഗ്രികൾ, എസ്. എൻ. മാര്യേജ് ബ്യൂറോ എന്നിവയും ലാഭേച്ഛയില്ലാതെ നടത്തിവരുന്ന ഇദ്ദേഹത്തിന്റെ വിലാസം :

കണ്ണൻ ഗുരുസ്വാമി<br>
എസ്. എൻ. ഹോട്ടൽ<br>
പെരിങ്ങോട്ടുകുറുശ്ശി<br>
പാലക്കാട് - 678574.<br>
മൊബൈൽ - 9961224818.

കെ. പി. നൂർജിഹാൻ ടീച്ചറുടെ അക്ഷരച്ചെല്ലം<br>
അക്ഷരലോകത്തേയ്ക്ക് ഇറങ്ങിച്ചെല്ലുന്ന കൂട്ടുകാർക്കായ്... അക്ഷരം പഠിക്കുന്നവർക്കും പഠിപ്പിക്കുന്നവർക്കുമായ്...<br>
ഏക തത്ത്വ സമർപ്പിക്കുന്നു.<br>
വില - 50 രൂപ







രാമായണമാസത്തിൽ വായിക്കുക<br>
ശ്രീ. കെ. കേരളദാസനുണ്ണിയുടെ<br>
സൗമിത്രേയം.<br>
ലക്ഷ്മണനിലൂടെ രാമായണകഥ ഇതൾവിരിയുന്നു.<br>
ലളിതവ്യാഖ്യാനം ഒരു സവിശേഷത.<br>
ഇത് ഒരു ഏക തത്ത്വ പ്രസിദ്ധീകരണം.<br>
വില - 130 രൂപ.

₹ 15

# ഏക തത്ത്വ

മാസിക

പുസ്തകം 7 ലക്കം 7

ജൂൺ 2017

visit: ekathathwa.blogspot.in

**ചീഫ് എഡിറ്റർ**

ഇ. ടി. മുരളീധരൻ

Mob : 9446443321, 9387118131

Email : muraliet@yahoo.co.in
etmuraliet@gmail.com

Facebook ID : Et murali

**മാനേജിംഗ് എഡിറ്റർ**

ബിന്ദു . കെ

**കവർ ഫോട്ടോ**

പ്രമോദ് മഞ്ചേരി

**മരണക്കിടക്കയിൽവെച്ചല്ല**
**യുവത്വത്തിലേ തിരിച്ചറിയുക**

"അറിവിനായ് ജനിച്ചു,
അത് അറിയാതെ അലഞ്ഞു,
വിശപ്പു കൊണ്ട് തളർന്നു,
കാശിനായ് അലഞ്ഞു,
വഴി മാറി മാറി നടന്നു.
നേടിയതോ.... അറിവുമാത്രം."

അഭിപ്രായങ്ങളും രചനകളും അയക്കേണ്ട വിലാസം

**Eka Thathwa, Post Box No. 70**
**Palakkad 678 001**

വരിസംഖ്യ
**പോസ്റ്റൽ മണിയോർഡറായി അയക്കേണ്ട**
**വിലാസം :**

E.T Muralidharan
Eka Thathwa
A-9, New Civil Nagar, Behind Civil
Station, Palakkad 678001.

Donations and all other payment towards EkaThathwa Should also be made through Bank account Our Bank a/c details: M/s Ekathathwa Current Account Number:33077202787, IFS Code: SBIN 0004925, SBI Civil Station Branch, Palakkad 678 001

**ekathathwa@yahoo.com**

**Website: www.ekathathwa.com**

## ഉള്ളടക്കം



**ലേഖനം**

7 – ടി. വി. സീരിയലുകൾ : സോപ് ഓപ്പറകളുടെ മലയാള അവതാരങ്ങൾ – കെ. പ്രസാദചന്ദ്രൻ പിള്ള
10 – മിത്തുകളും ആധുനികതയും മലയാള സാഹിത്യത്തിൽ – എം. ജോൺസൺ റോച്ച്
12 – ബസ് യാത്ര – പി. രാധാകൃഷ്ണൻ നായർ
16 – കാലാവസ്ഥ വ്യതിയാനങ്ങളും പ്രശ്നപരിഹാരങ്ങളും – ശ്രീപ്രകാശ് ഒറ്റപ്പാലം
18 – വയനാട്: കത്തുന്ന പറുദീസ – വിനോദ് കുമാർ ദാമോദർ
18 – കുങ്കുമപ്രഭാതവും പൂതപ്പാട്ടും – മുരളീധർ കൊല്ലത്ത്
20 – മാല ഒന്ന് പുഷ്പങ്ങൾ നൂറ് – ടി. ജെ. നായർ

**കഥ**

20 – സ്വകാര്യം – ഷാനവാസ് കുലുക്കല്ലൂർ
22 – ഇല കൊഴിഞ്ഞ മരം – എം. പി. വാസുദേവൻ
23 – ഒരു വിമർശകന്റെ പിറവി – രാജൻ സി. എത്തനൂർ
24 – ഭൂമിയുടെ രോദനം – വിനയ സി. ആർ
24 – പാട്ടബാക്കി – സുകുമാരൻ നെല്ലാനിക്കാട്
26 – അമ്മമഴ കഥകൾ – കടാതി ഷാജി
26 – ഭക്തി – ടി. കെ. ഉണ്ണികൃഷ്ണൻ
27 – ചുറ്റുവട്ടം – കൃഷ്ണ എഴക്കാട്
28 – കല്യാണനിശ്ചയം – അരവിന്ദൻ
30 – തീവണ്ടിക്കഥകൾ – ടി. വി. നാരായണൻ കുട്ടി
30 – ഷോക്കേസിലെ പൂ – അബ്ദുറബ്ബ്
31 – തൂണും ചാരി നിന്നവൻ – കെ. വിജയകുമാരൻ
34 – നൊമ്പരം – മോഹൻദാസ് പെരിങ്ങോട്ടുകുറുശ്ശി
38 – പറുദീസക്കാർ പണിയെടുത്താൽ – പ്രമോദ് മഞ്ചേരി
42 – നയങ്ങൾ, നല്ല തീരുമാനം, സ്വർഗ്ഗപ്രവേശനം – സുരേഷ് തെക്കീട്ടിൽ

**കഥയും കാര്യവും**

25 – കൊക്കും കുരുവികളും – സത്യൻ താന്നിപ്പുഴ
25 – കർമ്മിയുടെ നിശബ്ദത – ടി. വി. ഹരികുമാർ

**കവിത**

9 – പുലയാടിച്ചി – തുളസി കേരളശ്ശേരി
9 – മധുരമീ മലയാളം – ജലജ മേനോൻ
15 – ഒരു ഓർമ്മച്ചിത്രം – വാസന്തി മോഹൻ
21 – സുഗന്ധം പൂക്കുന്ന വിദ്യാലയം – ഇന്ദുജൻ ഇന്ദീവരം
22 – ജന്മദിനം – അജയ് ബാലചന്ദ്രൻ
23 – എന്റെ ദൈവം – രാജേന്ദ്രൻ തിരുവല്ല
35 – കോകിലഗാനം – ഡി. തോമസ്
35 – മാഞ്ഞുപോം – പ്രമോദ് പുനലൂർ
35 – വെഡ്ഢിംഗ് / ബെഡ്ഢിംഗ് – ജാഫർ ചളിക്കോട്
39 – പ്രകൃതി ഭംഗി – റ്റി. എം. ജോസഫ് കോരുത്തോട്

**ആരോഗ്യം**

21 – ഫൈബ്രോമ – ഡോ. സി. രാമകൃഷ്ണൻ

**സ്മരണ**

14 – എന്റെ അഭിനയ സ്മരണകൾ – മുക്കം ഭാസി
16 – മധുരിക്കും ഓർമ്മ – എം. ഡി. വിശ്വംഭരൻ
40 – ഞാനും മുച്ചീട്ടു കളിച്ചിട്ടുണ്ട് – ചൂലനൂർ രാമചന്ദ്രൻ

**മനഃശാസ്ത്രം**

19 – ഗിഫ്റ്റഡ് ചിൽഡ്രൻ – ജിനി കെ

## എനിക്കു പറയാനുള്ളത്



# എല്ലാം സൃഷ്ടിക്കപ്പെടുന്നതും സൃഷ്ടിക്കപ്പെട്ടിരിക്കുന്നതും നമുക്കു പഠിക്കാൻ വേണ്ടിയാണ് !

**സ**മയം രാത്രി 8 മണി. റോഡിലെ സിഗ്നൽ ലൈറ്റുകൾ ഓഫായി. ട്രാഫിക് പോലീസ് സ്ഥലം വിട്ടു. ഇരുചക്രവാഹനമോടിക്കുന്നവരുടെ തലയിൽ ഹെൽമറ്റ് ഇല്ലാതായി. വണ്ടിയിൽ മൂന്നും നാലും പേർ അധികമായി. മദ്യപിച്ച് വാഹനമോടിക്കുന്നവരും നിരത്തിലെത്തി. എല്ലാവരും സ്പീഡ് ഇരട്ടിയാക്കി. മദ്യപിച്ച് വാഹനമോടിക്കരുതെന്നും കൂടുതൽ ആളുകളെ വണ്ടിയിൽ കയറ്റരുതെന്നും സ്വന്തം സുരക്ഷയ്ക്കായാണ് ഹെൽമറ്റും സീറ്റ് ബെൽറ്റും നിർബന്ധമാക്കിയതെന്ന് അറിഞ്ഞും അറിയാതേയും ഒരുപറ്റം ആളുകൾ വണ്ടി ഓടിക്കുന്നു. വൺവെ (One way) വൺവെ അല്ലാതായി. തലങ്ങും വിലങ്ങും വാഹനങ്ങൾ ഓടിത്തുടങ്ങി. അധികാരികൾ കണ്ണടച്ചു. ഇതുതന്നെയാണ് മതത്തിനകത്തും രാഷ്ട്രത്തിനകത്തും രാഷ്ട്രീയത്തിലും നടക്കുന്നത്. അറിയാഞ്ഞിട്ടല്ല പലതും അറിഞ്ഞുകൊണ്ടുള്ള നിഷേധം.

വ്രതശുദ്ധിയുടെ കാലമായി. ചിലർക്ക് ഒരുദിവസം അല്ലെങ്കിൽ ഒരുമാസം, ചിലർക്ക് 45 ദിവസം. നല്ല കുട്ടിയായി. മദ്യപാനം ഇല്ല, പുകവലി ഇല്ല, മാംസാഹാരം പോയിട്ട് പച്ചവെള്ളം പോലുമില്ലാതെയും ചീത്തവാക്കുകളും ചിന്തയും മാറ്റി വ്രതമെടുത്തു. എന്തിനെന്നോ നമുക്ക് വേണ്ടിയല്ല, ദൈവത്തിനുവേണ്ടി. ഇനി ഇതൊന്നും എടുക്കാതിരുന്നാൽ അദ്ദേഹം എങ്ങാനും കോപിച്ചാലോ ? എല്ലാ നല്ല ശീലങ്ങളും അല്പനാൾ തുടർച്ചയായി ചെയ്താൽ അതെല്ലാം ജീവിതത്തിന്റെ ഭാഗമാകുമല്ലോ എന്നുകരുതിയാവണം ഇത്തരം ചടങ്ങുകൾ എല്ലാ മതത്തിലും കൂട്ടിച്ചേർത്തത്. പക്ഷെ എവിടെ നന്നാകുന്നു ? വ്രതം തീരാൻ കാത്തുനിൽക്കുകയാണ്. മദ്യപിക്കാൻ, ആട്, മാട് കോഴികളെ കൊന്നുതിന്നാൻ.

ഇവിടെ രൂപീകൃതമായ നിയമങ്ങളെല്ലാം എല്ലാവരുടേയും ക്ഷേമത്തിനും സംരക്ഷണത്തിനുമാണെന്ന് തിരിച്ചറിഞ്ഞിട്ടും നിയമാനുസൃതമായി ജീവിക്കാത്ത മനുഷ്യരാണിവിടെ. ശരീരശുദ്ധിക്കും മനഃശുദ്ധിക്കുമായി രൂപപ്പെട്ട മതവും മതനിയമങ്ങളും ദൈവത്തിനുവേണ്ടി ചെയ്യുന്ന വെറും ചടങ്ങുകൾ മാത്രമായി അധഃപതിച്ചു. എന്തുവിചിത്രം ! ദൈവത്തിന് ഒന്നും ആവശ്യമില്ല. നന്നാകേണ്ടത് നമ്മളല്ലേ. നല്ല മാറ്റം വരേണ്ടത് നമ്മിലല്ലേ.

സ്കൂളുകളും കോളേജുകളും എല്ലാം തുറക്കാൻ പോകുന്നു. എല്ലാവരും പ്രവേശനോത്സവം നടത്താൻ ഒരുങ്ങിയിരിപ്പാണ്. റാഗിങ്ങിന് പുതിയ പരിവേഷം. പുതിയ വിദ്യാർത്ഥികളെ സ്നേഹത്തോടെ വരവേല്ക്കുന്നതിനുപകരം പീഡിപ്പിച്ച് വരവേൽക്കുന്നതിനെ പലരും കണ്ണടച്ച് പ്രോത്സാഹിപ്പിക്കുന്നു. അല്പം നുണ പറയാം, അല്പം മദ്യപിക്കാം, പുകവലിക്കാം, വ്യഭിചരിക്കാം അതെല്ലാം ഒരു രസമല്ലേ ? ഈ പ്രായത്തിലല്ലേ നടക്കൂ എന്നാണോ നാം ചിന്തിക്കേണ്ടത്, പഠിപ്പിക്കേണ്ടത്. എല്ലാറ്റിന്റേയും പരിധി വിടുമ്പോൾ മാത്രം പ്രതികരിച്ചാൽ മതിയോ ? മുൻകാലങ്ങളിൽ റാഗിങ്ങിലും പ്രവേശനോത്സവത്തിലുമായി മരിച്ചുപോയവരെ നാം ഓർക്കാറേയില്ല. അവർ നമ്മുടെ ആരുമല്ലല്ലോ ? നാം കിട്ടിയ അവസരം ആഘോഷിച്ചുതീർക്കുന്ന തിരക്കിലാണല്ലോ. പലപ്പോഴും പലതിലും പെട്ട് ഇരയായവരെ നോക്കി സഹതപിച്ചതുകൊണ്ടുമാത്രം നമ്മുടെ ഉത്തരവാദിത്തങ്ങൾ തീർന്നോ ? ഇനിയും ഇതുപോലത്തെ സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ എന്തു ചെയ്യണം എന്നുകൂടി ആലോചിക്കേണ്ടേ ? ഒരു മടിയും കൂടാതെ തെറ്റ് തെറ്റുതന്നെയാണെന്നും അത് ചെയ്യരുതെന്നും പറയാൻ കഴിയണം. വേദബുക്കുകളിലും മതഗ്രന്ഥങ്ങളിലും, പാഠബുക്കുകളിലും മാത്രം നന്മ എഴുതിവെച്ചതുകൊണ്ടോ പറഞ്ഞുനടന്നതുകൊണ്ടോ കാര്യമുണ്ടോ ? അതുപഠിപ്പിക്കുന്നവരിലും പ്രചരിപ്പിക്കുന്നവരിലും അത് മനഃപ്പാഠമാക്കുന്ന വിദ്യാർത്ഥിയിലും, ശിഷ്യന്മാരിലും നന്മ എത്തേണ്ടേ. ഇന്ന് അദ്ധ്യാപകരും വിദ്യാർത്ഥികളും കൂടി മദ്യപാനമുൾപ്പെടെയുള്ള വൃത്തികേടുകളിൽ കൂട്ടുപ്രതിയാകുന്നുണ്ട്. മദ്യക്കുപ്പി മേടിച്ചുകൊടുത്ത് പ്രാക്ടിക്കൽ പരീക്ഷയ്ക്ക് സ്വാധീനം ചെലുത്തി രക്ഷപ്പെട്ടവരെ ഞാനറിയും. അച്ഛനും മകനും കൂടി, അതുപോലെ അദ്ധ്യാപകനും വിദ്യാർത്ഥിയും കൂടി ഒരു പെൺകുട്ടിയെ വളയ്ക്കാൻ പരസ്പരം സഹകരിക്കുന്ന, അതിനായി മത്സരിക്കുന്ന കാലത്താണ് നാം.

സാറെ ആർക്കും ബുക്ക് വെറുതെ കൊടുക്കരുത്. ഇത് ഈ വിധം പ്രിന്റ് ചെയ്തെടുക്കാൻ എത്ര അദ്ധ്വാനവും സമയവും വേണ്ടിവരും. ഇങ്ങിനെ വെറുതെ എത്രനാൾ കൊടുക്കാനാകും തുടങ്ങി നീണ്ട ഒരുമണിക്കൂറിലെ ഉപദേശത്തിനു ശേഷം അയാൾ തുടർന്നു എനിക്കല്പം ധൃതിയുണ്ട്. എന്റെ കൃതി വന്ന ഈ ലക്കം സാറുടെ കൈയിലുണ്ടെങ്കിൽ എനിക്കൊരു പത്തെണ്ണം വേണം. ഒരു മടിയും കൂടാതെ പത്തെണ്ണം വാങ്ങി പണം ഒന്നും തരാതെ സ്ഥലംവിട്ടു. എന്റെ സമയവും പോയി പണവും കിട്ടിയില്ല. കിട്ടിയത് നല്ല ഒരു ഉപദേശം. ഞാൻ ധന്യനായി. ഇങ്ങിനെയാണ് പല ഉപദേശികളും.

സ്വന്തം സംഭാഷണങ്ങൾ റിക്കോർഡ് ചെയ്ത് ഒന്ന് കേൾക്കാനെങ്കിലും സമയം കണ്ടെത്തണം. അപ്പോൾ പിടികിട്ടും ബാക്കിയുള്ളവർ നമ്മളെ എത്ര ക്ഷമിക്കുന്നുവെന്ന്, സഹിക്കുന്നുവെന്ന്. നിങ്ങൾ പറഞ്ഞുനടക്കുന്നവ സ്വജീവിതത്തിൽ പാലിക്കുന്നുണ്ടോ എന്ന് നോക്കണം പലപ്പോഴും ഉണ്ടാകില്ല എന്ന് തീർച്ച ! എന്തു പറയുമ്പോഴും പലവട്ടം ആലോചിക്കുക. വാക്കും ശരവും ഒരുപോലെയാണ്. മിതമായി സംസാരിക്കുക. സമയമുണ്ടെന്നു കരുതി മറ്റുള്ളവരുമായി സംസാരിച്ച് അവരുടെ സമയത്തെ കളയരുത്. അവർക്കും ഇഷ്ടമാണ് സംസാരത്തിലൂടെ സ്വപ്നലോകത്ത് നടക്കാൻ. ഓരോരുത്തർക്കും ഓരോ വിധമായിരിക്കും കാര്യങ്ങൾ മനസ്സിലാകുക. കാരണം എല്ലാവരും ഓരോ കാരണത്താലും ഓരോ കാരണത്തിനുമായി സൃഷ്ടിക്കപ്പെട്ടവരല്ലല്ലോ. അതുകൊണ്ട് നമ്മുടെ അനുഭവങ്ങൾ നമുക്ക് മാത്രമുള്ളതാണ്. തുറന്ന മനസ്സോടെ കീഴടങ്ങി നിൽക്കുന്ന ഒരുവനോട് അവന്റെ ഭാഗത്തുകൂടി ചിന്തിച്ച് ആർക്കും ബുദ്ധിമുട്ടുണ്ടാക്കാത്ത വിധത്തിലുള്ള ഒരുപദേശം നല്കുന്നതിൽ തെറ്റില്ല. പക്ഷെ ഉപദേശം കേൾക്കാൻ തയ്യാറായവനോടുമാത്രം സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിൽ കാര്യങ്ങൾ പറയാമെങ്കിലും ഇതുമാത്രമേ പോംവഴിയുള്ളൂ എന്നൊന്നും പറയല്ലേ. ചിലപ്പോൾ നിങ്ങൾ പറയുന്നത് വലിയ കാര്യമാണെന്ന് നിങ്ങൾ കരുതും. പക്ഷെ കേൾക്കുന്ന ആൾ അതിലും വലിയ പരീക്ഷണങ്ങളിലൂടെ പോയിക്കഴിഞ്ഞ ആളായിരിക്കും. അയാൾ കേട്ടുകൊണ്ടിരിക്കുന്നത് ഏതെങ്കിലുമൊരു പുതിയ ആശയത്തിനോ വാക്കിനോ വേണ്ടിയായിരിക്കും. നമ്മൾ ഒരു സംഭവമേയല്ല. ഒരുപാട് അനുഭവങ്ങൾ അനുഭവിച്ചവർ വെറുതെ എല്ലാം നോക്കിയിരിക്കുന്നു. അവരുടെ അടുത്ത് ചെല്ലുക, അവരെ ശ്രദ്ധിക്കുക. അറിവ് താനെ ലഭിക്കും.

കുഞ്ഞുകുട്ടി കിടക്കയിൽ കിടന്നു മൂത്രമൊഴിച്ചു. അതൊരു വിഷയമല്ല. കുട്ടിയ്ക്ക് 5 വയസ്സായി. ഇനിയും കിടക്കയിൽ മൂത്രമൊഴിക്കാമോ ? കുട്ടിക്ക് ചിന്തിക്കാൻ സമയമായി. അത് മാറ്റിയെടുക്കാനുള്ള ശ്രമം ആ കുട്ടി തന്നെ ചെയ്യണം. അല്ലാതെ നമുക്കെന്തുചെയ്യാനാകും ? ഇതുപോലെയാണ് പല തെറ്റുകളും തെറ്റാണെന്ന് പലരിലൂടേയും നമ്മേ ഓർമ്മപ്പെടുത്തുന്നുണ്ട്. പക്ഷെ നമ്മൾ അതൊന്നും ശ്രദ്ധിക്കാറേയില്ല.

കുഴപ്പം പലപ്പോഴും നമ്മളിൽ തന്നെയാണ് പക്ഷെ അത് നാം സമ്മതിച്ചുതരില്ലെന്നുമാത്രമല്ല മറ്റുള്ളവരുടെ തലയിൽ ചുമത്താനുള്ള തീവ്രശ്രമങ്ങളും നടത്തും. അല്പസമയം വെറുതെ കിട്ടിയാൽ മാരകരോഗത്തിൽ നിന്നും രക്ഷപ്പെട്ട രോഗി പോലും പരദൂഷണം പറയും. അടുത്ത രോഗം ചോദിച്ചു മേടിക്കും. എന്നിട്ട് കിടക്കയിൽ മലർന്നുകിടക്കും. ഇന്നുചെയ്ത കാര്യങ്ങളെല്ലാം രാത്രിയിൽ ഉറങ്ങുന്നതിനുമുൻപ് നിഷ്പക്ഷമായൊന്നു ചിന്തിച്ചാൽ പലതും പിടികിട്ടും. ഒരുപക്ഷെ നന്നായിത്തുടങ്ങും. പക്ഷെ എവിടെയാ സമയം ? ഒന്നും പറഞ്ഞിട്ടും പ്രവർത്തിച്ചിട്ടും കണ്ടിട്ടും തീരുന്നില്ലല്ലോ.

കൈയിൽ പിടിക്കാനാകുന്നത്ര ബോളുകൾ തറയിൽ നിന്നും പെറുക്കിയെടുത്തു. എന്നിട്ട് അടുത്തതെടുക്കാനായി കുനിയുന്നു. ഒന്നെടുക്കുമ്പോൾ മറ്റൊന്ന് കൈയിൽ നിന്ന് വീഴുന്നു. എന്നിട്ടും ഈ പ്രവൃത്തി തന്നെ തുടരുന്നു. കിട്ടിയ ബോളുമായി കളിക്കാതെ പുതിയ ബോൾ പെറുക്കാനുള്ള ശ്രമത്തിൽ തന്നെ കളിക്കാൻ തന്ന സമയം തീരുന്നത് അറിയുന്നേ ഇല്ല പലരും. നമ്മുടെ ആഗ്രഹങ്ങളും അതിന്റെ പൂർത്തീകരണവും ശ്രമങ്ങളും ഒരിക്കലും അവസാനിക്കുന്നില്ല. എങ്കിലും എല്ലാം അറിവാകുന്നു.

ഒരുപാട് നേരമെടുത്ത് അരിപ്പൊടി കൊണ്ട് തീർത്ത ചിത്രങ്ങളെ കൈയും കാലും മുടിയുമുപയോഗിച്ച് ശക്തിയായി മായ്ക്കും. ഭൂത, പ്രേത, നാഗക്കളത്തിനുമുന്നിൽ മദ്യപിച്ച ഒരുവനെ ഇരുത്തിയാലും ഇതാവും സ്ഥിതി. ഉറഞ്ഞുതുള്ളും, ഇഴഞ്ഞുനീങ്ങി കളങ്ങളെ മായ്ക്കും, തോരണങ്ങളെ പിച്ചിച്ചീന്തും, എന്നിട്ട് പന്തലുകളെ ശക്തിയായി കുലുക്കും. ആളുകളും അന്തരീക്ഷവും കളറുകളും വരച്ച ചിത്രങ്ങളും പാടുന്ന പാട്ടും അതിന്റെ താളവും പുറത്തുള്ള കൂരാക്കൂരിരുട്ടും അവനെ കൂടുതൽ അക്രമാസക്തനാക്കും. കാണിയായ നമ്മൾ എല്ലാം ക്ഷമയോടെ വീക്ഷിക്കും. എങ്കിലും നമ്മളെപ്പോഴാണ് ഉറഞ്ഞുതുള്ളുക എന്ന് പേടിയോ പരിഭവമോ ഭയമോ ചിലരുടെ മനസ്സിലെങ്കിലും ഉണ്ടാകും. പക്ഷെ യഥാർത്ഥത്തിൽ നാമും ഇവിടെ ഇതുപോലെ തുള്ളുന്നുണ്ട്. വിവരമില്ലാതെ, ബോധമില്ലാതെ, അതല്ലെ ഇവിടെ എല്ലാ പ്രശ്നങ്ങൾക്കും കാരണമാകുന്നത്. നാമും പലപ്പോഴും പല പ്രശ്നങ്ങളിലും അക്ഷമനായും ആവേശത്താലും പലതും ചെയ്തുപോകുന്നു. പാവം കള്ളുകുടിയനെപ്പോലെ, മയക്കുമരുന്ന് ഉപയോഗിക്കുന്നവനെപ്പോലെ, ചെറുതും വലുതുമായ ബോധക്ഷയം, മറവി തുടങ്ങി പലതും അറിവ് പൂർണ്ണമാകുംവരെ നമ്മുടെ കൂടെയുണ്ടാകും പിന്നെ സാക്ഷിഭാവം മൗനം.

ബിവറേജസ് ഔട്ട്ലെറ്റുകൾ മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഒരുപാട് പരാതികൾ, പ്രശ്നങ്ങൾ, എതിർപ്പുകൾ. മന്ത്രി രോഷാകുലനായി. ബാറുകളെല്ലാം പൂട്ടിയിട്ട് എന്തുകാര്യം ? മദ്യത്തിന്റെ ഉപയോഗം കുറയുന്നില്ലല്ലോ. പോരാത്തതിന് പലരും വീട്ടിൽ വാറ്റുതുടങ്ങി. മദ്യം കിട്ടാതായപ്പോൾ നെയിൽപ്പോളിഷ് റിമൂവറും ചുമക്കുള്ള മരുന്നുകളെയെല്ലാം വാങ്ങി ഉപയോഗിച്ചുതുടങ്ങി. കഞ്ചാവുൾപ്പടെയുള്ള മയക്കുമരുന്നുകൾ വ്യാപകമാവുന്നു. ബിവറേജസ് ഔട്ട്ലെറ്റുകൾ, ബാറുകൾ അടച്ചുപൂട്ടിയതുകൊണ്ട് കാര്യമില്ല. എത്രയെത്രപേരുടെ ജോലി പോയി, ഫർണിഷ് ചെയ്ത എത്രയെത്ര ഹോട്ടലുകൾ അനാഥമായി കിടക്കുന്നു. ഒരേസമയം പാവപ്പെട്ട മദ്യപാനിക്കും ഹോട്ടലുടമസ്ഥനേയും ഉൾപ്പെടുത്തി ഉളുപ്പില്ലാതെ സംസാരിക്കുകയാണ് മന്ത്രി. എല്ലാം പൂർവ്വസ്ഥിതിയിൽ തുറന്നുപ്രവർത്തിക്കണമെന്നാണ് ധ്വനി. അതുവരെയേ കാര്യങ്ങൾ മനസ്സിലാക്കിയിട്ടുള്ളു. എത്രയോ കുടുംബങ്ങളിൽ സമാധാനാന്തരീക്ഷം സൃഷ്ടിക്കപ്പെട്ടു എന്നും ആഘോഷങ്ങളിലെ അക്രമങ്ങൾ ഉൾപ്പടെ പല അക്രമപ്രവൃത്തികളെല്ലാം പരാമാവധി നിയന്ത്രണത്തിലാവാനും മദ്യനിരോധനം സഹായിച്ചു എന്നെല്ലാം മനപ്പൂർവ്വം പറയാതെ മദ്യത്തിനായി വാദിക്കുന്ന ഒരുപറ്റം മദ്യപാനികളെ ഈയിടെ നിയമസഭയ്ക്കകത്തും കണ്ടു. ഇതുപോലെ സംസാരിക്കാൻ അവസരം നല്കിയാൽ വ്യഭിചാരികൾക്കും കള്ളൻമാർക്കും ഒരുപാട് പറയാനുണ്ടാകും. നല്ല ഒരു തൊഴിൽ മേഖല തുടങ്ങുവാനോ നല്ലൊരു ജോലി ഉറപ്പുവരുത്തിത്തരാനോ എന്തിന് നല്ല വിദ്യാഭ്യാസം നൽകുവാനോ നിങ്ങൾ ശ്രമിക്കാത്തതുകൊണ്ടല്ലേ ഞങ്ങൾ കള്ളനും, വ്യഭിചാരിയുമായത് എന്ന് അവരും പറയും.

ബിവറേജസ് ഔട്ട്ലെറ്റുകൾ കെ. എസ്. ആർ. ടി. സി. ബസ്സ്റ്റാന്റിൽ തുടങ്ങിയാൽ നന്നായിരിക്കുമെന്ന് വകുപ്പ് മന്ത്രി. ആലോചിക്കാമെന്ന് ഗതാഗത മന്ത്രി. രണ്ടുപേരും വരുമാനത്തെക്കുറിച്ചാണ് ചിന്ത. നേരത്തെ ഞാൻ പറഞ്ഞില്ലേ. എല്ലാം വിദ്യാഭ്യാസത്തിന്റെ പോരായ്മ, കു

റവ്. എന്തുചെയ്യും ? എല്ലാത്തിനേയും പിടിച്ച് മുകളിലിരുത്തിയില്ലേ ? ഇനി എല്ലാത്തിനും നമുക്ക് സാക്ഷിയാവാം. മദ്യപാനിയെ എത്ര ബലം പിടിച്ചാണ് ബസ്സിൽ നിന്ന് ഇറക്കിവിടുന്നതെന്ന് മദ്യപാനികളുടെ ശല്യം സഹിച്ച് പലപ്പോഴും യാത്ര ചെയ്തവർക്കെല്ലാം അറിയാം. അധികം താമസിയാതെ ബസ് സ്റ്റാന്റിൽ നിന്ന് മദ്യം മേടിച്ച് ആരും കാണാതെ കുടിച്ച് ബസ്സിലിരുന്ന് യാത്ര ചെയ്യാം. മദ്യപാനികളെ നിങ്ങൾ ഹാപ്പിയായില്ലേ. എല്ലാവരും ഹാപ്പിയായി തുടങ്ങി. എല്ലാം മാറിത്തുടങ്ങിയിട്ടല്ലേയുള്ളൂ. ഇനിയും ഇതുപോലെ നല്ല മാറ്റങ്ങൾ വരാനിരിക്കുന്നുണ്ട്.

പഠിപ്പിക്കുന്ന അദ്ധ്യാപകർ ശരിയല്ലെങ്കിൽ വിദ്യാർത്ഥികളും, ആത്മീയാചാര്യൻമാർ വഴിപിഴച്ചാൽ ശിഷ്യഗണങ്ങളും, ഒരു കുടുംബനാഥൻ ശരിയല്ലെങ്കിൽ ഒരു കുടുംബം മുഴുവനും, ഭരണകർത്താക്കൾ നന്നായില്ലെങ്കിൽ ഒരു രാഷ്ട്രത്തിലെ മുഴുവൻ ജനതയും വല്ലാതെ ബുദ്ധിമുട്ടും. അതിനകത്ത് പലരും പീഡിപ്പിക്കപ്പെടും.

സ്ത്രീകളുടെ മേലുള്ള കടന്നാക്രമണം പരിഹരിക്കാനായാണ് റെഡ് സ്ട്രീറ്റ് പോലുള്ളവ സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. കേരളത്തിലും അത്തരത്തിലൊന്ന് തുടങ്ങിയാൽ ബലാത്സംഗങ്ങളും രഹസ്യവേഴ്ചകളും തടയാമെന്നും പറഞ്ഞേക്കാം. എല്ലാം ശരിയാണല്ലോ എന്ന് ഒരുപറ്റമാളുകളും കരുതിയേക്കാം. അമ്മേതല്ലിയാലും രണ്ടുണ്ടല്ലോ പക്ഷം. നിങ്ങളേതുപക്ഷത്താണ്. പാണ്ഡവരുടെ കൂടെയോ കൗരവരുടെ കൂടെയോ ? എന്തായാലും പുരോഹിതനേയും സ്വാമിജിയേയുമൊന്നും വിശ്വസിക്കാൻ പറ്റാത്ത സ്ഥിതിയായി.

മാതൃകാപരമായ ഒരുജനതയേ വാർത്തെടുക്കാൻ ഇവിടുത്തെ വിദ്യാഭ്യാസസമ്പ്രദായത്തിന് എന്തു മാറ്റം വരുത്തണമെന്ന് ചിന്തിക്കാൻ നേരമില്ല. പണ്ട് കള്ളൻമാരേയും പീഡിപ്പിക്കുന്നവരേയും ക്രൂരമായി ശിക്ഷിച്ചിരുന്നു രാജാക്കൻമാർ. ചിത്രക്കൂട് എന്ന ഇരുമ്പ് കമ്പി കൊണ്ട് നിർമ്മിച്ച ഒരു കൂട്ടിൽ കയറ്റി മരത്തിലോ മറ്റോ കെട്ടിത്തൂക്കി കുന്തം കൊണ്ട് അല്പാല്പമായി കുത്തി നോവിച്ച് ചെറിയ ചെറിയ മുറിവുകൾ ഉണ്ടാക്കും. പിന്നെ കാക്കയും പരുന്തും മറ്റും വന്ന് ദിവസങ്ങളോളം ഉപദ്രവിച്ച് കൊല്ലും. ഇന്ന് ഇതെല്ലാം മനുഷ്യാവകാശ ലംഘനമാണ്. ഒരാളെ ഇതുപോലെ ശിക്ഷിച്ചാൽ മതി, കുറേക്കാലത്തേയ്ക്ക് പിന്നെ അത്തരങ്ങൾ സംഭവങ്ങൾ ഉണ്ടാവില്ല.

പീഡിപ്പിക്കാൻ വന്ന ഒരു സ്വാമിജിയുടെ ജനനേന്ദ്രിയം ഒരു പെൺകുട്ടി മുറിച്ചെടുത്തു. നിയമത്തെ കൈയ്യിലെടുക്കാൻ പാടുമോ എന്ന് ചിലർ ചോദിച്ചു. പെൺകുട്ടി ചെയ്തത് ധീരപ്രവൃത്തിയായി മറുഭാഗം. എന്നാലെല്ലാം ഹോമിക്കുന്ന ശീലമുള്ളതുകൊണ്ടാണോ എന്തോ സ്വയം മുറിച്ചതാണെന്ന് സ്വാമിജി. എന്തു പറഞ്ഞാലും എല്ലാറ്റിനേയും അനുകൂലിക്കാനും പ്രതികൂലിക്കാനും ആളുകളുള്ള കാലം. പതിവുപോലെ എല്ലാവരും പല തട്ടിലായി ചർച്ച തുടങ്ങി. കൂട്ടത്തിൽ ക്രിസ്റ്റ്യൻ പുരോഹിതന്റെ കഥയും വലിച്ചിട്ടു. മറ്റുള്ളവരും അത്ര നല്ല കുട്ടിയാവണ്ട. എന്തായാലും പീഡിപ്പിക്കപ്പെട്ട ആൾ പലപ്പോഴായി പീഡിപ്പിക്കപ്പെട്ടു എന്ന് പറഞ്ഞാൽ എല്ലാവരും രസിച്ച് ആ വാർത്ത വായിച്ചും കേട്ടും ഇരിക്കും. പീഡനത്തിൽ പൊറുതിമുട്ടി ജനനേന്ദ്രിയം മുറിച്ചുമാറ്റി. എന്നാൽ നിയമം കൈയിലെടുക്കാനാവുമോ എന്ന് ചോദിക്കും. പീഡനത്തിൽ മരണപ്പെട്ടാൽ കോടതിയും ഭരണകൂടവും നിയമം നിരത്തി വാദിച്ച് വാദിച്ച് പ്രതികളും ചൂഷകരും തടിച്ച് കൊഴുത്ത് നടക്കും നാട് നമ്മുടെ നാട്.

ഇതിൽ നിന്നെല്ലാം നാം വായിച്ചെടുക്കേണ്ടത് ഒന്നുമാത്രമേ ഉള്ളൂ. നന്നാകാനാകുന്നതും നന്നാകേണ്ടതും നമ്മൾ മാത്രമാണ്. ബാക്കിയുള്ള കാഴ്ചകളിൽ പ്രതികരിച്ച് ദുഷിക്കാതെ നാമോരോരുത്തരും സ്വയമേ നന്നായിത്തുടങ്ങുമ്പോൾ നമുക്ക് ചുറ്റിലുമുള്ള കാഴ്ചകളും നന്നായിത്തുടങ്ങും. നമ്മിൽ നല്ല മാറ്റം വരാനായാണ് വ്യഭിചാരിയും കള്ളനും മദ്യപാനിയും ദുഷിച്ചൊരു ഭരണകൂടവും പഴുതുകൾ ധാരാളമുള്ള നിയമവ്യവസ്ഥയും ഇവിടെ നിലനിൽക്കുന്നത്. എല്ലാം കണ്ടുപഠിച്ചോളൂ. ഒന്നിലും ഇടപെടാതെ മാതൃകാപരമായി ജീവിച്ചോളൂ. ബാക്കിയുള്ളവർക്കും ദൈവം കണ്ണും കാതും തുടങ്ങി എല്ലാം കൊടുത്തിട്ടുണ്ടല്ലോ. അവർക്ക് ക്ഷണമുണ്ടെങ്കിൽ നന്നായിത്തുടങ്ങും. സ്വാർത്ഥനായി ജീവിക്കണമെന്നല്ല അതിനർത്ഥം. സ്വജീവിതം കൊണ്ട് മറ്റുള്ളവരിൽ നല്ല മാറ്റം വരുത്താൻ ശ്രമിക്കണം. ഒന്നും പറഞ്ഞുകാണിക്കേണ്ട. ജീവിച്ചുകാണിക്കാൻ ശ്രമിച്ചോളൂ. പെട്ടെന്നൊരുമാറ്റം പ്രതീക്ഷിക്കേണ്ട. ഏവരിലും മാറ്റം സാവധാനം സംഭവിക്കുന്ന ഒന്നാണ്.

ടീവിയും ഇന്റർനെറ്റുമെല്ലാം ഗുണത്തെക്കാളേറെ ദോഷത്തെ തന്നുകൊണ്ടിരിക്കുകയാണ്. ആർത്തിപൂണ്ട ആൾക്ക് ചക്ക കൂട്ടാൻ കിട്ടിയതുപോലെ എന്നൊരു ചൊല്ലുകേട്ടിട്ടില്ലേ. അതുപോലെ മൊബൈലും ഇന്റർനെറ്റുമായി ജീവിക്കാൻ തന്ന സമയത്തെ കളയാതെ. വാണാക്രൈ എന്ന വൈറസ് പലരേയും കരയിച്ചുകൊണ്ടിരിക്കുകയാണ്. ഇനിയുള്ള അക്രമങ്ങളെല്ലാം സൈബറിലൂടെയായിരിക്കും. എല്ലാം മനസ്സിലാക്കിയെടുക്കാൻ ഒരു പരന്ന വായന കൂടിയേ തീരൂ. വായനയെ പ്രോത്സാഹിപ്പിക്കുക. നിങ്ങളുടെ ഗിഫ്റ്റുകൾ ഇനി ഈ പുസ്തകങ്ങളാവട്ടെ. പുസ്തകങ്ങൾ വെറുതെ വെച്ചാൽ ചിതൽ പിടിക്കും. ഇടയ്ക്കെടുത്തൊന്ന് വായിച്ചുനോക്കൂ. വായിക്കുന്തോറും അർത്ഥതലം മാറുന്നതായി കാണാം.

എല്ലാവരും യാത്രയിലാണ്. ഇക്കരയിൽ നിന്ന് അക്കരയിലേക്ക് പോണം. രണ്ടു കരയ്ക്കുമിടയിൽ ശക്തിയായി ഒഴുകുന്ന പുഴയുണ്ട്. ചിലർ നീന്തിക്കടക്കാൻ ശ്രമിക്കുമ്പോൾ മറ്റുചിലർ ബോട്ടിൽ, തോണിയിൽ, വേറെ ചിലരോ പാലത്തിലൂടെ മറ്റുചിലരാവട്ടെ ആകാശത്തിലൂടെ നിലം തൊടാതെയുള്ള യാത്ര. എല്ലാവർക്കും അവരുടേതായ പ്രശ്നങ്ങളും ന്യായങ്ങളുമുണ്ട്. നീന്തിപ്പോകുന്നവന് നീന്തിയേ മതിയാകൂ. ബോട്ടിൽ, തോണിയിൽ, വാഹനത്തിൽ സഞ്ചരിക്കുന്നവരിൽ ഓടിക്കുന്നവന് മാത്രം പണി കൂടുതലാണ്. ബാക്കിയുള്ളവർക്ക് വെറുതെയിരുന്ന് കാഴ്ച കണ്ടാൽ മതി. വേണമെങ്കിൽ ഓടിക്കുന്നവനേയും മറ്റു വാഹനത്തിൽ പോകുന്നവരേയും നീന്തുന്നവരേയും ഉപദ്രവിക്കാം. കാരണം വേറെ പണിയൊന്നുമില്ലല്ലോ. ഇതുപോലെയാണ് നാമും വെറുതെയിരിക്കാൻ സമയം കിട്ടിയാൽ കുറ്റം പറയും. സമയത്തെ കളയും. അതുകൊണ്ടാണ് പലപ്പോഴും ദുഃഖങ്ങളും ദുരിതങ്ങളും അസുഖങ്ങളും നമ്മളെ പിന്തുടരുന്നത്. ശ്രദ്ധിക്കുക. എല്ലാം സൃഷ്ടിക്കപ്പെടുന്നതും സൃഷ്ടിക്കപ്പെട്ടിരിക്കുന്നതും പരസ്പരം പഠിക്കാൻ വേണ്ടിയാണ്. ഒന്നില്ലാതെ മറ്റൊന്നിന് നിലനിൽപ്പില്ല. യാത്ര ഏതുവിധമാണെങ്കിലും മറ്റുള്ളവർക്ക് ശല്യമാവാതെ, ഭാരമാവാതെ ആസ്വദിക്കുക. സ്കൂളുകളും കോളേജുകളും ക്ഷേത്രങ്ങളും പള്ളികളും സകല ആരാധനാലയങ്ങളും തുറക്കും അടയ്ക്കും. പക്ഷെ ബുദ്ധിയും സത്ചിന്തകളും എന്നുമടയാതിരിക്കാൻ ശ്രമിക്കൂ, പ്രാർത്ഥിക്കൂ.

കെ. പ്രസാദചന്ദ്രൻ പിള്ള
9947135360

# ടി. വി. സീരിയലുകൾ സോപ്പ് ഓപ്പറകളുടെ മലയാള അവതാരങ്ങൾ

വിശ്വവിഖ്യാതനായ ഹോളിവുഡ് ചലച്ചിത്രകാരനും, ഹാസ്യനടനും, എഴുത്തുകാരനുമായ വുഡി അലൻ ഒരിക്കൽ പറഞ്ഞു : "കാലിഫോർണിയയിൽ ഇപ്പോൾ ചവർമാലിന്യപ്രശ്നം ഇല്ലാതായിരിക്കുന്നു. അതെല്ലാം അവർ ടി. വി. സീരിയലുകളാക്കിക്കളഞ്ഞു !"

**നിർവചനം**

ടി. വി. യിലോ, റേഡിയോയിലോ ഖണ്ഡശ പ്രസിദ്ധീകരിക്കുന്ന, നാടകീയ അവതരണങ്ങൾ കഥാപാത്രങ്ങളുടെ വികാരപരമായ ബന്ധങ്ങളെ കേന്ദ്രീകരിച്ച് മെലോഡ്രാമകളിലേക്ക് എത്തിച്ചാണ് സീരിയലുകൾ അഥവാ സോപ്പ് ഓപ്പറകൾ നിർമ്മിക്കുന്നത്. ഇത്തരം നാടകങ്ങളിൽനിന്നും ഉദ്ഭവിച്ച സോപ്പ് ഓപ്പറകൾ സാധാരണയായി സോപ്പ് നിർമ്മാതാക്കളാണ് ആദ്യകാലങ്ങളിൽ സ്പോൺസർ ചെയ്തുവന്നത്.

**ഉദ്ഭവം :**

സോപ്പ് ഓപ്പറയായി ആദ്യം നിർമ്മിതമായതായി കണക്കാക്കപ്പെടുന്നത് 1930 ഒക്ടോബർ 20ന് ചിക്കാഗോ റേഡിയോ പ്രക്ഷേപണം ചെയ്തുതുടങ്ങിയ 'പെയ്ന്റഡ് ഡ്രീംസ്' ആണ്. ഈ റേഡിയോ സീരിയൽ പകൽ സമയ സ്ലോട്ടുകളിൽ (Slots) ആഴ്ചയിൽ അഞ്ചുദിവസം വീതമായിരുന്നു പ്രക്ഷേപണം ചെയ്തിരുന്നത്. ആ സമയം ബഹുഭൂരിപക്ഷം ശ്രോതാക്കളും വീട്ടമ്മമാരായിരുന്നതുകൊണ്ട് അവർക്ക് ആവശ്യം ആകർഷക വൈകാരിക നാടകീയതകൾ ആയിരുന്നുവെന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ. സോപ്പ് ഓപ്പറകളിലെ 'സോപ്പ്' എന്ന പേരുവീണത് ഇടവേളകളിൽ പ്രക്ഷേപണം ചെയ്തുവന്ന സോപ്പ്-ഡിറ്റർജന്റ് പരസ്യങ്ങൾ കാരണവും (സ്ത്രീകളാണല്ലോ സീരിയൽ പ്രക്ഷേപണസമയത്ത് വീടും വസ്ത്രങ്ങളും വൃത്തിയാക്കുന്നതിൽ വ്യാപൃതരായിരിക്കുന്നത്), 'ഓപ്പറ' എന്നത് ഈ മെലോഡ്രാമാറ്റിക് പരിപാടികളുടെ സ്വഭാവം കാരണവുമാണ്.

**കഥാഘടന/എപ്പിസോഡ് രൂപകല്പന :**

പല എപ്പിസോഡുകളിലായി കടന്നുപോകുന്ന കലാശമില്ലാത്ത (open-ended) തുടരൻ ആഖ്യാനരീതി ഇവറ്റകളുടെ ഒഴിച്ചുകൂടാനാകാത്ത അത്യാവശ്യകതയാണ്. ആൽബർട്ട് മൊറാന്റെ വാക്കുകളിൽ: One of the defining features is 'that form of television that works with a continuous open narrative. Each episode ends with a promise that the storyline is to be continued in another episode.' മലയാളത്തിലെ സീരിയലുകളിലും ഇതെത്ര ശരി !

രഹസ്യബന്ധങ്ങൾ, വിവാഹേതരബന്ധങ്ങൾ, വിശുദ്ധപ്രേമം എന്നിവ എല്ലാ സീരിയലുകൾക്കും നിർബന്ധമാണ്. മലയാള/ഭാരതീയ സീരിയലുകളുടെ കാര്യമാണ് ഞാൻ പറയുന്നതെന്ന് തെറ്റിദ്ധരിക്കരുത്. മേൽപ്പറഞ്ഞവയും അവയേക്കാൾ സ്വതന്ത്ര ലൈംഗികതയും സർവ്വസാധാരണമായ അമേരിക്കയിലും ഓസ്ട്രേലിയയിലും വളരെ കാലമായി നടന്നുകൊണ്ടിരിക്കുന്ന സീരിയലുകളുടെ പൊതുഘടകങ്ങളാണ് ഞാൻ പറഞ്ഞത്. അതായത് പരസ്യങ്ങൾ വഴി ചാനലുകൾക്ക് പണം കൊയ്യാൻ ആഗോളതലത്തിൽ അനവരതം നടന്നുവരുന്ന പരിപാടികളുടെ സ്ഥിരം ചേരുവകളാണ് ഇവയെന്നർത്ഥം.

മലയാള സീരിയലുകളെപ്പറ്റിയല്ല ഇവിടെ ഞാൻ പറയുന്നത് എന്ന് വായനക്കാർക്ക് വ്യക്തമാക്കാൻ സീരിയൽ കഥാതന്തുക്കളെപ്പറ്റിയുള്ള ഒരു വിദേശപഠന പരാമർശം അശ്വമുഖത്തുനിന്നും നേരിട്ട് ഉദ്ധരിക്കട്ടെ. "In soap opera storylines, previously unknown children, siblings and twins (including the evil variety) of established characters often emerge to upset and reinvigorate the set of relationships examined by the series. Unexpected calamities disrupt weddings, childbirths and other major life events with an unusual frequency."

മുകളിൽ പറഞ്ഞിരിക്കുന്നത് അമേരിക്കയിലേയും മറ്റു 'സാംസ്കാരിക'മായി വികസിത രാജ്യങ്ങളിലേയും കഥയാണെങ്കിൽ നമ്മുടെ മലയാളം സീരിയലുകൾ ഓരോന്നും വീക്ഷിച്ചിട്ട് നിത്യേന ഈ സംഭവങ്ങൾ ആവർത്തിക്കുന്നതിന്റെ സർവ്വസാധാരണത്വം ആദ്യം കണ്ടെത്തുന്ന ഏറ്റവും ഉത്സാഹിയായ വായനക്കാരന് രാജകുമാരിയെ വിവാഹം ചെയ്തുതരാമെന്നോ പകുതിരാജ്യം സ്ത്രീധനം നല്കാമെന്നോ വാഗ്ദാനം ചെയ്യുന്നില്ലെങ്കിലും ഉള്ളിലൊരു ഗൂഢസ്മിതം ഞാൻ ഉറപ്പുതരുന്നു.

**ശ്രേഷ്ഠമലയാള സീരിയലുകൾ**

സുന്ദരിയും, സുശീലയും, ഉന്നതകുലജാതയും, സർവ്വോപരി പതിവ്രതയുമായ ഒരു സ്ത്രീരത്നം. അവൾ കോളേജിൽ പഠിക്കുന്ന കാലത്ത് അവിടുത്തെ സുന്ദരനും, ജീനിയസ്സും, സാഹിത്യകാരനുമായ പ്രൊഫസറുമായി ഉണ്ടായിരുന്ന വിശുദ്ധപ്രേമത്തിന്റെ ഫലമായി കരഗതമായ (അതോ ഉദരഗതമോ) ഗർഭം. അവിചാരിതമായി അദ്ദേഹം ശാന്തിനികേതനിൽ വൈസ് ചാൻസലറായി പോയി. കാര്യമറിയാതെ നായികയുടെ പിതാശ്രീ ലഫ്. കേണൽ മേൽമീശ വർമ്മ, പി വി എസ് എം മകളെ നല്ലവനും ശുദ്ധനുമായ ഒരു ബിസിനസ്സ് എക്സിക്യൂട്ടിവിന് വിവാഹം ചെയ്തുകൊടുക്കുന്നു. നല്ലവനും കിഴങ്ങനുമായ ഭർത്താവ്, തന്റെയും കാമുകന്റെയും മക്കളെ ജീവനുതുല്യം സ്നേഹിക്കുന്നതു കണ്ട് നായികയുടെ ധർമ്മസങ്കടവും, ഭർത്താവിന്റെ നിഷ്കളങ്കതയും, ഒന്നുമറിയാതെ നാട്ടിൽ തിരിച്ചെത്തുന്ന ജീനിയസ് തന്റെ സ്വന്തം കൃതിയായ മകളോട് സ്നേഹത്തിലാകുന്നതും, ആരുമറിയാതിരുന്ന രഹസ്യങ്ങൾ പെട്ടെന്ന് വേലക്കാരി അറിയുന്നതും, അവളുടെ ഭർത്താവ് വഴി നായികയെ ബ്ലാക്ക്മെയ്ൽ ചെയ്യുന്ന

# ലേഖനം

തും, ലോകം മുഴുവൻ അറിഞ്ഞ രഹസ്യങ്ങൾ ഭർത്താവുമാത്രം അറിയാതെ മേവുന്നതും നൂറുകണക്കിന് എപ്പിസോഡുകളിലായി പരത്തിപ്പറഞ്ഞ് വീട്ടമ്മമാരെ ടി. വി.ക്കു മുന്നിൽ പിടിച്ചിരുത്തി കോടികളുടെ ഉത്പന്നങ്ങൾ ചെലവാക്കിയെടുക്കാവുന്നതും വമ്പിച്ച പരസ്യവരുമാനത്തിന്റെ അനർഗള സ്രോതസ്സായി തുടരാനും കഴിയുന്നതാണ്.

സീരിയലുകളുടെ കഥാതന്തുക്കളും, ആഖ്യാന രീതികളും, നാടകീയ വൈകാരികസംഘർഷങ്ങളും സാർവ്വലൗകികമായി ഒന്നു തന്നെയായതുകൊണ്ട് ഇന്ന് ബോളിവുഡിന്റെ പാർശ്വസ്ഥ കേന്ദ്രങ്ങളിൽനിന്നും റെഡിമെയ്ഡ്-റെഡി- ടു-എയർ സീരിയലുകൾ ധാരാളമായി എല്ലാ ഭാഷാചാനലുകൾക്കും പെട്ടെന്ന് ഉപയോഗിക്കാവുന്ന രീതിയിൽ ലഭ്യമാക്കപ്പെടുന്നുണ്ട്. സംഭാഷണങ്ങൾ ഡബ് ചെയ്തും ഡബ് ചെയ്യാൻ പാകത്തിനുമാണ് അവ ലഭ്യമാക്കുന്നത്. ഈ സാർവ്വലൗകികത കൊണ്ടാണ് മുംബൈയിലെ കോടീശ്വരൻമാരായ സർദേശായി കുടുംബത്തിലെ സുന്ദരികളുടേയും സുന്ദരന്മാരുടേയും കുടുംബപ്രശ്നങ്ങൾ ഒരു സാംസ്കാരിക ഞെട്ടലുമില്ലാതെ നമ്മുടെ വീട്ടമ്മമാർ നിത്യവും കണ്ട് ഉൾപ്പുളകം അണിയുന്നത്.

സീരിയൽ നിർമ്മാണത്തിന് ചില ചിട്ടവട്ടങ്ങളൊക്കെയുണ്ട്. സ്ത്രീകഥാപാത്രങ്ങളായി അഭിനയിക്കുന്നവർ-കുഞ്ഞുങ്ങൾ മുതൽ മുത്തശ്ശിമാർവരെ-അതിസുന്ദരിമാരായിരിക്കണം; വീട്ടിൽ നിൽക്കുമ്പോൾപോലും ഫുൾ മേക്കപ്പിലായിരിക്കുകയും വേണം. സുന്ദരികളായ വേലക്കാരികൾ നിലം തുടയ്ക്കുന്നതും അടുക്കളപ്പണി ചെയ്യുന്നതുമെല്ലാം നല്ല സാരിയും ബ്ലൗസുമണിഞ്ഞുകൊണ്ടാണെന്ന് ശ്രദ്ധിക്കുമല്ലോ. നായികയുടെ സ്വന്തം അമ്മയും വില്ലത്തിയായ അമ്മായിഅമ്മയും എല്ലാം - വി കെ എന്റെ ഭാഷയിൽ പറഞ്ഞാൽ 'ധിമ്മികളും, തടിച്ചഴകികളും' ആയിരിക്കണം. എന്നാൽ ആരും അല്പം പോലും ശരീരപ്രദർശനം ചെയ്യാൻ പാടില്ല - അതു നമ്മുടെ വീട്ടമ്മമാർക്ക് സഹിക്കില്ല. വില്ലത്തികളായ തരുണികൾക്ക് ചുരിദാറും, ജീൻസും, ടോപ്പും ഒക്കെയാവാം; പക്ഷെ നായിക നല്ല ഒതുക്കത്തിൽ സാരി ഉടുത്ത് ഏതു ക്ഷേത്രത്തിലും ധൈര്യമായി കടക്കാൻ പാകത്തിൽ മാത്രമേ വേഷധാരണം പാടുള്ളു. പുരുഷന്മാരിൽ നായകന്റെയും പാർശ്വസ്ഥന്മാരുടെയും വേഷം ചെയ്യുന്നത് സുമുഖന്മാരും, (കൊല്ലം ഭാഷയിൽ) ക്ണാപ്പന്മാരുമാവണം. വില്ലന്മാർ വിരൂപന്മാരും ദുർമുഖന്മാരുമാവണം.

അത്യന്തം വികാരവിക്ഷോഭമുള്ള - സിനിമയാണെങ്കിൽ സ്റ്റണ്ടു നടക്കേണ്ട - സന്ദർഭങ്ങളിൽ പോലും കയ്യാങ്കളി അങ്ങേയറ്റം ഒരു ചെകിട്ടത്തടിയിൽ ഒതുക്കിക്കൊള്ളണം. കാരണം സ്റ്റണ്ട് രംഗങ്ങൾ ഉൾപ്പെടുത്തുന്നത് വളരെ ഭാരിച്ച ചെലവുകൾ വരുത്തിവയ്ക്കുന്ന കാര്യമാണ്. ഒരു സ്റ്റണ്ട് മാസ്റ്ററെ നിയോഗിച്ച്, സ്റ്റണ്ടിനുവേണ്ട സാങ്കേതിക സാമഗ്രികൾ സംഘടിപ്പിച്ച്, ഒരു നിസ്സാര സ്റ്റണ്ട് ചിത്രീകരിക്കാൻപോലും ഒരു ഇരുനൂറ് എപ്പിസോഡെങ്കിലും ചെയ്യാനുള്ള ചെലവുവരുത്തിവയ്ക്കും. അതുകൊണ്ട് വലിയ അലർച്ചകളും, ചെവിപൊട്ടുന്ന ഡയലോഗുകളും, ഘോരമായ പശ്ചാത്തല ശബ്ദങ്ങളും കൊണ്ട് തൃപ്തിപ്പെടേണ്ടതാണ്.

ഇനി നമുക്ക് ഒരു സീരിയൽ എപ്പിസോഡ് ആസ്വദിക്കപ്പെടുന്ന രംഗം കാണാം. സമയം സായന്തനം. സ്വീകരമണമുറിയിൽ തന്റെ പ്രിയപ്പെട്ട സീരിയൽ പ്രക്ഷേപണം ചെയ്യുന്ന ചാനൽ ട്യൂൺ ചെയ്ത നമ്മുടെ ശ്രീമതി വീട്ടമ്മ ദത്തശ്രദ്ധയായി ഇരിക്കുന്നു. മകൾ ഫ്രീജാപിള്ള മൊബൈലിൽ ചാറ്റിക്കൊണ്ട് ബെഡ്റൂമിൽ. മകൻ ഫ്രീക്കൻ ജി പിള്ള സൂപ്പർബൈക്കിൽ റോന്തുചുറ്റാൻ പോയിട്ട് മടങ്ങിയെത്തിയിട്ടില്ല. ഭർത്താവ് ഗൃഹനാഥൻപിള്ള - അദ്ദേഹം M/s Gillette@Seven O' Clock, Always Ltd. എന്ന ധനകാര്യ സ്ഥാപനത്തിന്റെ (Your liquid assests remain solid with us-they do not evaporate!) CEO ആണ് - പത്രപാരായണ നിരതനായി മേവുകയാണ്. അദ്ദേഹത്തിന്റെ കുടുംബത്തിന്റെ ജീവൽപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന സീരിയലുകളിൽ യാതൊരു ശ്രദ്ധയും താല്പര്യവും വിധിവൈപര്യത്താൽ ജീവിതസഖാവായിത്തീർന്ന ഗൃഹനാഥൻപിള്ളയ്ക്ക് ഇല്ലെന്നാണ് ശ്രീമതി വീട്ടമ്മ ജി പിള്ളയ്ക്ക് തോന്നിയിട്ടുള്ളത്.

വികാരതീവ്രമായ രംഗങ്ങൾകണ്ട് ഞെളിപിരികൊണ്ടിരിക്കുന്നതിനിടയിൽ ഓരോ പത്തുമിനിട്ട് ഇടവിട്ടും ജീവസന്ധാരണത്തിന് അനുപേക്ഷണീയമായ വിവിധ സാധനങ്ങളുടെ പരസ്യങ്ങൾ അത്യന്തം ആകർഷകമായി അവതരിപ്പിക്കപ്പെടുന്നുണ്ട്. ഓരോ വീട്ടമ്മയ്ക്കും ഇഹലോകവാസം ആനന്ദതുന്ദിലമാക്കാൻ അത്യന്താവശ്യങ്ങളായ സംഗതികളുടെ സൗജന്യവിളംബരങ്ങളാണവ. തലച്ചോറിന്റെ വികസനത്തിന് ഉടനടി ഫലമുളവാക്കുന്ന - പീര്യോജിക് ടേബിളിലെ സകലമൂലകങ്ങളും ധാരാളമായി ചേർത്തിട്ടുള്ള - 'ബ്രെയ്ൻവിറ്റ' എത്രമാത്രം ഒഴിച്ചുകൂടാനാവാത്തതാണ് എന്ന് അവർ മനസ്സിലാക്കുന്നു. ഫ്രീക്കു മോൻ ഈയിടെയായി പഠിത്തത്തിൽ ശ്രദ്ധയില്ലാത്തതിന് മറുമരുന്ന് നമ്മുടെ ബ്രെയ്ൻവിറ്റതന്നെ എന്ന് അവർ തീരുമാനിക്കുന്നു. അപ്പോൾത്തന്നെ ഗൃഹനാഥൻപിള്ള ഇരിക്കുന്നിടത്തേക്കുനോക്കി, "നാളെത്തന്നെ ഒരു കുപ്പി ബ്രെയ്ൻവിറ്റ വാങ്ങിക്കൊണ്ടുവരണേ, ചെറുക്കന് പഠിത്തത്തിൽ ഒരു ശ്രദ്ധയുമില്ല," എന്ന് കല്പിക്കുന്നു.

ഫ്രീജമോളാണെങ്കിൽ ശരീരപുഷ്ടിയിൽ ഒരു ശ്രദ്ധയുമില്ലാതെയാണ് നടപ്പ്. സ്ലിംബ്യൂട്ടിയാകലാണുപോലും. ഇപ്പോഴത്തെ ഫാഷൻ കരുവാടുപോലെ ഇരിക്കുന്ന അവൾക്ക് താൻതന്നെ ടി. വി.യിൽ വാഴ്ത്തപ്പെട്ട 'സ്ഥൂലതരുണീകല്പം' വാങ്ങിക്കൊടുത്തിട്ട് ആ ജന്തു അതൊന്നു തൊട്ടുനോക്കിയതുപോലുമില്ല. പെണ്ണിന് താൻ പറഞ്ഞാൽ ഒരു വകയുമല്ല. തന്തയെ മാത്രമേ അനുസരിക്കൂ. ഇനി തന്തയെ അനുസരിപ്പിക്കലാണ് വലിയ പണി. ഏതായാലും അങ്ങേരെക്കൊണ്ട് പെണ്ണിനോട് നല്ല നാലു വർത്തമാനം പറയിച്ച് മരുന്ന് കഴിപ്പിച്ചേ പറ്റൂ. കാശുകൊടുത്ത് വാങ്ങിപ്പോയില്ലേ.

സോപ് ഓപ്പറയുടെ ഓഫറുകൾ എത്ര മഹത്തരം ! വീട്ടമ്മമാർക്ക് ഹർഷോന്മാദം; വീട്ടച്ഛൻമാർക്ക് അല്പനേരം സ്വൈര്യം; ഉല്പന്നങ്ങളുടെയും സേവനങ്ങളുടെയും വിപണന മഹാമഹം; സീരിയൽ നിർമ്മാതാക്കൾക്കും നടീനടന്മാർക്കും ഉപജീവനം; വിനോദചാനലുകൾക്ക് ചാകര ! ശുഭം-ദൈനംദിനം! എന്നാൽ- സ്ത്രീദുഃഖങ്ങൾക്ക് അറുതിവന്നുപോകുമോ? വീട്ടമ്മമാർ ബോധവതികളായിപ്പോവുമോ? അവരുടെ കണ്ണീർത്തടങ്ങൾ വറ്റിവരണ്ടുപോകുമോ? ഏതെങ്കിലും കുബുദ്ധികൾ സ്ത്രീപീഡനപ്രേരണ ആരോപിച്ച് അഥോറിറ്റിക്ക് പരാതി നൽകുമോ? അവിടെയിരിക്കുന്നവർ സീരിയൽ സെൻസറിങ് തുടങ്ങുമോ? അത്തരം കേസുകളിൽ മറു അഫിഡവിറ്റ് നല്കാനായി ഒരു കണ്ണീർ ശേഖരണം വേണ്ടിവരുമോ? എന്തുവന്നാലും സ്ത്രീജനകണ്ണീർവർച്ച അഭംഗുരമായി നടക്കേണ്ടേ?

കാത്തിരുന്നു കാണുക - തിങ്കൾ മുതൽ വെള്ളിവരെ നിങ്ങളുടെ പ്രിയപ്പെട്ട ചാനലിൽ.

•




**തുളസി കേരളശ്ശേരി**
**9526144499**


# പുലയാടിച്ചി

പതിനാറിന്റെ പടിവാതിലിൽ
കുളിതെറ്റിയൊരു പെണ്ണൊരുത്തി
നരജന്മം 'പുടവ'യിൽ
പൊലിഞ്ഞതറിയാതെ
കദനമുണ്ടു കഴിഞ്ഞിരുന്നത്രേ !

പേറ്റുദീനം പനിച്ചു ചുട്ടപ്പോൾ
പോറ്റാനെത്തിയ വൈദ്യന്റെ
'കരുണ'യിൽ
പിന്നെയും പിന്നെയും പെറ്റ്
പെണ്ണവൾ പൈതങ്ങളാൽ
സനാഥയായത്രേ...!

പശിയാളിക്കരഞ്ഞ
പൈതങ്ങൾക്ക് 'രക്ഷകർ'
പുരയ്ക്കുചുറ്റും
പതുങ്ങിയപ്പോൾ
പേപ്പട്ടിയെപ്പോൾ
കുരച്ചും കടിച്ചുമവൾ
നിലതെറ്റിയത്രേ...!

പിന്നെയൊരിക്കൽ
പച്ചമാംസം രുചിക്കാത്തൊരു
പുലയൻ
പെങ്ങളെപ്പോൽ ചേർത്തുപിടിച്ച്
പടിക്കൽ കാവൽ
നിന്നപ്പോഴാണത്രേ
പെണ്ണവൾ പുലയാടിച്ചിയായത്...!

## കവിത

# മധുരമീ മലയാളം


**ജലജ മേനോൻ**
**9497358223**




അമ്മയ്ക്കു തുല്യമാം
മലയാള ഭാഷ തൻ
അനന്തമാം സൗന്ദര്യമനുപമം ഹോ
മലയാള ഭാഷയ്ക്കുപമ
ചേർത്തീടുവാൻ
മറ്റെന്തു നൽകുമീ പൃഥ്വിയിങ്കൽ

വേറിട്ട ശബ്ദങ്ങൾ
വേറിട്ട വാക്യങ്ങൾ
വേറെന്തു തന്നെ ഗ്രഹിച്ചീടിലും
മലയാള ഭാഷയിലർത്ഥം
ഗ്രഹിയ്ക്കുമ്പോൾ
മനതാരിലായിരം പൂത്തിരികൾ
പലഭാഷാ പണ്ഡിതരാണെങ്കിലും
നമ്മൾ
മലയാള ഭാഷയിലല്ലേ നിത്യം
ചിത്തത്തിൽ ചിത്രങ്ങൾ
കോറിവരയ്ക്കുവാൻ
സത്യത്തിൽ തൽപരരായിടുന്നു.

ജീവിതതത്വങ്ങൾ
നമ്മെ പഠിപ്പിയ്ക്കാൻ
ജീവാമൃതം പോലെയുള്ള കാവ്യം
മലയാള ഭാഷയിലല്ലെയെഴുത്തച്ഛൻ
മലയാളികൾക്കായ് സമർപ്പിച്ചതും.

അനന്യമാം ഭക്തിയാൽ
ജീവൻ ജ്വലിപ്പിച്ചൊ-
രന്തണൻ തീർത്തൊരാ പാനയിങ്കൽ
അമൃതിനു തുല്യമാം
മലയാള ഭാഷതൻ
അനഘമാം ശബ്ദങ്ങളല്ലെയുള്ളിൽ.

ഭാരതകഥകൾതൻ
സാരംഗ്രഹിയ്ക്കുവാൻ
കേരളക്കരയിലെ മാനവർക്കു
മലയാള ഭാഷയിൽ
മൊഴിമാറ്റിയല്ലയോ
അലിവോടെ കവിവര്യനേകിയതും.

തുള്ളൽ
കവിതയെഴുതിയയാചാര്യൻ
ഉള്ളിൽ നിറച്ചതുമിബ്ഭാഷ താൻ
ചെമ്മേ ചെറുശ്ശേരി കൃഷ്ണന്റെ
ലീലകൾ
അമ്മട്ടിൽ തീർത്തതു
മിബ്ഭാഷയിൽ

ഉള്ളൂരുമാശാനും വള്ളത്തോളും
തന്റെ
ഉള്ളിൽ നിന്നൊഴുകിയ
കാവ്യമെല്ലാം
മരതക കല്ലൊത്ത
മലയാളഭാഷയിൽ
മനോഹരമായി ചമച്ചതല്ലേ ?

ആതിരനാളതിലംഗനമാർ ചേർന്നു
ആർദ്രമായ് ചൊല്ലുന്ന ഗാനമെല്ലാം
മലയാളഭാഷയിൽ
തീർത്തൊരാഹാരത്തിൽ
മണിമുത്തുകിലുങ്ങുന്ന
ചേലിലല്ലേ ?

ശ്രേഷ്ഠഭാഷാസ്ഥാനമൊന്നു
ലഭിയ്ക്കുവാൻ
ശ്രേഷ്ഠരാം
മക്കളങ്ങൊത്തുചേർന്നു
അമ്മയ്ക്കു
കാഞ്ചനഹാരമണിയിയ്ക്കാൻ
അനവധി നാളുകൾ വേണ്ടിവന്നു.

മലയാള
സർവ്വകലാശാലയിന്നിപ്പോൾ
മലയാളികൾക്കഭിമാനമല്ലേ
മാന്യമായ് തന്നെയങ്ങോതിടാം
മലയാളം
അന്യരായ് നിൽക്കേണ്ട കാര്യമില്ല

കൊഞ്ചിക്കുഴഞ്ഞിട്ടു
ചൊല്ലേണ്ടതല്ലയീ
വാക്കുകൾ ശ്രേഷ്ഠമാം
മലയാളത്തിൻ
ചിത്തവും വക്ത്രവും നന്നായ്
തുറന്നിട്ട-
ങ്ങുത്തമമായി പറഞ്ഞിടേണം.

മലയാളിയാണെന്നെനിയ്ക്കഭിമാനി
യ്ക്കാൻ
മലയാള ഭാഷതൻ കൂട്ടുവേണം.
അമ്മയാം മലയാള ഭാഷതൻ
പാദത്തിൽ
അർപ്പിച്ചിടുന്നു പ്രണാമ പുഷ്പം.

## ലേഖനം

# മിത്തുകളും ആധുനികതയും മലയാള സാഹിത്യത്തിൽ

**എം. ജോൺസൺ റോച്ച്**
9495520611

**കാ**ലം, സമൂഹം എന്നിവയിൽ നിന്ന് വേറിട്ട് ഒരു സാഹിത്യരീതിക്കും നിലനിൽക്കാനാവില്ലെന്നതിന്റെ തെളിവാണ് രണ്ടുകാലഘട്ടത്തെ പ്രതിനിധാനം ചെയ്യുന്ന പുരാതന സാഹിത്യവും ആധുനിക സാഹിത്യവും. ഇവ രണ്ടും കാലത്തോടും സമൂഹത്തോടും എങ്ങനെ ഇഴപിരിയാതെ മലയാള സാഹിത്യത്തിൽ കിടക്കുന്നുവെന്ന് അവതരിപ്പിക്കാനാണ് ഞാനിവിടെ ശ്രമിക്കുന്നത്.

ആദിമമനുഷ്യന് കാരണം കണ്ടെത്താനാവാത്ത പ്രകൃതി പ്രതിഭാസങ്ങളെ അവൻ അജ്ഞതയും ഭയവും നിമിത്തം ഈശ്വരനായി കണ്ട് സ്തോത്രങ്ങൾ ചൊല്ലി പൂജിച്ചു. ഈ പൂജയ്ക്കായി സ്തോത്ര രൂപേണ പലതും വിളിച്ചു പറഞ്ഞതാണ് ആദ്യകാല സാഹിത്യം. പിന്നീട് പ്രകൃതി ശക്തികളെയാണ് ആരാധിക്കുന്നതെന്ന് മനസ്സിലാക്കിയ മനുഷ്യൻ ചോര കുടിക്കുന്ന, അത്ഭുതം കാണിക്കുന്ന ദൈവങ്ങളെ സ്തോത്രങ്ങൾ ആലപിച്ച് ആരാധിച്ചു. ദൈവം ഭയങ്കരനല്ലെന്ന് ബോധം വന്നതിനാൽ ഈശ്വര പ്രതിനിധികളായി ബ്രഹ്മ-വിഷ്ണു-മഹേശ്വരൻമാരെ നിയമിച്ചു. തുടർന്ന് ദേവി സങ്കല്പമുണ്ടായി. ഇതോടെ മനുഷ്യന് സങ്കല്പിക്കാവുന്നതിൽ വച്ച് ഏറ്റവും മികച്ച രീതിയിൽ പുത്തൻ മിത്തുകൾ സൃഷ്ടിക്കപ്പെട്ടു. മിത്തുകളെ സ്തുതിക്കുന്ന നിരവധി സ്തോത്രങ്ങൾ ഉണ്ടായി. സ്തോത്രങ്ങൾ വർണ്ണിച്ചു പറയുന്ന ഈശ്വരൻമാരുടെ ആകൃതിയിൽ ലയിച്ചുപോയ ശിൽപികൾ സ്തോത്രവർണ്ണനയിലുള്ള രൂപങ്ങൾ ആരാധനയ്ക്കായി കൊത്തിവച്ചു. ഈ ശിൽപങ്ങൾ ചില ഭക്തന്മാർ പ്രത്യേക സ്ഥലത്ത് എടുത്തുവച്ച് ഉടുപ്പിച്ച് മാല ചാർത്തി സ്തുതിച്ചു. ഇതിനെത്തുടർന്ന് പൂജാരിമാരും, ക്ഷേത്രാരാധനയുമുണ്ടായതോടുകൂടി, ഭക്തി പരിവേഷത്തിൽ അപദാനങ്ങൾ സാഹിത്യരൂപത്തിൽ പ്രത്യക്ഷപ്പെട്ടു.

മിത്തുകൾ നിറഞ്ഞ പുരാതന മനുഷ്യരുടെ ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, വിശ്വാസങ്ങൾ, ചിന്തകൾ കടങ്കഥകളായി മലയാള സാഹിത്യത്തിനു ആരംഭംകുറിച്ചു. ക്ഷേത്രനിർമ്മാണം ഒരു കലയും പ്രസ്ഥാനവുമായി വളർന്നു. ഇതോടുകൂടി ആത്മീയ ജീവിതത്തിലെന്ന പോലെ ഭൗതിക ജീവിതത്തിലും ആധിപത്യം പുലർത്താൻ ബ്രാഹ്മണർക്ക് സാധിച്ചു. ഇവർ സാഹിത്യമെന്നത് സംസ്കൃത വിജ്ഞാനമായി മാറ്റിയെടുത്തതിനാൽ, സാഹിത്യ കൃതികൾ എഴുതപ്പെട്ടത് സംസ്കൃതത്തിലായി. പിൽക്കാലത്താണ് പ്രാദേശിക ഭാഷകളിൽ സാഹിത്യകൃതികളുണ്ടായത്. മലയാളഭാഷ അവികസിതമായതിനാൽ ഉൽക്കൃഷ്ട സാഹിത്യ കൃതികളൊന്നും തന്നെ തുടക്കത്തിൽ ഉണ്ടായില്ല. ആദ്യമായി മലയാളത്തിൽ സാഹിത്യ രചന തുടങ്ങിയത് മിത്തുകളടങ്ങിയ പുരാണേതിഹാസങ്ങളെ സംസ്കൃതത്തിൽ നിന്നും വിവർത്തനം ചെയ്തുകൊണ്ടായിരുന്നു. ഈ വിവർത്തനത്തിൽ ഊന്നി നിന്നുകൊണ്ടാണ് കാലക്രമത്തിൽ മലയാള ഭാഷയും സാഹിത്യവും ഉരുത്തിരിഞ്ഞുവന്നത്. മിത്തുകളെ ഭക്തിയാക്കിക്കൊണ്ടാണ് അക്കാലത്തെ സാഹിത്യകൃതികൾ രചിക്കപ്പെട്ടത്. മിത്തുകൾ നിറഞ്ഞ ഭക്തി സാഹിത്യമായിരുന്നു പുരാതന സാഹിത്യം.

വിഷ്ണുവിലും ശിവനിലും ഉരുത്തിരിഞ്ഞുവന്നതാണ് മലയാളത്തിലെ ഭക്തിപ്രസ്ഥാന സാഹിത്യ കൃതികൾ. 'ഹരിനാമ കീർത്തനം' ഒരു വിഷ്ണു സ്തോത്രമാണ്. കണ്ണശ്ശകൃതികളിൽ നിരണം കവികൾ വിഷയമാക്കിയത് കുലദൈവങ്ങളായി മാറ്റിയെടുത്ത മിത്തുകളെയാണ്. രാമായണം, ഭാഗവതം, ശിവരാത്രി മാഹാത്മ്യം, ഭഗവത്ഗീത തുടങ്ങിയവ മലയാള സാഹിത്യത്തിൽ മിത്തുകൾക്ക് പ്രതിഷ്ഠ നേടിക്കൊടുത്തു. കോവളം കവികളായ അയ്യിപ്പിള്ള ആശാന്റെ രാമകഥപ്പാട്ട് അയ്യനപ്പിള്ള ആശാന്റെ ഭാരതപ്പാട്ടും മിത്തും ഭക്തിയും സംയോജിച്ചതാണ്. എഴുത്തച്ഛന്റെ ആദ്ധ്യാത്മിക രാമായണം മിത്തുകൾ നിറഞ്ഞതാണ്. ഈ മിത്തുകൾ നിറഞ്ഞ ഇതിഹാസമാണ് അദ്ദേഹത്തിൽ അന്തർധാരയായി വർത്തിച്ചത്. അതുകൊണ്ടാണ് എഴുത്തച്ഛന്റെ കാവ്യോപാസനയ്ക്ക് അതിവേഗം സാമൂഹിക അംഗീകാരം നേടിയത്. രാമായണമെന്ന് മൂല്യകൃതിയുടെ വിവർത്തനത്തിൽ മിത്തും ഭക്തിയും കൂട്ടിയിണക്കി എഴുത്തച്ഛൻ കവിത്വംകൊണ്ട് പുരാണേതിഹാസങ്ങളെ കാവ്യാത്മകമായി മാറ്റിയെടുത്ത് ശുദ്ധമലയാളം മലയാളിക്ക് സമ്മാനിച്ചു.

പൂന്താനം നമ്പൂതിരിയും പുരാണ ഇതിഹാസമിത്തുകളെ അവതരിപ്പിച്ച ഒരു ഭക്തികവിയാണ്. പുനത്തിന്റെ പ്രധാനകൃതി രാമായണം ചമ്പുവാണ്. രാമായണവും വ്യാസഭാരതവും ചമ്പുക്കളായപ്പോൾ പ്രതിഭാവിലാസങ്ങൾകൊണ്ട് കൃതികളിൽ പുത്തൻ മിത്തുകൾ സൃഷ്ടിക്കപ്പെട്ടു. മിത്തുകളായ ആരാധനാമൂർത്തികളുടെ ഉള്ളിലേയ്ക്ക് സാഹിത്യകാരൻമാർ ക്രാന്തദർശിത്വം നടത്തികിട്ടുന്ന ഭാവനകൾ മലയാളത്തിന്റെ ആദ്യഘട്ടത്തിൽ അവർ അവതരിപ്പിക്കുകയായിരുന്നു. മലയാള സാഹിത്യത്തിന്റെ ആദ്യഘട്ടത്തിലെ സാഹിത്യനായകന്മാരിൽ സ്മരണീയനാണ് കോട്ടയം കേരളവർമ്മ. കൊട്ടാരക്കര തമ്പുരാൻ എട്ട് ആട്ടക്കഥകൾ കൊണ്ട് മിത്തുകൾക്ക് പരിവേഷം നൽകി. രാമപുരത്തുവാര്യരുടെ കുചേലവൃത്തം വഞ്ചിപ്പാട്ട് മിത്തുകളുടെ ഗുണഗണങ്ങൾ അടങ്ങിയതാണ്. നമ്പ്യാരുടെ തുള്ളൽ പാട്ടും ഇടശ്ശേരിയുടെ കൃഷ്ണഗാഥയും മിത്തുകൾ നിറഞ്ഞതാണ്. പുത്രകാമേഷ്ടി, സീതാസ്വയംവരം, ബാലിവധം, തോരണയുദ്ധം ഇവയെല്ലാം മിത്തുകൾക്ക് നിറക്കൂട്ടു നൽകി അവതരിപ്പിക്കപ്പെട്ടിട്ടുള്ളതാണ്.

ഉണ്ണുനീലി അതിമനോഹരമായ ഒരു മിത്തുകാവ്യമാണ്. ഗാഢനിദ്രപൂണ്ടുകിടന്ന രാജാവിനെ കാമഭ്രാന്ത് ബാധിച്ച് ആകാശത്ത് പറന്നു നടന്ന ഒരു യക്ഷി കണ്ടുപിടിക്കുകയും രാജാവ് കിടന്ന മുറിയിൽ യക്ഷി പ്രവേശിക്കുകയും രാജ്ഞിയെ എടുത്ത് താഴേക്ക് ഇട്ടശേഷം രാജാവിനേയും കൊണ്ട് യക്ഷി പുറത്തേയ്ക്ക് കടന്നു. വളരെ നേരം അന്തരീക്ഷത്തിൽ യക്ഷിയുടെ മാറിടത്തോട് ഒട്ടിക്കിടന്ന രാജാവ് ഉണർന്നുനോക്കിയപ്പോൾ ഒരു യക്ഷിയുടെ കൈയിലാണ് താനിരിക്കുന്നതെന്ന് മനസ്സിലായി. പെട്ടെന്ന് നരസിഹംമന്ത്രം ചൊല്ലി. യക്ഷി ഭയപ്പെട്ട് രാജാവിനെ വലിച്ചെറിഞ്ഞു. ഇത്തരം മിത്തുകൾ കൊണ്ട് സജീവമായിരുന്നു മലയാളത്തിലെ ആദ്യകാല കൃതികൾ. കഥ

ക്ക് നേരും നെറിയും വേണമെന്ന് നിർബന്ധമില്ല.

ഇതിന് മറ്റൊരുദാഹരണമാണ് 'ഉണ്ണിച്ചിരുതേവി'. ഉണ്ണിച്ചിരുതേവി ചരിതത്തിൽ ദേവേന്ദ്രനേയും ഉണ്ണിച്ചിരുതേവിയേയും അതിശയോക്തി നിറഞ്ഞ കഥാപാത്രങ്ങളായി അവതരിപ്പിക്കുന്നത്. ഉണ്ണിയപ്പിള്ളക്ക് ഉണ്ണിച്ചിരുതേവി എന്നൊരു പുത്രി ഉണ്ടായിരുന്നു. അവളെക്കുറിച്ചുള്ള വർണ്ണനകേട്ട് ആകാംക്ഷാഭരിതനായ ദേവേന്ദ്രൻ ഭൂലോകത്തേക്ക് കുതിച്ചു. ദേവേന്ദ്രൻ ഉണ്ണിച്ചിരുതേവിയുടെ കോയിക്കൽ ചെന്നു. അപ്പോൾ ദേവേന്ദ്രൻ കാണുന്നത് ഉണ്ണിച്ചിരുതേവിയെ ഒരു നോക്കുകാണാൻ ബ്രാഹ്മണരും, നായൻമാരുമൊക്കെ പറ്റിക്കൂടി കാവൽ നിൽക്കുന്നതാണ്. ദേവേന്ദ്രൻ അകത്തു കയറാനാവാതെ നിന്നു വിഷമിച്ചു. നിവൃത്തിയില്ലാതെ ദേവേന്ദ്രൻ മറഞ്ഞു കളഞ്ഞു. ഇതാണ് ഉണ്ണിച്ചിരുതേവിയിലെ കഥ. ഇത്തരം കഥകൾ മറ്റ് ഗ്രഹങ്ങളേയും ഭൂമിയേയും തമ്മിൽ ബന്ധിപ്പിക്കുന്ന കഥാപാത്രങ്ങളെ സൃഷ്ടിച്ചു.

മലയാളഭാഷ സാഹിത്യത്തിലേക്ക് കാലുകുത്തിയത് രാമകഥകൾ പാടിക്കൊണ്ടാണ്. ആദ്യഘട്ടത്തിൽ രാമകഥയില്ലാത്ത സാഹിത്യകൃതികൾ മലയാളത്തിൽ വിരളമായിരുന്നു. രാമകഥകളിലൂടെ മനുഷ്യമഹത്വത്തിന്റെ സങ്കീർത്തനങ്ങളുടേയും സങ്കീർണ്ണതകളുടേയും പുനരാവിഷ്ക്കരങ്ങൾ മലയാളത്തിൽ രൂപാന്തരം പ്രാപിച്ചു. മലയാളത്തിൽ രാമകഥയെ ഉപജീവിച്ചുണ്ടായ കഥകൾ ജനഹൃദയങ്ങളിൽ ആഴത്തിലിറങ്ങി. സംസ്കൃത സാഹിത്യത്തിൽ നിന്നുള്ള രാമകഥകളിൽ വരുത്തിയ രൂപപരിണാമമാണ് പുരാതന മലയാളസാഹിത്യമെന്നു പറയാം. മലയാള പുരാണസാഹിത്യത്തിൽ തൊട്ടടുത്ത സ്ഥാനം നേടുന്നത് മഹാഭാരതമാണ്. വ്യാസഭാരതത്തിൽ നിന്നുമാണ് മലയാളസാഹിത്യം ശ്രദ്ധേയമാകുന്നത്. കൃഷ്ണസ്തുതികൾ കൊണ്ടും വീരകഥകൾ കൊണ്ടും ഭക്തിപ്രസ്ഥാനവുമായി ബന്ധപ്പെട്ടാണ് വ്യാസമഹാഭാരതം മലയാളത്തിൽ എത്തുന്നത്. ഭഗവത്ഗീത ആദ്യമായി മലയാളത്തിനു തന്നത് നിരണം മാധവപ്പണിക്കരാണ്. വാല്മീകി, വ്യാസൻ, കാളിദാസൻ എന്നിവരുടെ ഭാവനസംപുഷ്ടമായ മിത്തുകൃതികളുടെ വിവർത്തനത്തിലൂന്നിയാണ്, മലയാളഭാഷ പോഷിച്ചതും അതിലൂടെ മലയാള സാഹിത്യം വളർന്നതും. തുടർന്ന് പുരാണകഥകളും, വിക്രമാദിത്യകഥകളും, പഞ്ചതന്ത്രം കഥകളും മലയാളത്തിലെത്തി. ഇവയെ ഉപജീവിച്ച് മലയാളത്തിൽ കഥകളുണ്ടായി. കാളിദാസന്റെ ഭാവനാവിലാസമായ മേഘസന്ദേശം മലയാളത്തിൽ സന്ദേശകാവ്യങ്ങൾക്ക് കളമൊരുക്കി. കേരളവർമ്മയുടെ മയൂരസന്ദേശകാവ്യം മുഴുവൻ സങ്കല്പ കഥാപാത്രങ്ങളായിരുന്നു. യക്ഷിക്കഥകളും, ഗന്ധർവൻമാരെ ചുറ്റിപ്പറ്റിയുള്ള കഥകളും, കവിതകളും മലയാള സാഹിത്യത്തിലുണ്ടായി. കേരളം തന്നെ രണ്ടു മിത്തുകഥകളിൽ അധിഷ്ഠിതമാണ്. പരശുരാമൻ മഴുവെറിഞ്ഞ് സമുദ്രം വറ്റിച്ച ഭാഗമാണ് കേരളമെന്നാണ് ഒരു പുരാണം. മറ്റൊരു സങ്കല്പമായ മഹാബലി ചക്രവർത്തിയുടെ അപദാനങ്ങളെ പ്രകീർത്തിച്ച് നാടൻപാട്ടുകളും കഥകളുമുണ്ടായി.

19ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ബൈബിളിനോടൊപ്പം പാശ്ചാത്യവിജ്ഞാനവും കേരളത്തിൽ പ്രചരിപ്പിക്കാൻ മിഷനറിമാർ തുടങ്ങി. ഗുണ്ടർട്ടും, ബയ്‌ലിയും ബൈബിളിലെ പുതിയനിയമം മലയാളത്തിലേക്ക് മാറ്റി. കൂടാതെ ഗുണ്ടർട്ട് മലയാള നിഘണ്ടുവും വ്യാകരണവും തയ്യാറാക്കി. അച്ചടിവിദ്യയുടെ ആവിർഭാവം ആധുനിക സാഹിത്യത്തിനു തുടക്കമിട്ടു. അച്ചടിവിദ്യക്ക് ആരംഭംകുറിച്ചത് മിഷനറിമാരാണ്. ചട്ടമ്പിസ്വാമിയും, ശ്രീനാരായണ ഗുരുവും വൈകുണ്ഠസ്വാമിയും ജാതിവ്യവസ്ഥ നിർത്ഥകമാണെന്ന് വിളിച്ചുപറഞ്ഞു. ഇതോടെ പാരമ്പര്യത്തിന്റെയും മതത്തിന്റെയും അനാചാരങ്ങളും അന്ധവിശ്വാസങ്ങളും തകർക്കാനുള്ള ആത്മവീര്യം സാഹിത്യകാരന്മാർക്ക് ലഭിച്ചു. പാരമ്പര്യത്തിൽ നിന്നുള്ള വിശ്വാസങ്ങളിലും ആചാരങ്ങളിലും അനാചാരങ്ങളിലും പടുത്തുയർത്തിയ മിത്തുകൾ തകർക്കാനുള്ള അന്തരീക്ഷത്തിൽ നിന്നാണ് മലയാളത്തിൽ ആധുനിക സാഹിത്യം മുളച്ചുവന്നത്. ഈശ്വര പ്രീതിക്കായി ഉപയോഗിച്ച സ്തോത്രങ്ങളിൽ നിന്നും സാഹിത്യം വളർന്നു വളർന്ന് കാലത്തിനൊപ്പം സഞ്ചരിച്ച് ആധുനിക സാഹിത്യത്തിലേക്ക് കടന്നു. മിത്തുകളുടെ സങ്കല്പ ലോകത്തിൽ നിന്നും സാഹിത്യകാരൻ യഥാർത്ഥ ലോകത്തിലേക്ക് എത്തുകയായിരുന്നു. അതോടെ മലയാളസാഹിത്യത്തിൽ ആധുനിക സാഹിത്യം ഒരു വഴിത്തിരിവായി മാറി.

പഴയകാല സാഹിത്യരൂപങ്ങളെ അതിജീവിച്ചുകൊണ്ട് കാവ്യയുഗത്തിന് സമാരംഭം കുറിച്ചു. കവിതകൾ ജാതിവ്യവസ്ഥയുടെ മേൽ ചാട്ടവാർ ചുഴറ്റുകയായിരുന്നു. റൊമാന്റിസിസത്തിലൂടെയുള്ള കവിതകൾ മലയാളികളുടെ ആസ്വാദനതലം ഉയർത്തി. മർദ്ദനത്തോടും ചൂഷണത്തോടുമുള്ള പ്രതിഷേധവും ഭാവിയിലേയ്ക്കുള്ള ശുഭാപ്തിവിശ്വാസവും കവിതകൾ നൽകി. ആധുനിക കവിതകൾ മലയാളിക്ക് ഊർജ്ജസ്വലതയും ധീരതയും നൽകി. മാർക്സിസ്റ്റ് പ്രത്യയശാസ്ത്രത്തോടു ചായ്‌വുകാണിച്ചും പരിസ്ഥിതി സ്നേഹം അവതരിപ്പിച്ചും കവിതകളുണ്ടായി. ജീവിതയാഥാർത്ഥ്യത്തിലൂന്നിയ കവിതകൾകൊണ്ട് മലയാള കവിതാസാഹിത്യം സമ്പന്നമായി. ആധുനിക കവിതകൾ പഴയ ആശയങ്ങളേയും ജീവിതക്രമങ്ങളേയും വെല്ലുവിളിച്ചുകൊണ്ട് പുതിയ ആശയങ്ങൾക്കും, ജീവിതക്രമങ്ങൾക്കും വേണ്ടി നിലകൊണ്ടു. ആധുനിക കവിതകൾ കേരളീയരുടെ മനസ്സിൽ വരുത്തിയ പരിവർത്തനം വളരെ വലുതാണ്.

മലയാളസാഹിത്യത്തിൽ നടന്ന ഏറ്റവും വലിയ സാംസ്കാരിക മുന്നേറ്റമായിരുന്നു നോവലിന്റെയും ചെറുകഥയുടെയും ആവിർഭാവം. നോവലുകൾ പുത്തൻ അനുഭവം മലയാളിക്ക് നൽകി ആധുനിക മലയാള സാഹിത്യത്തെ പരിപോഷിപ്പിച്ചു. അസ്തിത്വവാദവും സമകാലീന ജീവിതവും ജീവിത അനുഭവങ്ങളും നോവലുകളും കഥകളും ചിത്രീകരിച്ചു. പട്ടാളക്കാരുടെ ജീവിതത്തെക്കുറിച്ചും പ്രവാസി ജീവിതത്തെക്കുറിച്ചും കഥകളുണ്ടാക്കി. മലയാള നോവലുകൾ പുതിയ ബോധവും പുതിയഭാവവും ആധുനിക സാഹിത്യത്തിനു നൽകി. വിശ്വസാഹിത്യത്തിൽ നിന്നുള്ള ശ്രദ്ധേയമായ നോവലുകൾ മലയാളത്തിലേയ്ക്ക് തർജ്ജിമ ചെയ്യപ്പെട്ടു. ശാസ്ത്രീയ വിഷയങ്ങളിലും പരിസ്ഥിതി വിഷയങ്ങളിലും കഥകളും നോവലുകളും രചിക്കപ്പെട്ടു. സ്ത്രീകളുടെ ശോചനീയമായ അവസ്ഥാന്തരങ്ങളും അഭിനിവേശങ്ങളും കഥകളും നോവലുകളുമായി ചിത്രീകരിക്കപ്പെട്ടു.

ആധുനിക സാഹിത്യത്തിൽ കഥകൾ വഹിച്ച പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. മനുഷ്യരുടെ സാമൂഹ്യവശങ്ങൾ സംഗീതാത്മകവും തീവ്രമായും കഥകൾ അവതരിപ്പിച്ചു. പാർശ്വവൽക്കരിക്കപ്പെട്ടവരുടെ കഥകൾ ശ്രദ്ധേയങ്ങളായി. കഥകളും നോവലുകളും ലോകത്തെയും മനുഷ്യരെയും ശക്തമായി അവതരിപ്പിച്ചു. ആക്ഷേപഹാസ്യങ്ങളിലും ഭ്രമകൽപ്പനകളിലും കഥകളുണ്ടായി. കഥകൾ നിഷേധികളെയും സാമൂഹിക അനീതികളെ ചോദ്യം ചെയ്യു

# ലേഖനം

ന്നവരെയും സൃഷ്ടിച്ചു. സമൂഹത്തെ ചലിപ്പിക്കുന്ന, ചിന്തിപ്പിക്കുന്ന, അനീതിയോടു ക്ഷോഭിക്കുന്ന, സമരം ചെയ്യുന്ന കഥകൾ രചിക്കപ്പെട്ടു. കഥകൾ സ്ത്രീയുടെ അഭിനിവേശങ്ങളെ മൂടുപടമില്ലാതെ തുറന്നുകാട്ടുകയും പുരുഷനിർവചനങ്ങളെ പുച്ഛിച്ചു തള്ളുകയും ചെയ്തു. പച്ചയായ ജീവിതം ചിത്രീകരിച്ച് ആധുനിക ചെറുകഥ സാഹിത്യം മനുഷ്യരെ പ്രബുദ്ധരാക്കി. സമൂഹത്തിന്റെ വികലതകൾ മനസ്സിലാക്കി ആധുനിക വീക്ഷണത്തോടു നോവലുകളും കഥകളും രചിച്ച് ആധുനിക സാഹിത്യത്തിൽ കഥയെഴുത്തുകാർ പ്രഭാവലയം തീർത്ത് മലയാളിക്ക് പുതിയ അവബോധം സമ്മാനിക്കുകയായിരുന്നു.

വർഗ്ഗസമരത്തിനു മൂർച്ചകൂട്ടുന്നതിനുവേണ്ടി ജനതയെ ഉത്തേജിപ്പിക്കുന്ന നാടകങ്ങളുണ്ടായി. നാടകങ്ങൾ തൊഴിലാളി വർഗ്ഗത്തെ പ്രബുദ്ധരാക്കി. ജാതി- രാഷ്ട്രീയ- സാമ്പത്തിക അസമത്വങ്ങൾക്കെതിരെ നാടകങ്ങൾ അവതരിപ്പിക്കപ്പെട്ടു. നാടകങ്ങളിൽ കൂട്ടുകുടുംബം, മരുമക്കത്തായം, അയിത്തം, ജാതിവ്യവസ്ഥ, ജാതി-മത കലഹങ്ങൾ, ബഹുഭാര്യത്വം, വിധവാവിവാഹം, ജന്മികുടിയാൻ ബന്ധങ്ങൾ, സ്വാതന്ത്ര്യസമരം എന്നീ സാമൂഹ്യപ്രശ്നങ്ങൾ അവതരിപ്പിച്ചു. പുത്തൻ നാടക സങ്കേതങ്ങളും രീതികളും പരീക്ഷിക്കപ്പെട്ടു. നാടകങ്ങൾ കേരളീയരുടെ ജീവിതത്തിൽ വരുത്തിയ പരിവർത്തനം വളരെ വലുതാണ്. നിരവധി നാടകങ്ങൾ ആധുനിക സാഹിത്യത്തിന് മുതൽക്കൂട്ടായി. ഇതിനിടയിൽ കഥാപ്രസംഗം പ്രചുരപ്രചാരം നേടിയശേഷം മങ്ങുകയും ചെയ്തു.

വിശ്വസാഹിത്യത്തെ കേരളീയർക്ക് പരിചയപ്പെടുത്തിയത് വിമർശന സാഹിത്യവും നിരൂപണ സാഹിത്യവുമാണ്. ഗദ്യം പുത്തൻ ശൈലിയുമായി മലയാളത്തെ നയിച്ചു. ഗദ്യസാഹിത്യം പാശ്ചാത്യവിമർശന സിദ്ധാന്തങ്ങളെ കേരളീയർക്ക് പരിചയപ്പെടുത്തി. ഗദ്യസാഹിത്യം വളരെ സൂക്ഷ്മതയോടെ വിഷയങ്ങൾ അവതരിപ്പിച്ചു. ഗദ്യസാഹിത്യം മാർക്സിയൻ സൗന്ദര്യശാസ്ത്രം അവതരിപ്പിച്ച് മനുഷ്യാധ്വാനത്തിന് പ്രാധാന്യം നൽകി.

പുരാതനസാഹിത്യവും ആധുനിക സാഹിത്യവും വിപരീത ബോധം പുലർത്തുന്നവയാണെങ്കിലും ഇവ രണ്ടും ഒന്നിച്ചു പോകുന്നതും നമുക്ക് കാണാം. ആധുനിക എഴുത്തുകാരൻ മിത്തുകളെ കണ്ടിട്ട് യഥാർത്ഥ്യമാണെന്ന് തെറ്റിദ്ധരിക്കാതെയാണ് ആധുനിക മലയാള സാഹിത്യത്തിൽ തങ്ങളുടേതായ സൃഷ്ടികൾ നടത്തിയത്. മിത്തുസാഹിത്യത്തിൽനിന്നും വ്യത്യസ്തമായി ആശയ സംക്രമണം നടത്തുന്നതിനും, വിജ്ഞാനം പകർന്നുകൊടുക്കുന്നതിനും ആധുനിക സാഹിത്യത്തിന് കഴിഞ്ഞു. കാലത്തിനൊത്ത് സഞ്ചരിച്ചാണ് ആധുനിക സാഹിത്യകാരൻ കാലിക പ്രസക്തിയുള്ള സൃഷ്ടികൾ നടത്തിയത്. കാലത്തിന്റെ സ്വഭാവം അനുസരിച്ച ആധുനിക സാഹിത്യം കേരളത്തിൽ രൂപംകൊണ്ടു. സമൂഹത്തിലെ വർഗ്ഗബന്ധങ്ങളും വർഗ്ഗസംഘർഷങ്ങളും ആധുനിക സാഹിത്യത്തിൽ രചിക്കപ്പെട്ടു. ഇത് കേരളത്തിന്റെ ഫ്യൂഡൽ വ്യവസ്ഥയുടെ മൂലക്കല്ല് ഇളക്കി. മിത്തുകളിൽ വിശ്വസിച്ചിരുന്ന പല സാഹിത്യ നിയമങ്ങളും തെറ്റാണെന്ന് ശാസ്ത്ര പുരോഗതി തെളിയിച്ചു. ആനുകാലിക സംഭവങ്ങൾ, ജീവിതം, സാമൂഹ്യചരിത്രം, പരിസ്ഥിതി, തൊഴിൽ, സാമ്പത്തികബന്ധങ്ങൾ, രാഷ്ട്രീയം മുതലായ ജീവിതത്തിന്റെ സമസ്ത മേഖലകളെയും ആധുനിക സാഹിത്യം വിഷയമാക്കി. ഇത് മനുഷ്യജീവിതത്തിൽ വരുത്തിയ പരിവർത്തനം വളരെ വലുതാണ്. ഈ പരിവർത്തനത്തിലൂടെ മലയാളിക്ക് ചിന്തിക്കാനും വിജ്ഞാനം പകരാനും സാഹിത്യാസ്വാദനം വളർത്തിയെടുക്കാനും വഴി കാണിച്ചതാണ് ആധുനിക സാഹിത്യകാരന്റെ നേട്ടം. ഇതിന് ആധുനിക സാഹിത്യകാരനെ ഇംഗ്ലീഷ് സാഹിത്യം സഹായിച്ചു. ഇംഗ്ലീഷ് സാഹിത്യം ഓരോ ഘട്ടത്തിലും പുത്തനറിവുകൾ മലയാള സാഹിത്യത്തിൽ കൊണ്ടുവന്നു. തെളിമയാർന്ന മലയാളസാഹിത്യം സൃഷ്ടിച്ചത് ആധുനിക സാഹിത്യമാണ്. സാമൂഹ്യ യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ട് അനീതിയോടും, സമൂഹത്തിന്റെ അസന്തുലിതാവസ്ഥയോടും ആധുനിക സാഹിത്യം കലഹിച്ചുകൊണ്ടേയിരിക്കുന്നു.

പുരാണങ്ങളുടെ ഊർജ്ജത്തിൽ നിന്നും ആരംഭിച്ച മലയാളസാഹിത്യത്തിന്റെ പശ്ചാത്തലമാകെ മാറി യാഥാർത്ഥ്യലോകത്തിലേക്ക് എത്തി. ആധുനിക മലയാള സാഹിത്യം കമ്പ്യൂട്ടർ യുഗത്തിലേക്ക് കടന്ന് സാമ്പത്തിക- ബിസിനസ്- രാഷ്ട്രീയ മേഖലകളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നു. സമൂഹം വ്യക്തികളെ ഉപഭോക്താക്കളായി ചുരുക്കിയെടുത്തിരിക്കുന്നു. അതിനനുസരിച്ചുള്ള ഭാഷാരീതികളും, ശൈലികളും അടങ്ങുന്ന വൈവിധ്യമാർന്ന കൃതികൾ മലയാള സാഹിത്യത്തിൽ ഇടംതേടാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അത്യാധുനിക സാങ്കേതിക വിദ്യയുടെ വിഷയത്തിലും അവതരണത്തിലും മലയാള സാഹിത്യരചന പുതുമ തേടിക്കൊണ്ടിരിക്കുകയാണ്. ശാസ്ത്രത്തിന്റെയും ആധുനിക സാങ്കേതിക വിദ്യയുടെയും സാമ്പത്തികമായ ആദാനപ്രദാന പ്രക്രിയകളുടെയും അടിസ്ഥാനത്തിലാണ് ഇന്ന് ആധുനിക സാഹിത്യം വികാസം പ്രാപിക്കുന്നത്. ●



**പി. രാധാകൃഷ്ണൻ നായർ**
**9495367909**

## ബസ് യാത്ര

**പാ**വപ്പെട്ട സാധാരണക്കാർക്ക് ഒഴിച്ചുകൂടാൻ പറ്റാത്ത യാത്രാ വാഹനമാണല്ലോ ബസ്. എന്നാൽ ഇന്ന് ബസ്സിൽ യാത്ര ചെയ്യുമ്പോൾ വളരെയേറെ ഭയപ്പെടേണ്ട അവസ്ഥയാണ്. കാരണങ്ങൾ പലതാണെങ്കിലും ദുരിതങ്ങൾ അനുഭവിക്കുന്നത് യാത്രക്കാർ മാത്രമാണ്. ഓരോ ബസ്സിനും സമയപരിധി നിശ്ചയിച്ചിട്ടുണ്ടെങ്കിലും അത് എത്രമാത്രം പാലിക്കുന്നുണ്ടെന്ന് പറയാൻ ആർക്കും സാധ്യമല്ല. സമയം രേഖപ്പെടുത്തുന്ന സ്ഥലത്ത് (പഞ്ചിങ്ങ് സ്റ്റേഷൻ) ബസ് എത്തുമ്പോൾ സമയം കൃത്യം. യാത്രയുടെ ആരംഭവും, അവസാനവും സമയം കൃത്യം. ഇവ രണ്ടിന്റേയും ഇടക്കുള്ള സമയങ്ങളിലാണ് അപകടങ്ങളെ ക്ഷണിച്ചുവരുത്തുന്നത്. അപകടങ്ങൾ സംഭവിക്കാൻ കാരണങ്ങൾ പലതാണെന്ന് എല്ലാവരും പറയാറുണ്ട്. പക്ഷേ, എന്തൊക്കെയാണെന്ന് നാം ചിന്തിക്കാറുണ്ടോ ?

**കാരണങ്ങൾ**

1. ഒരേ റൂട്ടിൽ മിനിട്ടുകളുടെ വ്യത്യാസത്തിൽ അനുമതി നൽകുന്നത്.

2. ചില ഡ്രൈവർമാരുടെ മത്സരഓട്ടവും, മരണപ്പാച്ചിലും.

3. സ്ത്രീകളുടെ സീറ്റ് മുൻവശത്താക്കിയത് പ്രധാന അപകടത്തിന് കാരണമായിട്ടുണ്ട്.

4. പാട്ടുപെട്ടിയും, മൊബൈൽ വിളിക്കുന്ന ഡ്രൈവർമാരും.

5. ബസ്സിൽ കയറിയ സ്ത്രീകളിൽ ചിലർ ചില ഡ്രൈവർമാരോട് നിർത്താതെയുള്ള സംസാരം.

6. മുന്നിൽ പോകുന്ന വണ്ടിയെ മറികടന്ന് ഞാൻ ഒട്ടും മോശമല്ല എന്ന് കാണിക്കുന്ന ഡ്രൈവർമാർ.

7. ചെറുപ്പക്കാരായ ഡ്രൈവർമാരും ഇന്നത്തെ യുവതികളുടെ വസ്ത്രധാരണവും ഒരുപരിധി വരെ അപകടകാരണമാണ്.

8. ബസ്സിന്റെ വാതിൽ അടയ്ക്കാതെ ഓടുന്നത്.

9. ട്രാഫിക്ക് നിയമങ്ങൾ പാലിക്കാത്തത്.

10. ആദ്യകാലത്തെ പോലെ മെക്കാനിക്കൽ-കം-ഡ്രൈവിങ്ങ് ശീലിക്കാത്തത്.

11. ചെക്കിങ്ങ് (F.C) കഴിഞ്ഞാൽ അഴിച്ചുവെക്കുന്ന വേഗപൂട്ടെന്ന സാധനം.

ഇങ്ങിനെ എണ്ണിയാൽ തീരാത്ത കാര്യമോ, നിസ്സാരമോ ആയ സംഗതികൾ ഒരുപാടുണ്ട്, അപകടങ്ങളുടെ വഴികാട്ടിയായിട്ട്. ഇതിനെല്ലാറ്റിനും കാരണം നാം പലയിടങ്ങളിലും കാണാറുള്ള ഒരുവാചകം ഓർമ്മയിൽ സൂക്ഷിക്കാത്തതുകൊണ്ടാണ് - *ശ്രദ്ധ മരിക്കുമ്പോൾ മരണം ജനിക്കുന്നു* എന്ന വാചകമാണത്. ഈ വാചകം വാഹനം ഓടിയ്ക്കാൻ പഠിക്കുമ്പോൾ തന്നെ ഹൃദിസ്ഥമാക്കേണ്ടതാണ്.

ഇങ്ങിനെയൊക്കെയാണെങ്കിലും, യാത്രക്കാർക്കും ശ്രദ്ധക്കുറവ് കൂടിയതുകൊണ്ട് പല അപകടങ്ങളും കാണാൻ കഴിഞ്ഞിട്ടുണ്ട്. കാൽ നടയാത്രക്കാർ റോഡിലൂടെയാണ് നടക്കുന്നത് എന്ന ധാരണയില്ലാതെ കഥ പറഞ്ഞും, മൊബൈൽ ഫോണിൽ സംസാരിച്ചും, വാഹനം വരുന്നതുപോലും അറിയാതെ പോകുന്നതും ധാരാളം കാണാൻ കഴിയാറുണ്ട്. യാത്ര ചെയ്ത അതേ ബസ്സിന്റെ മുന്നിലും പിന്നിലുമായി മരണപ്പെട്ടവർ വേറെയും ഉണ്ടായിട്ടുണ്ട്. തന്റെ റൂട്ടിൽ ഓടുന്ന ബസ്സിനെ കണ്ടിട്ട് റോഡിന്റെ അക്കരെനിന്നും പെട്ടെന്നുള്ള ഓട്ടത്തിനിടയിൽ അപകടമരണം വരെ ഉണ്ടായിട്ടുണ്ട്.

വന്നിറങ്ങിയ വണ്ടി പോകുന്നതുവരെ കാത്തുനിൽക്കാൻ ക്ഷമയില്ലാത്തതുകൊണ്ട് പാത മുറിച്ചു കടന്ന് അപകടത്തെ ക്ഷണിച്ചുവരുത്തിയവർ കുറവല്ല. വാഹനം നിർത്തുന്നതിനുമുൻപ് ഇറങ്ങാൻ തിരക്കുകൂട്ടിയതുകൊണ്ടും അപകടം സംഭവിച്ചിട്ടുണ്ട്. യാത്രക്കാർ കയറുന്നതിനുമുൻപ് കിളിയുടെ ഡബ്ബിൾ ബെൽ കാരണം അപകടങ്ങൾ വേറെയും. ബസ് സ്റ്റോപ്പിൽ നിർത്താത്തതുകൊണ്ട് ഓടിവന്ന യാത്രക്കാരൻ മറ്റൊരു വാഹനത്തിന് ഇരയായത് വേറെയും.

പല സ്ഥലത്തും ബസ് സ്റ്റോപ്പ് ഉണ്ടെങ്കിലും, ചില ഡ്രൈവർമാർക്ക് ബ്രേക്ക് കിട്ടാതെ സ്റ്റോപ്പ് വിട്ട് യാത്രക്കാർക്ക് ഓടാവുന്ന ദൂരത്തിൽ മാത്രമേ വണ്ടിനിർത്തു എന്ന് നിർബന്ധം. ചില സുന്ദരൻമാർ ഇരുചക്രവാഹനത്തിൽ കയറിയാൽ തന്റെ മുന്നിൽ പോകുന്ന എല്ലാ വാഹനങ്ങളുടേയും ഇടതുവശത്തുകൂടി മാത്രമേ ഓവർ ടേക്ക് ചെയ്യു എന്നൊരു നിർബന്ധം. അത് അവർക്ക് മാത്രമുള്ള നിയമമാണെന്ന് തോന്നുന്നു. പലപ്പോഴും കാണാറുള്ള മറ്റൊരു കാര്യം കൂടി ഓർമ്മ വരുന്നു. ഒരു വണ്ടി മുന്നിൽ പോയിട്ടുണ്ടെങ്കിൽ അതിനെ മറികടന്ന് തന്റെ വണ്ടി സ്റ്റോപ്പിൽ മൂടുതിരിച്ചുനിർത്തുന്ന വിരുതൻ ഡ്രൈവർമാരേയും കാണാം.

പിന്നാലെ വരുന്ന വണ്ടി അവിടെ താനെ നിന്നോളും. സൂചനാ ദീപം (ഇന്റിക്കേറ്റർ) ഒരു വശത്തേക്കും യാത്ര മറുവശത്തേക്കുമുള്ള ചില വണ്ടിക്കാരുടെ പോക്കുകാരണം കെണിയിൽ പെടുന്നവർ വളരെയേറെയുണ്ടെന്ന് ആരറിയാൻ. എല്ലാറ്റിനും പരിഹാരങ്ങൾ ധാരാളമുണ്ട്. ആർക്കും അതൊന്നും ചിന്തിക്കാനോ, പ്രവർത്തിക്കാനോ, സമയമില്ലാതായതാണ് ഇന്നത്തെ ഇത്രയേറെ അപകടങ്ങൾക്ക് കാരണം എന്ന് പറയാതിരിക്കാൻ വയ്യ.

കുറ്റപ്പെടുത്തലുകൾ മാത്രമായി കാണാതെ ചിന്തിക്കുക, നാം ജീവിക്കുന്ന ഈ സമൂഹത്തിൽ നമ്മൾക്കും ചില കടപ്പാടുകൾ ഉണ്ടെന്ന് ചിന്തിക്കേണ്ടതാണ്. അല്ലാതെ 'ദീപസ്തംഭം മഹാശ്ചര്യം എനിക്കും കിട്ടണം പണം' എന്നു പോര. നാം നമ്മെ തന്നെ സ്വയം നിയന്ത്രിക്കേണ്ട കാലം വളരെ വൈകിയിരിക്കുന്നു. ഇനിയെങ്കിലും നിയന്ത്രിച്ചില്ലെങ്കിൽ ഇതിൽ കൂടുതൽ ദുഃഖിക്കേണ്ടി വരും. ശീതളമുറിയിൽ ഇരിക്കുന്ന ഒരു ദിവ്യ മന്ത്രിണി കാരണം എത്ര ശുനകൻമാരാണ് പലരുടേയും അന്തകനായി മാറിയത് ? റോഡിൽ അലഞ്ഞുതിരിഞ്ഞ് എത്രയേറെ ജീവനുകൾ ഇല്ലാതാക്കിയിട്ടുണ്ട് ? ഇതിന് പേര് മൃഗസ്നേഹമെന്നല്ല, മനുഷ്യവിരോധി എന്നാണ് പറയേണ്ടത്. ഈയിടെ റയിൽ പാളത്തിൽ ഒരു ദാരുണ മരണം സംഭവിച്ചു. കാരണം അന്വേഷിച്ചുചെന്നപ്പോൾ ചില ദൃക്സാക്ഷികൾ ഉണ്ടായിരുന്നു. അവർ പറഞ്ഞത് കേട്ടപ്പോൾ വല്ലാത്ത സങ്കടം തോന്നി. റെയിൽ പാളത്തിലൂടെ നടന്നുപോവുകയായിരുന്ന വിദ്വാൻ മൊബൈലിൽ സംസാരിക്കുന്നത് കണ്ടവർ പിന്നിൽ തീവണ്ടി വരുന്ന വിവരം ഉച്ചത്തിൽ വിളിച്ചു പറഞ്ഞിട്ടും അയാൾ ശ്രദ്ധിച്ചില്ല. ഒരു നിമിഷ നേരം കൊണ്ട് എല്ലാം തീർന്നു.

ശ്രദ്ധയും, പരിസരബോധവും, വിവേകവും ഇല്ലാത്ത മനസ്സായാൽ പറയേണ്ടതില്ലല്ലോ ? നിയന്ത്രണം തെറ്റിയ മനസ്സ് അപകടം വിളിച്ചുവരുത്തും.

അതുകൊണ്ടാണ് നാം നമ്മെ സ്വയം നിയന്ത്രിക്കണം എന്ന് എഴുതാൻ കാരണം. ഏറ്റവും മഹത്വമേറിയ മനുഷ്യജന്മം പാഴാക്കാനുള്ളതല്ല എന്ന ചിന്ത കൂടിയേതീരു. ●

**ഏക തത്ത്വയിലേയ്ക്ക് മികവുറ്റ സൃഷ്ടികൾ അയച്ചുതരിക.**

**വരിസംഖ്യ എടുത്തും വരിസംഖ്യ യഥാസമയം പുതുക്കിയും സഹകരിക്കുക**

**പരസ്യങ്ങളും നല്കാം!**

**EKA THATHWA**
**POST BOX NO 70**
**PALAKKAD - 678001**

## എന്റെ അഭിനയ സ്മരണകൾ
### ഭാഗം - 5

# ബ്രദേഴ്സ് ക്ലബ്ബിന്റെ കന്നിപ്രസവം !



മുക്കം ഭാസി
9846138693

**വി**ലരിലെണ്ണാവുന്ന ഏതാനും നാടകങ്ങളിൽ വേഷമിട്ടിരുന്നുവെങ്കിലും സ്വന്തം ഉത്തരവാദിത്വത്തിൽ A മുതൽ Z വരെയുള്ള ചുമലയേറ്റെടുത്ത് ഒരു നാടകം അവതരിപ്പിക്കുന്നത് ആദ്യമായാണ്. നാടകം സെലക്ട് ചെയ്യണം. നടീനടന്മാർ വേണം. സ്റ്റേജ്, കർട്ടൻ, ലൈറ്റ് എന്നീ ചേരുവകൾ കണ്ടെത്തണം. റിഹേഴ്സൽ കേമ്പ് സംഘടിപ്പിക്കണം. സർവ്വോപരി ഇതിനൊക്കെയുള്ള പണം ശേഖരിക്കണം.

ക്ലബ്ബ് ഭാരവാഹികളും, ചില സുഹൃത്തുക്കളും അഭ്യുദയകാംക്ഷികളുമടങ്ങുന്ന കമ്മറ്റി രൂപീകരിച്ചു. വിഷുദിനത്തിൽ നാടകാവതരണം. സ്ഥലം മാമ്പറ്റ വിഷ്ണു നമ്പൂതിരിയുടെ പറമ്പ്. അദ്ദേഹത്തിന് സർവ്വാത്മനാ സമ്മതം !

ഒരു നാടകം തെരഞ്ഞെടുത്തു. 'കാമുകിയും കക്കൊരും' പക്ഷെ, ഒരു കുഴപ്പം. രചയിതാവിന്റെ രേഖാമൂലമുള്ള സമ്മതമില്ലാതെ നാടകം കളിയ്ക്കരുത്. മുൻപേജിൽ തന്നെ സർപ്പലിഖിതം !

കുഴഞ്ഞല്ലോ. എന്തുചെയ്യും ? ഈ രചയിതാവ് എവിടെയാണെന്നാർക്കറിയാം. ഞാനൊരു വിദ്യ കണ്ടുപിടിച്ചു; ചൊട്ടുവിദ്യ ! നാടകത്തിന്റെ പേര് മാറ്റാം. മാറ്റി. "കാമുകിയും കടക്കാരും" "ചുരുളുകളായി."

ഞങ്ങളുടെ ക്ലബ്ബ് അവതരിപ്പിച്ച മിക്ക എല്ലാ നാടകങ്ങളും ഇങ്ങനെ വേഷപ്രച്ഛന്നമായതാണ്. അല്ലെങ്കിലും എന്തിനാണ് നാടകകൃത്തുക്കൾ ഇങ്ങനെയൊരു കെണിയൊരുക്കുന്നത് ? ഒരു നക്കാപിച്ചയുമില്ലാതെയാണ് നാട്ടിൻപുറത്തെ ചെറുപ്പക്കാർ ഇത്തരം ഏടാകൂടത്തിന്നൊരുങ്ങുന്നത് തന്നെ. അപ്പോഴാണ് രചയിതാവിന്റെ രേഖാമൂലമുള്ള സമ്മതം! സമ്മതം മാത്രം പോര. പണം കിട്ടണം എന്ന ഉള്ളിലിരുപ്പും !

ആദ്യമായി ഈ നാടകത്തിന് രണ്ടു പാട്ടുകൾ ഞാനും രണ്ടു പാട്ടുകൾ കാക്കൂർ സോമരാജനും എഴുതി. അഭിവാദനഗാനം രാജന്റേത്... അത് ഇങ്ങനെ...

"വരവായ് കലയുടെ രാജരഥം
എഴുന്നേൽക്കുക നീ,
എതിരേൽക്കൂ!"

എന്റെ സുഹൃത്ത് സംഗീതജ്ഞനായ ടി. ടി. ശ്രീധരന്റെ സംഗീതം.

സോമരാജന്റെ ഇതിലെ മറ്റൊരു രചന,

"അകലത്തെ അരമനയിൽ
അഴകിന്റെ കല്പടവിൽ
നക്ഷത്രവിളക്ക് കൊളുത്തും
മാലാഖമാരേ... മാലാഖമാരെ!"

എത്ര മനോഹരമായ വരികൾ...

ഞാനെഴുതിയ ഗാനത്തിന്റെ തുടക്കം -

സന്ധ്യയാം സുന്ദരി
വാരി വിതറിയ
സിന്ദൂര രാഗങ്ങളേ...
മുന്തിരിച്ചാറിൻ മധുരം നിറച്ചൊരു
സങ്കൽപസ്വപ്നങ്ങളേ...

വിരഹാകുലയായ നായികയുടെ മനസ്സിന്റെ തേങ്ങലായിരുന്നു എന്റെ ഗാനം.

വാനിലെ വെള്ളിക്കിണ്ണം മറിഞ്ഞു
പൂനിലാ പാലൊളിപാരിൽ പരന്നു
ചന്ദനത്തൈല സുഗന്ധത്തിൽ
മുങ്ങി
സുന്ദരി വാസന്ത രാത്രി കുണുങ്ങി.

സന്ദർഭാനുസരണം ഇത്തരം എന്റെ ഒരു ഗാനം കൂടി നാടകത്തിൽ ഫിറ്റ് ചെയ്തു. തീർച്ചയായും ഇതൊക്കെ ഞങ്ങളുടെ ഗ്രാമത്തിൽ ഒരു പുതുമയായിരുന്നു.

എല്ലാത്തിനും വിരലിലെണ്ണാവുന്ന കുറച്ചുപേർ. കാലത്തുമുതൽ പണപ്പിരിവിനുള്ള തെണ്ടൽ. രാത്രി റിഹേഴ്സൽ. ആദ്യത്തെ നാടകത്തിന് നടികളെ കിട്ടിയില്ല. പ്രഭാകരനും, രാധാകൃഷ്ണനും നടികളായി. സംവിധായകൻ ഞാൻ തന്നെ. നല്ലൊരു ഹാസ്യനാടകമായിരുന്നു ചുരുളുകൾ.

"മലയാളികളുടെ ഹൃദയത്തുടിപ്പായ വിഷുനാളിൽ ബ്രദേഴ്സ് ക്ലബ്ബിന്റെ വിഷുക്കാഴ്ച - ചുരുളുകൾ" - നോട്ടീസ് പുറത്തുചാടി.

പ്രദർശന ദിവസം അടുത്തുവരുന്നു. ഹൃദയമിടിപ്പ് വർദ്ധിക്കുന്നു. സ്റ്റേജൊരുക്കണം. അന്നൊന്നും വാടകയ്ക്ക് സ്റ്റേജ് ലഭിക്കില്ല. പരക്കം പാച്ചിലായി. പലകയൊഴിച്ച് ബാക്കിയെല്ലാം റെഡി. സ്റ്റേജിനു പലക വേണമല്ലോ. എല്ലാ വീടുകളിലും ഞങ്ങൾ പരതി. ഒടുവിൽ കരിമ്പനങ്ങോട്ട് രാരുക്കുട്ടി എന്നാളുടെ വീട്ടിൽ കേറി. രാരുക്കുട്ടി ഏട്ടൻ പറഞ്ഞു. എന്റെ തേങ്ങാക്കൂട് പാകിയ പലകകളുണ്ട്. കരിമയമാണ്. പൊളിയ്ക്കാം. ആവശ്യം കഴിഞ്ഞാൽ അതുപോലെ തിരിച്ചുപാകിത്തരണം.

തേങ്ങാക്കൂടല്ല എന്തു കോട്ടയും പൊളിയ്ക്കാൻ ഞങ്ങൾ തയ്യാറാണ്. നാടകം നടക്കണ്ടേ. നാടകം നടന്നില്ലെങ്കിൽ പിന്നെ ഈ നാട്ടിൽ ജീവിക്കാൻ ഞങ്ങൾക്കൊക്കുമോ ?

കർട്ടൻ കോഴിക്കോട് ജംബു സ്റ്റുഡിയോ. ഞങ്ങൾ നാലഞ്ച് നടന്മാർ വിഷുത്തലേന്ന് രാരുക്കുട്ടി ഏട്ടന്റെ അട്ടത്ത് (തേങ്ങാക്കൂട്) കേറി. കട്ടിയായ കരിപ്പൊടി നിറഞ്ഞു കിടക്കുന്നു. പലകകളിളക്കി താഴത്തെത്തിച്ചു. ഒടുവിൽ ഞങ്ങൾ പുറത്തിറങ്ങി. ദൈവമേ, ഞങ്ങളെ ആർക്കും തിരിച്ചറിയാൻ കഴിയുന്നില്ല. എല്ലാവരും കരിംകുട്ടിച്ചാത്തന്മാർ !!

പലകകളൊക്കെ പൊടി തട്ടി വൃത്തിയാക്കി. ചുമലിലേറ്റി ഞങ്ങൾ സ്ഥലത്തെത്തിച്ചു. ഒന്നുരണ്ടു കൂലിക്കാരുടെ സഹായത്തോടെ സ്റ്റേജ് റെഡി ! എല്ലാ ഒരുക്കങ്ങളും പൂർത്തിയായി.

വീട്ടിൽ കണി കണ്ടും പടക്കം പൊട്ടിച്ചും സദ്യയുണ്ടും ആഘോഷിക്കേണ്ട ഈ സുദിനത്തിൽ ഞങ്ങളുടെ ഓരോരുത്തരുടേയും ഇടനെഞ്ചിൽ മാലപടക്കത്തിന്റെ പടഹധ്വനി.

ഞാൻ സംവിധാനം ചെയ്യുന്ന ആദ്യത്തെ നാടകം. ഞാൻ പാട്ടെഴുതിയ ആദ്യനാടകം. ഞാൻ നേതൃത്വം നൽകുന്ന ക്ലബ്ബിന്റെ കടിഞ്ഞൂൽ നാടകം. സകല ദൈവങ്ങളേയും ഉള്ളുരുകി പ്രാർത്ഥിച്ചു. ദൈവങ്ങളെ... പൊട്ടരുതേ... പൊട്ടിയ്ക്കരുതേ...!

ഉച്ചഭാഷിണിയിൽ നിന്ന് പാട്ടുകൾ പാലാഴി തീർത്ത് ഒഴുകി. വൈദ്യുത ദീപങ്ങൾ പ്രകാശിച്ചു. കടല വില്പനക്കാരായ കുട്ടികളുടെ 'കടലൈ...' വിളികൾ ശബ്ദകോലാഹലത്തിൽ ചീവിടുകളായി.

ജനങ്ങൾ കൂട്ടം കൂട്ടമായി തിരമാലകളെപ്പോലെ ഇരച്ചുകയറാൻ തുടങ്ങി. ഈ കൊച്ചുപ്രദേശത്ത് രണ്ടു മൂന്നു ദശാബ്ദങ്ങൾക്കുശേഷം ഒരു നാടകം നടക്കുകയാണ്. ബ്രദേഴ്സ് ക്ലബ്ബിന്റെ പ്രഥമനാടകം. മറ്റുനാടകങ്ങൾ മുക്കത്തും മണാശ്ശേരിയിലുമാണ് കളിച്ചത്.

"പ്രിയപ്പെട്ടവരേ..." ഉച്ചഭാഷിണി ശബ്ദിച്ചു. ജനങ്ങൾ ശാന്തരായി. കനപ്പെട്ട ശബ്ദത്തിൽ ഞാൻ നിർത്തി നിർത്തി വാക്കുകൾ പ്രേക്ഷകരിലേയ്ക്കെറിഞ്ഞു. ഇത് ഞങ്ങളുടെ - അല്ല നമ്മളുടെ - നമ്മളുടെ പ്രഥമനാടകമാണ്. കുറ്റങ്ങളും കുറവുകളും കണ്ടേയ്ക്കാം. പൊറുക്കണം. കാരണം ഞങ്ങൾ നിങ്ങളാണ്. നിങ്ങൾ ഞങ്ങളും. നമ്മളൊന്നാണ് !! നാടകം ആരംഭിയ്ക്കുന്നു !!! ഒരു ചേങ്ങല ശബ്ദത്തോടെ കർട്ടൻ വഴിമാറിക്കൊടുത്തു. രംഗം തെളിഞ്ഞു.

ഹാസ്യരസപ്രധാനമായ രംഗങ്ങളിലൂടെ നാടകം കാണികളുടെ മനസ്സിൽ ചവിട്ടിക്കയറുക തന്നെ ചെയ്തു. നിറഞ്ഞ കൈയ്യടികളോടെ അവർ നാടകത്തെ വാരിപ്പുണർന്നു.

ഞങ്ങളുടെ അധ്വാനത്തിനും കഷ്ടപ്പാടിനും കിട്ടിയ പാരിതോഷികം. ഞങ്ങളുടെ രാത്രികളെ പകലാക്കിയതിന് ലഭിച്ച പുരസ്കാരങ്ങൾ ! മതി ! ഞങ്ങൾക്ക് അത് മാത്രം മതി !!

ഒരു കലാകാരന് ഇതിലധികം എന്താണ് വേണ്ടത് ? പ്രേക്ഷകന്റെ കൈയ്യടിയേക്കാൾ, അഭിനന്ദനത്തേക്കാൾ വലുതായ ഒന്നും അവൻ പ്രതീക്ഷിക്കുന്നില്ല.

അങ്ങനെ ഞങ്ങളുടെ - ബ്രദേഴ്സ് ക്ലബ്ബിന്റെ - കടിഞ്ഞൂൽ കുഞ്ഞിനെ കാണികൾ കൈനീട്ടി വാരിപ്പുണർന്നു !!

(തുടരും)

•




വാസന്തി മോഹൻ
9142223960

# ഒരു ഓർമ്മച്ചിത്രം

പാലുകുടിച്ചില്ലയെങ്കിൽ നിന്റെ
തോലു പൊളിക്കുമെന്നോതിയമ്മ
കോലുമായ് പായുന്ന കാഴ്ചയെന്റെ
ബാല്യത്തിലേക്കെന്നെയാനയിച്ചു.
പതിവായി "പശു"വെന്ന പാഠഭാഗം
പലവുരു വായിക്കുമായിരുന്നു
'കാച്ചിയ പാലെനിക്കമ്മതരും
പാലുകുടിക്കായ്കിലമ്മ കരയും.'
ഇത്രയും വായിച്ചെത്തീടും നേരം
ചേട്ടനും ചേച്ചിയും കുട്ടിമാമേം
കൂട്ടച്ചിരിയോടെ ചോദിച്ചിടും
'പച്ചക്കള്ളം പറയാമോ കുട്ടാ'
മൂന്നുനേരം മുടക്കാതിരിക്കാൻ
മൂക്കുകൊണ്ടി 'ക്ഷ' വരക്കും കാലം
'കുട്ടായിതിത്തിരി കൂടി കേട്ടോ
കുടിച്ചില്ലേലമ്മ കരയുമത്രെ.'
പരിഹാസച്ചിരി മുഴങ്ങീടുംനേരം
പലരും വന്നങ്ങതിൽ പങ്കുചേരും
പാലല്ല 'കഞ്ഞ്യോള്ള' മെന്നുചൊല്ലി
പാടത്തുനിന്നെത്തും വല്യമ്മാവൻ
അശ്വത്ഥാമാവിനെപ്പോലെ ഞാനും
അസ്വസ്ഥനായമ്മക്കരികിലെത്തും
ആവലാതിപ്പെട്ടുനിന്നേങ്ങിടുമ്പോൾ
ആശ്വസിപ്പിക്കുമിത്യാദിയോതി
കുട്ടി പഠിച്ചുവലുതായിടുമ്പോൾ
കിട്ടുമുദ്യോഗം ധാരാളം പണം
പാലും പഴമല്ല വേണ്ടതെന്തും
പതിവായിത്തന്നെ കഴിക്കാമല്ലോ.
'എന്തൊരഹമ്മതി കുടിപ്പിച്ചുഞാൻ'
ചിന്തയിൽ നിന്നുമുണർന്നുഞാനും
ചിറിയിലൂടൊഴുകിയ പാലുമായി
ചിരിതൂകി നിൽക്കുന്നു പൊന്നോമന.

## സ്മരണ




# മധുരിക്കും ഓർമ്മ...

എം. ഡി. വിശ്വംഭരൻ
ചേർത്തല
9446142131

**ഞാ**ൻ പഠിച്ച ചേർത്തല താലൂക്കിലെ വെള്ളിയകുളം അപ്പർ പ്രൈമറി സ്കൂളിലെ കണക്ക് മാഷ് ആയിരുന്നു കുമാരൻനായർ സാർ. കറുത്തുപൊക്കം കുറഞ്ഞ, വെള്ള ഖദർ മാത്രം ധരിക്കുന്ന അദ്ദേഹം പൗഡറൊക്കെയിട്ട് മുറുക്കി ചുവപ്പിച്ച് അടുത്തുവരുമ്പോൾ ഹൃദ്യമായ ഒരു ഗന്ധം അനുഭവപ്പെടുമായിരുന്നു. സാറിന് മക്കളില്ലായിരുന്നു. ശിഷ്യരായ കുട്ടികളെ സ്വന്തം മക്കളായി കണ്ട് വാത്സല്യത്തോടെ പെരുമാറുന്ന മന്ദസ്മേരൻ. എന്നാൽ അച്ചടക്കത്തിന്റെ കാര്യത്തിലൊ പഠനകാര്യത്തിലോ ഒരു വിട്ടുവീഴ്ചക്കും തയ്യാറായിരുന്നില്ല സാർ. കൈയിൽ പലപ്പോഴും ഒരു ചൂരൽ കാണും. എന്നാലും തെറ്റുചെയ്യുന്നവരേയും (വികൃതി) പഠിക്കാത്തവരേയും കൈമുട്ടിനുമുകളിൽ വിരൽ ചേർത്ത് തിരുമി നോവിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രധാന ശിക്ഷാരീതി. നന്നായി പഠിക്കുന്നവരോട് പ്രത്യേക വാത്സല്യം ഉണ്ടായിരുന്നു. ഞാൻ ആറാം ക്ലാസ്സിൽ പഠിക്കുമ്പോൾ ഒരുദിവസം ഒരു പ്രോബ്ലം തന്നിട്ട് അദ്ദേഹം കസേരയിലിരുന്ന് ഒന്ന് മയങ്ങി. സാർ ഉറങ്ങുന്ന പോലെ കണ്ണടച്ചിരിക്കുമെങ്കിലും അത് ഉറക്കമായിരുന്നില്ല. ക്ലാസ്സിൽ ആരെങ്കിലും ഉഴപ്പുന്നത് ആ ഉറക്കത്തിൽത്തന്നെ അദ്ദേഹം അറിയും. പ്രശ്നം ഉണ്ടാക്കുന്നവന് നല്ല 'പെട' കിട്ടും.

അന്ന് കണക്ക് ചെയ്ത് തീരാനുള്ള സമയം കഴിഞ്ഞപ്പോൾ അദ്ദേഹം കണ്ണുതുറന്നു. എല്ലാവരും ചെയ്തുകഴിഞ്ഞോ എന്ന് ക്ലാസ്സിനോടായി ചോദ്യമെറിഞ്ഞുകൊണ്ട് ഓരോരുത്തരോടും ഉത്തരം പറയാൻ ആവശ്യപ്പെട്ടു. (പ്രോബ്ലം എന്തായിരുന്നുവെന്ന് ഇപ്പോൾ ഓർക്കുന്നില്ല) ഉത്തരം പത്ത് എന്നായിരുന്നു. ശരിയുത്തരം രണ്ടോ മൂന്നോ പേർക്കുമാത്രമായിരുന്നു. ഈയുള്ളവനും ശരിയുത്തരം കിട്ടിയില്ല. സാറിനു ശരിക്കും നിരാശയും ദേഷ്യവും ഉണ്ടെന്ന് ആ മുഖലക്ഷണം പറഞ്ഞു. ചോക്ക് എടുത്ത് ബോർഡിൽ കണക്ക് ചെയ്ത ശേഷം ഓരോരുത്തരുടേയും വാങ്ങി നോക്കി തെറ്റിയവർക്കെല്ലാം രണ്ട് അടിവീതം കൊടുത്ത് എന്റെ അടുത്തുവന്നു. എന്റെ ബുക്ക് വാങ്ങി നോക്കിയിട്ട് ഉത്തരം ശരിയാണല്ലോടാ എന്ന് പറഞ്ഞ് മുഖത്തേക്ക് നോക്കി. സാറ് ബോർഡിൽ ചെയ്യുമ്പോൾ ഞാൻ അതുനോക്കി എഴുതിയതാണ് എന്നുപറഞ്ഞപ്പോൾ ഒന്നും മിണ്ടാതെ ബുക്ക് തിരിച്ചുതന്നു. സത്യം പറഞ്ഞതിനുള്ള അംഗീകാരമായിരുന്നു അത്. കളവ് പറയാത്തവരേയും വികൃതി കാണിക്കാത്തവരേയും കുമാരൻ നായർ സാറിന് കൂടുതൽ ഇഷ്ടമായിരുന്നു. ഭംഗിയായി കണക്ക് പഠിപ്പിക്കാനും എന്തും ലളിതമായി പറഞ്ഞുമനസ്സിലാക്കാനുള്ള അദ്ദേഹത്തിന്റെ കഴിവ് എടുത്തുപറയേണ്ടതാണ്. അദ്ദേഹം ഇന്ന് ഓർമ്മയായി അവശേഷിക്കുന്നു.

●



ശ്രീപ്രകാശ് ഒറ്റപ്പാലം
9447240642

# കാലാവസ്ഥ വ്യതിയാനങ്ങളും പ്രശ്നപരിഹാരങ്ങളും

**ന**മ്മുടെ ഈ ഭൂമി നാൾക്കുനാൾ നമുക്ക് സുഖആവാസകേന്ദ്രമല്ലാതാവുകയും, കാലാവസ്ഥാ വ്യതിയാനം ഇവിടെ ജീവിതം ഒരു ദുഃസ്വപ്നമായി മാറുന്ന പ്രവണത മാനവരാശിയെ നടുക്കത്തിലാഴ്ത്തുന്നു. കൊടും ശൈത്യം മൂലം തെരുവുകളിൽ മരണമടയുന്നവരുടേയും ദുഃസ്സഹമായ സൂര്യതാപമേറ്റ് ജീവിതാന്ത്യത്തിലെത്തുന്നവരുടേയും എണ്ണം ഭീതികരമായി വർദ്ധിച്ചിരിക്കുന്നു. നമ്മുടെ ജില്ലയിൽ പോലും സൂര്യാഘാതമേറ്റ് ശരീരമാകെ പൊള്ളലേറ്റ അനുഭവമുണ്ട്.

എന്തും വെട്ടിപ്പിടിക്കാനുള്ള അടങ്ങാത്ത തൃഷ്ണയാൽ എന്തു ഹീനകൃത്യവും ചെയ്യുവാൻ മടിയ്ക്കാത്ത, സാമൂഹ്യവിരുദ്ധർ, രാജ്യസ്നേഹമോ, പ്രകൃതി സ്നേഹമോ മിണ്ടാപ്രാണികളോടുള്ള ദയയോ തൊട്ടുതീണ്ടിയിട്ടില്ലാത്ത പൈശാചികമായ സ്വാർത്ഥമതികളുടെ കുത്തഴിഞ്ഞുള്ള ചൂഷണം ഈ നാടിനെ ഇവിടുത്തെ ഭൂപ്രകൃതിയെ ഇവിടുത്തെ വനം വിഭവത്തെ നശിപ്പിക്കുന്നു. ഈ പ്രവൃത്തിയിൽ ദൈവത്തിന്റെ സ്വന്തം നാടെന്ന് ഊറ്റം കൊള്ളുന്ന മലയാളികളുടെ സമീപനവും വിഭിന്നമല്ല.

നമ്മുടെ കാലാവസ്ഥയുടെ ഗതിമാറ്റം നമ്മെ വല്ലാതെ ഭയചകിതരാക്കുന്നുണ്ട്. വേനൽക്കാലത്ത് മഴയും, മഴക്കാലത്ത് മഴയുടെ ദൗർബല്യവും, ഡിസംബർ മാസങ്ങളിൽ തണുപ്പിന്റെ അഭാവവും കാലം തെറ്റിയ കാലവർഷവും നമ്മുടെ മുമ്പിൽ ദുരന്തനാടകം നടത്തുകയാണ്. ഇത് മൂലം ഇവിടത്തെ കാർഷികവ്യവസ്ഥിതി ആകെ തകരാറിലാവുന്നു. കൂടാതെ പുതിയ പുതിയ രോഗങ്ങളും മനുഷ്യരാശിക്ക് ദിനം പ്രതി ഭീഷണിയാകുന്നു.

വനം നശീകരണമാണ് ഈ ഭൂമണ്ഡലം അനുഭവിക്കുന്ന ഏറ്റവും വലിയ വിപത്ത്. നമ്മുടെ നാട്ടിൽ ഇംഗ്ലീഷുകാരുടെ ആഗമനത്തോടുകൂടിയാണ് തത്വദീക്ഷയില്ലാത്ത വനം നശീകരണത്തിന് തുടക്കം കുറിച്ചത്. നമ്മുടെ വനസമ്പത്തെല്ലാം കൊള്ള ചെയ്ത് അവരുടെ നാട്ടിലേക്ക് കടത്തിക്കൊണ്ടുപോകുമ്പോൾ അഭിമാനികളായ നാട്ടുരാജാക്കന്മാർ കൈയും കെട്ടി നിൽക്കേണ്ട അവസ്ഥ വന്നു.

സ്വാതന്ത്ര്യാനന്തരകാലഘട്ടത്തിൽ കറുത്ത സായിപ്പന്മാർ അധികാരത്തിന്റെ ചെങ്കോലേന്തിയപ്പോഴും ഈ വനം കൊള്ള നിലച്ചില്ല എന്നതാണ് നഗ്നസത്യം! മൂപ്പെത്തിയ വൃക്ഷങ്ങൾ വെട്ടിമാറ്റുമ്പോൾ അതിനുപകരമായി പതിന്മടങ്ങ് വൃക്ഷത്തൈകൾ നടേണ്ടതുണ്ട്. അവ

പരിപാലിക്കേണ്ടത് അത്യാവശ്യമാണ്. നമ്മുടെ രാജ്യത്തെ സ്ഥിതി നോക്കുമ്പോൾ പല സംസ്ഥാനങ്ങളിലും വനവല്ക്കരണ പദ്ധതി വളരെ നന്നായി നടക്കുന്നുണ്ട്. നമ്മുടെ കേരളത്തിലും ഇടതുപക്ഷ സർക്കാരിന്റെ നേതൃത്വത്തിൽ സാമൂഹ്യ വനവല്ക്കരണം പ്രശംസനീയമായ രീതിയിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും സന്നദ്ധസംഘടനകളുടേയും പങ്ക് വളരെ പ്രശംസനീയമാണ്. അങ്ങിനെ ക്രിയാത്മകമായ വനവല്ക്കരണത്തിലൂടെ മാത്രമേ കാലാവസ്ഥാ വ്യതിയാനത്തെ നമുക്കൊരു പരിധിവരെ നിയന്ത്രിക്കാനാകു.

നമ്മുടെ നാട്ടിൽ ഉള്ള കൂറ്റൻ ഫാക്ടറികളൊക്കെ മാനവരാശിക്കുതന്നെ മാരകമായ വിഷാംശം കലർന്ന പുകയും, വെയ്സ്റ്റും പുറത്തേക്കുവിടുന്നു. കൊച്ചിയിൽ നടനമാടുന്ന അമ്ലമഴ ഇതിന് ചെറിയ ഒരു ഉദാഹരണം മാത്രം. പരിതസ്ഥിതിക്കനുസരിച്ചുള്ള സുരക്ഷാ ഏർപ്പാടുകൾ ചെയ്യാതെ അന്തരീക്ഷ മലിനീകരണം തടയാൻ വേണ്ടുന്ന മാർഗ്ഗങ്ങൾ സ്വീകരിക്കാതെ ഒരു തത്വദീക്ഷയുമില്ലാതെ മാനവരാശിക്കുതന്നെ ഭീഷണിയായ ഫാക്ടറി മലിനീകരണം തടഞ്ഞേ മതിയാകൂ. പല ഫാക്ടറികളും മനുഷ്യന് ഹാനികരമായ വേയ്സ്റ്റുകൾ തൊട്ടടുത്ത പുഴയിലേക്കോ മറ്റു ജലാശയത്തിലേക്കോ തള്ളുന്നത് നിരോധിക്കണം. ഈ വേയ്സ്റ്റുകൾ പൂർണ്ണമായും ശുദ്ധീകരിച്ചതിനുശേഷം മാത്രമേ ജലാശയത്തിലേക്ക് വിടാവൂ.

ലോകത്തിന്റെ താപം കൂടി വരുന്നതിനെപ്പറ്റി ശാസ്ത്രജ്ഞന്മാർ ഉറക്കെ ചിന്തിക്കുവാൻ തുടങ്ങിയിരിക്കുന്നു. ഗ്ലോബൽ വാമിംഗിനെതിരായി വേണ്ടുന്ന ശക്തമായ നടപടികൾ എടുക്കുവാൻ സമ്പന്ന രാഷ്ട്രങ്ങളെപ്പോഴും നിർബന്ധിക്കപ്പെടുന്ന ഒരുസ്ഥിതിയിലേക്കെത്തിയിരിക്കുന്നു. മോട്ടോർ വാഹനങ്ങളുടെ അനിയന്ത്രിതമായ വർദ്ധനവ് കാർബൺ ഡൈയോക്സൈഡിന്റെ അളവ് അന്തരീക്ഷത്തിൽ കൂട്ടുവാനും ഭൂമിക്കുതന്നെ ചൂട് കൂടുവാനും ഇടയാക്കുന്നു. എന്നാൽ ചൈനയെപ്പോലുള്ള കമ്മ്യൂണിസ്റ്റ് രാജ്യങ്ങൾ മോട്ടോർ വാഹനങ്ങളുടെ എണ്ണം കുറക്കുവാനായി പരമാവധി പൊതുവാഹനങ്ങൾ ഉപയോഗിക്കുവാനും ചെറിയ യാത്രകൾക്ക് സൈക്കിൾ ഉപയോഗിക്കുവാനും പ്രോത്സാഹനം നൽകുന്നു. ഈ പ്രവണത ലോകരാഷ്ട്രങ്ങളെല്ലാം ഉൾക്കൊള്ളുകയാണെങ്കിൽ ഗ്ലോബൽ വാമിംഗിന് കുറേയൊക്കെ ശമനമുണ്ടാകുകയും നല്ല കാലാവസ്ഥ ഉണ്ടാകുവാനും സാധിക്കും.

അനിയന്ത്രിതമായ മണൽ ചൂഷണവും ജലചൂഷണവും പ്രകൃതിയുടെ സന്തുലിതാവസ്ഥയെ വളരെ ദോഷകരമായി ബാധിക്കുന്നു. ഒരു ഗ്ലാസ് ദാഹജലം ലഭിക്കാൻ കിലോമീറ്ററുകൾ താണ്ടേണ്ടുന്ന ഗ്രാമങ്ങളുടെ നാടാണ് ഭാരതം. മണൽ ചൂഷണവും ജലചൂഷണവും ഭൂഗർഭജലചൂഷണവും നിയന്ത്രണങ്ങൾക്ക് വിധേയമായി മാത്രമേ നടത്താവു.

പരിഷ്കൃതസമൂഹം ആഡംബര വസ്തുക്കൾ വാങ്ങിക്കൂട്ടുക മൂലം നമ്മുടെ അന്തരീക്ഷത്തെ മലീമസമാക്കുന്നു. എയർക്കണ്ടീഷനറുകൾ, റഫ്രിജറേറ്ററുകൾ തുടങ്ങിയ ആഡംബരവസ്തുക്കളുടെ വർദ്ധിച്ച രീതിയിലുള്ള ഉപയോഗം മൂലം, അതിലുള്ള വാതകം ചോരുന്നതുമൂലം അന്തരീക്ഷത്തിലെ ഓസോൺപാളികൾക്ക് തകർച്ച അനുഭവപ്പെടുകയും സൂര്യതാപത്തിൽ നിന്നുള്ള ഹാനികരമായ വസ്തുക്കൾ നമ്മെ നശിപ്പിക്കുകയും ചെയ്യുന്നു.

നമ്മുടെ വനസമ്പത്ത് കാട്ടുതീ മൂലവും നശിക്കുന്നുണ്ട്. അത് തടയാനായി സമയാസമയങ്ങളിൽ അടിക്കാടുകൾ വെട്ടിനശിപ്പിക്കുകയും ഉണക്ക ഇലകൾ കത്തിച്ച് കളയുകയും വേണം.

നമ്മുടെ പുഴകളെ സംരക്ഷിക്കുന്നതിനായി ഇരുകരകളിലും മുള തുടങ്ങിയ മരങ്ങൾ വെച്ച് പിടിപ്പിക്കുന്നത് ഉചിതമാണ്. മരമില്ലെങ്കിൽ മഴയില്ല, മഴയില്ലെങ്കിൽ മരമില്ല എന്ന ഒരു ചൊല്ലുണ്ട്. എന്നാൽ ഇതിനെ പരിഹസിക്കാൻ അറബിക്കടലിൽ മരമില്ലല്ലോ അവിടെയും മഴ പെയ്യുന്നില്ലേ എന്നുപോലും പ്രസ്താവിച്ച വിവരംകെട്ട നേതാക്കളും ഇവിടെ ഉണ്ടായിരുന്നു. ആയതിനാൽ എന്തുവില കൊടുത്തും നമ്മുടെ പൈതൃകസ്വത്തായ പുഴകളേയും വനത്തേയും സംരക്ഷിക്കേണ്ടത് രാജ്യസ്നേഹത്തിന്റെ, പ്രകൃതിസ്നേഹത്തിന്റെ ഭാഗമാണ്.

യുദ്ധ വെറിയന്മാരായ സാമ്രാജ്യഭൂപ്രഭുക്കൾ ബോംബു സ്ഫോടനവും ഷെല്ലാക്രമണവും വരുത്തിവെക്കുന്ന കെടുതി നിസ്സാരമല്ല. 1945 കാലഘട്ടത്തിൽ ജപ്പാനിൽ നടത്തിയ അണുബോംബ് പരീക്ഷണത്തിൽ നിന്നും ലോകം ഇന്നും പാഠം ഉൾക്കൊണ്ടിട്ടില്ല. ആയുധങ്ങളുടെ അനിയന്ത്രിതമായ ഉപയോഗം കാലാവസ്ഥയെ തകിടം മറിക്കുക മാത്രമല്ല ഈ ഭൂമണ്ഡലത്തെ ഒന്നാകെ ഭസ്മീകരിക്കുവാനുള്ള താണ്ഡവശേഷിയുമായാണ് അമേരിക്ക പോലുള്ള രാഷ്ട്രങ്ങൾ നിലകൊള്ളുന്നത്. ഏതെങ്കിലും അപക്വമായ ഭരണാധികാരികളുടെ കൈയിൽ നിന്നും ഒരു ചെറിയ കൈയബദ്ധം പറ്റിയാൽ ഈ ഭൂമി നിശ്ചലമാകും തീർച്ച.

നമ്മുടെ വനസമ്പത്തിനെ സംരക്ഷിക്കുവാനായി വീടിനാവശ്യമായ നിർമ്മാണ സാമഗ്രികൾക്ക് ഇതര രീതിയിലുള്ള കട്ടിലുകളും ജനാലകളും (സ്റ്റീൽ, കോൺക്രീറ്റ്, സിന്റക്സ്) ഉപയോഗിക്കുവാൻ പ്രത്യേകിച്ച് പൊതുബിൽഡിംഗുകളിൽ ഉപയോഗിക്കുവാൻ പ്രോത്സാഹനം നൽകിയാൽ വനവത്ക്കരണം ഒരു പരിധിവരെ തടയാനാകും.

ഈ ഭൂമി നമ്മുടേത് മാത്രമല്ല ഈ നല്ല ഭൂമി പുണ്യാത്മാക്കളായ കഠിനാദ്ധ്വാനികളായ നമ്മുടെ പൂർവ്വീകർ നമുക്ക് സമ്മാനിച്ചതുതന്നെയാണ്. ഇവിടത്തെ പരിശുദ്ധമായ വെള്ളവും, പാടുന്ന പുഴകളും ചിലയ്ക്കുന്ന കിളികളും ആനന്ദ നടനമാടുന്ന മയൂരങ്ങളും ഓടിക്കളിക്കുന്ന മാൻകൂട്ടങ്ങളും ഉറവ വറ്റാത്ത കുളങ്ങളും കാട്ടുചോലകളും, രോഗങ്ങളില്ലാത്ത മനുഷ്യന്റെ അവസ്ഥയും നാം നിലനിർത്തുമെന്ന പ്രതിജ്ഞയും ഇതിലും നല്ലൊരു സുന്ദരമായ സൗഭാഗ്യകരമായ അതുല്യമായ ലോകം നമ്മുടെ ഭാവി തലമുറക്ക് നാം നൽകുമെന്നും ഉള്ള പ്രതിജ്ഞ എടുക്കേണ്ടതുണ്ട്. നാം ഒത്തൊരുമിച്ച് കൈകോർത്താൽ കാലാവസ്ഥ വ്യതിയാനങ്ങളുടെ ഭീകര താണ്ഡവം തടഞ്ഞുനിർത്താനാകും. അതാവട്ടെ നമ്മുടെ മഹത്തായ ചിന്തയും പ്രവൃത്തിയും.


ജയ് ഹിന്ദ്

**അറിയിപ്പ്**

**രചനകളിലെ ആശയം മാസികയുടേതോ എഡിറ്ററുടേതോ ആവണമെന്നില്ല. മാസികയിലുള്ള രചനകളിലെ ആശയങ്ങളുടെ ഉത്തരവാദിത്വം ലേഖകരുടേതു മാത്രമായിരിക്കും.**

**എഡിറ്റർ**

## ലേഖനം




വിനോദ് കുമാർ ദാമോദർ
9446352141


# വയനാട്

## കത്തുന്ന പറുദീസ

**ഒ**രു കാലത്ത് കേരളത്തിലെ വനം ജില്ലയെന്നറിയപ്പെട്ടിരുന്ന വയനാടിന് ഇന്ന് പുതിയ ഒരു പേരാണ് കഴിഞ്ഞ ദിവസം കാണിച്ച ഹൃസ്വ ചിത്രത്തിൽ പറഞ്ഞത്. കത്തുന്ന പറുദീസയെന്നാണാ പേര്. ഏതൊരു വേനലിലും കുളിർകാറ്റ് വീശിയിരുന്ന വയനാടാണ് ഇന്ന് ഈ ത്തരത്തിൽ സ്ഥിതി വിശേഷങ്ങളിലേക്കു നീങ്ങാൻ നാം ഓരോരുത്തരും ഉത്തരവാദികളാണ്. ഏറ്റവും വലിയ കാട്ടുതീയാണിപ്രാവശ്യം വയനാട് കണ്ടത്. 1940 കളിൽ തുടങ്ങിയ വയനാട്ടിലേക്കുള്ള കുടിയേറ്റമാണ് ആദ്യമായി വയനാടിന്റെ ഇന്നത്തെ സ്ഥിതിയിലേക്കുള്ള നീക്കത്തിന്റെ തുടക്കം. പലയിടങ്ങളിലും ജില്ലയ്ക്കും വനമേഖലയ്ക്കും യോജിക്കാത്തതരത്തിലുള്ള കൃഷി നടത്തിയത് മൂലം വൻ രീതിയിലുള്ള ജലത്തിന്റെ ഉപയോഗം വയനാടിന്റെ മണ്ണിനേയും കാലാവസ്ഥയേയും സാരമായി ബാധിയ്ക്കുവാൻ ഇടവരുത്തി. ഇതിനുമുമ്പ് തന്നെ ബ്രിട്ടീഷുകാർ വയനാട്ടിൽ എത്തി വനം നശിപ്പിച്ച് പകരം അക്കേഷ്യ തുടങ്ങിയവ നട്ടുണ്ടാക്കിയ പരിസ്ഥിതിദോഷം കൂടാതെയായിരുന്നു ഈ നാശം. നൂറു ശതമാനം വനമായിരുന്നു വയനാട്ടിൽ. സംസ്ഥാനത്ത് എവിടെ മഴക്കുറവ് വന്നാലും 3000മി.മി. മഴ ഉറപ്പായിരുന്നെങ്കിൽ ഇന്ന് സ്ഥിതി ആകെ മാറിവരുന്നതായി കാണുന്നു. സംസ്ഥാനത്ത് ഏറ്റവും മഴ കുറഞ്ഞ ജില്ലയായി വയനാട് മാറിത്തുടങ്ങി.

ബ്രിട്ടീഷ് ഭരണകാലത്ത് അവർ നല്ല മരങ്ങൾ മുറിച്ചുമാറ്റി പകരം യൂക്കാലിപ്റ്റസ് പോലുള്ളവ വെച്ചത് കാരണമാണ് മഞ്ഞ കൊന്നയുടെ വളർച്ച വർദ്ധിച്ചു വരുന്നതും. ഇതും പരിസ്ഥിതിയെ വൻരീതിയിൽ ബാധിക്കുന്നു.

ഒരുകാലത്ത് പകൽ പോലും കടുവകളേയും മറ്റ് വന്യ ജീവികളേയും കണ്ടിരുന്ന വയനാട്ടിൽ ഇന്ന് കടുവകൾ മുത്തങ്ങ തോൽപ്പട്ടി വന്യജീവി സങ്കേതങ്ങളിൽ മാത്രം ഒതുങ്ങി.

വയനാട്ടിൽ വർദ്ധിച്ചുവരുന്ന റിസോർട്ടുകളും വയനാട്ടിലേക്കുള്ള വനം ചുരത്തിൽ തന്നെ അനധികൃത കെട്ടിട നിർമ്മാണവും നടക്കുന്നത് വയനാടിന്റെ നീക്കം ഒരു മരുഭൂമിയിലേക്കാണ്. ഇതാണിന്ന് കേരളത്തിലെ വനം ജില്ലയുടെ സ്ഥിതി.

●

# കുങ്കുമപ്രഭാതവും പൂതപ്പാട്ടും


മുരളീധർ കൊല്ലത്ത്
9387475851




**ജ**ന്മം കൊടുത്ത മാതാവിന്ന് മുന്നിൽ ഏത് പൂതവും തോറ്റുപോവുമെന്ന സന്ദേശമാണ് പൂതപ്പാട്ടിലൂടെ ഇടശ്ശേരി ഗോവിന്ദൻ നായർ എന്ന മഹാകവി മാനവസമൂഹത്തിനുമുന്നിൽ കവിതയിലൂടെ വരച്ചുകാണിക്കുന്നത്. ഇടശ്ശേരിയുടെ മറ്റേതുകൃതിയേക്കാളും ജനഹൃദയങ്ങളിൽ പതിഞ്ഞ 'അയ്യയ്യവരവമ്പിളിപ്പൂങ്കുല മെയ്യിലണിഞ്ഞ കരിമ്പൂതം' എന്ന പ്രസിദ്ധമായ കവിത ഓരോ മാതാവിന്റെയും സ്നേഹത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. നങ്ങേലിയമ്മയുടെ ഓമനയെ തിരിച്ചറിയാൻ കണ്ണുവേണ്ട കരളിന്റെ ആഴങ്ങളിൽ പെറ്റമ്മയുടെ മാധുര്യാമൃതം കൊണ്ടുനിറഞ്ഞ തന്റെ കുഞ്ഞിന്റെ ചുണ്ടിലെ ചൂരുമാത്രം മതിയായിരുന്നു ആ അമ്മയ്ക്ക് ഉണ്ണിയെ തിരിച്ചറിയാൻ. ഇന്ന് പെറ്റമ്മ നിറകണ്ണീരോടെ പടിയിറങ്ങുന്ന അതിദയനീയമായ കാഴ്ചയിൽ ഇത്തരം മാതൃസ്നേഹം അന്നേ കാണിച്ചുതന്ന ഇടശ്ശേരിയുടെ തൂലികയ്ക്ക് ഇനിയൊരടയാളപ്പെടുത്തലിന്റ ആവശ്യമില്ല. ഗുമസ്തപ്പണിയിൽ നിന്നുകിട്ടുന്ന രണ്ടുറുപ്പിക കൊണ്ട് ഒരു കമ്പിളിപ്പുതപ്പുവാങ്ങി കുറ്റിപ്പുറത്തുകാരന്റെ കൈയിൽ അമ്മ വേഗം തണുപ്പ് തീർക്കട്ടെ എന്നുകരുതി കൊടുത്തയച്ചപ്പോഴേയ്ക്കും വസൂരി ബാധിച്ച് ആ മാതാവ് മരിച്ചിരുന്നു. തേങ്ങലടക്കിപ്പിടിച്ച് ഇടശ്ശേരി ഇങ്ങനെ മന്ത്രിച്ചു,

അവൾക്ക് കുളിരിനു കമ്പിളി നേടി
പ്പിന്നീടെന്നോ ഞാൻ ചെൽകെ
ഒരട്ടി മണ്ണ് പുതച്ചുകിടപ്പൂ
വീടാക്കടമേ മമ ജന്മം

മനുഷ്യസമൂഹത്തിന്റെ വരളുന്ന തൊണ്ട നനയ്ക്കാനുള്ള കരിമ്പിൻ തോട്ടമാവണം തന്റെ കവിതയെന്ന് വിളിച്ചുപറഞ്ഞ കവി ജനിച്ചത് 1906 ഡിസംബർ 23ന് ഒരു നൂറ്റാണ്ടും ഒരു പതിറ്റാണ്ടും പിന്നിട്ടുകൊണ്ട് ഇന്നും

"കുഴി വെട്ടിമൂടുക വേദനകൾ
കുതികൊൾകശക്തിയിലേക്കുനമ്മൾ"

എന്ന പാഠം പഠിപ്പിച്ച കവി ഒരു ഗാന്ധി ഭക്തൻ കൂടിയായിരുന്നു. ഒരുപിടി നെല്ലിക്ക എന്ന കവിതാസമാഹാരത്തിന് 1969ൽ കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. മനുഷ്യജീവിതത്തെക്കുറിച്ച് പാടാനാ

ഗ്രഹിച്ച ഈ കവിക്ക് മദ്രാസ് ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചു. പുത്തൻ കലവും അരിവാളും കൂട്ടുകൃഷിയുമാണ് ഇതിന് അവർ തെരെഞ്ഞെടുത്തത്. കാവ്യങ്ങളും, നാടകങ്ങളും ഒട്ടേറെയെഴുതി. 1947ലാണ് 'നൂലാമാല' യെഴുതിയത്. കൂട്ടുകൃഷി 1950ലും. കളിയും ചിരിയും 1954ൽ എണ്ണിച്ചുട്ട അപ്പം 1957ൽ. ചാലിയത്തി 1960ൽ. തൊടിയിൽ പടരാത്ത മുല്ല 1963ൽ. ഇനി കാവ്യങ്ങളിലേയ്ക്ക് കടക്കുകയാണെങ്കിൽ 1940ൽ ഇറങ്ങിയ അളകാവി മുതൽ 1977 ൽ ഇറങ്ങിയ കുങ്കുമപ്രഭാതം വരെ നീണ്ടു ഈ കാവ്യതപസ്യ. 1940ൽ പുത്തൻ കലവും അരിവാളും 1951ൽ ലഘുഗാനങ്ങൾ. 1954ൽ കറുത്ത ചെട്ടിച്ചികൾ, 1955ൽ തത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ, 1961ൽ കാവിലെ പാട്ട്, 1966ൽ ഒരുപിടി നെല്ലിക്ക, 1968ൽ ത്രിവിക്രമനു മുന്നിൽ ഇങ്ങിനെ അക്ഷരങ്ങളെക്കൊണ്ട് ലോകത്തെ അതിശയിപ്പിച്ച ഒരു മഹാകവി കുറ്റിപ്പുറം പാലത്തിലൂടെ ഇപ്പഴും നടക്കുന്നുണ്ടാവാം. അതുകൊണ്ടു തന്നെ ഒരുകരിമ്പൂതവും ഇനി നമ്മുടെ മക്കളെ കൊണ്ടുപോവാൻ തയ്യാറാവില്ല. ആ കാവ്യതേജസ്സിനുമുന്നിൽ നമുക്ക് നമസ്ക്കരിയ്ക്കാം. കാവ്യാർച്ചനയൊരുക്കാം. കാലാകാലങ്ങളിൽ മൺമറഞ്ഞ മഹാരഥന്മാർ വാക്കുകൾ കോരി നിറച്ചുതന്നതിന് അക്ഷരസ്നേഹികളായ നമുക്ക് നന്ദി പറയാം. ആ ആത്മാക്കൾക്കു വേണ്ടി തൊഴുതു പ്രാർത്ഥിയ്ക്കാം.

താൻ പാടിയ പൂതപ്പാട്ടിൽ
പൊരുൾ കണ്ടുമാനവഹൃദയം
തോക്കിൻ തിരപോലെ നെഞ്ചിൽ
ഏറ്റുതറച്ചൂ ചുടുകവിത
നിളയുടെ ചെറുപുളിനങ്ങളിൽ
കുടയേന്തി വന്നിടശ്ശേരി
വഴികാട്ടിയായി നില്ക്കുന്നു
വന്ദനം... മഹാകവേ... വന്ദനം

●

**ഒരു കാരണമില്ലാതെ ഈ ലോകത്ത് ആന്തരികവും ബാഹ്യവുമായി ഒന്നും തന്നെയില്ല. ഏതൊരു കാരണവും ഒരു ഫലത്തെ സൃഷ്ടിക്കാതിരിക്കുന്നുമില്ല.**

**-സ്വാമി വിവേകാനന്ദൻ-**

# ഗിഫ്റ്റഡ് ചിൽഡ്രൻ

**ജിനി. കെ**
**ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, മനോമിത്ര, 9633402265**

ആരാണ് പ്രതിഭാശാലികളായ കുട്ടികൾ അല്ലെങ്കിൽ ഗിഫ്റ്റഡ് ചിൽഡ്രൻ എന്നു പറയപ്പെടുന്നത് ? സാധാരണ ബുദ്ധിശക്തിയുള്ള കുട്ടികളിൽ നിന്നും ഇവരെ വ്യത്യസ്തരാക്കുന്നത് എന്തൊക്കെയാണ് ? ചില കുട്ടികൾ അവരുടെ സമപ്രായക്കാരേക്കാളും വേഗത്തിൽ കാര്യങ്ങൾ മനസ്സിലാക്കുകയും, ചിന്തിക്കുകയും, പഠിച്ചെടുക്കുകയും, പ്രവർത്തിക്കുകയുമെല്ലാം ചെയ്യുന്നുണ്ട്. ഗവേഷണങ്ങൾ പറയുന്നത് ഇത്തരക്കാർ അപാരമായ ബുദ്ധിശക്തി ഉള്ളവരാണെന്നാണ്. മാനദണ്ഡങ്ങളനുസരിച്ചുള്ള ഐ ക്യു ടെസ്റ്റിൽ 140ന് മുകളിൽ സ്കോർ കൂടി ലഭിക്കുകയാണെങ്കിൽ ഇവരെ പ്രതിഭാശാലികളായ കുട്ടികളെന്ന് തീർച്ചപ്പെടുത്താം.

മേൽപറഞ്ഞ കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതും, മാനസിക വളർച്ചയിൽ തക്കതായ ശ്രദ്ധയും കരുതലും കൊടുക്കുന്നതുമെല്ലാം അവർക്കുമാത്രമല്ല സമൂഹത്തിനും കൂടെ പ്രയോജനപ്പെടുന്നതാണ്.

**ഉയർന്ന ബുദ്ധിശക്തിയുടെ ലക്ഷണങ്ങൾ :**


★വളർച്ചാഘട്ടങ്ങൾ വളരെ വേഗത്തിലാകുന്നു
★ശൈശവത്തിലെ അസാധാരണമായ ഊർജ്ജസ്വലത പ്രകടമാക്കുന്നു
★നേരത്തേ ഭാഷ പഠിക്കുകയും, പദസമ്പത്ത് നേടിയെടുക്കുകയും, വാക്യങ്ങൾ രൂപപ്പെടുത്തിയെടുക്കുകയും ചെയ്യുന്നു
★കാര്യങ്ങൾ നന്നായി നിരീക്ഷിക്കുന്നു
★വളരെ ജിജ്ഞാസുവും, കൂടുതൽ ചോദ്യങ്ങൾ ചോദിക്കാൻ ഇഷ്ടപ്പെടുന്നവരുമായിരിക്കും
★വേഗത്തിൽ പഠിച്ചെടുക്കാനുള്ള കഴിവ്
★സാദൃശ്യങ്ങൾ, വ്യത്യാസങ്ങൾ എന്നിവ എളുപ്പം പിടിച്ചെടുക്കുന്നു
★വസ്തുതകൾ വിമർശന ബുദ്ധിയോടും, നിരീക്ഷണ പാടവത്തോടെയും വിലയിരുത്തുന്നു
★കൂടുതൽ ശ്രദ്ധയും ഏകാഗ്രതയും
★നല്ല ഓർമ്മശക്തി
★കുഴപ്പം പിടിച്ച കാര്യങ്ങളെ ഭാഗങ്ങളായി അപഗ്രഥിച്ച് ഉത്തരങ്ങളിലെത്താനുള്ള വൈഭവം
★ഒറ്റനോട്ടത്തിൽ ഒരു ബന്ധവും ഇല്ലെന്ന് തോന്നുന്ന കാര്യങ്ങൾ, ആശയങ്ങൾ ചേർത്ത് പരസ്പരം ബന്ധങ്ങൾ കാണുവാനുള്ള കഴിവ്
★വസ്തുതകളെ പല വീക്ഷണകോണിലൂടെയും നോക്കിക്കണ്ട്, പല സാധ്യതകളേയും പരിഗണിച്ച് പ്രശ്നങ്ങൾ പരിഹരിക്കാനുള്ള മിടുക്ക്
★അമൂർത്തമായ ആശയങ്ങൾ എളുപ്പം മനസ്സിലാക്കുന്നു
★മൗലികമായി ചിന്തിക്കുന്നു
★പുതിയ കാര്യങ്ങൾ കണ്ടെത്തുവാനും നടപ്പിലാക്കാനുമുള്ള അതുല്യമായ ശേഷി
★ബുദ്ധിപരമായ കാര്യങ്ങളിൽ ഏർപ്പെടുന്നതിൽ സന്തോഷം കണ്ടെത്തുന്നു

ഇവയിൽ ഭൂരിപക്ഷവും ഉണ്ടായാൽ ആ കുട്ടിയെ പ്രതിഭാശാലി (ഗിഫ്റ്റഡ് ചൈൽഡ്) എന്ന് മനസ്സിലാക്കാവുന്നതാണ്.

(തുടരും)

●

## ലേഖനം



ടി. ജെ. നായർ
9446630412

# മാല ഒന്ന് പുഷ്പങ്ങൾ നൂറ്

**നാം** പലവിധം പുഷ്പങ്ങളെ കാണുന്നു. എന്നാൽ ഒന്നിനെപോൽ മറ്റൊന്നില്ല. മനുഷ്യരെ പോലെത്തന്നെ; ചെമ്പകം, പനിനീർ, താമര എന്നിവയെല്ലാം കാഴ്ചയിൽ വ്യത്യസ്തമാണല്ലോ ! എല്ലാം ദൈവ സൃഷ്ടികൾ. ഒരുകാര്യത്തിൽ ഈശ്വരൻ പ്രത്യേകം ശ്രദ്ധാലുവാണ്. ഒന്നിനെപ്പോൽ മറ്റൊരു സൃഷ്ടി ഇല്ല തന്നെ. പുഷ്പങ്ങളുടെ കാര്യത്തിലാണെങ്കിൽ വാസന പോലും പലവിധം ! മനുഷ്യന്റെ കാര്യത്തിൽ ആകൃതിയും, സ്വഭാവവും പോലെത്തന്നെ.

ഇത്രയും പറയുവാൻ കാരണം - ദൈവത്തെ നാം പല പേരുകളിലും ആരാധിക്കുന്നുണ്ടെങ്കിൽ ഈശ്വരൻ ഒന്നുമാത്രമാണല്ലോ ! പരം പൊരുൾ - സർവ്വവ്യാപി. അതിനിതാ ഒരു ഉദാഹരണം:

ഒരു മനോഹരമായ നദി. അതുനിറഞ്ഞു കവിഞ്ഞൊഴുകുന്നു. ശുദ്ധമായ ജലം. അതിനരികിൽ തന്നെ ഒരു പൂന്തോട്ടം. നന്ദവനം എന്നുതന്നെ പറയാം. പൂത്തു കുലുങ്ങി നിൽക്കുന്ന പലവിധം പുഷ്പങ്ങൾ. അതിന്റെ നറുമണം അകലെപോലും വീശുന്നുണ്ട്. എല്ലാം തന്നെ പൂജാപുഷ്പങ്ങൾ. അതിനരികിൽ നിന്ന് കൊണ്ട് ഒരു യുവതി പ്രാർത്ഥനാനിരതയായി ! കൈയ്യിലെ പൂക്കൊട്ടയിൽ നിറയെ പുഷ്പങ്ങളും ഉണ്ട് - ആർക്കായി ഇതെല്ലാം - ദൈവത്തിനായി തന്നെ !

ദൈവാരാധനക്കായി മാത്രം തന്നെ അർപ്പിച്ചിരിക്കുകയാണ് ഈ യുവതി. അവളുടെ ഒരേ ഒരു ലക്ഷ്യം ദൈവത്തിന്റെ പാദ പങ്കജങ്ങളിൽ അഭയം തേടുക എന്നുമാത്രമാണ്. നമുക്ക് ഏവർക്കും ഓരോ ലക്ഷ്യങ്ങൾ ഉണ്ടായിരിക്കും. എന്നാൽ അത് നേടുവാനാകണമെങ്കിൽ ഒരു പിടിവാശി കൂടിയേ തീരൂ - വൈരാഗ്യബുദ്ധി ! ആ ലക്ഷ്യവും വാശിയും ഈ യുവതിക്കുണ്ടായിരുന്നു.

പറിച്ചെടുത്ത പൂക്കളെല്ലാം അവൾ ഒരു മാലയായി കോർത്തു. പലതരം പൂക്കൾ - പല വർണ്ണങ്ങൾ - ഒട്ടേറെ വ്യത്യസ്തമായ നറുമണങ്ങൾ ! എന്നാൽ അവളുടെ മനസ്സിലോ ഒരേ ഒരു ലക്ഷ്യം. ആ പാദാരവിന്ദങ്ങളിൽ ശരണമടയുക എന്നതു മാത്രം ! അതിനായി ആ പൂമാലയുമായി അവൾ നദിക്കരയിൽ പ്രതിഷ്ഠിച്ചിരിക്കുന്ന ഈശ്വരസന്നിധാനത്തിലേക്കു നീങ്ങി. അടുത്തെത്തിയപ്പോൾ ഈശ്വരൻ അവളെ ഒന്നു പരീക്ഷിക്കുവാൻ തന്നെ തീരുമാനിച്ചു. അപ്പോൾ അവിടെ ഒരു ചെറിയ കുട്ടി ഈശ്വരനെ സ്തുതിച്ചുകൊണ്ടുള്ള ഒരുപാട്ടു പാടിക്കൊണ്ടിരിക്കുകയായിരുന്നു. അവൾക്കതിന്റെ അർത്ഥം മനസ്സിലായില്ല. അവന്റെ പ്രാർത്ഥന കഴിയുന്നതുവരെ അവൾ കാത്തിരുന്നു. പൂജ കഴിഞ്ഞെഴുന്നേറ്റപ്പോൾ അവൾ അവനരികിൽ പോയി പാടിയ പാട്ടിന്റെ സാരമെന്താണ് എന്ന് ആരാഞ്ഞു. അവൻ വായ തുറന്നില്ല. എങ്കിലും ആംഗ്യ ഭാഷയിൽ ഉത്തരം പറഞ്ഞുകൊടുത്തു. ആദ്യം ഒരേ ഒരു വിരൽ മാത്രം ഉയർത്തിക്കാട്ടി - അവൾക്കുകാര്യം മനസ്സിലായി. ദൈവം ഒന്നേ ഒന്നു മാത്രമാണ്.

ഉടനെത്തന്നെ ആ യുവതിക്കും ബോധോദയമുണ്ടായി. ദൈവം എന്ന ശക്തി ഒന്നേ ഒന്നുമാത്രമാണ്. നാം പല പേരുകളിൽ ആരാധിക്കുന്നുണ്ടെങ്കിലും. രണ്ടു ശംഖുകളിൽ ഒരേ സമയത്ത് ഊതിയാലും അതിൽ നിന്ന് വരുന്ന ശബ്ദം ഒരുപോലെയാണല്ലോ ! സന്തോഷാധിക്യത്താൽ ദൈവത്തിനെ അണിയിക്കുവാനായി കരുതിയിരുന്ന ആ പൂമാല ഈ ബാലനെ അണിയിച്ചുതൊഴുതു. പിന്നീട് അധികം താമസിയാതെ ആ ബാലൻ അവിടെനിന്ന് അപ്രത്യക്ഷമായി.

പിന്നീട് അവൾ പതുക്കെ നദിക്കരയിലെ ഈശ്വരസന്നിധാനത്തിലേക്ക് നീങ്ങി. അപ്പോൾ അതാ അവിടെ ഒരത്ഭുതം ! അവൾ ആ ബാലനണിയിച്ച പൂമാല അതാ ദൈവത്തിന്റെ കഴുത്തിൽ ! അവളുടെ കണ്ണുകളിൽനിന്ന് ആനന്ദാശ്രുക്കൾ പൊഴിഞ്ഞു. ഒരുകാര്യം മനസ്സിലായി - ദൈവം ഒന്നേ ഒന്നുമാത്രമാണ്. പേരുകൾ മാത്രമാണ് വ്യത്യസ്തം. ●

# സ്വകാര്യം

ഷാനവാസ് കുലുക്കല്ലൂർ


**നി**ശ്ചയിച്ചുറപ്പിച്ച സമയത്തിന് എത്തിച്ചേരാനാവുമോ എന്നുറപ്പില്ല. ബൈക്കായതിനാൽ വേഗത നിയന്ത്രിച്ച് വേണം ഓടിക്കാൻ, മെയിൻ റോഡ് കഴിഞ്ഞ് പോക്കറ്റ് റോഡിലേക്ക് കയറി നൂറുമീറ്റർ സഞ്ചരിച്ചതേയുള്ളൂ, സ്കൂൾ കഴിഞ്ഞ് വരികയായിരുന്ന നാലുകുട്ടികളുടെ ഇടയിലേക്ക് ഒരു നായ മതിലിനു മുകളിലൂടെ ചാടിവീണു. കുട്ടികൾ നിലവിളിച്ചോടി. ഓടാൻ കഴിയാത്ത ഒരു കുട്ടി നിലത്ത് വീണുകരഞ്ഞു. നെറ്റി പൊട്ടി ചോരയൊലിക്കുന്നുണ്ട്.

ബൈക്ക് അടുത്തുചെന്നതും നായ വന്ന വഴിയേ ഓടിപ്പോയി. കുട്ടിയെ പിടിച്ചെഴുന്നേൽപ്പിച്ചു. അപ്പോഴേക്കും ബഹളംകേട്ട് അടുത്തുള്ള ചായക്കടയിൽ നിന്നും പ്രായമായ ഒരു മനുഷ്യൻ ഇറങ്ങിവന്നു. ബൈക്കിലെ ഫസ്റ്റ് എയ്ഡ് ബോക്സിൽ നിന്നും മരുന്നെടുത്ത് നെറ്റിയിൽ വെച്ചുകെട്ടി.

കുട്ടിയെ വീട്ടിലെത്തിച്ചു കൊടുക്കേണ്ടിവരുമോയെന്ന് ശങ്കിച്ചു നിൽക്കുന്നതിനിടയിൽ അയാൾ മൊബൈലെടുത്ത് കുട്ടിയുടെ കയ്യിൽ കൊടുത്ത് വീട്ടിലേക്കുവിളിച്ചു പറയാൻ ആവശ്യപ്പെട്ടു. കുട്ടിയുടെ വിരലുകൾ നമ്പരുകളിലമർന്നു. മൊബൈലിലൂടെ സംഭവം വിവരിക്കുമ്പോൾ അയാൾ അടുത്തുവന്ന് എന്റെ ചെവിയോട് വായ ചേർത്തു വെച്ചു: "കൂട്ടുകാരെല്ലാം ഓടി രക്ഷപ്പെടാൻ കാരണം അവരെയെല്ലാം അമ്മമാര് പ്രസവിച്ചതായിരിക്കും. ഈ കുട്ടിയെ മാത്രം സിസേറിയൻ ചെയ്ത് കിട്ടിയതാകാനാണ് സാധ്യത. അതോണ്ടാ ഇതിന് ഓടി രക്ഷപ്പെടാൻ കഴിയാതെ പോയത്. ഇനി വീട്ടുകാര് വന്ന് ആശുപത്രിയിൽ കൊണ്ടുപൊയ്ക്കോളും. മോൻ പൊയ്ക്കോളൂ."

ബൈക്ക് സ്റ്റാർട്ട് ചെയ്ത് യാത്ര തുടരുമ്പോൾ കുട്ടിയെ കൊണ്ടുപോകാനുള്ള കാർ അടുത്തെത്തിയിരുന്നു. ●

## കവിത



ഇന്ദുജൻ ഇന്ദീവരം
9567128513

# സുഗന്ധം പൂക്കുന്ന വിദ്യാലയം

എന്റെ സരസ്വതീക്ഷേത്രമാം സ്കൂളിന്റെ
പൂമുഖവാതിലിലിന്നുഞാൻ നിൽക്കവേ
ഏതോ മധുരാനുഭൂതികളായിരം
ദിവ്യസ്മരണയായ് പൂത്തുലഞ്ഞാടുന്നു.
പണ്ടുഞാനോടി നടന്നൊരീയങ്കണം
മാടിവിളിച്ചുവോ സ്നേഹാർദ്രഭാവത്താൽ
ഓർമ്മയാം കല്ലോലിനികളെൻ മേനിയിൽ
മെല്ലെമുകർന്നാത്മനിർവൃതിയേകുന്നു.
അക്ഷരവിദ്യയെൻ നാവിൽ കിളിർപ്പിച്ച
അദ്ധ്യാപകരെന്നും പൂമരമാണല്ലോ !
അന്നെന്റെ മാനസ്സസാനുവിൽ മേഞ്ഞതാം
നല്ല സതീർത്ഥ്യർക്കുനേരുന്നു നന്മകൾ.
സ്നേഹോജ്ജ്വലങ്ങളാം ദർശനമേകിയ
ഈ മണ്ണും മണ്ണിലിഴയും വികാരവും
വാഴ്‌വിൽ തുടിക്കുന്ന തേജോകിരണങ്ങൾ
എന്നിൽ ദിശാബോധമായിപ്പരന്നിടും.
ആത്മാവിലായിരം മാരിവില്ലാഭയായ്
എല്ലാരുമെന്നിൽ നിറച്ചാർത്തണിയവേ
വാക്കുകൾ പൂക്കട്ടെ എല്ലാ മനസ്സിലും
സ്നേഹപ്പൊരുളിന്റെ രോമാഞ്ചമാകുവാൻ !

NB : ഞാൻ പഠിച്ച സ്കൂളിന്റെ സുഗന്ധപൂരിത ദിവ്യസ്മരണകൾ അയവിറക്കിക്കൊണ്ട്...

## ആരോഗ്യം



ഡോ. സി. രാമകൃഷ്ണൻ
9447358663, 0491 2505521


# ഫൈബ്രോമ

**ശ**രീരത്തിൽ കാണുന്ന മുഴകളാണ് ഈ പേരിൽ അറിയപ്പെടുന്നത്. ഇത് ശരീരത്തിൽ ഒന്നോ രണ്ടോ ഭാഗത്ത് പ്രത്യക്ഷപ്പെടാറുണ്ടെങ്കിലും ചിലർക്ക് ശരീരം മുഴുവനായും വ്യാപിക്കാനിടയുണ്ട്. ഈ മുഴകൾക്ക് വേദനയോ മറ്റു അസൗകര്യങ്ങളോ ഉണ്ടാകാറില്ല. ഇതിന്റെ വളർച്ച പൂർത്തീകരിക്കാൻ വർഷങ്ങളോളം വേണ്ടിവരും. ഈ അസുഖത്തിന്റെ ഉറവിടത്തിന്ന് പ്രത്യേക കാരണങ്ങളൊന്നും കണ്ടുപിടിക്കപ്പെട്ടിട്ടില്ല. ഇത് ചർമ്മത്തിനകത്തും പുറത്തുമായിട്ടാണ് കാണപ്പെടുന്നത്. ഇതിന്റെ വലുപ്പം ചെറുതിൽനിന്ന് (Nodules) സുമാർ ഒരു കിലോഗ്രാം തൂക്കം വരെ വലുപ്പമുള്ള മുഴകളായും കണ്ടുവരുന്നു. ഇതിന്റെ ഒരു വകഭേദമായ ഫൈബ്രോ അഡനോമ (Fibro-adenoma) സ്ത്രീകളുടെ സ്തനങ്ങളിൽ കണ്ടുവരാറുണ്ട്. ഇത് അപകടകാരിയല്ല. ഇത് അർബുദമാണെന്ന് തെറ്റിദ്ധരിച്ച് സ്ത്രീകൾ വിഷമിക്കാറുണ്ട്. ഇതിൽ വേദന ഉള്ളതും ഇല്ലാത്തതും ആകാവുന്നതാണ്. മനുഷ്യശരീരങ്ങൾ മൂന്നുദോഷങ്ങൾക്ക് (Miasm) അടിമപ്പെട്ടിട്ടുള്ളതായിട്ടാണ് ശാസ്ത്രനിഗമനം. ആയുർവേദത്തിൽ വാത, പിത്ത, കഫം എന്നും ഹോമിയോപതിയിൽ സോറ (Psora), സിഫിലിസ് (Syphilis), സൈക്കോസിസ് (Sycosis) എന്നും വിഭജിച്ചിരിക്കുന്നു. ഇതിൽ സൈക്കോസിസ് എന്ന ഇനത്തിൽ പെടുന്നവർക്കാണ് മേൽപറഞ്ഞ അസുഖം പിടിപെടുവാൻ സാദ്ധ്യത. രോഗാരംഭത്തിൽ തന്നെ ഫലപ്രദമായ ചികിത്സ എടുത്താൽ രോഗം നിയന്ത്രിക്കാനാവും. എണ്ണം കുറവുള്ളതും വളരെ വലുപ്പമുള്ളതുമായ മുഴകൾ ശസ്ത്രക്രിയയിലൂടെ നിയന്ത്രിക്കുവാൻ സാധിക്കും. എന്നാൽ ശരീരം മുഴുവൻ ബാധിച്ച മുഴകൾക്ക് ശസ്ത്രക്രിയ പ്രയാസമാണ്. ശസ്ത്രക്രിയ ചെയ്ത് മുഴകളെ മാറ്റിയാലും അവ വീണ്ടും പ്രത്യക്ഷപ്പെടാൻ സാദ്ധ്യത ഏറെയാണ്. അതുകൊണ്ട് മരുന്നുകൾ ആരംഭത്തിൽ തന്നെ കഴിക്കുന്നതാണ് ഉത്തമം. ഹോമിയോ ചികിത്സ വളരെ ഫലപ്രദമാണ്. ആരംഭത്തിൽ തന്നെ ചികിത്സയെടുത്താൽ രോഗം കൂടുതൽ വ്യാപിക്കാതെ നിയന്ത്രിക്കുവാൻ സാധിക്കും.

## കഥ

# ഇല കൊഴിഞ്ഞ മരം

**എം. പി. വാസുദേവൻ**
**9048912029**



**ക**ഥയില്ലായ്മ കാരണം കഥകളെഴുതുവാൻ കഴിയുന്നില്ലല്ലോ എന്നൊരു ദുഃഖം കഥാകൃത്തിന് ഉണ്ടായിരുന്നു. കഥാബീജം തേടി അയാളുടെ പരിശ്രമം തുടർന്നു. മുറിയ്ക്കകത്തെ ഏകാന്തതയിലും അമ്പലമുറ്റത്തെ ആൽത്തറയിലും അയ്യപ്പൻ മലയുടെ താഴെ പൊട്ടൻ പാറ കുന്നുകളിലും അയാളിരുന്ന് ചിന്തിച്ചു.

മനസ്സിനെ അലോസരപ്പെടുത്തുന്ന എത്രയോ സംഭവബഹുലമായ കാര്യങ്ങൾ ചുറ്റുപാടിലും ഉണ്ട്. എന്നിട്ടും എന്തൊക്കെയോ കൈമോശം പോയ തോന്നലിൽ കഥാകൃത്ത് ഏറെ ദുഃഖിതനായിരുന്നു.

കുടുംബക്കാരും മിത്രങ്ങളുമൊക്കെ അയാളിലെ സ്വഭാവമാറ്റത്തെ ഉൾക്കൊള്ളുവാൻ കഴിയാതെ അസ്വസ്ഥരായി. ചിരിച്ച മുഖത്തോടെ സൗഹൃദം പങ്കുവെക്കാനുള്ള സരസനായ വ്യക്തി. അയാൾക്കെന്തു പറ്റി ? മാസങ്ങളായി മൗനം അയാളെ വരിഞ്ഞുമുറുക്കി. നിത്യവൃത്തികൾ പോലും മറന്ന് താടിയും മുടിയും നീണ്ട് കാഴ്ചയിൽ അലസമായ പ്രാകൃതരൂപം.

ഈയടുത്ത കാലംവരെ കുടുംബത്തെയും സമൂഹത്തെയും പ്രകൃതിയെയും സ്നേഹിച്ചിരുന്നയാൾ സൗഹൃദങ്ങളും സംവാദങ്ങളും പരാതികളും കൊണ്ടുനിറഞ്ഞ സ്നേഹഭാരമുള്ള മനസ്സിന്റെ ഉടമ. കുടുംബത്തിലെ ഓരോരുത്തരുടേയും ചെറിയ ചെറിയ പ്രശ്നങ്ങൾ പോലും സ്വയം നിവർത്തിച്ചിരുന്നയാൾ.

"തറവാടിന്റെ പടിയിറങ്ങിയതിനുശേഷമാണോ" എന്ന് പലരും സുഭദ്രയോട് ചോദിച്ചുവത്രെ. കണ്ണും നിറച്ചതല്ലാതെ ഒന്നും പറയാതെ സുഭദ്ര ഒഴിഞ്ഞുമാറി. എല്ലാം തന്റേതാണെന്ന് കരുതി ജീവിച്ചുപോന്ന ഒരാൾക്ക് പെട്ടെന്ന് ഒന്നും തന്റേതല്ല എന്നൊരു തിരിച്ചറിവിലേക്ക് എത്തിയപ്പോഴുണ്ടായ മനസ്സിന്റെ ആഘാതമാവണം ഇങ്ങനെയൊക്കെ എന്ന് പലരും പിറുപിറുത്തു. ചിലരൊക്കെ അടക്കം പറഞ്ഞു.

ഒന്നും നിർവചിക്കാനാവുന്നതല്ല, അനുഭവിച്ചവർക്കേ അതറിയൂ എന്നായിരുന്നു പനന്തോട്ടത്തിലെ കൃഷ്ണേട്ടൻ പറഞ്ഞത്. എന്നാലും കഥാകൃത്ത് വല്ലാത്ത ഒരവസ്ഥയിലാണ്. ഇല കൊഴിഞ്ഞ മരം പോലെ, ഉണക്കം ബാധിച്ച വേനലുപോലെ, വറ്റിവരണ്ട നദിപോലെ.

സുഭദ്രയുടെ മനസ്സിൽ ആധി പടർന്നു. മക്കളില്ലാത്ത കുറവ് തോന്നിച്ചിരുന്നില്ല. സ്നേഹം കൊണ്ട് വീർപ്പുമുട്ടിച്ചിരുന്നു. എന്നും കുളിച്ച് കുറിയിട്ട് ഭയഭക്തിയോടെ വൃത്തിയായി നടന്നിരുന്നു. മുപ്പതുവർഷത്തെ പഴക്കമുള്ള ദാമ്പത്യം. മാസങ്ങളായിട്ട് എന്താ പറ്റ്യേ? സുഭദ്രയുടെ സംശയങ്ങളും ചോദ്യങ്ങളും വിലാപങ്ങളും അയാളുടെ നീണ്ട മൗനത്തിനുമുന്നിൽ വീണുടഞ്ഞു.


പാടത്തിന്നരികിലെ താമരക്കുളത്തിൽ വേനലിന്റെ തീക്ഷ്ണതയിൽ വറ്റാറായി കിടക്കുന്ന ഒരിത്തിരി കലക്കവെള്ളത്തിൽ ഏതോ പ്രാണൻ പിടയ്ക്കുന്നതുപോലെ കഥാകൃത്തിന്റെ മനസ്സിലേക്ക് ദാമോദരമാമ കയറിവന്നു.

തൊടിയും പാടവും കിളച്ചുമറിച്ച് എല്ലാം വിളയിച്ചിരുന്ന കരിയും നുകവും ചുമന്ന് ചേറ്റുമുണ്ടുടുത്ത് കന്നുകളുടെ പുറകെ നടന്ന ദാമോദരമാമ. ഒന്നര ഏക്കറ പുരയിടവും വലിയ പത്തായപ്പുരയും കുറേ ഉത്തരവാദിത്വങ്ങളും സമ്മാനിച്ച് പടിയിറങ്ങി പോയ ദാമോദരമാമ.

അന്നുമുതൽ കുടുംബത്തിന്റെ ചുമടുതാങ്ങിയായി. തൊഴുത്തുനിറയെ കന്നുകളും പശുക്കളും നൂറു പറയോളം കൃഷിയിടവും പുരനിറയെ പെങ്ങന്മാരും അവരുടെ മക്കളുമൊക്കെയായി വലിയൊരു ശബ്ദകോലാഹലങ്ങൾ നിറഞ്ഞ കുടുംബത്തിൽ നിന്ന് യാതൊരു പ്രകോപനവുമില്ലാതെ മൗനം പ്രാപിച്ച് ഇറങ്ങിപ്പോകുവാൻ അന്ന് ദാമോദരമാമയ്ക്ക് എങ്ങനെ കഴിഞ്ഞു ? അയാൾ ചിന്തിച്ചുകൊണ്ടിരുന്നു.

മസ്തിഷ്കത്തിലെവിടെയോ സ്ഫോടനമുണ്ടായത് പോലെ അയാൾക്കനുഭവപ്പെട്ടു. ഇപ്പോൾ കഥാകൃത്ത് മൗനത്തിന്റെ കരിമ്പടം കൊണ്ട് മൂടിപ്പുതച്ചുകിടക്കുന്നത് മാനസികാരോഗ്യകേന്ദ്രത്തിന്റെ ഇരുട്ടില്ലാത്ത മുറിയിലാണ്. ●

## കവിത



# ജന്മദിനം

**അജയ് ബാലചന്ദ്രൻ**
**9895659050**

നിത്യം കൊളുത്തി
കെടുത്തിയോരാ നില-
വിളക്കിനു നൽകി
ഞാൻ ശ്രദ്ധ നിത്യം.
ഞാൻ വരച്ചും പിന്നെ
മായ്ച്ചും കളഞ്ഞോരാ
ചിഹ്നങ്ങൾ, അവയുമെൻ
ശ്രദ്ധതൻ പാത്രമായി.
ഉണരുമ്പോൾ കാണിച്ചുറക്കത്തിൽ
മായുന്ന
ലോകം, അതിനും ഞാൻ
നൽകിയെൻ ശ്രദ്ധയിലോഹരി.
ആഹരിക്കുംതോറും
ആസക്തിയേറുന്ന ശീലങ്ങൾ.
അവയിലേക്കെൻ ശ്രദ്ധ താനേ
ചലിക്കുന്നു നിത്യവും
സർവ്വലോകത്തിനും
സർവ്വകർമ്മത്തിനും
നിത്യമാധാരമായൊരു
സത്യവസ്തു, അതിലേക്കെൻ
ശ്രദ്ധയും ഏതുനാൾ ചേരുമോ
അന്നായിരിക്കുമെൻ ജന്മനാൾ,
അതിൻ സാക്ഷിയായ് തീരുമീ
ഭൂമിയും വാനവും വിണ്ണിൽ
കളിയ്ക്കുമീ മേഘങ്ങളും.
അന്നു ഞാൻ കാണുന്ന
ഭൂവിലില്ലൊട്ടുമേ
നാരീ നര ജന്തു ഭിന്നതകൾ.
ആ ദിവ്യമായൊരനുഭൂതിയല്ലയോ
ഞാൻ കാത്തിടുന്നോരെൻ
ജന്മനാൾ നൽകുന്ന സമ്മാനവും.

കഥ

# ഒരു വിമർശകന്റെ പിറവി


**രാജൻ സി. എത്തനൂർ**
**9645149319**




**വ**ർഷങ്ങൾക്കുമുൻപ് സാവിത്രി റോയിയുടെ 'നെല്ലിന്റെ ഗീതം' വായിച്ചുതീർന്നപ്പോൾ പുസ്തകത്തിന്റെ പുറം താളിൽ അയാൾ ഇങ്ങിനെയൊരു വാചകം കുത്തിക്കുറിച്ചു. "കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിലൂടെയല്ലാതെ മാനവരാശിക്കു മോചനമില്ല."

പിന്നീട് അവിടന്നങ്ങോട്ട് അയാളുടെ സഹയാത്രികയായി വായനയും വിമർശനവും യുക്തിചിന്തയും മാത്രമായി. കമ്മ്യൂണിസ്റ്റാശയങ്ങൾ പടർന്നുപന്തലിച്ച കിഴക്കൻ യൂറോപ്യൻ രാജ്യങ്ങൾ അയാളുടെ സ്വപ്നഭൂമിയായി.

തൊള്ളായിരത്തിതൊണ്ണൂറ്റിയൊന്നിലെ മാർച്ച് മാസത്തിലൊരുവൈകുന്നേരം ജോലി കഴിഞ്ഞു മടങ്ങുമ്പോഴായിരുന്നു അയാളതറിഞ്ഞത്. ആദ്യം അത്രക്കങ്ങിട്ട് ഗൗരവമാക്കിയില്ല. ഗൗരവമായി വരുമ്പോഴേക്കും സംഗതികളുടെ കിടപ്പ് വളരെ മാറിയിരിക്കുന്നു.

അധികാരം നഷ്ടപ്പെട്ട സോവിയറ്റ് റഷ്യയുടെ വികാര വായ്പുകൾ അയാളുടെ ഉള്ളിൽ അങ്കലാപ്പിന്റെ കൊച്ചോളങ്ങൾ സൃഷ്ടിച്ചു. തുടർന്നയാൾ അനുഭവിക്കേണ്ടി വന്ന പരിഹാസവും ഭർത്സനവും മാനസിക പീഡനവും കണക്കറ്റതായിരുന്നു.

സത്യം നാട്ടിലെ കമ്മ്യൂണിസ്റ്റുകാരെ പറഞ്ഞുധരിപ്പിക്കുവാൻ അയാളേറെ പാടുപെട്ടു. സീമയറ്റ വെറുപ്പോടെ അയാളെ അവർ നിഷ്ക്കരുണം അവിശ്വസിച്ചു. അയാൾക്ക് പ്രായപൂർത്തിയാകുമ്പോഴേക്കും കമ്മ്യൂണിസ്റ്റ് പ്രത്യയ ശാസ്ത്രങ്ങളിലൂടെ നാട്ടുകാർക്ക് അയാൾ സർവ്വസമ്മതനായി കഴിഞ്ഞതിനാലാണ് അവഗണന അയാളെ ഏറെ പ്രയാസപ്പെടുത്തിയത്.

ചുവപ്പ് ധരിച്ചും വർഗ്ഗരാഷ്ട്രീയം ഉൾക്കൊണ്ടും വിപ്ലവം സ്വപ്നം കണ്ടും അദ്ധ്വാനിക്കുന്ന വർഗ്ഗത്തിന്റെ ഭാഗമായി തീർന്നിരുന്നു അയാൾ. വലിയ ചുടുകാട്ടിലെ രക്തസാക്ഷി മണ്ഡപത്തിനുമുമ്പിൽ വെച്ച് ചുവപ്പ് മാലയണിയിച്ച് സഹകാരിയെ ജീവിത സഹയാത്രിക ആക്കിയപ്പോൾ ജീവിതത്തിന്റെ ധന്യത യാണെന്ന് അയാൾ ഉറക്കെ ഘോഷിച്ചു.

വിപ്ലവസാധ്യതകളെ അയാൾ നെഞ്ചിലേറ്റി. മനസ്സുനിറയെ കൊണ്ടുനടന്നു. അർത്ഥപൂർണ്ണവും പ്രതീക്ഷനിർഭരവുമായിരുന്നു അയാളുടെ ജീവിതം. വിപ്ലവപുരോഗതിയെ തടയുന്ന അറുപിന്തിരിപ്പൻമാരെ അയാൾ കൂച്ചുവിലങ്ങിട്ടു.

കാലഘട്ടത്തിന്റെ മഴവെള്ളപ്പാച്ചിലയാൾ അറിഞ്ഞതേയില്ല. അതിൽ വിപ്ലവധാരയൊഴുകി ഒതുങ്ങിയതെപ്പോഴാണെന്നും. ലോക ചൂഷണത്തിൽ റഷ്യൻ സോഷ്യലിസം അമേരിക്കൻ സാമ്രാജ്യത്വത്തിന് തുല്യമാണെന്ന് അയാൾക്ക് വെളിപാടുണ്ടായി. പുതിയതരം മുതലാളിത്വത്തിനു പുത്തൻ നിർവ്വചനം കൊടുക്കാനയാൾ പുസ്തകതാളുകളിൽ പരതി. അഭിവാഞ്ചനയുടെ പുത്തൻ മേലങ്കി അയാൾ എടുത്തണിഞ്ഞു.

രാത്രിയുടെ യാമങ്ങളിൽ മാവോ സൂക്തങ്ങളെഴുതിയ ചുവപ്പൻ വാൾപോസ്റ്ററുകൾ പ്രത്യക്ഷപ്പെട്ടുതുടങ്ങി.

"നക്സൽ ബാരി നീണാൾ വാഴട്ടെ."

വിപ്ലവഗാനം മൂളിക്കൊണ്ടു നിലാവെളിച്ചം കിനിയുന്ന നാട്ടിട വഴികകളിലൂടെ നടന്നു. പുത്തൻ അനുയായികളും പുത്തൻ സഖാക്കളും കിട്ടി. വീണ്ടും മഴവെള്ളപ്പാച്ചിൽ. മുദ്രാവാക്യശബ്ദങ്ങൾ നാട്ടിലൊരു കുട്ടിയും ഉരുവിടുന്നില്ല എന്ന സത്യം അയാളറിഞ്ഞു.

വർഗ്ഗശത്രുവിന്റെ ഉന്മൂലന സിദ്ധാന്തമെത്തിയപ്പോൾ യുവാക്കളുടെ പൊട്ടിച്ചിരി അയാളെ അസ്വസ്ഥനും പരാജിതനുമാക്കി. എത്ര നേരമായി അയാൾ അങ്ങിനെയിരുന്നു എന്നയാൾ അറിഞ്ഞതേയില്ല. ഇനിയെന്ത് ? അയാൾ ഇരുട്ടിൽ തപ്പി. ലക്ഷ്യമില്ലാത്ത ചിന്ത. അയാളെ മറ്റൊരാളാക്കി. വിപ്ലവം... വിപ്ലവം പോയി തുലയട്ടെ. പല്ലിറുമ്മി, കാർക്കിച്ചുതുപ്പി. പിന്നീട് പ്രത്യയ ശാസ്ത്രവധത്തിലേർപ്പെട്ടു. കമ്മ്യൂണിസം ജനങ്ങളെ വഞ്ചിതരാക്കുന്നു. കവലകളിൽ അയാൾ ഉറക്കെ വിളിച്ചുകൂവി. പാരമ്പര്യവും പൊരുത്തവുമില്ലാത്ത കമ്മ്യൂണിസം നമുക്ക് വേണ്ട. വേണ്ടേ വേണ്ട.

പ്രാകൃതനെപ്പോലെ ആക്രോശിച്ചുകൊണ്ടിരിക്കുന്ന അയാളുടെ മുമ്പിൽ കയ്യിലെ ചായഗ്ലാസ് തറയിൽ വീണു ചിതറിയത് ഭാര്യ പാർവ്വതിയും അയാളുമറിഞ്ഞില്ല.

•

കവിത

# എന്റെ ദൈവം


**രാജേന്ദ്രൻ തിരുവല്ല**
**0469 2642102, 9446990896**


അങ്ങകലെ അദൃശ്യമായി
സ്വർഗ്ഗരാജ്യത്തിൽ വാഴുന്ന
ശക്തിയാണെന്റെ ദൈവം
അഖിലമെല്ലാം പരിപാലി-
പ്പോരുനിന്നെ
അറിയുവാൻ ജന്മങ്ങ-
ളെത്ര ഞാൻ കഴിയേണം
ഏക തത്ത്വങ്ങൾ
മറക്കുന്നു മാനവർ
വേർതിരിക്കുന്നു
ജാതിയും വർഗ്ഗവും
പലരൂപ നാമത്തിൽ
നിന്നെവിളിപ്പോർക്ക്
ഭേദങ്ങളില്ലാതെയേകുന്നു നീ കൃപ
പഞ്ചഭൂതങ്ങളാൽ
നിർമ്മിതം ദേഹമീ
പഞ്ചഭൂതത്തിൽ
ലയിക്കുന്നിതന്ത്യനാൾ
അങ്ങകലത്തുവാഴുന്ന ഈശ്വരൻ
നിന്നുള്ളിൽ സന്തതം
വന്നണഞ്ഞീടുവാൻ
ചിത്തശുദ്ധി വരുത്തി
സത്കർമ്മങ്ങൾ
നിത്യവും ചെയ്തിരിപ്പോരുനേരം
എത്തുമാശക്തി
വിഹായസ്സിൽ നിന്നു
നിൻ ഭക്തിയിൽ
അലിഞ്ഞൊന്നായിതീരുവാൻ.

**കഥ**

വിനയ സി. ആർ
9495451066



# ഭൂമിയുടെ രോദനം

**അ**രുത് ! കാർന്നു തിന്നരുത്. നിർത്തൂ ! ആരെങ്കിലും ഒന്നു രക്ഷിക്കേണമേ ! ആരുടേയോ ദീന രോദനം കേട്ട് രേണു ഞെട്ടിയെഴുന്നേറ്റു. ഇടിയെ പേടിച്ചലറുന്ന മേഘമാണോ ? അല്ല. കീരിയെ പേടിച്ചലറുന്ന പാമ്പോ ? അല്ല. തന്നെ നശിപ്പിക്കരുതേ എന്നപേക്ഷിക്കുന്നു മരത്തിന്റെ രോദനമോ ? അല്ല. പിന്നെയെന്ത് ?

ഉത്തരത്തിനവൾ തിരഞ്ഞുകൊണ്ടിരുന്നു. അടുക്കളയിലേക്ക് - അമ്മയെ പേടിച്ചലറുന്ന മിക്സിയല്ല. പുറത്തേക്ക് - പരുന്തിനെ പേടിച്ചലറുന്ന കോഴിക്കുഞ്ഞുങ്ങളല്ല. പിന്നെ യാര് ? ആര് ? ആര് ? ഉത്തരം തരുവാനൊരാൾ പടിയ്ക്കലെത്തി. "ചന്ദ്രേട്ടാ... ചന്ദ്രേട്ടാ..." പനയ്ക്കലെ തോമസ്സേട്ടനാണ്. "എന്താ ചേട്ടാ ?" രേണു ആകാംക്ഷയോടെ. "അച്ഛനെ വിളിക്കൂ". രേണുവിനോട് കാര്യം പറയുവാൻ താല്പര്യപ്പെടാതെ അയാൾ വീണ്ടും വിളിച്ചു. "ചന്ദ്രേട്ടാ... ചന്ദ്രേട്ടാ" ഒരു കോട്ടുവായ പാസാക്കി അച്ഛൻ ഇറങ്ങിവന്നു. മുണ്ടുമടക്കി ധൃതിയിൽ നടന്നു. "എന്താ തോമസ്സേ, രാവിലെത്തന്നെ ?" "എന്താന്നോ, വണ്ടിക്കാരൻ കാത്തുനിൽക്കാ. ഒന്നുവേഗം വന്നേ." "ഓ ഞാനതു മറന്നു. സരസ്വതീ, നീയാ ഷർട്ടൊന്ന് തേച്ച് വയ്ക്കട്ടോ. ഞാൻ ദാപ്പ വരാം." അച്ഛൻ യാത്ര പറഞ്ഞിറങ്ങുമ്പോഴും ദൂരെ നിന്നാ നിലവിളി വീണ്ടുമുയർന്നു. ആരുടെയാണിത് ? ഇതെന്താ ആരും കേൾക്കാത്തത് ? രേണുവിന് പരിഭ്രാന്തിയായി. അച്ഛന്റേയും തോമസ്സേട്ടന്റേയും സംസാരത്തിൽ നിന്നെന്തൊക്കെയോ പിടിച്ചെടുത്ത രേണു അവരുടെ പിന്നാലെ പതുങ്ങിച്ചെന്നു. കൂടുതൽ വഴി പിന്നിടുമ്പോഴും നിലവിളി ഉയർന്നു കേൾക്കുന്നു.

മുൻപ് കണ്ട് പരിചയമില്ലാത്തൊരാൾ ഏതോ ഒരു യന്ത്രം കൊണ്ട് ഭൂമിയെ കുത്തിനോവിക്കുകയാണ്. എന്തിനുള്ള പുറപ്പാടാണിത് ? ഗ്രാമത്തിൽ ഒരു ഫാക്ടറി വരാൻ പോകുന്നു. അതിന് എല്ലാവരുടേയും പറമ്പ് ജെസിബി കൊണ്ട് നികത്തുകയാണ്. സമൃദ്ധമായി വിളഞ്ഞുനിൽക്കുന്ന നെൽപ്പാടമായിരുന്നു. ഇപ്പോൾ ഇതിന്റെ അവസ്ഥ ! ആലോചിക്കാനേ വയ്യ ! ഇതിന് എതിർപ്പുള്ള ഒരു ഗ്രാമീണരുമില്ല. എല്ലാവരുടേയും കണ്ണ് മഞ്ഞളിപ്പിക്കാനുള്ളത് കൊടുത്തിട്ടുതന്നെയാണ് അവർ പണി തുടങ്ങിയിരിക്കുന്നത്. അപ്പോൾ ആരുടെ നിലവിളിയാണിത് ? അതേ ഭൂമിയുടേതുതന്നെ. തന്റെ മക്കളെ നോവിക്കരുതേ എന്നപേക്ഷിച്ചുകൊണ്ട് ഭൂമി അലമുറയിടുകയാണ്. അവരുടെ കണ്ണീർ നീർചാലായി ബംഗാൾ ഉൾക്കടലിലേക്ക് ഒഴുകിമറയുന്നു.

രേണു ഞെട്ടിയുണർന്നു. ഇത് സ്വപ്നമോ, സത്യമോ ? അവൾ ചുറ്റും നോക്കി. അതെ സ്വപ്നമാണ്. അടുത്ത് അനിയൻ കിടന്നുറങ്ങുന്നു. ദൂരെ ഒരു കേടുപാടുമില്ലാതെ നെല്പാടം. സമൃദ്ധമായി വിളഞ്ഞുനിൽക്കുന്നു. ആരും ഉണർന്നിട്ടില്ല. മേൽക്കൂരയിലെ വിള്ളലിലേക്ക് നോക്കി അവൾ അങ്ങനെ കിടന്നു. ഭൂമിയുടെ നിലവിളി എങ്ങും കേൾക്കാനില്ല. ഭൂമിയെ നോവിക്കുമ്പോൾ അവൾ കരയാറുണ്ടാവുമോ ? ഉണ്ടാകും. അതെല്ലാം കേൾക്കാൻ ആർക്കാണ് സമയം ? കൂട്ടുകാരെല്ലാവരും എഞ്ചിനീയറും, ഡോക്ടറും പൈലറ്റുമൊക്കെയാകുമ്പോൾ തനിക്ക് ഒരു പ്രകൃതിസംരക്ഷകയാകണം. ജൂലിയയെപ്പോലെ - അവൾ ചിന്തിച്ചു. പ്രകൃതിയോടുള്ള അക്രമങ്ങൾക്കെതിരെ നിരന്തരം പോരാടണം. ഒരിഞ്ചു മണ്ണെങ്കിലും സംരക്ഷിക്കാൻ കഴിയണം. തന്നാലാവുന്നവിധം ഭൂമിയെ സംരക്ഷിച്ച് അവർക്കൊരു ഭാരമായി ത്തീരാതിരിക്കണം. ഇനി എവിടെയും ഭൂമിയുടെ നിലവിളി ഉയരാൻ പാടുള്ളതല്ല. അവരുടെ കണ്ണീരൊപ്പാൻ നാം എന്നും കൂടെയുണ്ടാകണം. ഒരു പ്രകൃതിസംരക്ഷകയുടെ മനസ്സ് തുടിച്ചു. നല്ലൊരു നാളെയെ വാർത്തെടുക്കാനായി... ●

# പാട്ടബാക്കി



സുകുമാരൻ നെല്ലാനിക്കാട്
9495276965

"**ന**മ്മൾ കൃഷി ചെയ്യുന്ന നിലം ഒഴിയണ്ടാ !... ഒരു ചെറിയ തുക ഗവൺമെന്റിൽ കെട്ടിവച്ചാൽ നിലം നമ്മുടേതാകും അതിനായുള്ള നിയമം ഗവൺമെന്റ് കൊണ്ടുവന്നു.

"വട്ടങ്കീകാർ ഒഴിയുന്നില്ല; പള്ളിക്കത്തനാരും, ഹൈസ്കൂൾ ടീച്ചറുമുള്ള സമ്പന്നരാണവർ നമുക്കും ഒഴിയേണ്ട !"

ഇത്രയും പറഞ്ഞത് ഏട്ടനാണ് ഒന്നും മിണ്ടാതിരുന്ന് കേട്ടുകൊണ്ടിരുന്ന അച്ഛൻ ചാടി എഴുന്നേറ്റ് "പോടാ അപ്പുറത്ത് തോന്ന്യാസം പറയുന്നോ നമ്പൂരിടെ നിലം സ്വന്തമാക്കാനല്ല ഞാൻ കൃഷി ചെയ്യുന്നത് - പാട്ടത്തിനാണ്."

ഏട്ടൻ ഒന്നും പറയാതെ അവിടെനിന്നും അടി വാങ്ങാതെ മറുപുറത്തേക്ക് വലിഞ്ഞു. അടുത്ത ദിവസം മനയ്ക്കൽ നിന്ന് കാര്യസ്ഥൻ വീട്ടിൽ വന്നു. വരാന്തയിലുള്ള ചെല്ലപ്പെട്ടിയിൽ നിന്ന് നാലും കൂട്ടി വെറ്റില മുറുക്കി മുറ്റത്തേക്ക് നീട്ടി തുപ്പിക്കൊണ്ട് പിള്ളേച്ചൻ കല്പിച്ചു.

"കുഞ്ഞുകൊച്ചിനോട് മനയ്ക്കലേക്ക് വരാൻ പറഞ്ഞു."

"എന്തിനാണാവോ ?"

"ങ്... ഹാ... കൃഷിയെപ്പറ്റി പറയാനോ മറ്റൊ... വാ..."

കാര്യസ്ഥൻ പറഞ്ഞതുപോലെ അച്ഛൻ മനയ്ക്കൽ ചെന്ന് മുറ്റത്തുചെന്ന് ഓച്ചാനിച്ചുനിന്നു.

"എന്തിനാണാവോ അടിയനെ വിളിപ്പിച്ചത് ?"

"കുഞ്ഞുകൊച്ചേ നിയമം ഒക്കെ മോശമായിട്ടുവരവാ. അതുകൊണ്ട് നീ ഒരു കാര്യം ചെയ്യ്യാ. താൻ തരാനുള്ള പാട്ടം മുപ്പത്താറു പറ നെല്ലുണ്ട്. അത് നീ തരണ്ടാ, അത് നിനക്ക് സൗജന്യമായി തന്നിരിക്കുന്നു. മനയ്ക്കേന്ന് നിലം നേരിട്ട് കൃഷിയിറക്വാ. എന്താ പറേണത് നീ ?"

"ഓ... അടിയൻ കേട്ടു. സമ്മതമാ..."

സത്യം നീതി മുറുകെ പിടിക്കുന്ന പച്ചമനുഷ്യർ അന്നും ഇന്നും എന്നും പാവം തന്നെ !!! ●



# കൊക്കും കുരുവികളും

സത്യൻ താന്നിപ്പുഴ
0484 2462084

**രാ**മൻകുട്ടി ഒരു കർഷകനാണ്. അയാൾ വയലിൽ നെൽക്കൃഷി ചെയ്താണ് ഉപജീവനം കഴിക്കുന്നത്. അയാളും ഭാര്യ കല്യാണിയും ഒരുമിച്ചാണ് വയലിലെ എല്ലാ പണികളും ചെയ്യുന്നത്.

പുഞ്ചക്കൃഷി ചെയ്ത് വിളവെടുക്കേണ്ട സമയമായപ്പോൾ കുരുവികളുടെ ശല്യം വല്ലാതെ വർദ്ധിച്ചു. വയലിൽ കുരുവികൾ കൂട്ടത്തോടെ വന്ന് നെല്ലിൽ വന്നിരുന്ന് നെല്ലുകൊത്തിതിന്നു.

കുരുവികളെ ഓടിക്കുവാൻ പാട്ടയിൽ വടികൊണ്ട് കൊട്ടി ശബ്ദമുണ്ടാക്കി. ഒച്ച കേൾക്കുമ്പോൾ കുരുവികൾ കൂട്ടത്തോടെ പറന്നുപോകും. കുറേ കഴിയുമ്പോൾ വീണ്ടും വരും. കുരുവികൾ കൂടുകെട്ടിയിരുന്നത് വയലിന്റെ കരയിലുള്ള തെങ്ങുകളുടെ ഓലകളിലായിരുന്നു. പറമ്പിന്റെ അതിരിൽ നിന്ന ഇല്ലിമുളംകാട്ടിൽ ഒരു കൊക്ക് കൂടുണ്ടാക്കി താമസിച്ചിരുന്നു. കുരുവികൾ വയലിലേക്ക് പോകുമ്പോൾ കൊക്കും അവരോടൊപ്പം പോകാറുണ്ട്. വയലിൽ തവളകൾ ഉണ്ട്. തവളയെ തിന്നാനാണ് കൊക്ക് പോകുന്നത്.

കുരുവികളുടെ ശല്യം സഹിക്കവയ്യാതായപ്പോൾ കുരുവികളെ വലവച്ച് പിടിച്ചുകൊല്ലാൻ തീരുമാനിച്ചു. ഒരുദിവസം രാമൻകുട്ടി വലയുമായി വയലിൽ വന്ന് വല കെണിച്ചുവച്ചു.

വയലിൽ വല കെണിച്ചുവയ്ക്കുന്നത് തവളകളെ പിടിച്ചുതിന്നു നടന്ന കീരി കണ്ടു. കുരുവികൾ കൂട്ടത്തോടെ പറന്നുവന്നപ്പോൾ കീരി പറഞ്ഞു :

"വയലിൽ കർഷകൻ വല കെണിച്ചുവച്ചിട്ടുണ്ട്. അവിടെ ഇറങ്ങി നെല്ല് കൊത്തി തിന്നാൽ വലയിൽ വീഴും."

കീരി ഇങ്ങനെ പറഞ്ഞിട്ടും കുരുവികൾ ചെവിക്കൊണ്ടില്ല. അവ വയലിൽ ഇറങ്ങി നെല്ല് തിന്നാൻ തുടങ്ങി. അവരോടൊപ്പം തവളയെ തിന്നാൻ കൊക്കും വന്നിരുന്നു. കുരുവികളും കൊക്കും വലയിൽ വീണു. രക്ഷപ്പെടാനുള്ള വഴി ആരാഞ്ഞ് വലയിൽ കിടന്ന് പിടഞ്ഞു. രക്ഷപ്പെടാൻ ഒരു വഴിയും കണ്ടെത്തിയില്ല.

അങ്ങനെ കുരുവികളും കൊക്കും ജീവൻമരണപോരാട്ടം നടത്തിക്കൊണ്ടിരുന്നപ്പോൾ കൃഷിക്കാരൻ വന്നു. വലയിൽ വീണുകിടന്ന കുരുവികളെ ഓരോന്നിനേയും പിടിച്ച് അയാൾ കൊല്ലാൻ തുടങ്ങി. അപ്പോൾ കൊക്ക് സങ്കടത്തോടെ പറഞ്ഞു.

"ഞാൻ നെല്ല് തിന്നുകയില്ല. അത് നിങ്ങൾക്ക് അറിയാൻപാടില്ലേ ? ദയവായി എന്നെ വെറുതെ വിടുക."

കൃഷിക്കാരൻ പറഞ്ഞു : "എനിക്ക് നിന്റെ ഒരു വർത്തമാനവും കേൾക്കണ്ടാ. നിന്നെ എന്റെ നെല്ല് തിന്നുനശിപ്പിക്കുന്ന കുരുവികളുടെ കൂടെയാണ് കണ്ടത്. അതുകൊണ്ട് നീയും എന്റെ ശത്രുവാണ്. നിന്നേയും ഞാൻ കൊല്ലാൻ പോകുകയാണ്."

**ചീത്ത കൂട്ടുകെട്ട് ആപത്ത് വരുത്തിവയ്ക്കും.**

# കർമ്മിയുടെ നിശബ്ദത

ടി. വി. ഹരികുമാർ
കണിച്ചുകുളങ്ങര
9446118387



**മ**രണവീട്ടിൽ അന്ന് സപിണ്ഡി അടിയന്തിരം നടക്കുകയാണ്. മരിച്ചയാളുടെ മക്കളും, പേരക്കുട്ടികളും, ബന്ധുമിത്രാദികളും പൊതുജനങ്ങളും അങ്ങനെ നല്ലൊരു ജനാവലി പന്തലിനു ചുറ്റുമുണ്ട്. പന്തലിനകത്ത് കർപ്പൂരം, ചന്ദനത്തിരി, നെയ്യ് ഇവയൊക്കെ എരിയുന്നതിന്റെ സുഗന്ധം വ്യാപിച്ചിരിക്കുന്നു. കത്തിച്ചു നിരനിരയായി വച്ചിരിക്കുന്ന നിലവിളക്കുകളുടെ ദീപ പ്രഭ ഒരു ആത്മീയാന്തരീക്ഷം നല്കുന്നുണ്ട്. ശരീരം മുഴുവൻ ചന്ദന, ഭസ്മ ലേപനങ്ങളാൽ അലംകൃതനായ, ചെറുപ്പക്കാരനായ കർമ്മി ഉറക്കെ മന്ത്രങ്ങൾ ഉച്ചാരണം ചെയ്യുന്നു. ബന്ധുമിത്രാദികളെ നോക്കി അക്ഷമനായ കർമ്മി പറഞ്ഞു - "ഇവിടെ നടക്കുന്നത് ഒരു പരി പാവന കർമ്മമാണ്. ശബ്ദ കോലാഹലം ഒഴിവാക്കൂ. നിശബ്ദതയാണ് വേണ്ടത്." ഇപ്പോൾ ആ പന്തലും, പന്തലുനിൽക്കുന്ന പ്രദേശവും നിശബ്ദം. അമ്മമാർ കുഞ്ഞുങ്ങളുടെ വായ പൊത്തി ആ വിധത്തിലുള്ള ശബ്ദവും ഒഴിവാക്കി. അപ്പോഴാണ് കർമ്മിയുടെ അടുത്ത് കൊരണ്ടിപ്പലകയിൽ നിന്ന് കർമ്മിയുടെ മൊബൈൽ ഉറക്കെപ്പാടിയത് "ലജ്ജാവതിയെ നിന്റെ കള്ളക്കടക്കണ്ണിൽ താഴം പൂവോ... താമരപ്പൂവോ..." ഒരു ചെറുചിരിയോടെ കർമ്മി മൊബൈലിൽ സംസാരിച്ചുകൊണ്ടുതന്നെ പറഞ്ഞുകൊണ്ടിരുന്നു. ഒരു പൂവ് വിളക്കത്തിട്ടുതൊഴുത്... ഒരു വറ്റെടുത്ത് മണത്ത് പുറകോട്ടിട്ട്...

ജനം കൈകൾ കെട്ടി നിശബ്ദരായി നിൽപ്പുണ്ടായിരുന്നു.

# കഥ

## രണ്ട് അമ്മമഴ കഥകൾ



കടാതി ഷാജി
9497791589

### ശ്രാദ്ധ ദിനം

**ക**ർക്കിടകം, മഴ തിമർത്ത് പെയ്യുന്ന ശ്രാദ്ധദിനം. പുലർകാലത്ത് മുറ്റത്തെ തൈമാവിൻ കൊമ്പത്ത് മഴ നനഞ്ഞു തളർന്ന ബലിക്കാക്ക പരേതാത്മാക്കളെ മഴനൂൽ വെളിച്ചത്തിൽ കാണുന്നു.

മുറ്റത്തെ മഴ വെള്ളച്ചാലിലേക്ക് പട്ടിണിയുടെ നേർത്തുമെലിഞ്ഞ നെഞ്ചിലെ കഞ്ഞിക്കലത്തിൽ നിന്നും അമ്മ ഛർദ്ദിച്ചത് ഒരു കുടന്ന രക്തം.

നെഞ്ചിലെ മൺകലം തകർന്ന് മുറ്റത്തേക്ക് മുഖം പൊത്തി വീണതും ബലിക്കാക്ക ഒന്നു കൊത്തിനുണയാൻ ചിറകനക്കുന്നതിനുമുമ്പ് അമ്മയുടെ രക്തം മഴവെള്ളത്തിൽ അലിഞ്ഞില്ലാതാകുന്നു.

### ചൊരിയുന്ന മഴ

ഇടവം മിഥുനം കർക്കിടകം വെയിൽ വരാത്ത മാസങ്ങൾ. കറുത്ത മഴ കനത്തുപെയ്യുന്ന ദിവസങ്ങളിൽ രാവിലെ തണുത്തുറഞ്ഞ പഴങ്കഞ്ഞി, ഉച്ചയ്ക്ക് മഴസ്വാദുള്ള കിണറ്റിലെ വെള്ളം.

രാത്രി ചോർന്നൊലിക്കുന്ന മേൽക്കൂരയ്ക്കു താഴെ മണ്ണെണ്ണ വിളക്കിന്റെ മങ്ങിയ വെളിച്ചത്തിൽ അമ്മ കഞ്ഞിതരും. കഞ്ഞിക്കു തൊട്ടുകൂട്ടാൻ മഴ നനഞ്ഞു പനി പിടിച്ച താളും തകരയും ചേർന്നുണ്ടാക്കുന്ന തോരനും മഴയുടെ സ്വാദ്.

താളും തകരയും ഒഴിച്ചു കറിയാക്കുന്ന രാത്രികളിൽ നാവും തൊണ്ടയും വയറിനകവും ചൊറിഞ്ഞുതിമർക്കും. പിറ്റേന്ന് വയറിളകി പോകുന്നതും തോരാത്ത മഴയുടെ പ്രവാഹത്തിലേക്ക്...

# ഭക്തി

ടി. കെ. ഉണ്ണികൃഷ്ണൻ
0491 - 2578098



**അ**മ്മ കുളിപ്പിച്ച ആ ചെറിയ കസവുമുണ്ട് ഉണ്ണിമണിയെ ചുറ്റിച്ചു. പിന്നെ അച്ഛൻ ഗൾഫിൽ നിന്നു കൊണ്ടുവന്ന വരയുള്ള ഷർട്ടും ഇടിയിച്ചു. അമ്മ തയ്യാറാവാൻ മുറിയിലേക്ക് പോയപ്പോൾ വലിയൊരു കാരണവരുടെ ഭാവത്തിൽ വരാന്തയിൽ കിടന്ന ചാരുകസേരയിൽ ചാരിക്കിടന്നു. ഉണ്ണിമണിയുടെ മനസ്സിൽ എപ്പോഴും ചിന്തകളാണ്. എല്ലാവരും പറയാറുണ്ട് അവൻ സ്വപ്നലോകത്താണ്. ചിന്തയിൽ ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ നിരവധിയുണ്ടാവും. അന്നും ചിന്തയിൽ ചോദ്യം വന്നു. എന്താണ് അമ്മ വെ ള്ളിയാഴ്ച അവനുമായി ക്ഷേത്രത്തിൽ പോകുന്നത്. വാതിൽ പൂട്ടി മുറ്റത്തേക്കിറങ്ങുന്ന അമ്മ പറഞ്ഞു എഴുന്നേറ്റുവാ. അവൻ അമ്മയുടെ കൂടെ നടന്നു. മനസ്സിലെ ചോദ്യം പുറത്തു വന്നു.

“എന്താ അമ്മ വെള്ളിയാഴ്ച ക്ഷേത്രത്തിൽ പോകുന്നത്.”

“കാവിൽ ഭഗവതിയല്ലേ. ഭഗവതിക്ക് വെള്ളിയാഴ്ച പ്രധാനം.”

“അപ്പോൾ ഭഗവതിക്ക് മറ്റ് ദിവസങ്ങൾ വെറുപ്പാണോ. മറ്റു ദിവസങ്ങൾ ഭഗവതിയുടെ അല്ലേ.”

“അയ്യയ്യോ അങ്ങിനെയൊന്നും പറയരുതേ” അമ്മ വിലക്കി.

റോഡിൽക്കൂടി നടക്കുമ്പോൾ ഉണ്ണിമണിക്ക് മനസ്സിൽ വേറൊരു ചോദ്യം വന്നു. ഭഗവതി ക്ഷേത്രത്തിന്റെ നാലു മൂലകളിൽ ചെറിയ ചെറിയ അമ്പലങ്ങൾ ഉണ്ട്. അതിൽ ഗണപതിയുടേയും അയ്യപ്പന്റേയും സർപ്പത്തിന്റേയും അങ്ങിനെ പലരുടേയും. എല്ലാം ഒരു മതിൽക്കെട്ടിന്റെയുള്ളിൽ. എല്ലായിടത്തും അമ്മ തൊഴിയിക്കും. ഒരു മതിൽക്കെട്ടിന്റെയുള്ളിൽ ഇത്ര ദൈവങ്ങൾ അപ്പോൾ പുറത്ത് എത്രയുണ്ടാവും. അതിൽ ഏതാണ് ശരിക്കും ദൈവം. വലിയ അമ്പലവും നടുക്കുള്ളതും ഭഗവതിയുടേതാണ് അപ്പോൾ അതു തന്നെ ദൈവം. അപ്പോഴേക്കും ചിന്ത വേറൊരു ഭാഗത്തേക്കുപോയി. അടുത്ത വേറൊരു ക്ഷേത്രത്തിൽ ശ്രീകൃഷ്ണനാണ് നടുവിൽ വേറെയൊന്നിൽ ശിവനും. അങ്ങിനെയെങ്കിൽ എത്ര ദൈവങ്ങളുണ്ട്. അതിൽ ഏറ്റവും വലിയവൻ ആരാണ്.

അമ്മയോട് ചോദിച്ചിട്ടു കാര്യമില്ല. ഉത്തരം മുട്ടിയാൽ അമ്മയ്ക്ക് ഒന്നേ പറയാനുള്ളൂ. നീ വലുതാകുമ്പോൾ എല്ലാം മനസ്സിലാകും.

അങ്ങിനെ ഉണ്ണിമണി അൽപ്പം വലുതായി. എട്ടാം ക്ലാസ്സിലായി. പക്ഷെ ചിന്തിച്ചിരിക്കുന്ന സ്വഭാവം മാറിയില്ല. ഉത്തരങ്ങൾ തേടി ചോദ്യങ്ങൾ മനസ്സിൽ കറങ്ങിക്കൊണ്ടേയിരിക്കും. അതിന്നിടയിലാണ് സ്കൂളിൽ അടുത്തിരിക്കുന്ന അബൂബക്കറുടെ ചോദ്യം. “ഇങ്ങള് ഈ ആലിനേയും എലിയേയും ആനയേയും പരുന്തിനേയും നദിയേയും അങ്ങിനെ പലതിനേയും തൊഴിതുന്നതെന്തിനാ. അതൊക്കെ നിങ്ങക്ക് പടച്ചോനാ. ഞങ്ങക്ക് ഒരു പടച്ചോനെ ഉള്ളൂ.”

അതിന്ന് ഉത്തരം തിരയുന്നതിന്നിടയിൽ ഉണ്ണിമണി പത്തിൽ തോറ്റു. അച്ഛൻ കുറെ പണവുമായി തിരിച്ചുവന്നിരുന്നു. അതുകൊണ്ട് സ്ഥലം വാങ്ങി കൃഷിയിലേക്ക് തിരിഞ്ഞിരുന്നു. എത്ര നിർബന്ധിച്ചിട്ടും ഉണ്ണിമണി സ്കൂളിൽ പോയില്ല. അയാളുടെ ചിന്തകൾ തിരയുകയായിരുന്നു ശരിയായ ദൈവത്തെ.

അയാൾ വലിയ വലിയ ക്ഷേത്രങ്ങളിൽ കറങ്ങി. പ്രഭാഷണങ്ങൾ കേട്ടു. അതിൽ നിന്നും ഉത്തരം കിട്ടിയില്ല. ഓരോ പ്രഭാഷണവും ഓരോ ദൈവത്തിന്റെ മാഹാത്മ്യങ്ങളെപ്പറ്റിയായിരുന്നു. പ്രഭാഷണം ഏതു ദൈവത്തെപ്പറ്റിയാണോ എല്ലാ ശക്തിയും അതിലാണെന്നും അതിന്നു മുകളിൽ ഒന്നുമില്ലെന്നും പണ്ഡിതൻ പറഞ്ഞു ഫലിപ്പിച്ചു. അപ്പോൾ എല്ലാമടങ്ങിയ ഒരുപാട് ദൈവങ്ങളുണ്ടോ.

അന്വേഷണങ്ങളുടെ ഇട

യിൽ ചിന്തകളുടെ ഇടയിൽ ഉത്തരം കിട്ടാത്ത ചോദ്യങ്ങളുടെ ഇടയിൽ അയാൾക്ക് യൗവ്വനം വന്നു. അയാ ൾ വീടുവിട്ടിറങ്ങി. ഗ്രാമങ്ങളും മലക ളും നഗരങ്ങളും നദികളും സമുദ്ര വും വനവും മൃഗങ്ങളും പക്ഷികളും അങ്ങിനെ പലതിനേയും കണ്ടുപിടി ച്ചു. ചിരിക്കുന്നവരുടേയും കരയുന്നവരുടേയും ഇടയിൽ പ്രകൃതിയുടെ കളികൾ കണ്ടു.

വെളുത്ത ലോഹ ഇട്ട ഫാദർ കർത്താവിന്റെ ഉപദേശങ്ങൾ നിരത്തുമ്പോൾ തലയിൽ തൊപ്പിയിട്ട മുസ ലിയാർ ഖുറാന്റെ നിയമവശങ്ങൾ പറയുമ്പോൾ ഗീതയി ലെ ഉപദേശങ്ങൾ സ്വാമിജി വിവരിക്കുമ്പോൾ ഉണ്ണിമണി കേട്ടിരുന്നു. അതെല്ലാം ചിന്തയിലൂടെ കടന്നുപോയപ്പോൾ ഒന്നിലും വ്യത്യസ്തത കണ്ടില്ല. പിന്നെ ലോകവുമായി അടുത്തു. ബു ദ്ധിജീവികളുടെ പുസ്തകങ്ങളിൽ കണ്ണു കൾ ഓടിച്ചു. ഇപ്പോൾ ചില കാര്യങ്ങളിൽ ഒരു ഉറപ്പുവന്നു. അബൂബക്കറിന്റെ ചോദ്യത്തിന് ഉത്തരം കണ്ടു. ദൈവ ത്തിനെ ഒരു വ്യക്തിത്വത്തിൽ ഒതുക്കേണ്ട അത് ഈ പ്രപ ഞ്ചത്തിൽ ഓരോ അണുവിലുമുണ്ട്. അബൂബക്കറെ അത് തന്നിലുമുണ്ട്. പഴയ ബുദ്ധിജീവികൾ മരങ്ങളേയും മൃഗങ്ങളേയും ജന്തുക്കളേയും നദിയേയും മലയേയും ദൈവമായി വിശ്വസിപ്പിച്ചതിന്റെ പിന്നിൽ ഒരാശയമുണ്ട്. അവയെ ബഹുമാനിക്കണമെന്നും അവയെ സംരക്ഷിക്ക ണമെന്നും ചില കടമകൾ അതിനോട് നമുക്ക് ഉണ്ട് എന്നും പ്രകൃതിയോട് സ്നേഹം വളർത്തണമെന്നും പഠി ക്കാൻ ഇതിലും വലിയ വഴിയെന്ത്.

ദൈവം എന്താണെന്നും നമ്മൾ എങ്ങിനെ പ്രാർ ത്ഥിക്കണമെന്നും ഉണ്ണിമണിക്ക് ഇന്ന് മനസ്സിലാക്കിയിരി ക്കുന്നു. വർഷങ്ങൾക്കുശേഷം അയാൾ വീട്ടിൽ മടങ്ങി യെത്തി. വാർദ്ധക്യത്തിലേക്ക് എത്തിയ അച്ഛനമ്മമാരുടെ കാലുകളിൽ വീണ് മാപ്പ് പറഞ്ഞു. ഇനി നിങ്ങളെ വിട്ട് എവിടേക്കുമില്ല. അയാളുടെ ഇടറിയ തൊണ്ടയിൽ നിന്ന് വന്ന വാക്കുകൾ മാതാപിതാക്കളെ സന്തോഷരാക്കി. ആ രുമില്ലെന്ന ഭയം അവരിൽ നിന്ന് അകന്നു.

പിറ്റേദിവസം രാവിലെ കുളികഴിഞ്ഞ് വന്നപ്പോൾ അമ്മ കസവുമുണ്ടുമായി നിന്നിരുന്നു. ഇന്ന് വെള്ളിയാ ഴ്ചയാണ്. അമ്മ മുഴുവനാക്കുന്നതിനുമുമ്പുതന്നെ ഉണ്ണി മണി പറഞ്ഞു. ദൈവത്തിന് ആഴ്ചയില്ല. പ്രത്യേക സ്ഥല മില്ല രൂപമില്ല. അത് അമ്മയിലും എന്നിലും ഈ പ്രപഞ്ചം മുഴുവനും ഉണ്ട്. ആ ശക്തിക്ക് വേണ്ടത് പൂജയോ പ്രസാദ മോ അല്ല. നല്ല നല്ല കർമ്മങ്ങൾ, പ്രകൃതിയോട് സ്നേഹം. പത്തിൽ തോറ്റ മകൻ എത്രയോ അറിവുകൾ നേടിയാണ് വന്നത് എന്ന് അമ്മ മനസ്സിലാക്കിയോ എന്തോ.

അച്ഛനും എഴുന്നേറ്റുവന്നു. അവർ ദിനചര്യയി ലേക്ക് കടന്നപ്പോൾ ഉണ്ണിമണി അടുക്കളയിലേക്ക് കടന്നു. അച്ഛനും അമ്മയും അത്ഭുതപ്പെട്ടു. അവരുടെ മുന്നിൽ ടിഫനും ചായയും ഉണ്ണിമണി വച്ചിരുന്നു.

ഉണ്ണിമണി അമ്മ കൊണ്ടു വന്ന കസവുമുണ്ട് അലമാരയിലേക്ക് വച്ചുപറഞ്ഞു. ഇത് വൈകുന്നേരം കുളിച്ചുകഴിഞ്ഞ് ചുറ്റാം. എന്നിട്ട് ബാഗിൽ നിന്ന് ഒരു ലു ങ്കിയെടുത്ത് ചുറ്റി. മുറ്റത്തുവന്ന് മൺവെട്ടിയും കൃഷി ആ യുധങ്ങളുമെടുത്ത് ആ രണ്ടേക്കർ ഭൂമിയിലേക്ക് ഇറങ്ങു മ്പോൾ ആത്മവിശ്വാസമുണ്ടായിരുന്നു. എല്ലാം പറഞ്ഞു കൊടുക്കാൻ ഒപ്പം അച്ഛനും അമ്മയുമുണ്ടായിരുന്നു.

കൊല്ലങ്ങൾക്കുള്ളിൽ പച്ച പിടിച്ച ആ തോട്ടം കാറ്റിൽ ആടിക്കളിക്കുമ്പോൾ ആ വായുവിൽ വിഷം നിറ ഞ്ഞ കീടനാശിനിയുടെ മണമില്ലായിരുന്നു. അതിലെ വിഭ വങ്ങൾക്ക് മനുഷ്യന്റേയും മൃഗങ്ങളുടേയും പക്ഷി ജന്തു ക്കളുടേയും സുരക്ഷിതത്വം ഉണ്ടായിരുന്നു. ശരിയായ ദൈവഭക്തിയിലേക്ക് താൻ കടന്നിരിക്കുന്നു എന്ന് ഉണ്ണി മണിക്ക് ഉറപ്പുണ്ടായിരുന്നു. ●

# കഥ


കൃഷ്ണ എഴക്കാട്

9847469166




# ചുറ്റുവട്ടം

പണ്ഡിറ്റ് മാഷും സീത ടീച്ചറും ഒരുമിച്ചാണ് സ്കൂളിൽ നിന്നും ഇറങ്ങിയത്. കവലയിലെത്തും വരെ മാഷിന്റെ സംസാരം കേട്ട് ടീച്ചർ നടന്നു. വൈകീട്ട് കു ട്ടികൾക്ക് ഉപ്പുമാവിന് റവ വാങ്ങണം. വിശന്നിട്ടാവും രണ്ടാളും വരാ. ടീച്ചർ വേവലാതിപ്പെട്ടു.

"എന്നാ താൻ കടേല് കേറിക്കോ. ഞാനിപ്പോ എത്താം. ആ സമ്മേളനം ഒന്ന് നോക്കട്ടെ."

മറുപടിക്ക് കാത്ത് നില്ക്കാതെ മാഷ് നടന്ന കന്നു ! ആ നടത്തം നോക്കി ടീച്ചർ ഒന്ന് നെടുവീർപ്പിട്ടു! പിന്നെ സാമാനങ്ങൾ വാങ്ങി വീട്ടിലേക്ക് വലിഞ്ഞുനട ന്നു. ചായ, ഉപ്പുമാവ് പിന്നെ അലക്കലും കഴിഞ്ഞു. രാത്രിക്കുള്ളതും വട്ടം കൂട്ടി.

മാഷ് പ്രസംഗം നല്ലോണം കേട്ടു. "കുട്ടൻ നാ യരേ... എന്താ പ്രസംഗം... ഏകാധിപത്യം, ഫാസിസം, അസമത്വം മൂല്യ നിരാസം ഇതൊക്കെയല്ലേ... നമ്മു ടെയിടയിലെ യഥാർത്ഥ പ്രശ്നം? അടുത്ത കാലത്തൊ ന്നും ഇത്ര നല്ല പ്രസംഗം ഞാൻ കേട്ടിട്ടില്ല. മാഷ് വാചാ ലനായി. പിന്നെ വായനശാലയിലെ ചർച്ചയും കഴിഞ്ഞ് കൂടണയുമ്പോൾ മക്കൾ പഠിത്തം കഴിഞ്ഞിരുന്നു. ടീ ച്ചർ അടുത്ത ദിവസത്തേക്ക് പച്ചക്കറി നുറുക്കിവെച്ചിരു ന്നു.

"നാളെ എന്റെ പിറന്നാളിന് കൂട്ടുകാർക്ക് കൊ ടുക്കാൻ അച്ഛൻ എന്താ വാങ്ങിയത്?" മകളുടെ ചോ ദ്യം... ജുബ്ബ ഊരുന്നതിനിടയിൽ മുഴുവൻ കേട്ടില്ല !

"അപ്പൊ എന്റെ സ്കൂളിലെ PTA മീറ്റിംഗോ ?" മകന്റെ ചോദ്യം കുളിക്കുന്നതിനിടയിൽ അദ്ദേഹം കേട്ടില്ല.


ഊണ് കഴിക്കുമ്പോൾ ഇഷ്ടമില്ലാത്ത കാര്യ ങ്ങൾ പറയരുതെന്ന് ടീച്ചറെന്ന ഭാര്യക്കറിയാം. അതു കൊണ്ട് പിറ്റേന്ന് വൈകീട്ട് ഡോക്ടറെ കാണിക്കാൻ കൊണ്ടുപോകണം എന്ന് പറഞ്ഞില്ല. തിരക്കുള്ള ആള ല്ലേ കഴിഞ്ഞ മാസം വന്നത് തന്നെ എത്രവല്യ കാര്യാ. "മാഷ് കിടന്നോളൂ... ഞാനിത്തിരി ടീച്ചിംഗ് നോട്ട് എഴുതട്ടെ."

"ഈ പാതിര വരെ താൻ എന്തുചെയ്യാരുന്നു ? ക്ഷീണിച്ചുവരുമ്പോൾ മനുഷ്യന് ഉറങ്ങാനും പറ്റില്ലയ്... നാളെ ജോലിക്ക് പോണ്ടേ ?"

ഒച്ച കേട്ട് മക്കൾ നോക്കിയപ്പോൾ ടീച്ചർ പുസ് തകം എടുത്തുവെച്ചു. രാവിലെ നേരത്തെ എഴുന്നേറ്റാൽ മതിയല്ലോ എന്നും സമാധാനിച്ചു. മാഷ് കിടന്നുകൊണ്ട് അന്നത്തെ പ്രസംഗം അയവിറക്കാൻ തുടങ്ങി. ടീച്ചറുടെ കൂർക്കം വലി അദ്ദേഹത്തെ അലോസരപ്പെടുത്തി.

"വെറുതെയല്ല ഈ പെണ്ണുങ്ങൾക്ക് ലോക വിവരം ഇല്ലാന്ന് പറയണത്. കഷ്ടം." ഉറക്കത്തിലേക്കു വഴുതി വീഴുമ്പോൾ മാഷുടെ ആത്മഗതം. ●

## കഥ




അരവിന്ദൻ

9745935385, 0494 - 2682899


# കല്യാണനിശ്ചയം

**ഫോ**ൺ താഴെവെച്ച് അയാൾ ഭാര്യയെ വിളിച്ചു. അടുക്കളയിൽ എന്തോ ചെയ്യുകയായിരുന്ന ഭാര്യ ഓടിവന്നു. ഭർത്താവ് വിളിച്ചാൽ എവിടെയാണെങ്കിലും അവിടെ ഉടനെ എത്തുകയെന്നത് അവരുടെ ശീലമാണ്. ഭർത്താവിന്റെ മുന്നിലെത്തിയ ഭാര്യ ചോദിച്ചു:

"എന്തേ വിളിച്ചത്?"

"നിനക്കൊരു തമാശ കേക്കണോ? നമ്മുടെ മോൻ നാളെ ഇങ്ങെത്തുമത്രെ."

ഭാര്യയുടെ മുഖത്ത് ഉൽക്കണ്ഠ. അതിശയം. അയാൾക്ക് ചിരിവന്നു. മാലപ്പടക്കത്തിനു തീ കൊളുത്തിയ മട്ടിൽ ചിരി നീണ്ടു. ഭാര്യ ചോദിച്ചു,

"മോൻ വരണേന് എന്താത്ര ചിരിക്കാൻ ള്ളത്?"

"എന്തിനാ വര്ണ്ന്ന് നെനക്കറിയ്യോ?"

"എന്തിനാ?"

"നെന്റെ മോൻ വരണത് കല്യാണനിശ്ചയത്തിൽ കൂടാനാണത്രെ!"

അയാൾക്ക് വീണ്ടും ചിരി പൊട്ടി. ചിരി കൂട്ടുകതിനയായി. അമിട്ടായി. പലനിലകളിലേക്കുയർന്നു പൊട്ടിച്ചിതറിയ അമിട്ടുകൾ...

ഭാര്യ ചോദിച്ചു: "കല്യാണനിശ്ചയത്തിന് വരണതാണൊ ഇത്ര വല്യേ ആനക്കാര്യം? എനിക്കടുക്കളേല് നൂറുകൂട്ടം പണിണ്ട്. കിണുങ്ങാൻ കണ്ട നേരം." - അവൾ പോകാനൊരുങ്ങി.

"അങ്ങനെയങ്ങു തടിതപ്പാൻ വരട്ടെ..." അയാൾ തടഞ്ഞു.

"നെനക്കു കേക്കണോ? വരുന്നുണ്ടെന്നു പറഞ്ഞപ്പോൾ ഞാൻ അന്വേഷിച്ചു. നീ ഇപ്പോ വന്നു പോയിട്ടല്ലേള്ളൂ? എന്താത്രപെട്ടെന്ന് ? അവൻ പറയ്യാ, കല്യാണനിശ്ചയം ജീവിതത്തിലൊരിക്കലല്ലേണ്ടാവൂ".

"ആരടെ കല്യാണാ ? ഞാൻ തിരക്കി. അവൻ പറയ്യാ. ന്റെ ആകപ്പാടെയുള്ള കസിന്റെ അല്ലാതാരട്യാ. അച്ഛനെന്തിനാ പൊട്ടൻ കെട്ട്ണ്?"

"ഞാൻ പറഞ്ഞു. ഇത്രയും ദൂരത്തുനിന്ന് നീ വരേണ്ട ആവശ്യമില്ലെന്നാ എനിക്കുതോന്നുന്നത്. ഞാനും അമ്മയും പോകുന്നുണ്ടല്ലോ. നീ കല്യാണത്തിനുവന്നാൽ പോരേ?"

"അച്ഛനെന്താ ഈ പറേണ്? ബന്ധുക്കളുടേതായി ഇനി അടുത്തൊന്നും നമുക്കൊരു കല്യാണമില്ലല്ലോ. തീവണ്ടിയിൽ ടിക്കറ്റു കിട്ടാത്തതു കൊണ്ട് ഫ്ളൈറ്റിനു ടിക്കറ്റു കളെടുത്തു കഴിഞ്ഞു. ബോസ് ലീവും അനുവദിച്ചു. അച്ഛന് ബന്ധങ്ങളുടെ വില അറീല്ല."

"മനസ്സിൽ അസ്വസ്ഥതയുടെ വേനൽ അനുഭവപ്പെട്ടു. അല്പനേരത്തേക്ക് മനസ്സ് തണുപ്പിക്കുവാൻ പാടുപെട്ടു. പിന്നീട് ചിരി തികട്ടി വന്നു. ചിരിച്ചില്ല. ചിരിച്ചാൽ നെന്റെ മോൻ കടിച്ചാൽ പൊട്ടാത്തതെന്തെങ്കിലും പറഞ്ഞാലൊ? ഫോൺ താഴെവച്ചു. നീ ഓപ്പറേഷൻ കഴിഞ്ഞ് ആശുപത്രിയിൽ കിടക്കുമ്പോൾ ബന്ധങ്ങളുടെ വില അറിയുന്ന അവൻ വന്നോ?"

"അവനെന്താച്ചാ ചെയ്തോട്ടെ. വെറുതെ ഓരോന്നു പറഞ്ഞും ചിന്തിച്ചും ദുഃഖം വെലക്കു വാങ്ങണൊ?" ഭാര്യ അടുക്കളയിലേക്കു പറന്നു. പൂമുഖത്തിട്ട ചാരുകസേരയിൽ കിടന്നുകൊണ്ട് അയാൾ അയാളുടെ ചിരിയുടെ വേരുകൾ പറിക്കാനാരംഭിച്ചു. നാടുമുഴുവൻ കടം വാങ്ങി ധൂർത്തടിച്ച അച്ഛൻ. ആരെയും കൂസാത്ത താന്തോന്നി. അച്ഛന്റെ ചെയ്തികൾക്കൊപ്പം പൊട്ടൻ കെട്ടിയാടിയ അമ്മ. കടക്കാരുടെ കറുത്ത മുഖങ്ങളും കടുത്ത തെറികളും കണ്ടും കേട്ടും തഴമ്പിച്ച ബാല്യകാലം. അമ്മയും അച്ഛനും കൂടി ഒഴുക്കിക്കളഞ്ഞത് പൂർവ്വീകർ അദ്ധ്വാനിച്ച് സംഭരിച്ച സമ്പാദ്യം. അവസാനം വാടകക്കുടിലിലേക്ക് താമസം മാറ്റേണ്ടിവന്ന ഗതികേട്...

എന്നിട്ടും കസിൻ പഠിച്ചു. പഠിക്കാൻ സമർത്ഥൻ. ബന്ധുക്കളും അദ്ധ്യാപകരും നാട്ടുകാരും സഹായിച്ചു. അന്നൊക്കെ അഞ്ചക്ക ശമ്പളം വാങ്ങിയിരുന്ന അയാളുടെ മകന് കസിൻ ചതുർത്ഥിയായിരുന്നു.

കസിനും അച്ഛനും ഇടക്കിടെ അയാളുടെ ജോലി സ്ഥലത്തെ വീട്ടിൽ വരും. എന്തെങ്കിലും സഹായം തേടാനാവും വരവ്. വരുന്നുണ്ടെന്നറിഞ്ഞാൽ തന്നെ മകൻ മുറുമുറുക്കൽ തുടങ്ങും. ശല്യങ്ങളെ വേഗം ഒഴിവാക്കണമെന്ന നിർദ്ദേശവും തരും. മാത്രമല്ല അവർ വീട്ടിൽ വരുമ്പോഴൊക്കെ മകൻ ഉറക്കം നടിച്ചു കിടക്കും. എത്ര വിളിച്ചാലും എഴുന്നേൽക്കില്ല. അവരുടെ ചേട്ട പിടിച്ച മുഖം കണ്ടാൽ നൂറു പ്രാവശ്യം കുളിക്കണമത്രെ! അവർ തിരിച്ചുപോയെന്നുറപ്പായാൽ ചാടി എഴുന്നേറ്റ് പിറുപിറുക്കും.

"ബുദ്ധിമുട്ടിപ്പിക്കാൻ വേണ്ടി ഓരോരുത്തർ കെട്ടിയെടുക്കും."

പലതവണ മകനെ ശാസിച്ചിട്ടുണ്ട്. ഉപദേശിച്ചിട്ടുണ്ട്. വീട്ടിൽ വരുന്നവരാരായാലും അവരോട് നന്നായി പെരുമാറണം. നീ കാട്ടിക്കൂട്ടുന്നതൊന്നും ശരിയല്ല. കഴിഞ്ഞകാലം മറക്കരുത്. കെട്ടിക്കിടപ്പുണ്ടായിട്ടല്ല നെന്നെ പഠിപ്പിച്ചത്. മോഹം കൊണ്ടാ. എത്രപേരുടെ സഹായം പറ്റിയിട്ടുണ്ടെന്ന് നെനക്കറിയ്യോ? ശമ്പളം കടം വീട്ടാൻ തികയുമായിരുന്നില്ല. ആളുകൾ കടം തന്നിരുന്നത് നെന്നെ കണ്ടിട്ടായിരുന്നില്ല. എന്റെ സ്വഭാവഗുണം കൊണ്ടായിരുന്നു. പണം ഇന്നല്ലെങ്കിൽ നാളെ തിരിച്ചു കിട്ടും എന്ന വിശ്വാസമുണ്ടായതു കൊണ്ടായിരുന്നു. മദ്യപിച്ചില്ല. പുകവലിച്ചില്ല. മുറുക്കുശീലിച്ചില്ല. നിന്റെ വിദ്യാഭ്യാസകാലത്ത് ആകപ്പാടെ ഒരു സിനിമയാ കണ്ടിരിക്കുന്നത്. ബോബി. അനിയനും കുടുംബവും വന്നപ്പോൾ അവരേയും കൊണ്ടാ സിനിമക്ക് പോയത്. അതും അവരുടെ നിർബന്ധംകൊണ്ട്. ടിക്കറ്റ് വാങ്ങിയത് അവരാ. ആകപ്പാടെ രണ്ടു പാന്റും രണ്ടു ഷർട്ടുമാണുണ്ടായിരുന്നത്. അത് തിരുമ്പിയും ഉണക്കിയും തേച്ചും ഇട്ടുനടന്നു. ഒരു സ്വെറ്റർ കൊണ്ടാ കൊടുമ്പിരിക്കൊള്ളുന്ന തണുപ്പുകാലം കഴിച്ചുകൂട്ടിയിരുന്നത്. നിന്റെ അമ്മയുടെ സ്ഥിതിയും മറ്റൊ

ന്നായിരുന്നില്ല. പക്ഷേ, നിനക്കൊരു കുറവും വരുത്തിയിട്ടില്ല. നീ നഗരത്തിലെ ഏറ്റവും നല്ല വിദ്യാലയത്തിൽ പഠിച്ചു. നല്ല വസ്ത്രങ്ങളണിഞ്ഞു. ബുദ്ധിമുട്ടെന്തെന്ന് നീ അറിഞ്ഞിട്ടില്ല.

പറയുന്നതെല്ലാം കേൾക്കാനുള്ള ക്ഷമ മകനുണ്ടായിരുന്നില്ല. അവന്റെ മുഖം വെറുപ്പിന്റെ കാർമേഘക്കീറുകൾകൊണ്ട് നിറയും. എന്തെങ്കിലും പിറുപിറുത്തുകൊണ്ടവൻ സ്ഥലം വിടും. ഒരിക്കൽ അവൻ നിർദ്ദാക്ഷിണ്യം ക്ഷോഭിച്ചു.

“ഒന്നു നിർത്താമോ? കഥ കേട്ടുകേട്ടു മടുത്തിരിക്കുന്നു.” തുടർന്നുതിർത്ത വാക്കുകൾക്ക് കാരമുള്ളിന്റെ മൂർച്ച. അവ ഹൃദയത്തിലേക്കാഴ്ന്നിറങ്ങി. അതിനുശേഷം ഗുണദോഷിക്കാറില്ല. എന്തെങ്കിലും ചെയ്തോട്ടെ. ദൈവത്തിനു നിരക്കാത്തതു ചെയ്താൽ അതിന്റെ ശിക്ഷ സ്വയം അനുഭവിച്ചോട്ടെ. ഒരിക്കലും അയാൾ മകൻ വരച്ച വരക്കകത്തൊതുങ്ങിയിട്ടില്ല. ശരിയെന്നു തോന്നിയതിൽ എന്നു ഉറച്ചുനിന്നു. കഴിയുന്ന സഹായങ്ങൾ ആർക്കും എപ്പോഴും ചെയ്തുകൊടുത്തു. വർഷങ്ങൾക്കു പുറകിലേക്ക് മനസ്സ് കുതിച്ചു.

ഓഫീസിൽ നിന്ന് കടമെടുത്ത് മകനുവേണ്ടി ഒരു കമ്പ്യൂട്ടർ വാങ്ങിയ സമയം. അക്കാലത്താണ് ഒരു പരീക്ഷയെഴുതാനായി കസിൻ വന്നത്. കേട്ടപാടെ മകൻ പറഞ്ഞു:

“കമ്പ്യൂട്ടർ ലോക്ക് ചെയ്ത് വെച്ചോളൂ. അല്ലെങ്കിൽ അതിന്റെ പണി കഴിക്കും.”

ദൈവകല്പിതമെന്നേ പറയേണ്ടൂ. ഇപ്പോൾ രാവും പകലും കസിൻ കമ്പ്യൂട്ടറിന്റെ മുന്നിലാണ്. കമ്പ്യൂട്ടറിൽ ജോലി ചെയ്യുന്ന എത്രയോ പേർ അവന്റെ കീഴിൽ പ്രവർത്തിക്കുന്നു.!

ഭൂതകാലചിത്രങ്ങൾ കടൽത്തിരകളെപ്പോലെ ഒന്നൊന്നായി മനസ്സിലേക്കടിച്ചുകയറിക്കൊണ്ടിരുന്നു. റിട്ടയറായി നാട്ടിൽ വന്ന കാലം. മകൻ ലീവിൽ വന്ന സമയം.

പന്ത്രണ്ടാം ക്ലാസ്സ് പരീക്ഷയിൽ റാങ്ക് വാങ്ങി മെറിറ്റിൽ എഞ്ചിനീയറിംഗിന് അഡ്മിഷൻ കിട്ടിയ കസിനും അച്ഛനും കൂടി വീട്ടിൽ വന്നു. കോളേജിൽ ചേരാൻ എന്തെങ്കിലും സാമ്പത്തിക സഹായം വേണം. കടമായി കൊടുത്താലും മതി... മകൻ കൈമലർത്തി. അത്രയേ ചെയ്തിരുന്നുള്ളുവെങ്കിൽ സമാധാനിക്കാമായിരുന്നു. മകന്റെ വാക്കുകൾ കല്ലുകളായി. കഠാരകളായി.

“കയ്യിൽ കാശുള്ളവരാണ് എഞ്ചിനീയറിംഗിനും മെഡിസിനും മറ്റും ചേരുക. നാട്ടുകാരുടെ പോക്കറ്റിൽ പണമുണ്ടോ എന്നന്വേഷിച്ചുകൊണ്ട് തെണ്ടുകയല്ല വേണ്ടത്. വല്ല ജോലിയും നോക്കട്ടെ...”

കേട്ടുനിന്നവർ വിയർത്തു. കഠാരിക്കുത്തേറ്റ് കൂടുതൽ വേദനിച്ചത് അയാൾക്കായിരുന്നു. അകതാരിൽ ചിന്തകളുടെ കടന്നൽകൂടിളകി. ഒരു വിധം മനസ്സ് നിയന്ത്രിച്ച് അന്വേഷിച്ചു. “നെനക്ക് ഒരുകൊല്ലത്തേക്ക് ഫീസെത്രയാ?”

“നാലയ്യായിരം വരും”

തേങ്ങ വിറ്റ പണം കിട്ടിയ ദിവസമായിരുന്നു. അതിൽ നിന്ന് നാലായിരം എടുത്ത് ഒരു കവറിലാക്കി അവനുകൊടുത്തുകൊണ്ടുപറഞ്ഞു. “ഒരു കൊല്ലത്തെ ഫീസ് എന്റെ വകയാവട്ടെ. ഭഗവാൻ നിനക്ക് നല്ലത് വരുത്തും.”

അവർ യാത്ര പറഞ്ഞുപോയതിനുശേഷം വീട് യുദ്ധക്കളമായി. കയ്യും കണക്കുമില്ലാത്ത അച്ഛന്റെ പോക്കിനെതിരെ മകൻ ശബ്ദമുയർത്തി. കടൽത്തിരയുടെ ഇരമ്പം പോലെ അവ ചെവിയിൽ വന്നലച്ചു. കേട്ടു കേട്ടു സഹികെട്ടപ്പോൾ പൊട്ടിത്തെറിച്ചു.

“നിനക്ക് ഒരു നഷ്ടവും വരുത്തിയിട്ടില്ലല്ലോ. എന്റെ പണം എങ്ങിനെ വിനിയോഗിക്കണമെന്ന് ഞാൻ തീരുമാനിക്കും. നിന്റെ സമ്മതം വേണ്ട.”

എങ്ങിനെയാണ് പഠനം കഴിഞ്ഞതെന്ന് ഇന്നും വിസ്മയമാകുന്നു. ബാങ്ക് ലോണും സ്കോളർഷിപ്പും പലരുടെ സഹായങ്ങളും ട്യൂഷനും മറ്റുമായി വെല്ലുവിളിയുടെ തീക്ഷ്ണതയിൽ കുതിർന്ന നാലു കൊല്ലം. പഠിപ്പുകഴിയുന്നതിനുമുമ്പു തന്നെ ഒരു മൾട്ടിനാഷണൽ കമ്പനി കസിനെ തപ്പിയെടുത്തു. അവർക്ക് രണ്ടുകൊല്ലത്തെ ബാങ്ക് ഗ്യാരന്റി വേണമായിരുന്നു. നാടുമുഴുവൻ കടത്തിൽ മുങ്ങിയ, കടം വാങ്ങിയാൽ ഒരിക്കലും സമയത്തിനു തിരിച്ചുകൊടുക്കാത്ത കസിന്റെ അച്ഛനെ സഹായിക്കാൻ ആരും മുതിർന്നില്ല. അവസാനം അവർ അയാളുടെ അടുത്തെത്തി. അക്കാര്യം മണത്തറിഞ്ഞ മകൻ അന്നേരവും താക്കീതുചെയ്തു.

“അച്ഛൻ വെറുതെ വലയിൽ ചെന്നു കുടുങ്ങണ്ട. ഐ. ടി. ഫീൽഡിൽ ഇന്നത്തെ കാലത്ത് ആരും രണ്ടുകൊല്ലം ഒരു കമ്പനിയിൽ ജോലി ചെയ്യില്ല. ഒന്നരാടം ജോലി മാറലാണ് ഇന്നത്തെ അവസ്ഥ. ബാങ്ക് ഗ്യാരന്റിക്ക് കൂട്ടുനിന്നാൽ പണം അച്ഛൻ അടയ്ക്കേണ്ടതായി വരും.”

വരുന്നത് വരട്ടെ എന്നുറപ്പിച്ചാണ് ബാങ്ക് ഗ്യാരന്റി സൗകര്യപ്പെടുത്തിക്കൊടുത്തത്. മകനറിയാതിരിക്കാൻ ശ്രദ്ധിച്ചു. ഉച്ച വെയിലിൽ വെട്ടിത്തിളങ്ങുന്ന വെയിൽ പാളങ്ങൾ കോലായിൽ കയറി വികൃതി കാട്ടാൻ തുടങ്ങിയപ്പോൾ കസേര നിഴലിലേക്ക് നീക്കിയിട്ടു. കഴിഞ്ഞുപോയ കാര്യങ്ങൾ ചികഞ്ഞു നോക്കിയിരുന്ന മനസ്സിനെ പിടിച്ചു കെട്ടാൻ കഴിഞ്ഞില്ല.

ജോലിയിൽ ചേരാൻ നാടുവിടുമ്പോൾ മകനെ ഫോണിൽ വിളിച്ച് പ്രത്യേകം കെഞ്ചി. റെയിൽവേസ്റ്റേഷനിൽ ചെല്ലണം. പരിചയമില്ലാത്ത നഗരം. അറിയാത്ത ഭാഷ. ജോലിയിൽ ചേർന്ന് സെറ്റിൽ ചെയ്യുന്നതുവരെ ശ്രദ്ധിക്കണം. സഹായിക്കണം. പലതും പറയണമെന്നുണ്ടായിരുന്നു. പക്ഷേ, അതിനുമുമ്പ് ഫോൺ മരവിച്ചു. പിന്നീടെന്നോ നാട്ടിൽ വന്നപ്പോൾ മകൻ ന്യായീകരിക്കുന്നതുകേട്ടു.

“നാട്ടിൽ നിന്ന് ജോലി തേടിയെത്തുന്നവർക്കെല്ലാം അഭയം നൽകാൻ എന്റെ വീട് വഴിയമ്പലമൊന്നുമല്ല...”

ഭാഗ്യം കൊണ്ട് ഒറ്റക്കായിരുന്നില്ല യാത്ര. ഒരു സഹപാഠിക്കും ജോലി ലഭിച്ചിരുന്നു. ഇരുവരും കൂടി ഒരു ഹോട്ടലിൽ മുറിയെടുത്തു. പിന്നീട് ഏതോ ലോഡ്ജിലേക്ക് താമസം മാറ്റി. കസിൻ കഠിനാദ്ധ്വാനിയായിരുന്നു. നഷ്ടപ്പെട്ടതെല്ലാം തിരിച്ചുപിടിക്കണമെന്ന് കടുത്ത വാശിയോടെ ജോലി ചെയ്തു. കമ്പനിയിലെ ഉയർന്ന ഉദ്യോഗസ്ഥന്മാർക്കവൻ കണ്ണിലുണ്ണിയായി. അവനച്ഛനെഴുതി. “ഇനിയും കടം വരുത്തരുത്. ഇപ്പോഴുള്ള കടങ്ങളെല്ലാം ഞാൻ വീട്ടിക്കൊള്ളാം. കുറച്ചു സമയം തരാൻ പറയൂ...”

ക്രമേണ കടങ്ങൾ തീർന്നു. വീടുവാങ്ങി. വാടക വീടു വിട്ടു. പടിപടിയായി കസിൻ വളർന്നു. നാട്ടിലും ജോലിസ്ഥലത്തും സ്ഥാനമായി. കണ്ടാൽ തിരിഞ്ഞുനടന്നിരുന്ന പലരും ചങ്ങാത്തം പറഞ്ഞെത്തി. ധനികയും ബിരുദാനന്തരബിരുദവും ഉയർന്ന ഉദ്യോഗവുമുള്ള സുന്ദരിയായ ഒരു പെൺകുട്ടിയെ ഇന്റർനെറ്റിലൂടെ കണ്ടെത്തിയപ്പോൾ മനസ്സിൽ കിളുർത്തുയർന്ന അസൂയ മറച്ചുവെച്ച് പലരും ബന്ധങ്ങൾ ഊട്ടിയുറപ്പിക്കാൻ പരക്കം പാഞ്ഞു.

ഓർമ്മകളുടെ ഓളങ്ങളിൽ ഒഴുകുകയായിരുന്ന മനസ്സ് ഓന്തുപോലെ നിറം മാറുന്ന പൊയ്മുഖ


ങ്ങൾ കണ്ടന്തംവിട്ടു...

ഒരു കപ്പ് കാപ്പിയുമായി പുറത്തുവന്ന ഭാര്യ തിരക്കി... ''എന്താ പട്ടാപകൽ തനിച്ചിരുന്നു സ്വപ്നം കാണ്വാ...?''

സാവധാനം എഴുന്നേറ്റ് ഭാര്യയുടെ മുന്നിൽചെന്ന് കുമ്പിട്ടു. എന്നിട്ട് ഭവ്യതയോടെ ഒരു ചോദ്യം. ''കല്യാണ നിശ്ചയത്തിനുപോകാൻ ഒരു ഹെലികോപ്റ്റർ ബുക്ക് ചെയ്യാൻ നെന്റെ മോനോട് പറഞ്ഞാലോ? ബന്ധങ്ങളുടെ വില പഠിക്കണ്ടേ...?''

ആ ഫലിതത്തിലെ പരിഹാസത്തിൽ ലയിച്ച് ഇരുവരും കുലുങ്ങിക്കുലുങ്ങിച്ചിരിച്ചു. ചിരിയുടെ ലഹരിയിൽ കാപ്പി തുളുമ്പിപ്പോയത് അവർ അറിഞ്ഞില്ല.

●



ടി. വി. നാരായണൻ കുട്ടി
8547594929

# തീവണ്ടിക്കഥകൾ

## അന്തരം

**റെ**യിൽവെ പ്ലാറ്റ്ഫോമിൽ നിലത്തിരുന്ന് തന്റെ കുഞ്ഞിനെ മുലയൂട്ടുന്നൊരു ഭിക്ഷാടന സ്ത്രീ. മടിയിലെ കുഞ്ഞ് തന്റെ ഇടതുകൈ അമ്മയുടെ നെഞ്ചത്തും, വലതു കൈ അമ്മയുടെ പുറത്തും ചേർത്ത് വെച്ചിരിക്കുന്നു, ആശ്ലേഷിക്കുന്ന പോലെ. അമ്മയും, കുഞ്ഞുമെന്ന ആത്മബന്ധത്തിന്റെ ഉത്തമ ദൃഷ്ടാന്തം. കുഞ്ഞ് അമ്മിഞ്ഞപ്പാല് ചപ്പിക്കുടിക്കുന്നത് കണ്ട അമ്മയുടെ മുഖത്ത് തികഞ്ഞ ചാരിതാർത്ഥ്യം.

അടുത്തുതന്നെയൊരു ചാരുബെഞ്ചിൽ കുഞ്ഞിന് മുലക്കുപ്പിയിൽ പാൽ നൽകുന്നൊരമ്മ. കുഞ്ഞ് തന്റെ രണ്ടു കൈകളും കൊണ്ട് മുറുകെപ്പിടിച്ചിരിക്കുന്നത് മുലക്കുപ്പിയെ; പാൽ കുടിക്കുന്നതിനിടയിൽ കുഞ്ഞ് രണ്ട് കണ്ണും മിഴിച്ച് നോക്കുന്നത് അമ്മയുടെ മുഖത്തേക്ക്, അമ്മയുടെ ശ്രദ്ധ പത്രവായനയിൽ.

## അമളി

ഏതാണ്ട് രണ്ട് മിനിട്ടോളം നിൽക്കുന്നൊരു സ്റ്റേഷനിൽ വണ്ടി നിർത്തിയപ്പോൾ അയാൾ ധൃതിപിടിച്ചിറങ്ങി. ചില്ലറ വാങ്ങുമ്പോൾ സമയം വൈകുമെന്ന് വിചാരിച്ച് ചായക്കായി ഒരുപത്തുരൂപ നോട്ടയാൾ പോക്കറ്റിൽ കരുതിയിരുന്നു. പെട്ടെന്ന് ചെന്ന് തൊട്ടടുത്ത് കണ്ട സ്റ്റാളിൽ നിന്ന് ഒരു പേപ്പർ ഗ്ലാസ്സിൽ ചായയും വാങ്ങി അയാൾ മടങ്ങി. ട്രെയിൻ അപ്പോഴേക്കും നീങ്ങിത്തുടങ്ങിയിരുന്നു. ചാടിക്കയറിയയാൾ തിരിഞ്ഞുനോക്കുമ്പോൾ സ്റ്റാളിലെ ജീവനക്കാരൻ ചിരിച്ചുകൊണ്ട് കൈ വീശി യാത്ര പറയുന്നു. ധൃതിയിൽ സീറ്റിൽ ചെന്ന്, സീറ്റിന്നടിയിലേക്ക് ഗ്ലാസ്സ് വെച്ചു. ട്രെയിൻ വേഗം കൂടിയപ്പോൾ പതുക്കെ ഗ്ലാസ്സെടുത്ത് ചുണ്ടോടടുപ്പിച്ചു. പച്ചവെള്ളത്തിന്റെ ചുവ ! അയാൾ തന്നെ പറ്റിച്ചോ ? താൻ ചായയല്ലേ പറഞ്ഞത് ? അതോ പച്ചവെള്ളമോ ? സംശയം തീർക്കാനയാൾ പോക്കറ്റിൽ തപ്പി. പത്ത് രൂപാനോട്ടവിടെത്തന്നെ കിടക്കുന്നു ! അയാളല്ല പറ്റിച്ചത്, പറ്റിയത് തനിക്കാ...!

## എളുപ്പവഴി

ഓടിക്കൊണ്ടിരിക്കുന്ന തീവണ്ടി കംപാർട്ടുമെന്റിൽ ചപ്രച്ച മുടിയും, മുഷിഞ്ഞ് അങ്ങിങ്ങായി കീറിയ ഷർട്ടും, ലുങ്കിയുമുടുത്തൊരാൾ പിച്ചതെണ്ടുന്നു. ''സാറേ, എന്തെങ്കിലും താസാറേ, നാലഞ്ച് ദിവസായി ഒന്നും കയിച്ചിട്ടില്ല.''

നാട്ടിൽ നടക്കുന്ന എന്തിനും, ഏതിനും പ്രതികരിക്കുന്നൊരാൾ അക്കൂട്ടത്തിലുണ്ടായിരുന്നു. അയാൾ പിച്ചക്കാരന്റെ മുഖത്തേക്ക് സൂക്ഷിച്ച് നോക്കി. അല്പം കഴിഞ്ഞയാൾ പൊട്ടിച്ചിരിച്ചുകൊണ്ട് പറഞ്ഞു.

''മണ്ടൻ !'' അടുത്തിരുന്നവരും അയാളുടെ വാക്കുകൾ ശ്രദ്ധിച്ചു. അയാൾ വീണ്ടും പറഞ്ഞുതുടങ്ങി.

# ഷോക്കേസിലെ പൂ

അബ്ദുറബ്ബ്
9400227780

**അ**ന്നൊരിക്കൽ അമ്മാവന്റെ പുതിയ വീട്ടിൽ വിരുന്ന് ചെന്നപ്പോഴാണ് ആദ്യമായതെന്റെ ശ്രദ്ധയിൽ പെട്ടത്. എന്ത് മനോഹരമായിരുന്നെന്നോ ആ ചെടിയും അതിലെ പൂവും. ഇടവിട്ടിടവിട്ട് കൊമ്പുകൊമ്പായ് പൂത്ത് നിൽക്കുകയായിരുന്നതവിടെ. ആരായിരുന്നാലും അതൊന്ന് തൊട്ടുനോക്കും തീർച്ച. അത്രയ്ക്ക് മനോഹരമാണത്. ഞാനുമതേ ചെയ്തുള്ളൂ. ചെറുതും വലുതുമായ് ഒരേ നിറത്തിലുള്ള പതിനാല് ചുവന്ന പൂക്കൾ. ഈ പൂച്ചെടിയെപ്പറ്റി ഞാനമ്മായിയോട് ചോദിച്ചു. അഞ്ചാറ് മാസമായി കാണുമെന്നും അമ്മാവൻ ഗൾഫീന്ന് വരുമ്പോൾ വാങ്ങിച്ചതാണീ ചെടിയെന്നും പറഞ്ഞപ്പോൾ എനിക്കത്ഭുതം തോന്നി. ഇതുവരേയും ഒരുതുള്ളി വെള്ളമൊഴിക്കേണ്ടി വന്നിട്ടില്ല. ഒരു നുള്ള് വളവും നൽകിയിട്ടില്ല. എന്നിട്ടുമൊരു വാട്ടമോ ഉണക്കമോ എന്തിനേറെ പറയണം ഒരീച്ച പോലുമതിൽ ഇതുവരേയും വന്നിരുന്നിട്ടില്ലത്രെ. വെറുതെയല്ല കൊച്ചുകുട്ടികൾ ഈ പ്ലാസ്റ്റിക് പൂക്കളെ ഇത്രമേൽ ഇഷ്ടപ്പെടുന്നതും, ഷോക്കേസിൽ വിരുന്നുകാർ കാണുന്ന തരത്തിൽ എടുത്തുവെക്കുന്നതും.

●

"നീയെന്തിനാടാ ഇങ്ങനെ പിച്ച തെണ്ടി കഷ്ടപ്പെടുന്നത്, ഗോവിന്ദച്ചാമിയെപ്പറ്റി കേട്ടിട്ടുണ്ടോ നീയ് ? നിനക്ക് കൈക്ക് സ്വാധീനമെങ്കിലും ഉണ്ട്, അവന് അതും കൊറവാ. നിന്നെപ്പോലൊരു പിച്ചക്കാരനായിരുന്നു അവനും. ഇപ്പോ ജയിലിലാ, എന്നാലെന്താ പോയിനോക്ക്, സുഖജീവിതം, സുന്ദരക്കുട്ടപ്പനായി വിലസുന്നു. അതുപോലെ നീയും വല്ലതും ചെയ്യ്, നിനക്കും പട്ടിണി കൂടാതെ ജീവിക്കാം."

മറ്റുള്ളവരിതുകേട്ട് ശരി തന്നെയെന്ന മട്ടിൽ തലയാട്ടി ചിരിച്ചു. അയാൾ കൊടുത്ത രണ്ടുരൂപ ചില്ലറയും വാങ്ങി ആ പാവം പിച്ചക്കാരൻ ഒന്നുമറിയാതെ നടന്നുനീങ്ങി.

## പാപഭാരം

രണ്ടുവണ്ടികൾ താമസിച്ചതിനാൽ വനിതകളുടെ കാത്തിരിപ്പുമുറിയിൽ നല്ല തിരക്ക്. നാനാജാതി മതസ്ഥരും, നാനാപ്രായത്തിലുള്ളവരുമായ യാത്രക്കാർ കിട്ടിയ സ്ഥലത്ത് കൂട്ടം കൂടിനിൽക്കുന്നു. അവർക്കിടയിലേക്ക് പച്ചപ്പുള്ളിയുള്ള സാരി തലയിലേക്കിട്ട്, കയ്യിൽ ഏതാണ്ടൊരു ആറുമാസം പ്രായം തോന്നിക്കുന്നൊരു കുഞ്ഞിനേയും കൊണ്ടൊരു സ്ത്രീ ധൃതിയിൽ കടന്നുവന്നു.

"ഇതിനെയാരെങ്കിലും ഒന്ന് പിടിക്കിൻ, ഞാൻ ബാത്ത് റൂമിലൊന്ന് പോയി ഇപ്പം വരാം."

ഇത് കേട്ടപാടെ ഒരു മദ്ധ്യവയസ്ക കുഞ്ഞിനെ വാങ്ങി. വന്നവൾ ധൃതിപിടിച്ച് ബാത്ത്റൂമിലേക്കോടി. തിളങ്ങുന്ന കണ്ണുകളും, തുടുത്ത കവിളും, ചുരുണ്ട മുടിയുമായി ഓമനത്തം തുളുമ്പുന്നൊരു പെൺകുഞ്ഞ്. എല്ലാവരും വട്ടമിട്ടതിനെ ലാളിക്കുന്നതിൽ മുഴുകി. സമയം പതുക്കെ നീങ്ങി. കുഞ്ഞിനെ തന്ന സ്ത്രീ വരുന്ന ലക്ഷണമില്ല. സംശയത്തിന്റെ നിഴൽ അവരിലാകെ പടർന്നു. ഇതിനിടെ ചിലർ ബാത്ത്റൂമിലും ചുറ്റും നല്ല പോലെ പരിശോധിച്ചു. അവളുടെ പൊടി പോലുമില്ല !!

**ലോകം നമുക്ക് വേണ്ടിയാണ്.**
**നാം അതിനുവേണ്ടിയല്ല.**
**നന്മയും തിന്മയും**
**നമ്മുടെ സേവകരാണ്.**
**നാം അവയുടേതല്ല.**
–സ്വാമി വിവേകാനന്ദൻ–

# തൂണും ചാരി നിന്നവൻ

കെ. വിജയകുമാരൻ
9448312631 9444540631

**തൂ**ണും ചാരി നിന്നവൻ പെണ്ണും കൊണ്ടുപോയത് ഊരാകെ, പാരാകെ അറിഞ്ഞ ചരിത്രമെന്ന 'വരലാറ്' ആണല്ലോ. ഇതിൽ തൂണിനെന്തെങ്കിലും പങ്കുണ്ടായിരുന്നുവോ എന്ന് ഒരു ചരിത്രകാരനും അന്വേഷിച്ചതായി അറിവില്ല. വായന മഹാപാതകമായി ഗണിക്കപ്പെടുന്ന ഈ കാലത്ത് ചരിത്രത്തിന്റെ പുനർവായനയ്ക്ക് ആരെങ്കിലും തയ്യാറാകുമോ ? എന്നാൽ ചെന്നൈപട്ടണത്തിൽ എഴുമ്പൂരിലെ 'നുൺകലൈ കല്ലൂരിയിൽ'[1] നുഴഞ്ഞ് ചോളമണ്ഡലം വഴി മാമല്ലപുരത്തെ 'അരശിനർ കട്ടിടക്കലൈ മറ്റും ശിർപ്പക്കലൈ കല്ലൂരി[2]യുടെ മതിൽ പൊട്ടിച്ച്, 'വല്ലവനുക്കും വല്ലവനായി' പുറത്തു വന്ന മായൻകുട്ടിയെന്ന ശില്പിക്ക് അതൊരു പഠനവിഷയമാക്കേണ്ടതായിത്തോന്നി. തഞ്ചൈമാവട്ടത്തിലൊരു കുണ്ടാമണ്ടിപ്പട്ടിയിലെ അമ്പലം പുതുക്കുന്നതിനാവശ്യമായ തൂണുകളുടെ നിർമ്മാണച്ചുമതലയേറ്റിരിക്കെ മായൻകുട്ടി കുമാരനാശാൻ വർണ്ണിച്ചതുപോലെ ചരിത്രാന്വേഷണ സംബന്ധിയായ 'അതിചിന്തവഹിച്ച്' അമ്പലക്കുളപ്പടവിൽ ചെന്നിരുന്നു.

രാവിന്റെ മൂന്നാം യാമത്തിൽ മായൻകുട്ടിക്ക് ഒരു ജ്ഞാനോദയമുണ്ടായി. തൂണു ചാരി നിന്നവനെ പെണ്ണുംകൊണ്ടുപോകാൻ പ്രേരിപ്പിക്കത്തക്കവിധത്തിൽ ഉത്തേജകമായ എന്തെങ്കിലും തൂണിലുണ്ടായിരിക്കണം. അല്ലെങ്കിൽ പെണ്ണെത്ര 'പൂലോകരംഭ'യാണെങ്കിലും ഒരു സാദാ പൗരൻ അത്തരം തല്ലുകൊള്ളിത്തരത്തിനു മുതിരുമോ ? പിന്നീടുള്ള രണ്ടാഴ്ച മായൻകുട്ടി മിനറെലോളജി പുസ്തകങ്ങളുടെ വാല്മീകത്തിൽ തപസ്സിരുന്നു. ഒടുവിൽ ഒരു പെൺമോഷണത്തിനു പ്രേരകമാകുംവിധം വികിരണങ്ങളുതിർക്കുന്ന ശില ഇനിയും കണ്ടുപിടിക്കപ്പെട്ടിട്ടില്ലെന്ന അറിവുമായി വാല്മീകത്തിൽ നിന്നും മായൻകുട്ടി പുറത്തുവന്നു.

ഗവേഷണം വഴിമുട്ടിപ്പോകുന്ന ഇത്തരം അവസരങ്ങളിൽ സാധാരണ യുവാക്കൾ നിരുപാധികം അടിയറവു പറഞ്ഞ് ഒരു തട്ടുകട ആരംഭിക്കുകയോ ബാങ്ക് ടെസ്റ്റിനപേക്ഷിക്കുകയോ ചെയ്യുകയാണ് പതിവ്. എന്നാൽ മായൻകുട്ടി അനല്പമായ മനക്കരുത്തും അതിലേറെ തൊലിക്കട്ടിയുമുള്ള ഗവേഷകനായിരുന്നു. ആകയാൽ പെൺമോഷണത്തിൽ തൂണിനു കാര്യമായ പങ്കുണ്ടാകുമെന്ന തന്റെ സിദ്ധാന്തം (ഹൈപൊതെസിസ്) ഉപേക്ഷിക്കാനയാൾ തയ്യാറായില്ല. അയാൾ വീണ്ടുമൊരു രാത്രി കയറൂരിവിട്ട മനസ്സുമായി കുളപ്പടവിൽ ചെന്നിരുന്നു.

മായൻകുട്ടിയുടെ മനസ്സിൽ മൈക്കലാഞ്ചലോവിന്റെ വാക്കുകൾ മുഴങ്ങി. "നമ്മിൽ നിർലീനമായ ദിവ്യശക്തി ഒരു മുഖം സൃഷ്ടിക്കാൻ ശ്രമിക്കുമ്പോൾ സർഗ്ഗക്രിയയുടെ സ്വതന്ത്ര ശക്തിയാവാഹിച്ച് ലോലവും നിസ്സാരവുമായൊരു ബിംബത്തിൽ നിന്നും ഒരു കല്ലിന് ജീവൻ നല്കാൻ നമ്മുടെ കയ്യും തലച്ചോറും ഒരുമിക്കുന്നു.

ഏതെങ്കിലുമൊരു പരുപരുത്ത പാഴ്കല്ലിന്റെ അധികപറ്റായ ആവരണത്തിനകത്ത് അടങ്ങിയിട്ടില്ലാത്തതെന്താണെന്ന് ചിന്തിക്കാൻ ഏറ്റവും ശ്രേഷ്ഠനായ കലാകാരനുപോലും കഴിയില്ല. ബുദ്ധിയുടെ സേവ ചെയ്യുന്ന കൈകളാലാവുന്നത് ക

ല്ലിലെ മാസ്മരജാലത്തെ സ്വതന്ത്രമാക്കുക മാത്രമാണ്.''

ബുദ്ധിയിൽ സജ്ജമാക്കിയവയാണ് കൈകളുടെ സഹായത്താൽ ശിലയിൽ അനാവൃതമാകുന്നത് എന്നിരിക്കെ ബുദ്ധിയിൽത്തന്നെ അവയെ ഇന്ദ്രിയങ്ങളുടെ സംവേദനത്തിന് വിധേയമാക്കിക്കൂടെ എന്ന് മായൻകുട്ടി ചിന്തിച്ചു.

ഒരു മയക്കത്തിലേക്ക് വഴുതിയ മായൻകുട്ടിയുടെ മനസ്സിൽ ഒരു പരീക്ഷണശാല സജ്ജമായി. സ്വന്തം ശരീരം ഒരു പരീക്ഷണോപകരണമായി. പരീക്ഷണത്തിന്റെ ഭാഗമായി മുതുകിൽ പലതരം തൂണുകളിൽ ചാരുമ്പോളുണ്ടായേക്കാവുന്ന വിവിധ സ്പർശങ്ങളനുഭവപ്പെട്ടു. ഹംസം, വ്യാളി, ഗജം, വ്യാഘ്രം എന്നിത്യാദി ശില്പങ്ങൾ കൊത്തിയ തൂണുകൾ ചാരി നില്ക്കുമ്പോൾ പുറം ചൊറിയുന്നതിനപ്പുറം മറ്റു വികാരങ്ങളുണർത്താൻ സാധ്യതയില്ലെന്നയാൾക്ക് ബോധ്യമായി. ശിലയുടെ തണുപ്പ് പലപ്പോഴും ത്വക്കിനെ മരവിപ്പിക്കുകയാൽ സമ്മർദ്ദത്തിന്റെ ഘടനയിൽനിന്നും ശില്പരൂപം വിശ്ലേഷിച്ചെടുക്കാൻ പ്രയാസം ഉണ്ടായി. എങ്കിലും ഒരു അനുയോജ്യമായ ഊഷ്മാവിൽ മുതുകിലനുഭവപ്പെട്ട സ്പർശ-സമ്മർദ്ദങ്ങളുടെ കാരണരൂപങ്ങളെ ശിലയിൽ മനക്കണ്ണിലൂടെ കാണാൻ മായൻകുട്ടിക്ക് കഴിഞ്ഞു.

വൈകാതെ പരീക്ഷണം മനുഷ്യശില്പങ്ങളിലേക്ക് കടന്നു, പല രൂപങ്ങൾ പരിശോധനചെയ്തു. ഒടുവിൽ ചുമലെല്ലു(സ്കാപുല)കൾക്കുതാഴെ പാർശ്വങ്ങളിലായി ചൂടുള്ള രണ്ടു മൃദുമുലകളുടെ സമ്മർദ്ദം, വിശിഷ്യാ നനുത്ത മുലക്കണ്ണുകളുടെ നേരിയ കുത്ത്, അനുഭവപ്പെട്ടപ്പോൾ മായൻകുട്ടിയുടെ ശരീരമാസകലം ഒരു മീഡിയം വോൾട് വൈദ്യുതാഘാതത്തിന്നിരയായി. തുടർന്ന് ഊരയ്ക്കുമുകളിൽ നട്ടെല്ലിനിരുവശത്തുമായി നനുത്ത വയറിന്റെ പാളി മൃദുവായി ഉരസിയപ്പോൾ ദേഹമാസകലം ഒരു കാന്ത വലയത്തിൽ അകപ്പെട്ടതുപോലെ അയാൾ പുളഞ്ഞു. തൽസമയം കുളപ്പടവിൽ ഒരു സ്ത്രീരൂപം പ്രത്യക്ഷപ്പെട്ടാൽ, ശരീരത്തിൽ ഉണ്ടായ ജൈവ- ഊർജ്ജ-രസതന്ത്രങ്ങളുടെ പ്രഭാവത്താൽ, അവരെ തൽക്ഷണം അപഹരിക്കാൻ തനിക്കൊരു കണികപോലും ശങ്കിക്കേണ്ടിവരില്ലെന്നു ബോധ്യമായി. ദേഹത്തിലെ ചൂടും, വൈദ്യുതിയും, കാന്തപ്രസാരവും സഹിക്കാതെ അടുത്ത ക്ഷണം മായൻകുട്ടി കുളത്തിലേക്ക് ചാടി. ''യുറേക്ക'' എന്നൊന്നും വിളിച്ചുകൂവാതെ അയാൾ കുളിച്ചുകയറിച്ചെന്നു സുഖമായുണ്ടുറങ്ങി.

പിറ്റേന്നു രാവിലെ മായൻകുട്ടി പതിവിലും നേരത്തെ എഴുന്നേറ്റ് കുളികഴിഞ്ഞു പണിശാലയിൽ നീണ്ടുകിടക്കുന്ന പരുക്കൻ ശിലകളെ ഒന്നൊന്നായി തൊട്ടും മുട്ടിയും പരിശോധിച്ചു. ഒടുവിൽ ഒന്നിന്റെ മുമ്പിൽ ചെന്നു കുന്തക്കാലിലിരുന്നു. അല്പനേരം കണ്ണടച്ചു ധ്യാനിച്ചതിനുശേഷം അയാൾ ഉളിയെടുത്ത് കരിങ്കല്ലിൽ കൊത്തിത്തുടങ്ങി. ഒരു തപസ്യപോലെയായിരുന്നു പിന്നീട് മായൻകുട്ടിയുടെ പ്രവൃത്തികൾ. അല്പാഹാരവും അല്പവസ്ത്രവുമായി അയാൾ ശിലയിൽ അവിരാമം പണിയെടുത്തു. ഇടയ്ക്ക് വല്ലപ്പോഴും കുളപ്പടവിൽ ചെന്നിരിന്നു. മറ്റുചിലപ്പോൾ കുളത്തിലെ വെള്ളത്തിൽ മലർന്നുകിടന്നു.

മൂന്നാം ദിവസം സന്ധ്യയായപ്പോൾ നെടുനീളൻ ശിലയിൽ ഒത്ത ഒരു സ്ത്രീരൂപം വെളിവായി. പരുക്കൻ കല്ലിൽത്തന്നെ ആ ശില്പത്തിന്റെ നിമ്നോന്നതങ്ങൾ പുരുഷജനങ്ങളെ മത്തുപിടിപ്പിക്കുവാൻ പര്യാപ്തമാണെന്നൊരു ശിഷ്യൻ അഭിപ്രായപ്പെട്ടു. ആരും എതിരഭിപ്രായമൊന്നും പറഞ്ഞില്ല. മായൻകുട്ടി പണിതുടർന്നു.

മെടഞ്ഞ തെങ്ങോലയും മുളയും ഉപയോഗിച്ചുണ്ടാക്കിയ ഒരു 'നെടുമ്പെര' ആയിരുന്നു പണിശാല. അതിനെച്ചുറ്റിയൊരു വേലിയുമുണ്ട്. അകത്തേക്ക് അന്യർക്ക് പ്രവേശനം നിഷിദ്ധമായിരുന്നു. അമ്പലം കാര്യദർശിയും ഒന്നുരണ്ടു കമ്മിറ്റിയംഗങ്ങളും വല്ലപ്പോഴും അലസമായി വന്നു പണിയുടെ പുരോഗതി പരിശോധിക്കുന്നതൊഴികെ മറ്റാർക്കും അവിടെ നടക്കുന്നതൊന്നും ഗോചരമല്ല. അല്ലങ്കിൽത്തന്നെ അമ്മികൊത്തുന്നതു കാണാൻ പോലും ക്ഷമയില്ലാത്തൊരു ജനതയാണവിടുത്തെ നിവാസികളെന്ന സത്യമറിഞ്ഞാൽ ബന്ധപ്പെട്ടവർ നെടുമ്പെര നിർമ്മിതിക്കായി ഓലയിലും മുളയിലും കണ്ടമാനം കാശിറക്കുമായിരുന്നോ എന്നത് സംശയമാണ്.

അഞ്ചാം ദിവസമായപ്പോൾ ശില്പത്തിലെ പെണ്ണിന്റെ വടിവും അവയവങ്ങളുമെല്ലാം വളരെ വ്യക്തമായി. അന്നു വൈകുന്നേരം പണിശാലയിലേക്ക് യാദൃച്ഛികമായി വന്ന കാര്യദർശി ഒരു വിചിത്രമായ ദൃശ്യം കണ്ടമ്പരന്നു. കൊത്തിത്തീരാറായ സുന്ദരീശില്പത്തിന്റെ മീതെ അല്പവസ്ത്രധാരിയായ ശില്പി മലർന്നു കിടക്കുന്നു. കണ്ണടച്ചുകൊണ്ട് മുതുകിലെ പേശികൾ അല്പാല്പമായി അനക്കുന്നതുപോലെ കാണാറായി. ചിലപ്പോൾ അയാൾ പുളയുകയും ചില വിചിത്ര ശബ്ദങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു.

അല്പനേരം കഴിഞ്ഞയാൾ കണ്ണുതുറന്നപ്പോൾ കുറച്ചുദൂരെ വാതുറന്ന് അന്തംവിട്ടുനിൽക്കുന്ന കാര്യദർശിയെക്കണ്ടു. മായൻകുട്ടി അദ്ദേഹത്തെ സമീപത്തേക്ക് വരാൻ മാടിവിളിച്ചു.

''അയ്യർവാൾ സറ്റ് ഇങ്ക് വാരും, ഒരു ചിന്ന വേലയിരുക്ക്.''[3]

''എന്നപ്പാ വിഷയം ?''[4] കാര്യദർശി നടന്നടുത്തു.

അടുത്തെത്തിയ ഉടനെ മായൻകുട്ടി കാര്യദർശിയുടെ വളരെയടുത്തുചെന്നുനിന്നു. മനസ്സുകൊണ്ടൊരു അളവെടുപ്പുനടത്തി. ഫലം തൃപ്തികരമാണെന്ന് സൂചിപ്പിച്ച് ഒന്നിരുത്തി മൂളി. ഇവനാണ് നമ്മുടെ ആദ്യത്തെ ഗിനിയ പന്നി (തിരുട്ടു പന്നിയല്ല) എന്നയാൾ മനസ്സിൽ നിശ്ചയിച്ചു.

''നാളെ സായംകാലം ഒരു അഞ്ചരമണി അളവിൽ അയ്യാർവാൾ ഇങ്കേ തനിയാ വര മുടിയുമാ ?''

''ഓ... അതെർക്കെന്ന? ധാരാളമാ വറേൻ, ആമാം, എന്ന വിഷയം ?''[6]

''വിഷയം റൊമ്പ സീക്രട്ട്. നാളെ ശൊൽറേൻ''[7]

''സരി, അവ്വാറേ ആകട്ടും.''[8]

''അയ്യർവാൾ, ഇന്നൊരു വിശയം... ''[9] മായൻ കാര്യദർശിയുടെ ചെവിയിൽ എന്തൊ കുശുകുശുത്തു. പിറ്റേന്ന് ഒരു കൗപീനവും തോർത്തും മാത്രം ധരിച്ച് പ്രത്യക്ഷമാകാനുള്ള അഭ്യർത്ഥനയായിരു

ന്നു ആ രഹസ്യം. ഇതെന്തു പൊല്ലാപ്പിനാണെന്നറിയാതെ വല്ലാത്തൊരു മാനസികാവസ്ഥയുമായാണ് കാര്യദർശി അന്ന് വീട്ടിലെത്തിയത്.

പറഞ്ഞതുപോലെ പിറ്റേന്ന് വൈകീട്ട് കാര്യദർശി പണിശാലയിൽ ചെല്ലുമ്പോൾ നെടുകെ കിടന്നിരുന്ന തൂണ് നിവർന്നുനിൽക്കുന്നു. അതിൽനിന്നും ഇപ്പോൾ അടർന്നു വീഴുമോ എന്ന് തോന്നിക്കുന്ന ഒരു അസുലഭ താരുണ്യം കണ്ട് അയാൾ അമ്പരന്നു. ആ അഴകിൽ അവസാനത്തെ മിനുക്കുപണികൾ ചെയ്യുകയാണ് മായൻകുട്ടി. ഈ മഹാമായാജാലക്കാരനെ ശില്പിയായി തിരഞ്ഞെടുത്ത ആ ധന്യമുഹൂർത്തത്തെ കാര്യദർശി മനസാ വാഴ്ത്തി. പരിചയക്കുറവെന്നുപറഞ്ഞ് രണ്ടാമത്തെ ചുരുങ്ങിയ ക്വൊട്ടേഷനു പണി കൊടുക്കാൻ നമ്മാൾവാറും കൂട്ടരും പ്രയോഗിച്ച സമ്മർദ്ദത്തെ അദ്ദേഹം സ്മരിച്ചു.

"അന്ത പയൽ എക്സ്പീരിയൻസ് ഇല്ലാത ചിന്നപ്പയ്യൻ. ഐ ആം ഡൗട്ട്ഫുൾ ഹീ കാൻ ഹാൻഡിൽ സച് ബിഗ് പ്രോജക്റ്റ്."[10] നമ്മാൾവാർ അറുത്തുപറഞ്ഞു.

"നീങ്കൾ സൊന്നത് നൂറ്റുക്കുനൂറു ഉണ്മൈ. ഇന്തമാതിരി വേലൈകൾ ചെയ്യ റൊംബ അനുഭവം തേവൈ."[11] മഹാലിംഗം അഭിപ്രായപ്പെട്ടു.

"മന്നിക്കണും, അവർ അനുഭവശാലിയില്ലൈ, സരിതാൻ. ആനാൽ തിറമൈശാലി എൻപത് മറുക്കമുടിയാത്. നീങ്കൾ കീഴൂരിൽ തേവർ ഇടത്തിൽ അവർ കട്ടിയ അമ്മൻ കോവിൽ പാത്തിരുന്താൽ മായനോടെ തിറമൈയൈ സന്ദേഹപ്പടമാട്ടാർ"[12] ഗോപാലസ്വാമി അഭിപ്രായപ്പെട്ടു.

ഒടുവിൽ സാമ്പത്തിക മാനദണ്ഡം ഒന്നുകൊണ്ടുമാത്രം എതിരഭിപ്രായങ്ങളെ വീറ്റോ ചെയ്യുമ്പോൾ മായന്റെ മായാജാലത്താൽ ഇത്തരം ശില്പങ്ങളാണിവിടെ ഉരുത്തിരിയാൻ പോകുന്നതെന്നു സ്വപ്നത്തിൽപോലും സങ്കല്പിക്കാൻ കഴിഞ്ഞിരുന്നില്ല.

പണി നിർത്തി മായൻകുട്ടി കാര്യദർശിയെ പിടിച്ച് ശില്പത്തിന്റെ മുന്നിൽ നിർത്തി. ആ രൂപിണിയെ അംഗപ്രത്യംഗം നന്നായി നോക്കുവാനും മനസ്സിൽ ആവാഹിക്കുവാനും നിർദ്ദേശിച്ചു. പിന്നീട് കാര്യദർശിയോട് കണ്ണടയ്ക്കാനാവശ്യപ്പെട്ടു. മായൻകുട്ടി പതുക്കെ കാര്യദർശിയെ തരുണീശില്പത്തിൽ ചാരി നിർത്തി. കുറച്ചു നിവർന്നു പുറകോട്ടല്പം സമ്മർദ്ദം ചെലുത്താൻ നിർദ്ദേശിച്ചു. കണ്ണുതുറക്കാതെ തന്നെ കാര്യദർശിയതു ചെയ്തു. പുറം ചെറുതായനക്കി ശില്പത്തിന്റെ സ്പർശം നന്നായാസ്വദിക്കാനായി അടുത്ത നിർദ്ദേശം. മായൻകുട്ടി നോക്കിനിൽക്കെ കാര്യദർശിയുടെ ശരീരത്തിൽ ചില മാറ്റങ്ങൾ കാണപ്പെട്ടു. എവിടെനിന്നൊക്കെയോ രക്തം ത്വക്കിലേക്ക് ഇരച്ചുകയറുന്നത് വ്യക്തമായി കാണാൻ കഴിഞ്ഞു. ഒരൊന്നര മിനിട്ട് കഴിഞ്ഞുകാണണം, കാര്യദർശി പെട്ടെന്ന് കണ്ണുതുറന്നു. വീട്ടിലൽപം അത്യാവശ്യപണിയുണ്ടെന്ന് പറഞ്ഞ് ഝടിതിയിൽ അയാൾ കുറുക്കുവഴിയിലൂടെ സഞ്ചരിച്ച് അതിവേഗം ഗൃഹം പൂകി.

പുറകെ ഒരു ശിഷ്യനെ ചാരപ്പണിക്കായി മായൻകുട്ടി പറഞ്ഞുവിട്ടു. ഒരു കൊട്ട ചാരവുമായി തിരിച്ചുവന്നവൻ തലതല്ലിച്ചിരിക്കുന്നതു കണ്ട് കാരണമാരാഞ്ഞു.

"എന്നടാ ശിരിക്കിറായ് ? വിശയത്തെ ശൊല്ലൂടാ...!"[13]

അപ്പോൾ ശിഷ്യൻ ഉവാച: "കാര്യദർശി അയ്യർവാൾ പൊണ്ടാട്ടി അമ്മ്യാരെ തൃസന്ധ്യക്ക് കർപ്പഴിത്താർ."[14]

ഇത്ര നടുക്കുന്ന വാർത്ത മായൻകുട്ടി ഒട്ടും പ്രതീക്ഷിച്ചിരുന്നില്ല.

"നിജമാവാ ? നീ പാർത്തായാ ?"[15]

"നാൻ പാർക്കവില്ലൈ, നന്റാക ഒട്ട്ക്കേട്ടേൻ."[16]

"എന്ന കേട്ടായ് ?"[17]

"സത്തം, ഇച്ച്, ഇച്ച് സത്തം, അപ്പറം 'മറ്റ' പടങ്കളിൽ കേൾപ്പതു പോൻറ്..."[18]

"പോരും, പോരും, വർണ്ണനൈ നിറുത്ത്."[19]

താനുണ്ടാക്കിയ ശില്പം അകാരണമായി ഒരു ദേശത്തിന്റെ ലൈംഗികസമാധാനത്തെ താറുമാറാക്കുമെന്ന് മായൻകുട്ടി ഭയന്നു. ഇതൊരു മഹാബാധയാവാതിരിക്കാൻ എന്താണ് ചെയ്യേണ്ടതെന്ന് വീണ്ടും അതിചിന്തവഹിച്ച് അയാൾ കുളപ്പടവിൽ ചെന്നിരുന്നു.

ആറാം ദിവസം അവസാനിക്കുമ്പോൾ പിറ്റേന്നത്തെ ഉച്ചഭക്ഷണം കാര്യദർശിയുടെ വീട്ടിൽ തരാക്കുന്നുണ്ടെന്ന് അമ്മ്യാരുടെ 'ക്ഷണം' ഒരു പയ്യൻ വന്ന് അറിയിച്ചു. ('അഴിക്കപ്പെട്ട കർപ്പിന്' പ്രതികാരമായി അതിനു കാരണക്കാരനായ മായൻകുട്ടിയെ അമ്മ്യാർ 'ശുമ്മാ വിടുവാളാ?' എന്നൊക്കെ എഴുതാൻ പാടില്ലാത്തതുകൊണ്ട് അതിന് തുനിയുന്നില്ല). കാര്യദർശിക്കും അമ്മ്യാർക്കും നല്ലതുവരട്ടെ എന്ന് മനസ്സിൽ പറഞ്ഞ് മായൻകുട്ടി കിടന്നുറങ്ങി.

പിറ്റേന്ന് ദൈവം കല്പിച്ച വിശ്രമദിവസമാകയാൽ വൈകിയാണെഴുന്നേറ്റത്. അലസമായി തനതു പണിശാലയിൽ കയറിയ മായൻ കുട്ടി സ്തബ്ധനായി നിന്നുപോയി. ഏഴടി പൊക്കത്തിൽ തറയിൽ നിവർന്നുനിന്നിരുന്ന ശില്പവാഹിയായ തൂണ് അപ്രത്യക്ഷമായിരിക്കുന്നു. 'മായൻ തീർത്ത ശിലൈ മായമാകി വിട്ടന'[20] എന്ന് ചെന്തമിഴിൽ എഴുതാൻ പാകത്തിൽ.

അൽപ്പനേരം കഴിഞ്ഞ് ഷോക്കിൽ നിന്നും മുക്തനായി പരിസരബോധം വന്നപ്പോൾ തന്റെ സിദ്ധാന്തം മാറ്റിയെഴുതുന്നതുമുതൽ ഒരു 'തുപ്പറിയും നാവൽ'[21] എഴുതുന്നതുവരെയുള്ള വൈപുല്യമാർന്ന സാധ്യതകളെപ്പറ്റി അതിചിന്തകളുമായി മായൻകുട്ടി കുളപ്പടവിലേക്ക് നടന്നു.

**കുറിപ്പ് :**

1. College of Fine Arts, Egmore.
2. Government College of Architecture and Sculpture, Mamallapuram.
3. അയ്യരങ്ങുന്ന് അല്പം ഇങ്ങോട്ട് വന്നാലും, ഒരു ചെറിയ പണിയുണ്ട്.
4. എന്താണടേ കാര്യം ?
5. നാളെ വൈകുന്നേരം ഒരഞ്ചര മണിയോടെ താങ്കൾ ഇവിടെ തനിച്ചു വരാമോ ?
6. ഓ, അതിനെന്താ, ധാരാളമായി വരാം. ആകട്ടെ എന്താ സംഗതി ?
7. സംഗതി അസാരം രഹസ്യമാണ്. നാളെ പറയാം.
8. ശരി അങ്ങിനെ ആകട്ടെ.
9. അയ്യരങ്ങുന്നേ, മറ്റൊരു കാര്യം.
10. ആ പയ്യൻ അനുഭവക്കുറവുള്ള കൊച്ചു പയ്യൻ. ഇത്തരം വലിയ പദ്ധതികൾ നടപ്പാക്കാനാകുമോ എന്ന്

എനിക്ക് സംശയമുണ്ട്.

11. നിങ്ങൾ പറഞ്ഞത് നൂറുശതമാനം സത്യം. ഇത്തരം പണികളേറ്റെടുക്കാൻ നല്ല അനുഭവം വേണം.
12. ക്ഷണിക്കണം, അവന്ന് അനുഭവമില്ല, ശരിതന്നെ. എന്നാൽ കഴിവുള്ളവനാണ് എന്നതിന്ന് അപ്പീലില്ല, കീഴൂരിലെ തേവർ ഇടത്തിൽ അവൻ കെട്ടിയ ദേവീക്ഷേത്രം കണ്ടവർ മായന്റെ കഴിവിനെപ്പറ്റി സംശയിക്കാനിടയില്ല.
13. എന്തെടാ ഇളിക്കിണത് ? സംഗതി പറയെടാ...!
14. കാര്യദർശി അയ്യരദ്യം ഭാര്യ അമ്മ്യാരെ തൃസന്ധ്യയ്ക്ക് ബലാൽക്കാരം ചെയ്തു.
15. സത്യമാണോ ? നീ കണ്ടോ ?
16. ഞാൻ കണ്ടില്ല, നന്നായി ഒളിഞ്ഞുകേട്ടു.
17. എന്തു കേട്ടു ?
18. ശബ്ദം, ഇച്, ഇച്, ശബ്ദം, പിന്നെ മറ്റേ സിനിമകളിൽ കേൾക്കുന്നതുപോലെ...
19. മതി, മതി വർണ്ണന നിറുത്ത്.
20. മായൻ നിർമ്മിച്ച ശില്പം മായമായിപ്പോയി.
21. ഡിറ്റക്ടീവ് നോവൽ.

നിങ്ങളുടെ പുസ്തകങ്ങൾ

**ഏറ്റവും കുറഞ്ഞ ചിലവിൽ**

**ഉന്നത നിലവാരത്തിൽ പ്രസിദ്ധീകരിക്കുവാൻ**

**ഏക തത്ത്വ പബ്ലിക്കേഷൻ**

പാലക്കാട് -1

മൊബൈൽ : 9446443321, 9387118131

**തവണകളായും പണമടയ്ക്കാം.**

# നൊമ്പരം



മോഹൻദാസ് പെരിങ്ങോട്ടുകുറുശ്ശി
9744989896

**ആ**ടയാഭരണങ്ങളൊന്നുമില്ലാത്ത ക്ലാവ് പിടിച്ചൊരു റാലി സൈക്കിളാണ് വാസുവേട്ടന്റെ സന്തതസഹചാരി. വേനലിന്റെ ആരംഭം മുതൽ ഇടവപ്പാതിവരെയും കുറച്ചകലെയുള്ള ടൗണീച്ചെന്ന് ഐസും കളർബലൂണുകളും കൊണ്ട് വന്ന് വിൽപ്പന നടത്തുന്ന അയാൾക്ക് ഭാര്യയും മക്കളുമൊന്നുമുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ കുട്ടികളെന്നുവെച്ചാൽ അയാൾക്ക് ജീവനുമായിരുന്നു.

എല്ലാ വേനലവധികളിലും ആ റാലി സൈക്കിളിനുചുറ്റും കൂക്കും നിലവിളിയുമായ് ഒരുപറ്റം കുരുന്നുകളുമുണ്ടാവും മധുരം കിനിയുന്ന ഐസുകളും കാറ്റിന്റെ ഗതിവിഗതികൾക്കനുസരിച്ച് നൃത്തം ചവിട്ടുന്ന വിവിധതരം കളർ ബലൂണുകളും പൈസയില്ലാതെ കുഞ്ഞുങ്ങൾക്കുനൽകിവരുന്നതിൽ പിശുക്കു കാണിക്കാത്ത വാസുവേട്ടനെ അന്നാട്ടിലെ ഗ്രാമവാസികളും ഏറെ സ്നേഹത്തോടെയാണ് കണ്ടിരുന്നത്.

ആയിടക്കാണ് വാസുവേട്ടൻ വെളുത്ത് മെല്ലിച്ച ആ നീളൻ മുടിക്കാരനെ ശ്രദ്ധിച്ചുതുടങ്ങിയത്. വിടർന്ന കണ്ണുകളും ഭംഗിയുള്ള ചിരിയുമുള്ള ഈ കുട്ടി മാത്രമെന്താണ് ഞാനെന്ത് കൊടുത്താലും വാങ്ങിക്കാത്തത്. കുഞ്ഞുങ്ങളെ ഏറെ സ്നേഹിച്ചിരുന്ന മനസ്സായതിനാൽ അയാളുടെ ഹൃദയം വല്ലാതെ ക്ഷീണിതനായ ആ ബാലനെ ഓർത്ത് എന്നും വ്യസനപ്പെട്ടുകൊണ്ടിരുന്നു.

അന്നും പതിവുപോലെ കൂട്ടത്തിൽ വലിയ പുള്ളികളുള്ള നീല ബലൂണും, ഒരു ഐസ്ക്രീമും വെച്ച് നീട്ടിയപ്പോൾ വെയിൽ തിന്നുതീരാറായ പാടവരമ്പിലെ പച്ചപ്പിലേക്ക് അവൻ തലവെട്ടിച്ചിരുന്നു. വിശപ്പ് അപ്പാടെ വിഴുങ്ങിയ ആ ക്ഷീണിച്ച മുഖം പതിയെ കൈയ്യിലേക്കെടുത്ത് ആർദ്രതയോടെ അയാൾ അവനോട് ചോദിച്ചു. നിന്റെ ഈ സജലങ്ങളായ കണ്ണുകൾ ദുഃഖം മറച്ചുപിടിക്കുന്ന ഒരുപാട് കഥകൾ എനിക്ക് പറഞ്ഞുതരുന്നു കുട്ടി. അതിന്റെ വേദന ദിവസവും എന്റെ ഉറക്കവും കെടുത്തുന്നു. എന്താണെങ്കിലും പറയ്. ഈ വാസുവേട്ടന് പരിഹരിക്കാൻ പറ്റുന്നതാണെച്ചാ നമുക്കിപ്പോത്തന്നെ പോംവഴി കാണാം.

അണ പൊട്ടിയ ദുഃഖം കരുവാളിച്ചുതുടങ്ങിയ അവന്റെ മുഖത്തെയാകെ അപ്പോൾ നനവിൽ കുതിർത്തു. മറുപടിയൊന്നും നൽകാതെ വേച്ച് വേച്ച് വരമ്പിലേക്കിറങ്ങിനടന്നുപോയ അവനെ നോക്കി. അപ്പോഴാണ് കൂട്ടത്തിലെ ബാലൂട്ടി പറഞ്ഞത്. വാസൂട്ടൻ എന്ത് ചോദിച്ചാലും അവൻ മിണ്ടൂല... അവനൊരു ഊമയാ. പോരാത്തതിന് കുറച്ചീസം മുമ്പ് അവന്റെ അച്ഛനേം അമ്മയേം റോഡ് വക്കത്തിരുന്ന് കല്ല് കൊത്തുന്നതിനിടയിൽ ഒരു വണ്ടിയിടിച്ച് മരിക്കേം ചെയ്തു. അതോണ്ടാ അവനെപ്പഴും കരഞ്ഞോണ്ട് നടക്കുന്നത്.

സംരക്ഷിക്കാനും, സ്നേഹിക്കപ്പെടാനും ആരുമില്ലാത്തവന്റെ ഹൃദയവ്യഥകൾ ശരിക്കുമറിയാവുന്ന അയാൾ അരയിൽനിന്നും ഊർന്നുപോവാതിരിക്കാൻ ട്രൗസറിൻ തുമ്പിൽ പിടിച്ച് ദിക്കറിയാതെ നടന്നകലുന്ന ആ അനാഥ ജന്മത്തെ നോക്കി നിറകണ്ണുകളോടെ, സ്നേഹം വാരിക്കോരി നൽകാൻ വെമ്പുന്ന മനസ്സോടെ ഉച്ചത്തിൽ പറഞ്ഞു. ഉണ്ണീ... നിനക്ക് അച്ഛനായും, അമ്മയായും, സഹോദരങ്ങളായും ഈ വാസുവേട്ടനുണ്ടെടാ. ഇങ്ങുവാ... ആ ഹൃദയങ്ങളുടെ പിടച്ചിലുകൾ അപ്പോൾ അതുവഴി വന്ന ഇളംകാറ്റും ഏറ്റുപറഞ്ഞു.



ഡി. തോമസ്
9495163186

# കോകിലഗാനം

കാടും മലകളും മേടും തടങ്ങളും
തീർക്കും തടിനിയും ചോലകളും
താരും തരുക്കളും ബാലാർക്ക് ബിംബവും
ചേണുറ്റ പൂക്കളം തീർത്ത കാലം.
കേൾക്കായി ദൂരെ നിന്നാരോ മധുരമാം
ഗാനം പൊഴിക്കുന്നു മോദമോടെ
ശുദ്ധസംഗീതത്തിന്നീരടിപ്പാട്ടുപോ-
ലാ ഗാനമാധുരിയെത്തിചാരെ.
എങ്ങുനിന്നെങ്ങുനിന്നീഗാന നിർഝരി-
യെങ്ങുനിന്നെന്നു ഞാൻ ശങ്കിക്കവേ
കാണുന്നു ദൂരത്താ മാമരക്കൊമ്പിന്റെ
തുഞ്ചത്തിരിക്കുന്ന കോകിലത്തെ.
ആരു പഠിപ്പിച്ചിതാരിൽ നിന്നാണ് നീ -
യാരോമലേ ഗ്രഹിച്ചിത്രമാത്രം
രാഗവും താളവും വർണ്ണം ശ്രുതിയതും
ഭാവമലങ്കാര മേളങ്ങളും...?
ആരുവാനാരുവാനീശ്വരനല്ലാതെ-
യാരുതരും നിനക്കിന്ദ്രജാലം ?
നാകം, ജഗത്, ജീവജാലങ്ങൾക്കപ്പുറം
സൂര്യനുമിന്ദുവും താരങ്ങളും
സൃഷ്ടിച്ചുപാലിച്ചുപോരുന്ന ശക്തിയാ-
മീശ്വരനല്ലാതെയേതുഗുരു ?
ആ ഗുരുത്വത്തിൽ നിന്നത്ഭുതമാകുന്ന
രാഗാമൃതം തൂകി ഭൂതലത്തെ
നിദ്രവിട്ടുന്മേഷ ചിത്തരാക്കീടുവാൻ
പാടുന്നു ദേവസ്തുതിഗീതങ്ങൾ.

# മാഞ്ഞുപോം

പ്രമോദ് പുനലൂർ
കൊല്ലം
9746363220

എവിടെപ്പോയ് മറയുന്നു നിലാവേ
കൂടൊരുക്കി കൂടൊരുക്കി കാത്തുനിന്ന
പക്ഷി ചിറകൊതുക്കി കൊക്കുമടക്കി
തല ചായ്ച്ചുറങ്ങി മഞ്ഞുതുള്ളിയും വന്നു.
എവിടെപ്പോയ് മറയുന്നു കിനാവേ
രാവുറങ്ങി രാവുറങ്ങി
കാവൽപ്പുരകളിൽ ദീപം മങ്ങി
ആർദ്രമായ് മൗനമായ് പിരിയുന്നുവോ
എവിടെ കാണുന്നു മലകളെ
ചൂളം വിളിച്ച് ചൂളം വിളിച്ച്
കാടിനോടും പുഴയോടും ചോദിച്ച്
കേൾക്കുന്നില്ല കാണുന്നില്ല പുഴയും കൊടുങ്കാടും.
എങ്ങോ മുഖം കുനിയുന്ന ദൈവങ്ങളെ
തിരിയണഞ്ഞ് തിരശ്ശീല മറഞ്ഞ്
നൈവേദ്യം കെട്ട് ധാര മുറിഞ്ഞ്
ശിലയൊരലയായ് കൈകൾ നീട്ടുന്നുവോ
നിറം പൊലിയുന്നൊരാ അക്ഷരങ്ങളെ
സുഖശീതളഛായയിൽ വീര്യം വെടിഞ്ഞും
നുര പതയുന്ന സുരയിൽ മൗനം കുമിഞ്ഞും
പാവമായ് പാവയായ് അരങ്ങൊഴിയുന്നുവോ
കൃഷ്ണസ്വരങ്ങളായ് പൊഴിയാത്ത പ്രണയമേ
പുളിവാക മറയുന്ന ചുംബനപ്പൂട്ടില്ല
കടലാസുകീറിലെ പരിഭവപ്പാട്ടില്ല
ഉഷ്ണമായ് ഉഷ്ണമായ് മാത്രം കരിഞ്ഞുവോ.

# വെഡ്ഡിംഗ്/ബെഡ്ഡിംഗ്

ജാഫർ ചളിക്കോട്
8943012647

എന്റെ താഴ്‌വേരുപോലും അറുത്താണ്
ഞാൻ നിന്റെ താഴ്ത്തടിയിൽ തടി ചേർക്കുന്നത്.
ഇനി നിന്റെ തടിയിലൊട്ടിപ്പിടിച്ചുവേണം
എനിക്കു വളരാനും ശിഖരങ്ങൾ വെക്കാനും
പൂക്കാനും കായ്ക്കാനും...

**ഏക തത്ത്വ വരിക്കാരാവുക**
**ഒറ്റ പ്രതി – 15 രൂപ**
**ഒരു വർഷത്തേക്ക് – 170 രൂപ**
**രണ്ടു വർഷത്തേക്ക് – 330 രൂപ**
**മൂന്നു വർഷത്തേക്ക് – 500 രൂപ**
**മണിയോഡറായോ ചെക്കായോ ഡിഡിയായോ ഇ-ട്രാസ്ഫറിലൂടേയോ പണമടയ്ക്കാം. വിലാസവും ബാങ്ക് വിവരങ്ങളും ഉള്ളടക്കം പേജ് നോക്കുക.**

യഥാർത്ഥ മതത്തിൽ തത്ത്വങ്ങളും
പ്രമാണങ്ങളുമില്ല.
അത് നാം വായിക്കുന്നതല്ല.
നാം വിശ്വസിക്കുന്ന പൊള്ള
പ്രമാണങ്ങളുമല്ല. പകരം; ഉള്ളിൽ
സാക്ഷാത്കരിക്കപ്പെടുന്നതാണ്.

–സ്വാമി വിവേകാനന്ദൻ–

# കത്തുകൾ

## അഭിപ്രായങ്ങളും പ്രതികരണങ്ങളും

ബഹുമാനപ്പെട്ട മുരളി സർ,

ആദ്യ കവിത നമ്മുടെ മാസികയിൽ പ്രസിദ്ധീകരിച്ചു വന്നപ്പോൾ തന്നെ എന്നെ വിളിച്ചു സംസാരിക്കുകയും തുടർന്നു രചനകൾ നടത്തുവാൻ പ്രചോദനം നൽകുകയും ചെയ്ത ബഹുമാനപ്പെട്ട മുക്കം ഭാസി സർ കഴിഞ്ഞ ലക്കത്തിൽ എഴുതിയ കത്തുവായിച്ചപ്പോൾ എന്റെ മനസ്സിൽ വന്നത് ഒന്നു പങ്കുവെച്ചു കൊള്ളട്ടെ. അറിവുകൊണ്ടും അനുഭവം കൊണ്ടും നിസ്സാരന്മാരായ ഞങ്ങളെ എഴുത്തിലൂടെ പ്രതിപാദിക്കുകയും അനുഗ്രഹം നൽകി മുന്നോട്ടു നടത്തുവാനും കാണിക്കുന്ന അദ്ദേഹത്തിന്റെ നന്മയെ കാൽതൊട്ടുവന്ദിക്കുന്നു. മുരളി സർ തന്നെ എന്നോട് ഒരിക്കൽ പറഞ്ഞതോർമ്മ വരുന്നു, "നമ്മുടെ മാസികയുടെ മുത്തശ്ശനാണ് ഭാസി മാഷ്." കുടുംബത്തിലെ മുതിർന്നവരിൽനിന്നും സ്ഥിരമായി ഞാൻ കേൾക്കുന്ന പല്ലവിയാണ് "രാഘവമേനോന്റെ കൊച്ചുമകൻ ഉയരങ്ങളിൽ എത്തണം ട്ടോ" എന്നത്. ഓരോ തവണ ഈ വാക്കുകൾ കേൾക്കുമ്പോഴും, ഭയഭക്തി ബഹുമാനത്തോടെ എന്റെ മുത്തശ്ശനെക്കുറിച്ച് മറ്റുള്ളവർ സംസാരിക്കുന്നതുകേൾക്കുന്ന നേരത്ത് എനിക്കോർമ്മവരുന്നത് എന്റെ മുത്തശ്ശന്റെ രൂപം തന്നെയാണ്.

സ്നേഹം നിറഞ്ഞതും മാനവനന്മയെ ലക്ഷ്യമാക്കുന്നതുമായ ഈ കൂട്ടായ്മയിൽ എനിക്കും അവസരം നൽകുന്ന മുരളി സാറിന് വളരെയധികം നന്ദി. ഒപ്പം തന്നെ ഏകതത്ത്വയിലേക്ക് എന്നെ എത്തിച്ച പ്രകാശ് ചക്കോട്ടിൽ സാറിനോടും എന്റെ നന്ദി അറിയിക്കുവാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളട്ടെ.

നന്ദിപൂർവ്വം

അജയ് ബാലചന്ദ്രൻ

## അജയ് ബാലചന്ദ്രൻ

**മുക്കം ഭാസി**
**9846138693**

നീല വിഹായസ്സിൽ
സ്വപ്നച്ചിറകുകളുമായി
സ്വച്ഛന്ദം പാറിപ്പറന്നുനടന്ന
ഒരു സ്വർണപക്ഷി !
ഒരു ദുർഭഗ നിമിഷത്തിൻ
ഏതോ ഒരു കാട്ടാളന്റെ
അസ്ത്രമുനയേറ്റ്, ചിറകറ്റ്
അനാഥത്തിലേയ്ക്ക്
കൂപ്പുകുത്തിവീണ
വിധിയുടെ വേട്ടപ്പക്ഷി !
വേണ്ടപ്പെട്ടവരുടെയെല്ലാം
നൊമ്പരമായി കഴിയുമ്പോഴും
കരളുറപ്പോടെ,
പുത്തൻകിനാക്കളുടെ
തങ്കകൊട്ടാരം തീർത്ത്
പുത്തൻ ചിറകുകൾക്ക് വേണ്ടി
കാത്തിരിയ്ക്കുന്നു;
അജയ് ബാലചന്ദ്രൻ !!
നമ്മുടെയെല്ലാം
അജയ് ബാലചന്ദ്രൻ !

പ്രിയ മുരളി,

എഴുപതുകളുടെ അന്ത്യത്തിലും എൺപതുകളിലും വനം വകുപ്പിന്റെ പരസ്യചിത്രങ്ങളുണ്ടായിരുന്നു, പൊതുസ്ഥലങ്ങളിൽ വായനക്കാർ മറന്നിരിക്കാനിടയില്ല.

വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന ജീവികളുടെ ചിത്രത്തിൽ "ഞങ്ങളെ ജീവിക്കാനനുവദിക്കൂ" എന്നെഴുതിയിരുന്നവ. "ഉറങ്ങുന്നവർക്കായി ഉണർന്നിരിക്കാൻ കാണിച്ച ആർജ്ജവം താങ്കളെ എത്തിക്കുന്നതെവിടെയാണെന്ന ചിന്തനം ആണ് എന്നെ വംശരക്ഷണം എന്ന തലക്കെട്ടിലെത്തിച്ചത്! പത്രാധിപക്കുറിപ്പുകളെക്കുറിച്ചുള്ള ഇന്ദുജൻ ഇന്ദീവരത്തിന്റെ കാവ്യാത്മക ഭാഷയിലുള്ള ലേഖനം ആശങ്ക വീണ്ടും കൂട്ടി. എഴുതപ്പെട്ട രണ്ടു തലവരികൾ കൂട്ടിയെടുത്ത് വായിച്ചപ്പോളാ സത്യം "കത്തിത്തീരും മുൻപ് ഞങ്ങളെ നശിപ്പിക്കരുത്" !!

നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന നന്മയുടെ വക്താവാണ് താങ്കൾ ! വംശനാശം സംഭവിക്കാവുന്ന ഭംഗിയുള്ള ജീവികളെ സംരക്ഷിക്കേണ്ടത് അവശേഷിക്കുന്നവരുടെ കടമയല്ലേ ? നാരായണൻ കുട്ടി സാർ പരത്തിയെഴുതിയ മൂല്യച്യുതിക്കുത്തരവാദികൾ നിഷ്ക്രിയവും മൗനവുമായിക്കൊണ്ടിരിക്കുന്ന നന്മ നിറഞ്ഞ മനസ്സുകളല്ലേ ? മനസ്സുകളുടെ കൂട്ടായ്മക്കു മനനം ചെയ്തു മാറ്റാനാവാത്ത എന്താണുള്ളത്? വേടൻമാരും വിടൻമാരും നിറഞ്ഞ ലോകത്തുനിന്ന് താങ്കളെ എങ്ങിനെ സംരക്ഷിക്കുമെന്നതാണെന്റെ ആശങ്ക.

ഏക തത്ത്വയുമായുള്ള ബന്ധം തുടങ്ങി രണ്ടുവർഷം മാത്രമേ ആയുള്ളുവെങ്കിലും താങ്കൾ മുഖേന പരിചിതരായവർ, പ്രതിഭാധനരായ കുറേ മഹത്തുക്കൾ ഇന്നെന്റെ ജീവിതത്തിന്റെ ഭാഗമാണ്. മുക്കം ഭാസി സർ മുതൽ മുഹമ്മദ് കനി, ടി. കെ. ഉണ്ണികൃഷ്ണൻ, അരവിന്ദൻ, മോഹൻദാസ്, മുരളീധർ കൊല്ലത്ത്, ടി. വി. നാരായണൻ കുട്ടി, അജയ് ബാലചന്ദ്രൻ എന്ന അത്ഭുതം, സുരേഷ് തെക്കീട്ടിൽ എന്ന കഥയുടെ ബിഗ്ബസാർ പേരെഴുതിയെങ്കിലും ഭൂരിഭാഗവും ഗുരുതുല്യരാണ്. തമിഴ്നാട്ടിൽ ജോലിയുള്ളതിനാൽ സുബ്രഹ്മണ്യൻ സാറും വിജയേട്ടനും (കെ. വിജയകുമാരൻ) ദർശനഭാഗ്യം തന്നുകൊണ്ടിരിക്കുന്ന മേനോൻ സാറിന്റെ ബൗദ്ധിക പരാമർശങ്ങൾക്കിടെ ഒരിക്കൽ എന്റെപേരും കണ്ടു കൃതാർത്ഥനായി. എന്തുകുറിച്ചാലും ക്രിയാത്മകവിമർശനവും അനുഗ്രഹങ്ങളുമായി സ്റ്റെല്ല റ്റീച്ചർ, ഇതൊക്കെ നിങ്ങളാകുന്ന മുല്ലപൂമ്പൊടിയേറ്റുണ്ടായതാണ്. ഒരോണക്കാലത്തെ കുടുംബ സമാഗമസുഖം ഓരോ ഏക തത്ത്വ ലക്കവും കയ്യിലെത്തുമ്പോൾ ഉണ്ടാകുന്നു എന്നത് ഒരു അതിശയോക്തിയല്ല. ഏക തത്ത്വ ഒരു മാസിക എന്നതിലുപരി ഒരു നന്മക്കൂട്ടായ്മ ആണ്. എല്ലാ ഉദ്യമങ്ങൾക്കും നിറവാർന്ന ഭാവുകങ്ങൾ. മാർച്ച് ഏപ്രിൽ ലക്കങ്ങളൊന്നിച്ചാണ് കിട്ടിയത്. എന്തുകൊണ്ടോ ഏപ്രിൽ മാസത്തിലെ വിഷയം മരണമാണോ എന്നുതോന്നിപ്പോയി. മേയ് മാസത്തിൽ അച്ചടിപ്പിശകുകൾ ഏറെ. കെ. വിജയകുമാരന്റെ കൊണ്ടച്ചീപ്പുരുവും സഹമുറിയനെക്കുറിച്ചുള്ള അനുസ്മരണവും ആടിന്റെ പ്രസക്തഭാഗവും എം. പി. നാരായണപ്പിള്ളയേയും വി. കെ. എന്നിനേയും ഓർമ്മിപ്പിച്ചു. ആ എഴുത്തു നിർബാധം തുടരട്ടെ. യാത്രകൾക്കിടയിൽ പകർത്തിയ ഏതാനും ദൃശ്യങ്ങൾ മുഖച്ചിത്രങ്ങളാക്കി താങ്കളെന്നെ കടക്കാരനാക്കുകയാണ്. ഇതിനൊക്കെ എന്തുപകരം തരാൻ മുരളീ... ഹൃദയം നിറഞ്ഞ് 'നന്ദി' എന്നൊരു വാക്കല്ലാതെ ?!

സസ്നേഹം

പ്രമോദ് മഞ്ചേരി

# കത്തുകൾ

# അന്നദാനം മഹാദാനം

ശ്രീ മുരളീധരൻ സാറിന്,

ഏക തത്ത്വയിലെ മെയ് ലക്കം എഡിറ്റോറിയൽ വായിച്ചു. അതിൽ പറഞ്ഞിരിക്കുന്ന അമ്പലങ്ങളിലെ അന്നദാനത്തെ കുറിച്ച് - വളരെ കാര്യമായി ചിന്തിക്കേണ്ട ഒന്നാണെന്ന് തോന്നി. അമ്പലങ്ങളിലിപ്പോൾ താൻ പൊരിമയും ഹുങ്കും കാണിക്കുന്ന തരത്തിലാണ് അന്നദാന മഹോത്സവങ്ങൾ നടക്കുന്നത്. 'അന്നദാനം മഹാദാനം' എന്നത് വളരെ ശരി തന്നെയാണ്. എന്നാൽ അത് അന്നത്തിന് വഴിയില്ലാത്തവർക്ക് കൊടുക്കുമ്പോൾ മാത്രമാണ് മഹത്താവുന്നത്. ഈയിടെ ഞങ്ങളുടെ നാട്ടിലെ ക്ഷേത്രത്തിൽ വന്ന രാമചന്ദ്രൻ സാർ (ഹിമാലയൻ യാത്രകളെ കുറിച്ച് പുസ്തകമെഴുതിയ മാന്യദ്ദേഹം) പ്രഭാഷണ മദ്ധ്യേ ഇതേ ആശയം പറയുകയുണ്ടായി. ഇത് ഭഗവാന്റെ പ്രസാദം എന്ന നിലക്കാണ് കൊടുക്കുന്നത് എന്നായി കമ്മറ്റിക്കാർ. എന്നാൽ പായസമോ, അപ്പമോ മറ്റോ ശീട്ടാക്കിയാൽ പോരെ എന്നായിരുന്നു മറുപടി. ഇങ്ങിനെ എല്ലാ ക്ഷേത്രങ്ങളിലും പറയുന്നതിനാൽ അദ്ദേഹത്തെ അധികമാരും പ്രസംഗിക്കാൻ ഇപ്പോൾ വിളിക്കാറുമില്ല ത്രെ.

ഈ പ്രസംഗത്തിനൊടുവിൽ അദ്ദേഹം മഹാഭാരതത്തിലെ ഒരു കഥ പറഞ്ഞു. കുരുക്ഷേത്രയുദ്ധം കഴിഞ്ഞ് യുധിഷ്ഠിരൻ രാജ്യം ഭരിക്കുന്ന കാലം. ഒരിക്കൽ ഭഗവാൻ കൃഷ്ണൻ കൊട്ടാരത്തിൽ എത്തിയപ്പോൾ യുധിഷ്ഠിരൻ അദ്ദേഹത്തോട് പറഞ്ഞു - "ഞാൻ എന്റെ നാട്ടിലുള്ളവർക്കെല്ലാം സൗജന്യമായി ഭക്ഷണം കൊടുക്കുന്നുണ്ട്. ആദ്യം ആയിരം പേർക്ക്, പിന്നെ അത് കൂടി പതിനായിരം പേർക്കായി, ഇപ്പോൾ എല്ലാവർക്കുമായി." ഇത് കേട്ട് ഭഗവാൻ പുഞ്ചിരിക്കുക മാത്രം ചെയ്തു. എന്നിട്ട് പറഞ്ഞു - "നമുക്ക് പാതാള ലോകം വരെയൊന്ന് പോകാം. വേഗം പുറപ്പെടൂ." അങ്ങിനെ കൃഷ്ണൻ യുധിഷ്ഠിരനേയും കൂട്ടി പാതാള രാജ്യത്തേക്ക് പോയി.

പാതാള ലോകത്ത് അവർക്ക് രാജകീയ സ്വീകരണം തന്നെ നൽകി സ്വീകരിച്ചു. ഭഗവാൻ യുധിഷ്ഠിരനെ രാജാവിന് പരിചയപ്പെടുത്തി. "ഇത് യുധിഷ്ഠിരൻ. ഭാരത യുദ്ധം ജയിച്ച രാജാവാണ്."

"ഇദ്ദേഹത്തെ അറിയാത്തവരായി ആരുണ്ട്." ഇത് പറഞ്ഞ് പാതാള രാജാവ് അദ്ദേഹത്തെ വാനോളം പുകഴ്ത്തി. ഭഗവാൻ മറ്റൊന്നു കൂടി പറഞ്ഞു - "ഇദ്ദേഹം രാജ്യത്തുള്ള ആയിരം പേർക്ക് അന്നദാനം എല്ലാ ദിവസവും നടത്തി. പിന്നെ അത് പതിനായിരമായി, ഇപ്പോൾ എല്ലാ പ്രജകൾക്കും സ്ഥിരമായി നടത്തുന്നുണ്ട്."

ഇതുകേട്ട പാതാള രാജാവിന്റെ മുഖം മങ്ങി. അദ്ദേഹം യുധിഷ്ഠിരനോട് പറഞ്ഞു. "ഞാൻ താങ്കൾക്ക് തന്ന എല്ലാ ബഹുമാനവും തിരിച്ചെടുത്തിരിക്കുന്നു." ഒന്നും മനസ്സിലാവാതെ നിന്ന യുധിഷ്ഠിരനോട് അദ്ദേഹം പറഞ്ഞു - "ഞാൻ നിങ്ങളെ വെല്ലുവിളിക്കുന്നു. എന്റെ രാജ്യത്ത് നിന്ന് അന്നദാനം നടത്തി ഒരു പത്തുപേരേയെങ്കിലും പങ്കെടുപ്പിക്കാമോ ? ആരും വരില്ല. കാരണം എന്റെ രാജ്യം സമൃദ്ധമാണ്. ഇവിടെ വയലുകളിൽ അവർ കൃഷി ചെയ്യുന്നു. അവർക്ക് ജോലിയുണ്ട്. അവരാരും തന്നെ പട്ടിണി കിടക്കുന്നില്ല."

ഇതുകേട്ടതോടെ യുധിഷ്ഠിരന് അബദ്ധം മനസ്സിലായി. ഭഗവാൻ തന്നെ ഇവിടേക്ക് കൊണ്ടുവന്നത് എന്തിനാണെന്ന് ബോധ്യമാവുകയും തന്റെ തെറ്റ് തിരുത്തി രാജ്യം സമൃദ്ധിയിലാക്കാൻ ശ്രമിക്കുകയും ചെയ്തു.

അമ്പലങ്ങളും /പള്ളികളും ഇതൊക്കെ മാറ്റിവെച്ച് - ഈ തുക മറ്റുവല്ല നല്ല കാര്യങ്ങൾക്കും ചിലവഴിക്കുകയാണ് വേണ്ടത്. തൃശ്ശൂർ രൂപതയുടെ കീഴിലുള്ള ഒരു പള്ളിയിൽ ക്രിസ്തുമസ്സിനോടനുബന്ധിച്ച് പുൽക്കൂടൊരുക്കുന്ന (ലക്ഷങ്ങൾ ചിലവഴിച്ച്) പദ്ധതി ഒരു ഫാദർ വേണ്ടെന്നുവെച്ചു. കുർബാനക്കിടയിൽ വിശ്വാസികളോട് അദ്ദേഹം പറഞ്ഞു - "ഇപ്രാവശ്യം പുൽക്കൂട് ഒരുക്കുന്നില്ല. അതിനുപകരം പാവപ്പെട്ട വീടില്ലാത്ത ഒരാൾക്ക് വീട് വെച്ചുകൊടുക്കുന്നു." - മാസങ്ങൾ കൊണ്ട് വീട് പൂർത്തിയാവുകയും ക്രിസ്തുമസ്സിന് വിശ്വാസികൾ ആ വീട്ടിൽ ഒത്തുകൂടുകയും ചെയ്തുവത്രെ. ഇത്തരം ലക്ഷ്യങ്ങളും മാർഗ്ഗങ്ങളുമാകട്ടെ വിശ്വാസികളുടേത് എന്ന് പ്രാർത്ഥിക്കുന്നു.

ആനുകാലിക പ്രസക്തിയുള്ള വിഷയങ്ങൾ ഏക തത്ത്വയുടെ പേജുകളിൽ നിന്ന് ഇനിയും പ്രതീക്ഷിക്കുന്നു. ആശംസകളോടെ,

ശ്യാം ലാൽ എസ്. കെ.
9447082867

---

പ്രിയപ്പെട്ട മുരളീധരന്,

സൗഖ്യമെന്നറിയുന്നതിൽ സന്തോഷം. സാത്വികതയുടെ നറുമണവുമായി മാസം തോറുമുള്ള ഏക തത്ത്വയുടെ ആഗമനം മനസ്സിനൊരു കുളിർമ്മയാണ്. ആദർശങ്ങൾ കാത്തുസൂക്ഷിക്കുന്നവനെന്ന 'അയോഗ്യത' താൽക്കാലികമായെങ്കിലും യോഗ്യതയായി മാറുന്നു.

ഇന്റർനെറ്റൊരുക്കുന്ന വലയിൽ വീഴുന്ന ഇരകളായ മനുഷ്യരെ ഉപദേശിച്ചിട്ടെന്ത് ? സ്വത്വം നഷ്ടപ്പെട്ടവരായിക്കഴിഞ്ഞല്ലോ നമ്മൾ !

സസ്നേഹം

ഇ. എൻ. നാരായണൻ
9539307005

---

പ്രിയമുള്ള ഇ. ടി. മുരളീധരൻ മാസ്റ്റർക്ക്,

2017 മാർച്ച് ലക്കം ഏക തത്ത്വ കൈപ്പറ്റി. ഒരു ജന്മനിയോഗം പോലെ ഈ സംരംഭത്തെ മുന്നോട്ടു കൊണ്ടുപോകുന്നതിന് അഭിനന്ദനങ്ങൾ. ഈ പ്രസ്ഥാനത്തിന് തുണയായി നില്ക്കുന്ന കുടുംബാംഗങ്ങളുൾപ്പടെ അസുഖബാധിതരായപ്പോഴും ഒരുലക്കം പോലും മുടങ്ങാതെ മാസിക പുറത്തിറക്കാൻ കാണിച്ച അർപ്പണബോധം, ഇന്നല്ലെങ്കിൽ നാളെ അംഗീകരിക്കപ്പെടും.

സമൂഹത്തിലെ തിന്മകൾക്കെതിരെ ആഞ്ഞുപതിക്കുന്ന ചാട്ടവാറായി താങ്കളുടെ എഡിറ്റോറിയൽ മാറുന്നുണ്ട് എന്നറിയിക്കട്ടെ, കക്ഷിരാഷ്ട്രീയമെന്ന നീരാളിപ്പിടുത്തത്തിലാണ് നാമോരോരുത്തരും അകപ്പെട്ടിരിക്കുന്നത്. നേതാക്കളെന്ന് സ്വയം മുദ്രകുത്തപ്പെട്ടവരുടെ വൃത്തികേടുകൾക്ക് കുടപിടിക്കുന്നവരായി മാറിയിരിക്കുന്നു, അണികൾ. എന്താണ് നന്മ, തിന്മ എന്നത് ആരെങ്കിലും ചാനലിൽ ചർച്ച് ചെയ്ത് തീരുമാനിക്കേണ്ടതായ സംഗതിയായി മാറിയിരിക്കുന്നു !

ജനത്തെ സംബന്ധിച്ചിടത്തോളം ദൈവം മാത്രമേ ആശ്രയമായിട്ടുള്ളൂ. മറ്റെല്ലാ സംവിധാനങ്ങളും അവനെതിരെയാണ്. എല്ലാ അവന്മാരും അടിമകളോളം തരം താഴ്ന്നിരിക്കുന്നു. എല്ലാ അടിമകളും സ്വന്തം നാവ്, സ്വന്തം ഉടമകൾക്ക് പണയംവെച്ചിരിക്കുന്നു. അതുകൊണ്ട് ഉടമയുടെ തെറ്റ് ചൂണ്ടിക്കാണിക്കുവാൻ അവന്റെ അടിമ അശക്തനായിരിക്കുന്നു. തെറ്റുചെയ്യുന്ന ഉടമ

യ്ക്ക് പ്രോത്സാഹനമേകിക്കൊണ്ട് കൈയടിക്കുവാൻ മാത്രമുള്ള സ്വാതന്ത്ര്യമാണ് അനുവദിക്കപ്പെട്ടിട്ടുള്ളത് !

ഞാൻ നന്നാവില്ല എന്ന് ദൃഢപ്രതിജ്ഞയെടുത്തിരിക്കുന്ന ഒരാളെ ദൈവത്തിന് എന്തുചെയ്യാൻ കഴിയും !

എങ്കിലും പ്രതീക്ഷ കൈവിടാതെ താങ്കൾ മനുഷ്യത്വത്തോടൊപ്പം തന്നെ നില്ക്കാൻ ശ്രമിക്കുന്നു. ഹൃദയത്തിൽനിന്നും ആർദ്രമായ സ്നേഹം ഒഴുക്കുന്നു.

അങ്ങയുടെ മനസ്സിലെ അഗ്നിയിൽനിന്നും ജ്വലിക്കുന്ന അക്ഷരങ്ങൾ ഏക തത്ത്വയിലൂടെ ഇനിയുമിനിയും നിറവുതേടട്ടെ.

'മറ്റെന്തുമാവാം, മനുഷ്യനാവാനാണ് പാട്' എന്നറിയാത്തതല്ല. എന്നാലും തുടരുക. സാർത്ഥവാഹകസംഘം മുന്നോട്ടുതന്നെ പോകട്ടെ.

ഭാവുകങ്ങളോടെ,
രവീന്ദ്രൻ മലയങ്കാവ്
9288114916

---

പ്രിയപ്പെട്ട മുരളിസാറിന്,

ഏക തത്ത്വ മെയ് ലക്കം കിട്ടി. ഉറങ്ങുന്നവർക്കായി ഞാൻ ഉണർന്നിരിക്കാം എന്ന മികച്ച തലക്കെട്ടോടെ ശ്രദ്ധേയമായ എഡിറ്റോറിയൽ. എല്ലാതലമുറയിലേയും എഴുത്തുകാരെ ഒന്നിച്ചണി നിരത്തുന്ന പ്രത്യേകത അല്ലെങ്കിൽ അക്കാര്യത്തിൽ പുലർത്തുന്ന അതീവ ശ്രദ്ധ. അതോടൊപ്പം പുതിയ പുതിയ എഴുത്തുകാരെ രംഗത്തുകൊണ്ടുവരുന്നതിനുള്ള ജാഗ്രത. തീർച്ചയായും ഏക തത്ത്വ ഏറെ അഭിനന്ദനമർഹിക്കുന്നു. ഉറപ്പിച്ചുപറയാം ഈ യാത്ര കൂടുതൽ, കൂടുതൽ ഉയരങ്ങളിലേക്ക്.

എടുത്തുപറയാനും, എഴുതാനും നിലവാരമുള്ള രചനകൾ ഏറെയുണ്ട്. എന്നാൽ ഒരു കത്തിന്റെ പരിമിതിയിലേക്ക് ഞാൻ ചുരുങ്ങുന്നു. മുക്കം ഭാസി മാഷുടെ സാന്നിദ്ധ്യം മാസികയ്ക്ക് സുഖമുള്ള ഒരു നിലാവിന്റെ തെളിച്ചം പകരുന്നു എന്ന് പറയാതെ വയ്യ. ഏക തത്ത്വയിലേക്ക് സതീഷ് മാമ്പ്ര എന്ന പരിചയ സമ്പന്നന്റെ കടന്നുവരവ് തന്നെ മികവുറ്റതായി. മുരളീധർ കൊല്ലത്തും ഹൃദയം തൊട്ടു. എടുത്തുപറയേണ്ട മറ്റൊരാൾ ശ്രീ. ഇന്ദുജൻ ഇന്ദീവരമാണ്. ഒരു വിഷയം എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നതിലാണ് എഴുത്തുകാരൻ മിടുക്ക് കാണിക്കേണ്ടത്. ജിഷ ഒരു ചരിത്രമരണം എന്ന കവിതയിൽ നിറയുന്നത് ആ കവിത്വസിദ്ധി തന്നെ. ഓരോ വരികളിലൂടേയും കടന്നുപോവുമ്പോൾ കവിതയുടെ തലം എത്രമേൽ ഉയർത്തിനിർത്താൻ അദ്ദേഹത്തിനായി എന്ന് ബോധ്യമാവും. കാലത്തിനോട്, സമൂഹത്തോട് നീതി പുലർത്തണം കവിത എന്ന തിരിച്ചറിവ് അദ്ദേഹത്തിൽ കാണുന്നു. ദീർഘിപ്പിക്കുന്നില്ല. ഒരു സമ്പൂർണ്ണമാസിക എന്ന നിലയ്ക്ക് അതിവേഗം വളരുന്ന ഏകതത്ത്വയ്ക്ക് അഭിനന്ദനങ്ങൾ. എല്ലാ എഴുത്തുകാർക്കും ഭാവുകങ്ങൾ.

നന്മകൾ നേർന്നുകൊണ്ട്
സവിനയം
സുരേഷ് തെക്കീട്ടിൽ
9446330957

**മറുപടി**

അഭിപ്രായങ്ങൾ രേഖപ്പെടുത്തിയ ഏവർക്കും നന്ദി. തുടർന്നും വായിക്കുക. എഴുതുക. അഭിപ്രായങ്ങൾ രേഖപ്പെടുത്തുക. ഏവരേയും സ്നേഹിക്കുക, സൗഹൃദം പങ്കുവെക്കുക.

എഡിറ്റർ



പ്രമോദ് മഞ്ചേരി
09495607393,09445407393

# പറുദീസക്കാർ പണിയെടുത്താൽ...

**മി**ന്നുന്ന നനുത്ത ചിറകുകളുമായി ദേശാടനക്കിളികളുടെ ഒരു പറ്റം പോലെ, രക്ഷാമാലാഖമാരുടെ ഒരു സംഘം മുന്നിലെ പ്രകാശധോരണി ലക്ഷ്യമാക്കി പറന്നു. "പറുദീസയെപ്പറ്റിയും ദൈവത്തിന്റെ സമക്ഷത്തെ പറ്റിയും ഘോരഘോരം പ്രസംഗിക്കുന്നവരെ നാം കാണുകയും കേൾക്കുകയും ചെയ്തില്ലേ ?"

കൂട്ടത്തിൽ മുതിർന്ന മാലാഖ എല്ലാവരോടുമായി ചോദിച്ചു. ഒരുപക്ഷെ വായനക്കാർ അവരെ അരുണ ഷാൻബഗ് എന്ന പേരിൽ അറിയും. അവരുടെ സ്വതസിദ്ധമായ ചിരി കൂട്ടത്തിലെ മറ്റുള്ളവരുടെ ഓർമ്മകൾ ഉദ്ദീപിപ്പിച്ചില്ല എന്നുതന്നെ പറയാം. ഭൂമിയിലെ സംഭവങ്ങളും അനുഭവങ്ങളും വിസ്മരിച്ച അവരിൽ പലരേയും നമ്മൾ വായനക്കാർ, സൗമ്യ, ജ്യോതി, നിർഭയ, അങ്ങനെ പല പല പേരിൽ അറിഞ്ഞിരിക്കുന്നു. ചിലർ ദിവസങ്ങൾ, ചിലർ മാസങ്ങൾ, ചിലർ വർഷങ്ങൾ തന്നെ സമൂഹ മനഃസാക്ഷിയെ (അങ്ങനെ ഒന്നുണ്ടോ എന്നു ചോദിക്കരുത്) പിടിച്ചുലച്ചുകൊണ്ടിരുന്നവരാണ്. ഭൂമിയിലെ സഹനങ്ങൾക്കനുസൃതമായാണ് പറുദീസയിലെ സ്ഥാനാരോഹണങ്ങളും. ആ രീതി കൊണ്ടാണ് അരുണ വകുപ്പ് മേധാവി ആയിരിക്കുന്നത്. സോഹൻലാൽ ബർത്തയെന്ന തൂപ്പുകാരന്റെ പ്രതികാരത്തിനു പാത്രമായി, അവൻ കഴുത്തിൽ കുരുക്കിട്ട നായ്ചങ്ങലയുടെ ബന്ധനത്തിൽ, തലച്ചോറിലേക്കുള്ള രക്തധമനികൾ വറ്റി ബോധമറ്റുകിടന്ന അവസ്ഥയിൽ, അവൻ കാമവെറി തീർക്കുമ്പോൾ അവളൊന്നുമറിഞ്ഞിരുന്നില്ല. പിന്നെ നീണ്ട നാല്പത്തി രണ്ടു വർഷങ്ങൾ കണ്ണുചിമ്മുന്നതും ചുണ്ടുകളുടെ ചിരിയെന്നൂഹിക്കാവുന്ന ഒരു പിളുത്തലും ജീവന്റെ ലക്ഷണമാക്കി കിടന്നവൾ. അതെല്ലാം കഴിഞ്ഞു ഇന്നു സോഹൻലാൽ ബർത്തമാരുടെ എണ്ണമേറുകയാണ്. അതുകൊണ്ടുതന്നെ അരുണയുടെ വകുപ്പിൽ മാലാഖമാരുടെ എണ്ണവും !!!

അരുണ എന്ന മാലാഖ പുതിയ അംഗങ്ങളുടെ ഇടയിലൂടെ മിന്നുന്ന ചിറകുകളും കയ്യിൽ ഒരു മാന്ത്രിക ദണ്ഡുമായി പറന്നുകൊണ്ടിരിക്കയാണ്. കൂട്ടത്തിൽ പിഞ്ചു കുഞ്ഞുങ്ങളുടെ ഒരു ഗണം. അതിനരികെ അരുണ നിന്നു. അവൾ ചിരിച്ചു. പറുദീസയിൽ കോപത്തിനും വൈരാഗ്യത്തിനൊന്നും സ്ഥാനമില്ല. ഒരേയൊരു വികാരം മാത്രം സന്തോഷം... മനസ്സിലുയരുന്ന ചോദ്യങ്ങൾക്ക്

അവ ഉരുത്തിരിയുന്നതോടെ തന്നെ ഉത്തരങ്ങളും കിട്ടിയിരിക്കും. (ആത്മാവായാൽ എന്തു സുഖം?) മുകളിൽ നിന്നും അവരിലേക്ക് പൊഴിഞ്ഞുകൊണ്ടിരിക്കുന്ന പ്രകാശധോരണി നോക്കി അവളല്പനേരം നിന്നു. അവൾക്ക് മനസ്സിലുത്തരം കിട്ടിക്കഴിഞ്ഞിരുന്നു.

പറുദീസയിലെ ജോലി, നമ്മുടെയെല്ലാം ശരീരങ്ങൾ നഷ്ടപ്പെടുത്തിയ അതേ ഇടങ്ങളിൽ തിരിച്ചു ചെല്ലുക എന്നുതന്നെ ആണ്. അവിടെ സ്വന്തം ശരീരത്തിന്റെ തൃഷ്ണകളിൽ മദിച്ച് മയങ്ങി ജന്മം പാഴാക്കുന്ന അനേകരുണ്ട്. സ്വന്തം നിലനില്പ്പിന്റെ അർത്ഥമറിയാത്ത ശതസഹസ്രം ആത്മാക്കൾ... അവരിലേക്കാണ് നാം നീങ്ങേണ്ടത്.'' പലർക്കും ഒരു അങ്കലാപ്പുയരുന്നത് അരുണ അറിയുന്നുണ്ടായിരുന്നു. പറഞ്ഞിട്ടു കാര്യമില്ല ഭൂമിയിലെ അനുഭവങ്ങൾ പലർക്കും സംഭ്രമജനകം തന്നെ ആയിരുന്നല്ലോ ?

എല്ലാവരും രക്ഷിതാവയക്കുന്ന പ്രകാശധോരണി ശ്രദ്ധിക്കുക. അവിടെ നിങ്ങൾക്ക് ഉത്തരം ലഭിക്കും. അല്പനേരത്തിന്നുശേഷം തിരിഞ്ഞു പറക്കാനാരംഭിച്ച എല്ലാവരുടേയും മുഖം ദീപ്തമായിരുന്നു. ഒപ്പം തന്നെ പുഞ്ചിരിയും... രക്ഷാമാലാഖമാരുടെ ഒരുപറ്റം പുഞ്ചിരി പൊഴിച്ചുകൊണ്ട് ഭൂമിയിലേക്ക് പറന്നിറങ്ങി.

ഹരിതാഭയാർന്ന ദൈവത്തിന്റെ സ്വന്തം നാട്. ഈ നാട്ടിലെ വിവിധ ഭാഗങ്ങളിലേക്കിറങ്ങുമ്പോൾ സാധാരണക്കാർക്ക് അദൃശ്യരും അപ്രാപ്യരും ആയിരുന്നതിലാവാം മനുഷ്യരായി ജീവിക്കുമ്പോഴുണ്ടായിരുന്ന ഭയപ്പാടുകളവർക്കുണ്ടായിരുന്നതേയില്ല. തങ്ങൾ ജീവിച്ചിരുന്നപ്പോൾ ശല്യം ചെയ്തിരുന്ന പലരും ജീവിതത്തിന്റെ പലതുറകളിലും കാരാഗ്രഹങ്ങളിൽ വരെ സുഖ ജീവിതം നയിക്കുന്നത് മാലാഖമാർ തിരിച്ചറിഞ്ഞു. അവർ പുഞ്ചിരിച്ചു കാരണം അവർക്കതുമാത്രമേ കഴിയു.

''നിങ്ങളുടെ സാന്നിദ്ധ്യം തന്നെ അശരണർക്ക് കരുത്തേകും. താന്താങ്ങളുടെ ശക്തി എന്തെന്നു മറന്നിരിക്കുന്നവരെ കൈപിടിച്ചുണർത്താൻ യത്നിക്കുക.'' മാലാഖമാർ അവരുടെ ഉള്ളിലുണർന്ന കല്പനകൾ ഓർത്തു മുന്നോട്ടു ഗമിക്കുകയായിരുന്നു.

അതൊരു കോളനിയായിരുന്നു, നിരനിരയായി വീടുകളുള്ള, നഗരമധ്യത്തിൽ നിന്നകലെ ഇരുളും വെളിച്ചവും മേളിച്ച ഒരു ഗൃഹശൃംഖല. അന്തിയായി വെളിച്ചത്തിന്റെ അവസാനകണികവും വറ്റും മുൻപേ വീടെത്താൻ തിടുക്കം കൂട്ടുന്ന ആളുകൾ, തലങ്ങും വിലങ്ങും നടന്നും ഓടിയും, അതിനിടെ ഇരുൾ കട്ടകുത്തിയ ചിലയിടങ്ങളിൽ മറ്റ് പലതും നടക്കുന്നുണ്ടായിരുന്നു. മദ്യവും കഞ്ചാവും മയക്കിയ ആൾക്കൂട്ടങ്ങൾ പലയിടത്തായി കാണപ്പെട്ടു. കോളനിയുടെ കിഴക്കേമൂലയിലെ പണിതീരാത്ത കെട്ടിടത്തിനുള്ളിൽ നിന്നും ഒരു മൂളൽ കേൾക്കുന്നുണ്ടായിരുന്നു. അവിടെ അടച്ചിട്ട ഒരു മുറിക്കുള്ളിൽ സ്കൂൾ യൂണിഫോമിട്ട ഒരുകുട്ടിയെ വായ് മൂടപ്പെട്ട നിലയിൽ കെട്ടിയിട്ടിരുന്നു. ഒരാഴ്ച മുൻപാണ് ആ കോളനിയിലെ ഒരു കുട്ടി ആത്മഹത്യ ചെയ്തെന്നു പറഞ്ഞ് ആ കെട്ടിടത്തിൽ പോലീസിന്റെ റയിഡ് നടന്നതും കോളനിക്കാരെ സ്തബ്ധരാക്കിക്കൊണ്ട് കെട്ടിടമുടമയ്ക്ക് ഹസ്തദാനം ചെയ്തു പോലീസ് പിന്തിരിഞ്ഞതും !!

കോളനിയുടെ മധ്യഭാഗത്തായി ഒരു കുഞ്ഞു നഷ്ടപ്പെട്ട അമ്മ അയല്പക്കക്കാരോടെന്തോ പറഞ്ഞുകൊണ്ടിരുന്നു. ഒരുകൂട്ടം സ്ത്രീകൾ പാതിമിഴി തെരുവിലേക്കും പാതിശ്രദ്ധ ആ അമ്മയിലേക്കുമായിരിക്കുന്നുണ്ട്. അവരുടെ എല്ലാം പെൺകുട്ടികൾ പഠനത്തിനും ജോലിക്കുമായി നഗരത്തിന്റെ വിവിധ ഭാഗങ്ങളിലായിരുന്നു.

ഒരു വലിയ ആംബുലൻസ് പണിതീരാത്ത കെട്ടിടത്തിന്റെ അടുത്തേക്കു ചീറിപ്പാഞ്ഞുവരുന്നതാണ് നാം കാണുന്നത്. എന്നാൽ രംഗം മാറിയത് പൊടുന്നനെ ആയിരുന്നു. എവിടെനിന്നറിയാതെ ആ കോളനിയിലെ ഒട്ടുമിക്ക വീടുകളിലും നിന്നു സ്ത്രീകളും പുരുഷന്മാരും ചേർന്ന സംഘം ആ വീടുവളഞ്ഞു. അവരാ വാഹനത്തിൽ വന്ന ആളുകളേയും കെട്ടിടത്തിനുള്ളിലുള്ളവരേയും പിടിച്ചുകെട്ടി, പെൺകുട്ടിയെ മോചിപ്പിച്ചു.

അതേസമയത്ത് നഗരത്തിന്റെ ഇരുളടഞ്ഞ കോണുകളിലെ കഞ്ചാവു മദ്യ സംഘങ്ങളെ വേറൊരു കൂട്ടർ കയ്യേറ്റം ചെയ്തു. ഒറ്റയ്ക്ക് വീട്ടിലേക്ക് വരികയായിരുന്ന പെൺ

# കഥ

കുട്ടികൾ തങ്ങളെ വീടുവരെ അനുഗമിക്കുന്ന പ്രായമായ ആളുകളെ കണ്ടു അവിശ്വസനീയതയോടെ വീടുകളിൽ കഥ പറഞ്ഞു.

ഇതേമട്ടിൽ കുറേ ദിവസങ്ങളോളം അവിശ്വസനീയമായ സംഭവങ്ങൾ തുടർന്നപ്പോൾ ജനശ്രദ്ധ കോളനിയിലേക്കൊഴുകി. ചാനൽ ടീവികളും പത്രങ്ങളും രണ്ടുനാൾ വാർത്തകൾ കൊട്ടിഘോഷിച്ചപ്പോൾ നേതൃത്വം ഏറ്റെടുക്കാനെത്തിയ, ഭരണപക്ഷ പ്രതിപക്ഷ പാർട്ടി അംഗങ്ങളെ ജനം കൂവിയാർത്തു തിരിച്ചോടിച്ചു. പെണ്മയ്ക്ക് സുരക്ഷിത താവളമായി മാറിയ കോളനിയിൽ പലയിടത്തായി പുതിയ ബോർഡുകൾ കാണപ്പെട്ടു - പറുദീസ -

അരുണാഷാൻബാഗും കൂട്ടരും തങ്ങളുടെ പുഞ്ചിരിയും മിന്നുന്ന ചിറകുകളുമായി അടുത്ത ലക്ഷ്യത്തിലേക്ക് പറന്നിറങ്ങുകയായിരുന്നു. ●


## കവിത



**റ്റി. എം. ജോസഫ്**
**9497461568**

## പ്രകൃതി ഭംഗി

ഇവിടെ പ്രകൃതി അണിയുന്നു
പച്ചപ്പരവതാനി വശ്യസുന്ദരം
വിശ്വകലാകാരനിവിടെ
കോരിച്ചൊരിയുന്നു മാസ്മരകാന്തി
സൗന്ദര്യദായകം ഇതാസ്വദിപ്പാൻ
കണ്ണും കരളും കാതും നല്കണേ
ജഗത്തിന്നധിപതിയായ സർവ്വേശൻ
ഇതെത്ര ഭംഗിയായി
ചമച്ചിരിക്കുന്നീ പ്രകൃതിയെ
അവിടുത്തെ നിറസ്സാന്നിദ്ധ്യം
ഏതുനേരവും കാണണമെന്നല്ലാതെ
മറ്റൊന്നുമാഗ്രഹിക്കുന്നില്ലഞാൻ
സ്വയംഭൂവാകുന്ന അങ്ങയെ നിരന്തരം
അറിയേണ്ടതുപോലെ അറിയുവാൻ
കരുണ ചെയ്യണമീ പ്രയാണത്തിൽ
എല്ലായ്പ്പോഴും എൻ നാഥനെ !



# ഞാനും മുച്ചീട്ടു കളിച്ചിട്ടുണ്ട്

ചൂലനൂർ രാമചന്ദ്രൻ
9745675439

**ഞാ**ൻ ജീവിതത്തിൽ ഒരുതവണ മാത്രം മുച്ചീട്ടുകളിച്ചിട്ടുണ്ട്. ഓർമ്മകളിൽ അക്കാലം ഞാനൊന്ന് ഓർമ്മിച്ചെടുക്കട്ടെ. എന്റെ നാലാം ക്ലാസ് പരീക്ഷ കഴിഞ്ഞുള്ള മേടമാസമായിരുന്നു അത്. കണ്യാർകളി, പാൺ പുറാട്ട്, നായാടിക്കളി, പൂതൻ, തിറ തുടങ്ങിയ നാടൻ കലകളുടെ പൊടിപൂരം. പച്ചമാങ്ങ ഉപ്പുകൂട്ടിയും പഴുത്ത മാങ്ങ തൊലി ചെത്താതെയും തിന്നുന്ന സമയം. എന്നാൽ അണ്ണാൻ കടിച്ചുവീഴ്ത്തിയിടുന്ന പഴമാങ്ങകളൊന്നും ഞങ്ങൾ ആൺകുട്ടികൾ തിന്നാറില്ല. കാരണം അണ്ണാൻ കടിച്ച പഴമാങ്ങ തിന്നാൽ മീശ മുളയ്ക്കില്ലെന്ന് പഴമക്കാർ പറഞ്ഞുഭയപ്പെടുത്തി. ചക്കപ്പഴത്തിന്റെ കൊതിപ്പിക്കുന്ന ഗന്ധവുമായിട്ടാണ് വേല പൂരങ്ങളുടെ ചിറകടിച്ചെത്തൽ. മഞ്ഞ കണിക്കൊന്ന പൂക്കൾ അണിഞ്ഞുകൊണ്ട് ഞങ്ങളുടെ ഗ്രാമകന്യക നൃത്തമാടി രസിക്കുകയാണ്. ഉത്സവത്തിന്റെ താളമേളക്കൊഴുപ്പിൽ സ്വയം സമർപ്പിക്കാത്ത ഒരുവനും ഇതുവരെ ഞങ്ങളുടെ ഗ്രാമത്തിൽ ജനിച്ചിട്ടില്ല. ആൺ ജനിച്ചാൽ കുരവയിടലും പെണ്ണു ജനിച്ചാൽ അടുക്കള വാതിലിൽ ചട്ടുകം കൊണ്ട് അടിയ്ക്കലും ഞങ്ങളുടെ ഗ്രാമത്തിന്റെ പ്രത്യേകതയാണ്.

വിഷുക്കണിക്ക് കൈനീട്ടമായി ലഭിച്ചിട്ടുള്ള കാശത്രയും ഞാൻ ഭദ്രമായി ഒരു മൺകുടുക്കയിൽ സൂക്ഷിച്ചുവെച്ചു. അച്ഛൻ എനിക്ക് രണ്ട് ഒറ്റ രൂപ നാണയങ്ങളാണ് കൈനീട്ടമായി തന്നത്. അമ്മൂമ്മയും കൈനീട്ടം രണ്ടു രൂപയിൽ ഒതുക്കി. എന്നോട് ഇഷ്ടക്കൂടുതലുള്ള അമ്മ മാത്രം എനിക്ക് മൂന്ന് വെള്ളി നാണയങ്ങൾ കൈനീട്ടമായി തന്നു. അങ്ങനെ മൊത്തം ഏഴു രൂപയാണ് എനിക്ക് കൈനീട്ടമായി ലഭിച്ചത്. കാശത്രയും മേടമാസം എട്ടാം തീയതി നടക്കുന്ന ഞങ്ങളുടെ കാവിലെ പൂരാഘോഷത്തിനായിട്ടാണ് ഞാൻ മാറ്റി വെച്ചത്.

പൂരത്തിൻ നാൾ തറവാട്ടിൽ വിരുന്നിനെത്തിയ ചില ബന്ധുക്കൾ തന്ന നാലണകളടക്കം മൊത്തം പത്തുരൂപയാണ് എന്റെ പൂര ചെലവിനുള്ള നീക്കിയിരുപ്പ്. പൂരത്തിൻ നാളിൽ ഞങ്ങൾക്കല്പം സ്വാതന്ത്ര്യം കൂടുതലാണ്.

പൂരത്തിന്റെ ഉച്ചയ്ക്കുള്ള ഈടുവെടി പൊട്ടി. ഉലകക്കാരെല്ലാം ഞെട്ടി. വഴി വാണിഭക്കാർ ഓടിക്കൂടി. പത്തുകൂട്ടം വിഭവങ്ങളും രണ്ടുതരം പായസവും കൂട്ടിയുള്ള സദ്യയും കഴിഞ്ഞ് അയലത്തെ കൂട്ടുകാരേയും കൂട്ടി ഞാൻ മൂന്നുമണിക്കുള്ള ആന ശീവേലി കാണാനായി അമ്മയോട് അനുവാദം വാങ്ങി വീടുവിട്ടിറങ്ങി. കുതിര കെട്ടുന്ന ആലിന്റെ ചുവട്ടിൽ എത്തിയതും ഞങ്ങൾ ഓരോരുത്തരും അവരവരുടെ വഴികളിലൂടെ സ്വതന്ത്രരായി. സ്വന്തം മടിശീലയുടെ കനം മറ്റവർ അറിയരുതല്ലോ.

വഴി വാണിഭക്കാരുടെ ഒച്ച വിളികളാലും, വഴി പോക്കരുടെ ഉറക്കെയുള്ള ഹരം പിടിച്ച സംഭാഷണങ്ങളാലും ചെറുപിള്ളാരുടെ നിറുത്താതെയുള്ള പീപ്പിവിളികളാലും ഉത്സവപ്പറമ്പ് സമ്പന്നമായിരുന്നു. ആനമയിൽ ഒട്ടകം കളിക്കാർ, പായസവും സർബത്തും വിൽക്കുന്നവർ, കാല് കൈകോലങ്ങൾ ചാത്തൻ സ്വാമിക്ക് വിൽക്കുന്നവർ, കുട്ടികൾക്കായി ബലൂൺ പീപ്പി വില്പനക്കാർ, എല്ലാവർക്കുമായി ഹലുവ, പൊരി, ഈന്തപ്പഴം, കടല, കോലുമിഠായി, അരിമുറുക്ക, ലാലി മിഠായി തുടങ്ങിയത് വിൽക്കുന്നവർ, വിനോദത്തിനായി യന്ത്ര ഊഞ്ഞാൽ, മൃഗശാല, നാഗകന്യക. പിന്നെ കരിവള റിബ്ബൺ ചാന്തുപ്പൊട്ട്... കൺമഷി എന്നുവേണ്ട എങ്ങും എവിടേയും വിൽക്കുന്നവരുടേയും വാങ്ങുന്നവരുടേയും കർമ്മ മുഖരിത വായ്ത്താരികൾ, വിജയത്തിനായുള്ള പൊടിക്കൈകൾ.

ഞാൻ ഒരല്പം ഗൗരവത്തോടെ ഒരു കുപ്പിഗ്ലാസ് നന്നാരി സർബ്ബത്ത് വാങ്ങിച്ചു. തേൻ നിറത്തിൽ നിറഞ്ഞുതുളുമ്പുന്ന സർബ്ബത്ത് അവസാന തുള്ളിവരെ ഞാൻ ഊറ്റിക്കുടിച്ചു. ട്രൗസർ കീശയിൽ നിന്നും നാലണയെടുത്ത് കച്ചവടക്കാരനു നൽകിക്കൊണ്ട് ഞാൻ ഒരു ആൺതരിയാണെന്ന് അടിവരയിട്ടു.

തുടർന്ന് ഞാൻ ആനമയിൽ ഒട്ടകം കളിയൊരുക്കിയ ആളിന്റെ അരികിലേക്ക് നടന്നു. കറങ്ങുന്ന ചക്രത്തിൽ ആന, മയിൽ, ഒട്ടകം, പരുന്ത്, തത്ത തുടങ്ങിയ പത്ത് പന്ത്രണ്ടു വിധ ചിത്രങ്ങളുണ്ട്. അതേ ചിത്രങ്ങളത്രയും ചിത്രീകരിച്ചിട്ടുള്ള നീളത്തിലുള്ള ഒരുവിരിയും അയാളുടെ മുന്നിലുണ്ട്. ഇഷ്ടമുള്ള ചിത്രത്തിൽ നമ്മൾക്ക് കാശുവെച്ച് ഭാഗ്യം പരീക്ഷിക്കാം. കാശുവെച്ചാൽ വാണിഭക്കാരൻ ചക്രം തിരിച്ചുവിടും. ചക്രത്തിൽ നിറയെ ചുള്ളാണികൾ വൃത്തത്തിൽ തറച്ചിട്ടുണ്ട്. ആണികളിൽ തട്ടി തടസ്സമുണ്ടാക്കുന്ന ഒരു ഇരുമ്പ് തകിടും വിലങ്ങനെ വെച്ചുപിടിപ്പിച്ചിട്ടുണ്ട്.

ഞാൻ മയിൽ ചിത്രത്തിന്മേൽ നാലണ വെച്ചു. ആനമയിലൊട്ടകക്കാരൻ ചക്രം കറക്കി. ടൂർ... ടൂർ... ടിക്ക്... ടിക്ക്... എന്നു ചിലച്ചുകൊണ്ട് ചക്രം ഒടുവിൽ നിശ്ചലമായി. മയിൽ ചിത്രത്തിൽ വന്നുനിന്നു. ഹോയ്... ഞാനിതാ... നാലണയുടെ ഇരട്ടി പ്രൈസ് നേടിയിരിക്കുന്നു. പെട്ടെന്ന് അവിടെ പൊടി മീശ പൊടിഞ്ഞുതുടങ്ങിയ ചേട്ടന്മാർ കടന്നുവന്നു. അവർ എന്തു കുസൃതി ത്തരവും ഒപ്പിക്കും. ഞാൻ ഉടനെ അവിടെ നിന്നും സ്ഥലം വിട്ടു.

പൂരപ്പറമ്പിലൂടെ മുന്നോട്ടു നീങ്ങിയ ഞാൻ ചെന്നുപെട്ടത് ഒരു മുച്ചീട്ടുകളിക്കാരന്റെ മുന്നിൽ. കറുത്തുമെലിഞ്ഞു ഉയരക്കൂടുതലുള്ള

അയാളുടെ മുഖത്തിൽ വസൂരിമാലയുടെ വികൃതമാം ചെറുകുഴികളുണ്ടായിരുന്നു. ഉയർന്നുതള്ളി നിൽക്കുന്ന മൂക്കും കൊമ്പൻ മീശയും മുഖത്തെ കറുത്ത പാടുകളും മത്തങ്ങ പോലുള്ള മൊട്ടത്തലയും പരുക്കൻ ശബ്ദവും കൂടി അയാളെ വ്യത്യസ്തനാം ഒരു ഭീകരനാക്കി. കള്ളിമുണ്ട്, മുറിക്കയ്യൻ ബനിയൻ, പച്ചനിറത്തിലുള്ള മാപിള ബെൽറ്റ്, ബെൽറ്റിന്മേൽ കുത്തിവെച്ചിരിക്കുന്ന അറ്റം കൂർത്ത കഠാര... ഹോ... എന്തുകൊണ്ടും അയാളോട് എതിരിടാൻ ആരും മടിക്കും.

അയാൾ ഒന്നുരണ്ടുവട്ടം ചീട്ടുകൾ കശക്കിയടിച്ച് കരവിരുതോടെ മുന്നിൽ വിരിച്ചിട്ടുള്ള മുണ്ടിന്മേൽ കളിച്ചു. ചീറി...

ഒന്നുവെച്ചാൽ രണ്ട്...
രണ്ടുവെച്ചാൽ നാല്...
വെയ് രാജാ വെയ്...
വെയ് രാജാ വെയ്...
എപ്പോഴും വെയ്ക്കാം...
ആർക്കും വെയ്ക്കാം...

പെട്ടെന്ന് രണ്ടുകൊമ്പൻ മീശക്കാരായ ചേട്ടന്മാർ അയാളുടെ മുന്നിലെത്തി. ഒറ്റനോട്ടത്തിൽ തന്നെ അവർ കവലച്ചട്ടമ്പികളാണെന്ന് എനിക്ക് ബോധ്യമായി. അവർ ഒട്ടും മടിച്ചുനിൽക്കാതെ രണ്ടുമൂന്നുവട്ടം അഞ്ചും പത്തും രൂപ വെച്ച് ചീട്ടുകളിച്ച്... വിജയിച്ചുകൊണ്ട്... ഉറക്കെ അട്ടഹസിച്ച് സ്ഥലം വിട്ടു. അവർ പോയത് ചീട്ടുകളിക്കാരന് ആശ്വാസമായതായി ഞാൻ കണ്ടെത്തി.

ഇത്രയും കാഴ്ചകൾ കണ്ടും കേട്ടും കൊതിച്ചും ഞാൻ മടിച്ചും നിന്നു. ഒടുവിൽ ഞാൻ അല്പം ഭയാശങ്കകളോടെയാണെങ്കിലും മുന്നോട്ട് നീങ്ങിനിന്നു.

“എന്തെടാ... ചെറുക്കാ...? നിനക്ക് കളിക്കണമെന്നുണ്ടോ ? കാശുണ്ടെങ്കിൽ കീശയിൽ നിന്നും ഒരു നാലണയെടുത്ത് ഒരുവട്ടം കളിച്ചുനോക്ക്.” മുച്ചീട്ടുകളിക്കാരന്റെ ശബ്ദം ഉച്ചത്തിൽ അലയടിച്ചു.

ഏതോ അജ്ഞാതമാം വീറോടെ ഞാൻ കീശയിൽ നിന്നും ധൃതിയോടെ രണ്ടുരൂപയെടുത്തു. ഉം... എനിക്കും കളിക്കണം. ഞാൻ ആകാവുന്നത്ര പൗരുഷത്തോടെ പറഞ്ഞു.

അയാൾ ചാതുര്യത്തോടെ ചീട്ടുകൾ കശക്കി വിരിയിന്മേൽ അടിച്ചുകളിച്ചു. മൂന്നു ചീട്ടുകളും കമിഴ്ന്നുകിടക്കുകയാണ്. അതിൽ ഏതോ ഒന്ന്... A എന്നെഴുതിയ ആസ്. മറ്റുരണ്ടെണ്ണം ജോക്കറുകൾ. ആസിലാണ് ഞാൻ കാശുവെച്ചിരിക്കുന്നതെങ്കിൽ ഇരട്ടി കിട്ടും. ജോക്കറിലാണ് കാശുവെച്ചിരിക്കുന്നതെങ്കിൽ മുച്ചീട്ടുകളിക്കാരന്റെ ബെൽറ്റിന്റെ ഉള്ളറകളിലേക്ക് നാണയം ചെല്ലും.

ഞാൻ അത്യധികം പ്രാർത്ഥിച്ചുകൊണ്ട്... ഒരു ചീട്ടിന്മേൽ രണ്ടും കല്പിച്ച് രണ്ടുരൂപം വെച്ചു. അയാൾ ചീട്ടുകൾ മലർത്തിയിട്ടു. സംഭവം എന്റെ വിജയം. ഞാൻ കാശുവെച്ചിരിക്കുന്നത് ആസിൽ തന്നെ. രണ്ടുരൂപയോടുകൂടി രണ്ടുരൂപയും കൂടി എടുത്തുവെച്ച് അയാൾ എന്റെ മുന്നിലേക്ക് നീട്ടി. ഞാൻ പൈസ വാങ്ങി. “എടാ ചെറുക്കാ നീ മഹാഭാഗ്യവാൻ!! ഈ ചെറുപ്രായത്തിൽ നിനക്ക് ഇത്രയും ഭാഗ്യമോ ?”

മുച്ചീട്ടുകളിക്കാരൻ എന്നെ വാനോളം പുകഴ്ത്തുകയാണ്. എനിക്ക് ഒരു പൊടി ഉയരം കൂടി. ഞാൻ പോക്കറ്റിൽ നിന്നും ഒരു രൂപയും കൂടി എടുത്ത് മൊത്തം അഞ്ചുരൂപയാക്കി വീണ്ടും കളിക്കാൻ തയ്യാറായി.

അയാൾ കടുപ്പിച്ച മുഖഭാവത്തോടെ ചീട്ടുകൾ കശക്കിയെറിഞ്ഞു. ഞാൻ ആദ്യത്തെക്കാൾ ശക്തമായ പ്രാർത്ഥനയോടെ ഒരു ചീട്ടിന്മേൽ അഞ്ചുരൂപ വെച്ചു. അങ്കലാപ്പോടെ കാത്തുനിന്നു. അയാൾ അടക്കാനാവാത്ത തൃഷ്ണയോടെ ചീട്ടുകൾ മലർത്തിയിട്ടു. അയ്യയ്യോ... അതാ എന്റെ അഞ്ചുരൂപയും പോയിരിക്കുന്നു. കോമാളി ചിത്രങ്ങൾ എന്നെ നോക്കി പല്ലിളിക്കുകയാണ്. കഴുകന്റെ കൂർത്ത നഖങ്ങൾ എന്റെ മുഖത്തിലും ഹൃദയത്തിലും ആഴത്തിലിറങ്ങുകയാണ്. ഞാൻ ചങ്കു പൊട്ടി മരിക്കാൻ പോവുകയാണ്.

പെട്ടെന്ന് അതാ അയാൾ ചീട്ടും മുണ്ടും വാരിയെടുത്ത് തകരപ്പെട്ടിയും ചുമന്ന് ഓടിമറയുകയാണ്. ഞാൻ ഏറെ പരിഭ്രമത്തോടെ ചുറ്റിലും നോക്കി. എനിക്കും എന്തെന്നില്ലാത്ത ഭയം ഉള്ളിലുദിച്ചു. അതാ അവർ എന്നെ പിടികൂടുമോ ?

രണ്ടുപോലീസുകാരുണ്ട്. സിഗരറ്റും പുകച്ച്... ലാത്തിയും വീശി... അങ്ങനെ നടന്നടുക്കുകയാണ്. അതെ അവർ എന്റെ അരികിലേക്കാണ് നടന്നടുക്കുന്നത്. സംഗതികൾ എനിക്കും ഒരുവിധം വശത്തായി. പോലീസുകാരെ കണ്ടിട്ടാണ് മുച്ചീട്ടുകളിക്കാരൻ മണ്ടിയിരിക്കുന്നത്. ഞാനും ഭയാശങ്കകളോടെ... ഓരോട്ടം വെച്ചുകൊടുത്തു. പിന്നീട് ഞാൻ പൊന്തിയത്... ആന എഴുന്നള്ളത്തിന്റെ മുന്നിൽ. അവിടെ പഞ്ചവാദ്യം തിരുതകൃതിയിൽ മുഴങ്ങുകയാണ്. പഞ്ചവാദ്യം കൊട്ടിക്കലാശിച്ചതും ഓലപ്പടക്കത്തിന് തീ പിടിച്ചു. അന്തിവെയിൽ വെട്ടത്തിൽ പൊട്ടലിന്റെയും ചീറ്റലിന്റേയും നാളങ്ങളും മുഴക്കങ്ങളും അലയടിച്ചു.


ഠേ... ഠേ... ട്ടും... ഠേ... ഓലപ്പടക്കവും ഗുണ്ടും അമിട്ടും പൊട്ടിക്കയറുകയാണ്. എന്നിട്ടും എന്റെ മനസ്സിലെ ദുഃഖങ്ങൾ മായുന്നില്ല. അഞ്ചുരൂപയല്ലേ... ഞാൻ കളിച്ചു തുലച്ചത് ? അതും കൈനീട്ടം കിട്ടിയ കാശ്. ഞാൻ വീണ്ടും പോക്കറ്റിൽ കയ്യിട്ടുനോക്കി. ഇനി അവിടെ ഏഴുരൂപയുണ്ട്. എന്റെ ഒരേയൊരു കുഞ്ഞുപെങ്ങൾക്ക് കരിവളയും ചാന്തുപ്പൊട്ടും ചുവപ്പു റിബ്ബണും വാങ്ങണം. ബാക്കി കാശുണ്ടെങ്കിൽ അവൾക്ക് ഏറ്റവും പ്രിയപ്പെട്ട എള്ളുണ്ടയും ഞാൻ വാങ്ങും.

അയ്യയ്യോ... ഞാൻ ഇനിയൊരിക്കലും മുച്ചീട്ടുകളിക്കില്ല. മുച്ചീട്ട് എന്നു ചിന്തിക്കുമ്പോഴേക്കും... ആ മുച്ചീട്ടുകളിക്കാരന്റെ വസൂരിക്കലയുള്ള വികൃതമുഖം എന്റെ മനസ്സിലുണരുകയാണ്. ഞാൻ അയാളുടെ മുഖത്തെ ബോധപൂർവ്വം ആകാശത്തിൽ പൊട്ടിയൊഴിയുന്ന ഗുണ്ടുകളോടൊപ്പം ചേർത്തുവിട്ടു. ഒരിക്കൽ പറ്റിയ അബദ്ധം ഇനിയൊരിക്കലും പറ്റാതിരിക്കാൻ !!

ഇനിയും ആ പിടിയിൽ പെടാതിരിക്കാൻ ഞാൻ ഇച്ഛാശക്തിയോടെ... ആൾക്കൂട്ടത്തിന്റെ ഉള്ളിലേക്ക് ബോധപൂർവ്വം നുഴഞ്ഞുകയറി. ആൾക്കൂട്ടത്തിൽ അകപ്പെട്ടപ്പോൾ... എനിക്ക് അല്പം സുരക്ഷിതത്വം തോന്നാൻ തുടങ്ങി. കൊച്ചനിയത്തി സീതയ്ക്കായി... ഞാൻ ചാന്തുപൊട്ടും വളകളും വാങ്ങിച്ചപ്പോൾ എന്തെന്നില്ലാത്തൊരു സുഖവും എനിക്ക് അനുഭവപ്പെടാൻ തുടങ്ങി. ●

EKA THATHWA
POST BOX NO 70
PALAKKAD - 678001

# മൂന്നു കഥകൾ




സുരേഷ് തെക്കീട്ടിൽ
9446330957


## നയങ്ങൾ

**ക**ടുത്ത വേനൽക്കാലത്ത് തന്റെ കിണറ്റിൽ നിന്ന് കുടിവെള്ളം കോരാനെത്തിയ അയൽവാസിയെ അയാൾ അകത്തിരുന്ന് പ്രാകി.

ശല്യങ്ങൾ... ഉപദ്രവിക്കാൻ വന്നിരിക്കുന്നു. പണം മുടക്കി കിണർ കുഴിച്ചത് കണ്ടവൻമാർക്ക് കോരി മോന്താനല്ല. എന്റെയാവശ്യത്തിനാ. തന്റെ മൊട്ടത്തല ഉഴിഞ്ഞ് അയാൾ പുലമ്പിക്കൊണ്ടേയിരുന്നു.

കൊടുവേനലിൽ ആ കിണർ വറ്റിയപ്പോൾ അയാൾ പാത്രമെടുത്ത് പുറത്തിറങ്ങി. പിന്നെ തന്റെ മൊട്ടത്തല ഉഴിഞ്ഞ് ഉറക്കെ പ്രഖ്യാപിച്ചു.

ആരുടെ കിണറ്റിലാ വെള്ളമുള്ളത് അത് ആർക്കും കോരിയെടുക്കാം. അതിനൊന്നും ഒരുത്തന്റേയും സമ്മതം ആവശ്യമില്ല. വെള്ളം പ്രകൃതി സമ്പത്താണ്. എല്ലാവർക്കും ഒരുപോലെ... ആരുടേയും സ്വകാര്യ സ്വത്തല്ല.

## നല്ല തീരുമാനം

സ്വതവേ കൃത്രിമ ഗൗരവം കൊണ്ട് വലിഞ്ഞു മുറുകിയ മുഖം ഒന്നുകൂടി വക്രിപ്പിച്ചു കൊണ്ടാണ് അയാൾ അതു പറഞ്ഞത്.

"നിർത്തി ഞാൻ നിർത്തി. സഹിക്കുന്നതിനൊക്കെ ഒരു പരിധിയില്ലേ."

ആരും ഒന്നും ചോദിക്കാത്തതു കൊണ്ടായിരിക്കണം അയാൾ തന്നെ തുടർന്നതും . "ഫെയ്സ് ബുക്ക് പരിപാടിയേ ഞാൻ നിർത്തി. എല്ലാവരും സ്വയം ബൂസ്റ്റ് ചെയ്യുന്ന അവസ്ഥ അത് സഹിക്കാൻ പറ്റാതായി. എനിക്ക് പറ്റില്ല ഞാൻ നിർത്തി."

ഫെയ്സ് ബുക്കൊന്നും വലിയ പരിചയമില്ലെങ്കിലും ഗോപേട്ടനാണ് പ്രതികരിച്ചത്. അത് നന്നായ് മണ്യേ വേറാരും ബൂസ്റ്റ് ചെയ്യാനുംല്ല്യ സ്വയം ബൂസ്റ്റ് ചെയ്തേച്ചാ അതിന് കയ്യിലൊന്നും ഇല്ലേനിം അപ്പൊ പിന്നെ . നിർത്ത്ന്നേ നല്ലത് . നന്നായി. നന്നായി

## സ്വർഗ്ഗപ്രവേശനം

സ്വർഗ്ഗത്തിൽ പ്രവേശനം കിട്ടിയ ദിവസം സന്ധ്യക്ക് സുകുമാരി കൂടെയുണ്ടായിരുന്ന നാണിയമ്മയോട് പറഞ്ഞു.

"നാണ്യേടത്ത്യേ... മ്മളെ പറ്റിച്ചൂട്ടൊ... ഇത് സ്വർഗ്ഗമൊന്നുമല്ല."

പരിഭ്രമത്തോടെയാണ് നാണിയമ്മ പ്രതികരിച്ചത്. "ദ്...നോക്ക് സുകുമാര്യേ... യ്യ് വേണ്ടാത്തത് പറയണ്ടാട്ടോ..."

"വേണ്ടാത്തതൊന്നും അല്ല. ഇന്ന് രാവിലെ നമ്മള് വരുന്ന സമയത്ത് എന്റെ അപ്പുണ്ണ്യേട്ടൻ ആ പൂന്തോട്ടത്തിന്റെ അടുത്ത് നിൽക്കണ പോലെ എനിക്ക് തോന്നി. തോന്നലാവും എന്നാ അപ്പൊ കരുതീത്. ഉച്ചയ്ക്ക് ഊണ് കഴിക്കാൻ പോയപ്പോൾ എന്റെ അമ്മായിയമ്മയില്ലേ ആ പൂതനയെ പോലൊരുത്തി അടുക്കളയുടെ അടുത്ത് നിൽക്കുന്നു. ഒറ്റ നോട്ടമേ കണ്ടുള്ളൂ. അതോണ്ട് എനിക്കുറപ്പിക്കാനങ്ങോട്ട് പറ്റിയില്ല. ഇപ്പോൾ നമ്മള് പ്രാർത്ഥനയ്ക്ക് ഇങ്ങോട്ട് കയറുമ്പോൾ ഞാൻ ശരിക്ക് കണ്ടു. അത് അവര് തന്നെയാ. രണ്ടുപേരും. ആ ടാങ്കിന്റെയടുത്ത് സംസാരിച്ചുനിൽക്കുന്നു. ങ്ങൾക്കറിയോ... ആ പണ്ടാര തള്ളേടെ വാക്കുംകേട്ട് ആ ദ്രോഹി എന്നെ ഉപദ്രവിച്ചതിന് വല്ല കയ്യും കണക്കും ണ്ടോ. അടിവയറിന് ചവിട്ടിയ ചവിട്ടിന്റെയൊക്കെ വേദന ഇപ്പഴും മാറീട്ടില്ല. എനിക്കൊറപ്പാ ഇത് സ്വർഗ്ഗല്ല... സ്വർഗ്ഗല്ല... സ്വർഗ്ഗല്ല... മ്മളെ പറ്റിച്ചതാ..." ●

## കണ്ണേട്ടൻ

ഡേവിഡ് മാത്യു



**വിഷം കഴിച്ചിട്ടും നിന്റെ ഭർത്താവിന് ഒന്നും പറ്റിയില്ലെന്നോ !**

**എങ്ങനെ പറ്റാനാ ? സ്ഥിരം പച്ചക്കറിയല്ലേ കഴിയ്ക്കുന്നത്. ചില്ലറ വിഷമൊന്നും എൽക്കില്ല.**

## ഗ്രന്ഥപുര സാഹിത്യപുരസ്കാരം 2017

മൊത്തം 15000 രൂപയുടെ അക്ഷരസമ്മാനവും ഡോ. രംഗനാഥമേനോൻ സ്മാരക സാമ്പത്തിക പുരസ്കാരവും

ഗ്രന്ഥപ്പുര സാംസ്കാരിക വേദിയുടെ നാലാമത് സാഹിത്യ പുരസ്കാരം മിനിക്കഥയ്ക്ക് നൽകുന്നു. 150 വാക്കുകളിൽ ഒതുങ്ങുന്ന രചനകൾ 2017 ജൂൺ 15 നകം ലഭിക്കേണ്ടതാണ്.

ഗ്രന്ഥപ്പുരയുടെ വരിക്കാർക്കും (100 രൂപ) സാംസ്കാരികവേദി അംഗങ്ങൾക്കും (500 രൂപ) മത്സരത്തിൽ പങ്കെടുക്കാം. രചനയോടൊപ്പം കുടിശ്ശികയുള്ള വരിക്കാർ വരിസംഖ്യ അയച്ചിരിക്കണം. 5 രൂപയുടെ രണ്ട് തപാൽ സ്റ്റാമ്പുകളും രചയിതാവിന്റെ വ്യക്തിരേഖയും രചനയോടൊപ്പം അയയ്ക്കുക.

വിലാസം : നൂലേലി മാസ്റ്റർ
ഗ്രന്ഥപ്പുര സാംസ്കാരിക മാസിക,
പി. ഒ., കാവശ്ശേരി, പാലക്കാട് 678543
ഫോൺ : 9249965566




Printed, Published Edited & Owned by E.T. Muralidharan, Printed at S.K Offset Manali, Palakkad
Published From A-9 New Civil Nagar, Behind Civil Station, Palakkad. Pin: 678 001

# ഏക തത്ത്വ ന്യൂസ്

★ നാലുമാസത്തിനകം തന്നെ രണ്ടായിരം കോപ്പികൾ വിറ്റഴിഞ്ഞ ചാരിതാർത്ഥ്യത്തോടെ ഏക തത്ത്വ പ്രസിദ്ധീകരണം തുടരുന്നു, കെ. പി. നൂർജിഹാൻ ടീച്ചറുടെ അക്ഷരച്ചെല്ലം രണ്ടാം പതിപ്പിലേയ്ക്ക്...

## ★ ഏക തത്ത്വയിൽ പ്രസിദ്ധീകരിച്ച ശ്രീ. സൈനുദീൻ മുണ്ടക്കയത്തിന്റെ

## ‘മതപരിവർത്തനം‘

## എന്ന ചെറുകഥയ്ക്ക് ഒന്നാം സ്ഥാനം



K.S.S.P.U പാലക്കാട് ജില്ല, രജതജൂബിലി സമ്മേളനം 18-4-2017ൽ കൂറ്റനാട് വച്ചുനടന്നു. ചെറുകഥാ രചനാ മത്സരത്തിൽ ഒന്നാം സ്ഥാനം ശ്രീ. സൈനുദീൻ മുണ്ടക്കയത്തിന്റെ ‘മതപരിവർത്തനം’ എന്ന ചെറുകഥയ്ക്ക്. സുപ്രസിദ്ധ സാഹിത്യകാരൻ ശ്രീ. ആലങ്കോട് ലീലാകൃഷ്ണനിൽ നിന്നും പുരസ്കാരം ഏറ്റു വാങ്ങുന്നു.

# ★ പ്രതിരോധ കാവ്യസായാഹ്നം

സർവ്വ മേഖലകളിലും ഫാസിസം അതിന്റെ വേരുകളാഴ്ത്തി തിടം വെയ്ക്കുന്ന വർത്തമാനകാലത്ത് ഒരു പ്രതിരോധരൂപമായി കവിതയെ ഉയർത്തിപ്പിടിക്കാനുള്ള ശ്രമമാണ് പ്രതിരോധ കാവ്യസായാഹ്നം. പുരോഗമന മതേതര ചിന്താഗതി പുലർത്തുന്ന എഴുത്തുകാരുടേയും വായനക്കാരുടേയും ആ പ്രദേശത്തെ മുഴുവനാളുകളുടേയും ഒരു കൂട്ടായ്മ. അനുഗ്രഹീത കലാകാരൻ മുക്കം ഭാസി മാഷിന്റെ വീട്ടുമുറ്റത്ത് മാമ്പറ്റ കയ്യിട്ടാ പൊയിൽ 2017 മെയ് 3 ബുധനാഴ്ച വൈകുന്നേരം അഞ്ചര മുതൽ എട്ടര വരെ നടന്ന പരിപാടിയിൽ 45 ഓളം പേർ പങ്കെടുത്തു. ഇരുപതിലധികം പേർ കവിതകൾ അവതരിപ്പിച്ചു.

പ്രൊ. ഹേമന്തകുമാർ പരിപാടി ഉദ്ഘാടനം ചെയ്തു. കാഞ്ചന കൊറ്റങ്ങൽ, ഗിരീഷ് കുമാർ, അശോകൻ മാസ്റ്റർ തുടങ്ങിയവർ ആശംസകളർപ്പിച്ചു. ബോബി ജോസഫ് അദ്ധ്യക്ഷനായ ചടങ്ങിൽ മുക്കം ഭാസി, കൂമ്പാറ ബേബി, മുരളീധർ കൊല്ലത്ത്, അനിൽ പാണായി, വിജീഷ്, പി. എസ്. വിശ്വൻ, നാരായണൻ മാസ്റ്റർ തുടങ്ങി നിരവധിപേർ കവിതകൾ അവതരിപ്പിച്ചു. വിജീഷ് നന്ദിയും പറഞ്ഞു.

Published on 15/05/2017, RNI No. KERMAL/2010/35818, REGISTERED Eka Thathwa Monthly, Vol 7, Issue 7, June 2017, Rs 15/-
Postal Regn No. KL/PGT/032/2017-2019, Licence to Post without Pre-payment No. KL/PMG/NR/WPP/9-6/PKD/2017-2019


# TECHNOWOOD

KITCHEN | CURTAIN & MORE

Updated Kitchen concepts

MATTRESSES/PILLOWS/BEDSPREAD/CURTAINS

MULTI BRAND SHOW ROOM



ബെഡ്ഡിനോടൊപ്പം ബെഡ്ഷീറ്റും പില്ലോയും സൗജന്യം








Sleepwell
MATTRESSES PILLOWS CUSHIONS

Peps

RUBCO

For Modular Kitchens /Appliances / Accessories and more...

**Mangalam Towers**

Opp Town Bus Stand, T.B. Road, Palakkad- 14.

Tel: 0491-2515112

+91 9447034614, +91 9400496112

e-mail: technowoodfurniture@gmail.com

For Mattresses / Bedspread / Pillows / Cushions and more...

**10/257(1) Ram Estate**

College Road, Palakkad -1.

Tel: 0491 - 2545112

+91 9447034614, +91 9400499112

Website: www.technowoodkitchens.com